www.malankaralibrary.com

# മലങ്കരസഭ

FR. P. T. THOMAS

1986

മലങ്കര പബ്ലിക്കേഷൻസ്

www.malankaralibrary.com

# മലങ്കരസഭ

4-9-2002
St Aloysius Seminary
Pattom.

FR. P. T. THOMAS

1986

മലങ്കര പബ്ലിക്കേഷൻസ്

www.malankaralibrary.com

MALANKARA SABHA
(Malayalam)
History of the Malankara Church
Author: Fr. P. T. Thomas
First published: 1986
Printed at: Grace Printers Chungathara
Cover design: Fr. P. T. Thomas
Sketch: Benoy Joseph
Art & Block: Lucas Kozhikode
Copy right reserved
Price Rs. 12
Publishers: Malankara Publications.
Distribution: Department of Catechism
Bathery.

www.malankaralibrary.com



നി. വ. ദി. ശ്രീ.
സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ

www.malankaralibrary.com



# അവതാരിക

പുരാതനവും അപ്പോസ്തോലികവുമായ ഭാരതസഭ നവ ചൈതന്യത്തോടെ മുന്നേറുന്നതിനു് വിവിധ തലങ്ങളിൽ ശ്രമം നടക്കുന്നുണ്ടു്. ദൈവദത്തവും ക്രൈസ്തവവുമായ അവളുടെ ധർമ്മം നിർവഹിക്കുന്നതിനു് അവൾ ദൈവത്തിൽ നിന്നുതന്നെ ശക്തിപ്രാപിക്കുകയും ദൈവത്തിന്റെ സന്നിധിയിൽ തന്നെ വ്യാപരിക്കുകയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണു്. പിതാവായ ദൈവത്തിൽ ആരംഭിച്ചതും, പുത്രനായ ദൈവത്തിൽ പ്രത്യക്ഷമാകുകയും പരിശുദ്ധാത്മാവായ ദൈവത്തിന്റെ ശക്തിയാൽ മനുഷ്യസമൂഹത്തിൽ പ്രവർത്തനനിരതമാകുകയും ചെയ്യുന്ന ഒരു രക്ഷാകരരഹസ്യമത്രേ സഭയെന്ന ക്രൈസ്തവ സമൂഹം. സഭയുടെ ഈ മാനങ്ങളെല്ലാം അതിൽ അവിഭക്തങ്ങളായി നിലകൊള്ളേണ്ടതാകുന്നു. അവയിലൊന്നും ഒരു സമയത്തും വിസ്മരിച്ചുകൂടാ. ഈ സത്യം കണക്കിലെടുക്കാത്തതിന്റെ തിക്തഫലങ്ങളത്രെ സഭാചരിത്രത്തിൽ കറുത്ത പാടുകളായി അവശേഷിക്കുന്നതു്.

സഭാ ചരിത്രം ഇന്നു സംലഭ്യമാകാത്ത ഒരു പരിതസ്ഥിതി സംജാതമായിരിക്കുന്നതു് സംഭ്രമജനകമായ ഒരു സ്ഥിതിവിശേഷമാണു്. ഭാരത സഭയെ സംബന്ധിച്ചിടത്തോളം ഇതു് അതിരൂക്ഷമായ ഒരു പ്രശ്നമായിക്കഴിഞ്ഞു. മാർ തോമ്മാശ്ലീഹായുടെ ഭാരത സഭയ്ക്കു് പുരാതന അപ്പോസ്തോലിക സഭകളുമായി സമ്പർക്കം ഉണ്ടായിരുന്നു. എങ്കിലും അതിന്റെ ആരംഭ ചരിത്രമുൾക്കൊള്ളുന്ന പ്രാചീന ചരിത്രം സ്വന്തമായ ലിഖിത രേഖാസംഗ്രഹമായി കാത്തു സൂക്ഷിക്കുന്നതിനു് അവൾക്കു ഭാഗ്യമുണ്ടായില്ല. മററു സഭകളുമായുള്ള അതിന്റെ പിൽക്കാല സമ്പർക്കങ്ങൾക്കു് കുറേക്കൂടി ചരിത്ര സാക്ഷ്യങ്ങളു

www.malankaralibrary.com



ണ്ട്. മദ്ധ്യശതകങ്ങൾക്കുശേഷമുള്ള അതിൻെറചരിത്രം ചരിത്രപഠിതാക്കൾക്ക് പ്രധാനവിഷയമാകാത്തതുപോലെ സംക്ഷിപ്തവുമാണ്. എങ്കിലും ഈ കാലഘട്ടത്തിലെ മലങ്കരസഭയുടെ ചരിത്രം കുടുത്തകൗശലവിദ്യകൾക്ക് വിധേയമാക്കി ബഹുജനസമക്ഷം അവതരിപ്പിക്കുന്നതിന് പരിശ്രമങ്ങൾ നടക്കുന്നുണ്ട്. നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യഗ്രതയും, ചരിത്രജ്ഞാനത്തോടുള്ള അവഗണനാമനോഭാവവും ശാസ്ത്രീയ സമീപനങ്ങളിലുള്ള വികലതയും ഒക്കെയാണ് ഇതിൻെറ പിന്നിലുള്ളത്. അങ്ങിനെ മലങ്കരസഭയുടെ ആധുനീക കാലചരിത്രം തന്നെ അപരിഹാര്യമായി വികലമാക്കപ്പെടുകയും ഭാവിതലമുറയ്ക്കു് സാധുവായ ഒരു സഭാചരിത്ര വിജ്ഞാനീയം അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്യുന്ന ചരിത്രപ്രവർത്തനങ്ങൾ മലങ്കരസഭയ്ക്കുള്ളിൽ നിന്നുതന്നെ ഉത്ഭവിച്ചിട്ടുണ്ട്. ഇത്തരുണത്തിൽ ചരിത്രസംഭവങ്ങളെ സംപൂർണ്ണമായി അവതരിപ്പിക്കേണ്ടതും സഭാസത്യങ്ങളെ ശരിയാംവണ്ണം വിശദീകരിക്കേണ്ടതും അനിർവാര്യമാണ്. അത് മഹത്തായ ഒരു സഭാസേവനവുമാണ്.

ഈ പശ്ചാത്തലത്തിൽ ബഃ പി. റ്റി. തോമസ് അച്ചൻെറ "മലങ്കരസഭ" യെന്ന ചരിത്രപുസ്തകം വളരെ പ്രാധാന്യമർഹിക്കുന്നു. സത്യാന്വേഷികൾക്കും സത്യവിശ്വാസികൾക്കും ഭാരതസഭാതനയർക്കു പ്രത്യേകിച്ചും ഈ ഗ്രന്ഥം വളരെയേറെ പ്രയോജനപ്പെടുമെന്നതിന് രണ്ടു പക്ഷമില്ല. പല പരിമിതികളുടെ സമ്മർദ്ദത്തിലും കഴിയുന്നത്ര വിവരങ്ങൾ ശേഖരിച്ച് ആധുനീക മലങ്കരസഭയുടെ ചരിത്രഗതികളെ സസൂക്ഷ്മം അവതരിപ്പിക്കുന്നതിന് ബഃ അച്ചൻ ചെയ്ത ശ്രമങ്ങൾ ശ്ലാഘനീയമാണ്. കൂനൻകുരിശു സത്യത്തിനുശേഷമുള്ള മലങ്കരസഭയുടെ ജീവിതവും പ്രവർത്തനവും ഉൾക്കൊള്ളുന്ന അതിൻെറ ചരിത്രം പ്രത്യേകമായ പ്രതിപാദനത്തിന് വിഷയമായി

www.malankaralibrary.com



ട്ടുണ്ടെന്നുള്ളത് ഏവർക്കും സുവിദിതമാണ്. മലങ്കരസഭാ നേതൃത്വത്തെ സംബന്ധിച്ചിടത്തോളം അത് പ്രത്യേകം പ്രസക്തവുമാണ്.

മലങ്കര ഓർത്തഡോക്സ് സഭയിൽ ജനിച്ചുവളർന്ന് വൈദികപട്ടം സ്വീകരിച്ച് പൗരോഹിത്യ ശുശ്രൂഷയിൽ ഉൾപ്പെട്ടതിനുശേഷം കത്തോലിക്കാ കൂട്ടായ്മ സഭാജീവിതത്തിൻെറ അടിസ്ഥാനപരമായ ഭാവമാണെന്ന് മനസ്സിലാക്കുകയും മലങ്കര കത്തോലിക്കാ സഭയിൽ പ്രവേശിക്കുകയും ചെയ്ത ഒരു വ്യക്തിയത്രെ ബ: പി.റി. തോമസച്ചൻ. ആ സഭയുടെ വിവിധ മണ്ഡലങ്ങളിൽ വ്യാപരിക്കുകയും മലങ്കരസഭയെ ഉള്ളിൽനിന്നുതന്നെ മനസ്സിലാക്കുകയും അതിൻെറ ചരിത്ര പശ്ചാത്തലത്തിൽ സഭാഘടകങ്ങളെ വിലയിരുത്തുകയും സഭാജീവിതത്തിൻെറ ചൈതന്യശേഷി അനുഭവിക്കുകയുംചെയ്തു ഒരു വൈദികൻ എന്ന നിലയിൽ അദ്ദേഹത്തിൻെറ ചരിത്രവ്യാഖ്യാനം അദ്ദേഹത്തിൻെറ പുസ്തകജ്ഞാനവും അനുഭവസമ്പത്തും പ്രതിഫലിക്കുന്നതാണെന്നുള്ളത് നിഷേധിക്കുന്നില്ല. ചരിത്രസംഭവങ്ങൾ അവയുടെ പരിപൂർണ്ണതയിൽ അവതരിപ്പിക്കുന്നതിന് ആത്മാർത്ഥമായി അദ്ദേഹം ശ്രമിച്ചിട്ടുണ്ടെങ്കിൽ മുകളിൽപറഞ്ഞ സ്ഥിതിവിശേഷം ഒരു കുറവാകാൻ സാദ്ധ്യതയില്ല; മറിച്ച് അതുതന്നെ ആയിരിക്കും ഈ ചരിത്രപുസ്തകത്തിൻെറ സവിശേഷത. ഇതഃപര്യന്തം പ്രസിദ്ധീകരിക്കപ്പെട്ട മററു പുസ്തകങ്ങളിൽ ഒന്നായി ഇതു വിസ്മരിക്കപ്പെടാതിരിക്കുന്നതിനും ഒരുപക്ഷേ ഇതു കാരണമാകുന്നതാണ്.

മലങ്കരസഭയിലെ മതാദ്ധ്യാപകരോട് ഒരുവാക്ക് ''മലങ്കരസഭ'' എന്ന ഈ ചെറുപുസ്തകം നമ്മുടെ മതബോധനമണ്ഡലത്തിൽ സവിശേഷമായ ശ്രദ്ധ ആകർഷിക്കേണ്ടതാണ്. മലങ്കരസഭയെ ഉള്ളിൽനിന്നു നോക്കികാണുന്നതിനും സശ്രദ്ധം പഠിക്കുന്നതിനും സൂക്ഷ്മമായി വി

www.malankaralibrary.com


ലമതിക്കുന്നതിനും നമ്മുടെ ഭാവിതലമുറയെ സജ്ജമാക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും ഈ ഗ്രന്ഥം സഹായകമാണ്. ഇതു കൈവരുത്തുന്ന ദൂരവ്യാപകമായ സൽഫലങ്ങൾ മലങ്കരസഭയുടെ ഭാവിഗതികൾ നിർണ്ണയിക്കുന്ന സുനിശ്ചിത ഘടകങ്ങളായി പരിണമിക്കുമെന്നുള്ളത് തർക്കമററ സംഗതിയാണ്. സഭാസ്നേഹികളായ എല്ലാവരും ഈ ഗ്രന്ഥരചനയും അതിന്റെ പ്രസിദ്ധീകരണവും ഒരു ദൈവാനുഗ്രഹമായി കരുതുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ബ: പി. ററി. തോമസച്ചന് എല്ലാവിധ അനുമോദനങ്ങളും ദൈവീകനൽവരങ്ങളും ആശംസിക്കുന്നതോടൊപ്പം "മലങ്കരസഭ" യെന്ന ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുകയും ബഹുജനസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്നു.

എന്ന്,


ബത്തേരി,

1-11-1986.

***സിറിൾ മാർ ബസേലിയോസ്***
***മെത്രാപ്പോലീത്താ***
ബത്തേരി രൂപതാ മെത്രാൻ

www.malankaralibrary.com


# ഉപോദ്ഘാതം



മനുഷ്യാവതാരനാളിൽ മാലാഖമാർ അറിയിച്ച ഏവൻഗേലിയോൻ— അവതരിച്ച വചനമായ യേശുവിന്റെ ദൂത്— തലമുറകളിൽ നിഗൂഢമായിരുന്ന മർമ്മം— കാലസംപൂർണ്ണതയിൽ യേശു സ്ഥാപിച്ച സഭ—ഈ ഭാരത ഭൂമിയിൽ സന്നിഹിതമാക്കിയതു് (യാഥാർത്ഥ്യമാക്കിയതു്) അപ്പോസ്തോലന്മാരിൽ ഒരുവനായ മാർതോമ്മാ ശ്ലീഹായാണ്. ഈ സഭയുടെ അസ്തിത്വം തോമാശ്ലീഹായുടെ അസ്തിത്വത്തോടു ബന്ധപ്പെട്ടതാണ്. കാലഘട്ടം ഈ സഭയ്ക്കു നൽകിയ സംഭാവനകളും ഏല്പിച്ച ആഘാതങ്ങളും നിസ്സാരങ്ങളല്ല.

രണ്ടാം വത്തിക്കാൻ സൂന്നഹദോസ് സഭയുടെ ദൃശ്യഘടകത്തെ ഹയരാർക്കിയുടെ ചട്ടക്കൂട്ടിലല്ല ദൈവജനത്തിന്റെ ചട്ടക്കൂട്ടിലാണ് അവതരിപ്പിച്ചിരിക്കുന്നത്. (തിരുസഭ ആമുഖം) മലങ്കരസഭ സ്വീകരിച്ചതും നിരാകരിച്ചതും ഏതെങ്കിലും ഒരു അധികാരകേന്ദ്രത്തിന്റെ പ്രചോദനത്തിൽ നിന്നുമാത്രമല്ല സംഘാതമായ നിലയിലാണ്. പിൽക്കാലത്ത് കൽദായ–അന്ത്യോഖ്യൻ–ലിററർജികൾ ഇവിടെ നടപ്പായതു് ഈ സഭ അവ സ്വീകരിച്ചതുകൊണ്ടും സാഹചര്യങ്ങൾ അതിനിടയാക്കിയതുകൊണ്ടും സ്വീകരിക്കുവാൻ സഭയ്ക്കു ന്യായമുണ്ടായിരുന്നതു

www.malankaralibrary.com



കൊണ്ടുമാണ്. ഈ സഭയുടെ സ്വീകരണത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും തണലിലാണ് വിദേശസഭകളുമായുള്ള ബന്ധങ്ങൾപോലും നീതീകരിക്കപ്പെട്ടത്. അലക്സാന്ത്ര്യായിൽനിന്നു പന്തേനൂസ് ഇവിടെ വന്നത് ഈ സഭ ക്ഷണിച്ചതുകൊണ്ടാണ്. പേർഷ്യൻ-സെലൂഷ്യൻ സഭയിലെയും അന്ത്യോഖ്യൻ സഭയിലെയും മേല്പട്ടക്കാർ ഇവിടെ വന്നതും സഭാശുശ്രൂഷയുടെ നേതൃത്വം സ്വീകരിച്ചതും നീതീകരിക്കപ്പെട്ടതും ഈ പശ്ചാത്തലത്തിലാണ്. അന്ത്യോഖ്യൻ യാക്കോബായ സഭയുടെ തലവൻ ഈ സഭയുടെ പരമാധികാരിയായി രംഗപ്രവേശം ചെയ്യുവാൻ കളമൊരുക്കിയ മുളന്തുരുത്തി സുന്നഹദോസിൻെറ കാലത്തും ഈ സ്ഥിതിവിശേഷം വ്യത്യസ്ഥമായിരുന്നില്ല.

പ്രഥമനൂററാണ്ടിൽ സന്നിഹിതമാക്കപ്പെട്ട മലങ്കരസഭ ഇതഃപര്യന്തം പിന്നിട്ടവഴികളും വെല്ലുവിളികളും സരളമായിരുന്നില്ല. മാർ തോമ്മാശ്ലീഹാ അപ്പോസ്തോലന്മാരിൽ ഒരുവനാണ്. അതിനാൽ അദ്ദേഹം സംരക്ഷിച്ച അപ്പോസ്തോല സമൂഹത്തിൻെറ കൂട്ടായ്മ-സഹോദരന്മാരെ ഉറപ്പിച്ചുകൊള്ളുവാൻ അവകാശവും കർത്തവ്യവും ലഭിച്ച പത്രോസുമായുള്ള ബന്ധം-(ലൂക്കോസ് 22: 31 32) അദ്ദേഹം രൂപം കൊടുത്ത സഭയിലും സംരക്ഷിക്കപ്പെടണം. വിശുദ്ധശ്ലീഹാ യേശുവിൽനിന്നും നേരിട്ട് അധികാരം പ്രാപിച്ചവനാകയാൽ സന്നിഹിതമാക്കപ്പെട്ട സഭയുടെ അധികാരാവകാശങ്ങളും വ്യക്തിത്വവും ഓജസ്സോടെ നിലനിർത്തപ്പെടണം. അവ മറെറാരു സഭയുടെ ഔദാര്യത്തെ ആശ്രയിച്ചു നിൽക്കുന്നതല്ല. ഇവ സംരക്ഷിക്കുവാൻ നൽകേണ്ടതായിവന്ന മറുവില വളരെ വലുതാണ്. ശ്ലൈഹിക താവഴി നിലനിറുത്തുവാൻ കൂനൻകുരിശു സത്യത്തിനുശേഷം നൂതനപന്ഥാവുപോലും സ്വീകരിക്കേണ്ടതായി വന്നു. അടക്കുകയും അകലുകയും ചെയ്യുമ്പോഴെ

www.malankaralibrary.com



ല്ലാം ഈ സഭ ഈ പരമ ലക്ഷ്യത്തിനാണ് ഊന്നൽകൊടുത്തത്.

ഏതു വിധമായാലും മാർത്തോമ്മാശ്ലീഹായിൽ നിന്നും ഏറ്റുവാങ്ങിയ പൈതൃകവും കൂട്ടായ്മയും പൂർണ്ണതയും സമന്വയിപ്പിച്ച് ഉയർത്തികാണിക്കുവാൻ (ഉയർത്തിനിർത്തുവാൻ) ഈ സഭ ശക്തമാണ്. ഇതിനുള്ള സാദ്ധ്യത തെളിഞ്ഞുകാണുന്നത് മലങ്കര കത്തോലിക്ക സഭയിലൂടെയാണ്.

ഈ സഭയുടെ പൈതൃകം ഏറ്റുവാങ്ങിയിട്ടുള്ള സഭകളും ഭിന്നചേരിയിലായി ഇവിടെ നിലകൊള്ളുകയാണ്. ഏകമായിരുന്ന മലങ്കര സഭയുടെ ഒരു പ്രബല വിഭാഗമായ ഇന്നത്തെ "സീറോ മലബാർസഭ" സാർവത്രിക കൂട്ടായ്മ നിലനിർത്തിയെങ്കിലും പ്രാദേശിക വ്യക്തിത്വം ഹയരാക്കിസ്ഥാപനത്തിലൂടെ ഏറ്റുവാങ്ങിയെങ്കിലും അതു നിലനിർത്തുവാൻ കഠിന യത്നം ചെയ്യുകയായാണ്. നവീകരിച്ചതോ പുനഃപ്രതിഷ്ഠിച്ചതോ എന്നുപറയപ്പെടുന്ന ആരാധനാക്രമത്തെചൊല്ലി ആ സഭയിൽ നിന്നുയരുന്ന അപസ്വരങ്ങൾ തെല്ലും സന്തോഷപ്രദമല്ല. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സ്ഥിരപിൻതുടർച്ചയുള്ള തലവനായ കാതോലിക്കായാൽ നയിക്കപ്പെട്ടുകയാൽ പ്രാദേശികസഭയുടെ പൂർണ്ണത വീണ്ടെടുത്തു എങ്കിലും സാർവത്രിക കൂട്ടായ്മയിൽനിന്ന് ഒരു വിളിപ്പാടകലെയാണ്. യാക്കോബായവിഭാഗം അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ തണലിലുള്ള വ്യക്തിത്വമേ ഇഷ്ടപ്പെടുന്നുള്ളു. അതിനാൽ പ്രാദേശിക വ്യക്തിത്വവും സാർവത്രിക കൂട്ടായ്മയും അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ ഹിതാഹിതത്തിന് വിധേയമാണ്. മലങ്കര മാർത്തോമ്മാ സഭ ലിററർജിയിലും വേഷത്തിലും ഉള്ള മലങ്കരഭാവം പ്രകടിപ്പിക്കുകയും പ്രാദേശിക സംപൂർണ്ണത നിലനിർത്തുകയും ചെയ്യുന്നുണ്ടെങ്കിലും തായ്‌വഴിയിൽനിന്ന് വി

www.malankaralibrary.com



ട്ടുകന്ന് പ്രൊട്ടസ്റ്റൻറു ചേരിയിലാണ് നില ഉറപ്പി ച്ചിരിക്കുന്നത്. അതിനാൽ സാർവത്രിക ഐക്യത്തിന് അവർ കൊടുക്കുന്ന ഭാഷ്യം മറ്റൊന്നാണ്. അതു് യഥാർത്ഥ ഐക്യത്തിന് സഹായിക്കുന്നുമില്ല. തോഴിയൂർ സ്വതന്ത്ര സുറിയാനി സഭയാകട്ടെ ചരിത്രത്തിൽ ഒരു ബിന്ദുവായി ട്ടുമാത്രം നിലകൊള്ളുന്നു.

എന്നാൽ സാർവത്രിക സഭൈക്യത്തിൽ പങ്കുചേ രുവാൻ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കാ ണിച്ച താല്പര്യത്തിൻെറ പരിണിത ഫലമാണ് മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തിലൂടെ വീണ്ടെ ടുത്ത സാർവത്രികസഭാ ഐക്യം. മലങ്കര സുറിയാനി കത്തോലിക്കാസഭ സാർവത്രിക കൂട്ടായ്മ പൂർണ്ണമായി വീണ്ടെടുത്തതോടൊപ്പം മലങ്കര ഓർത്തഡോക്സ് സുറി യാനിസഭ സമാർജ്ജിച്ച പ്രാദേശിക അപ്പോസ്തോലിക സഭയുടെ സഹജമായ പൂർണ്ണതയിലേക്കുള്ള പടവുകൾ പിന്നിട്ടുകൊണ്ടിരിക്കുകയാണ്. മെത്രാപ്പോലീത്തൻ സഭ യെന്നനിലയിൽ ഇതിനുള്ള പൂർണ്ണത ഊനമില്ലാത്തതാ ണ്. എന്നാൽ ചരിത്രത്തിൻെറ തിരുത്തിക്കുറിക്കലുകളിലൂ ടെ അപ്പോസ്തോലികസഭയ്ക്കു് സ്ഥിരപ്രതിഷ്ഠിതമായ പൂർണ്ണ തയാണ് നേടി എടുക്കുവാനുള്ളത്. ആ പൂർണ്ണതയുടെ പ്രതീകമാണ് കാതോലിക്കാ അഥവാ, പാത്രിയർക്കീസ് ഈ പൂർണ്ണത രണ്ടുമാർഗ്ഗങ്ങളിലൂടെ യാഥാർത്ഥ്യമാകാം:

1 കാതോലിക്കാ തലവനായ മലങ്കര ഓർത്തഡോ ക്സ് സുറിയാനി സഭയെ സാർവത്രിക കൂട്ടായ്മ സ്വീ കരിക്കുവാൻ സജ്ജമാക്കുക.

2 സാർവത്രിക സഭയുടെ പരമാദ്ധ്യക്ഷൻ കാതോ ലിക്കായേയോ പാത്രിയർക്കീസിനെയോ അനുവദിക്കുക.

തഢാര മലങ്കരസഭയുടേതല്ലാത്ത കാരണത്താൽ ഇതിൽനിന്നും അടർത്തിയെടുത്തതും പിൽക്കാലത്ത്

www.malankaralibrary.com



നിഷേധിച്ചതുമായ വ്യക്തിത്വപൂർണ്ണത സഭാചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠിതമായ ശീർഷകസ്ഥാനിയെ നൽകുന്നതിലൂടെ ലഭ്യമാകുന്നതിനായി ചെയ്യുന്ന ഏതു യത്നവും (യജ്ഞവും) ഈ സഭയുടെ പിതാവായ മാർ തോമായുടെ വ്യക്തിത്വത്തെ മാനിക്കുന്നതിന് തുല്യമായി പരിഗണിക്കപ്പെടും.

ബത്തേരി ഭദ്രാസനത്തിൽ ജന്മമെടുക്കുന്ന ''മലങ്കര പബ്ലിക്കേഷൻസ്'' ഒരു ഗ്രന്ഥ പരമ്പരതന്നെ പുറത്തിറക്കുവാനുള്ള തയ്യാറെടുപ്പിലാണ്. ''മലങ്കര സഭ'' എന്ന ഈ ചെറുഗ്രന്ഥം ഇതിന്റെ പ്രഥമ ഉപഹാരമാണ്. ഇതിന്റെ രചനയിൽ സഹായിച്ച എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

സഭാ ജീവിതത്തിന്റെ അന്തരാത്മാവിലേക്ക് എന്നെ നയിക്കുകയും വിശ്വാസ ജീവിതം എന്നിൽ പ്രോജ്വലിപ്പിക്കുകയും ചെയ്ത എന്റെ സ്നേഹനിധിയായ മാതാവിനേയും മലങ്കര കത്തോലിക്കാ സഭയിലേക്ക് എന്നെ കൈപിടിച്ച് സ്വീകരിച്ച ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്താനാസ്യോസ് തിരുമേനിയേയും സവിശേഷമായി സ്മരിക്കുന്നു.

മലങ്കരസഭയെ മലങ്കര സഭയായി കാണുവാനും അതാക്കിത്തീർക്കുവാനും ജീവാർപ്പണം ചെയ്ത മലങ്കര മെത്രാപ്പോലീത്താ മാർ ഈവാനിയോസ് ആർച്ചു ബിഷപ്പിന്റെയും കാലം ചെയ്ത മറ്റു പിതാക്കന്മാരുടെയും ഭാഗ്യസ്മരണാർഹനായ മാർ പീയൂസ് പതിനൊന്നാമൻ പാപ്പായുടെയും പാവനസ്മരണയ്ക്കു മുമ്പിൽ അഞ്ജലീബദ്ധനായി ശിരസ്സുനമിക്കുന്നു. വിവിധ മണ്ഡലങ്ങളിലൂടെ ഈ സഭയെ ഉയർത്തികാണിക്കുവാൻ കഠിനാധ്വാനം ചെയ്യുന്ന മലങ്കര മെത്രാപ്പോലീത്താ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് ആർച്ചു ബിഷപ്പിന്റെയും തിരുവല്ലാ

www.malankaralibrary.com



ഭദ്രാസനത്തിന്റെ ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെയും എല്ലാ പ്രചോദനവും ഈ ഗ്രന്ഥ രചനയ്ക്കു കൈമുതലായിട്ടുണ്ട്.

മലങ്കരസഭയെ അതിന്റെ അത്യുന്നത സീമകളോളം എത്തിക്കുവാൻ പ്രതിജ്ഞാബദ്ധനായ ഈ സഭയുടെ പതറാത്ത_തളരാത്ത—വക്താവായ എന്റെ മെത്രാപ്പോലീത്താ ബത്തേരി ഭദ്രാസനത്തിന്റെ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ എല്ലാശ്രദ്ധയും നിർദ്ദേശങ്ങളും ഈ ലഘു ഗ്രന്ഥത്തിനു പിൻബലമായിട്ടുണ്ടെന്ന് ഉറക്കെ പ്രസ്താവിക്കട്ടെ. ഇതിനു പ്രൗഢമായ ഒരു അവതാരിക എഴുതിയിട്ടുള്ളതും അദ്ദേഹമത്രേ. അദ്ദേഹത്തിന്റെ ധീരനേതൃത്വമില്ലായിരുന്നെങ്കിൽ ക്രോഡീകരിച്ച ഒരു ഗ്രന്ഥമായി ഇത് രൂപം കൊള്ളുമായിരുന്നില്ല. ആ സ്നേഹപിതാവിനെ നന്ദിപൂർവ്വം സ്മരിക്കുകയാണ്.

തോഴിയൂർ സഭയെ സാർവത്രിക കൂട്ടായ്മയുടെ തിരുമുററത്തേക്ക് മുഖംതിരിപ്പിക്കുവാനും മലങ്കരസഭയ്ക്കു് ഒരു സന്ദേശവും മുതൽക്കൂട്ടുമായിരിക്കുവാനും തക്കവണ്ണം വിനയപ്പെട്ട പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായേയും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായ മെത്രാൻ മാർ അപ്രേം തിരുമേനിയേയും സ്നേഹത്തോടെ സ്മരിക്കുന്നു.

ഇതിന്റെ കയ്യെഴുത്തുപ്രതി പ്രസിദ്ധീകരണയോഗ്യമാകുവാൻ തക്കവണ്ണം പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകിയ മലങ്കരസഭയുടെ അഭിമാനവും വടവാതൂർ സിമിനാരിയുടെ പ്രൊഫസറുമായ ഡോക്ടർ ഫാദർ ഗീവറുഗീസ് ചേടിയത്തിനോടുള്ള കൃതജ്ഞതയും അർപ്പിക്കട്ടെ! ഈ ഗ്രന്ഥം പ്രകാശിതമാകുവാൻ എല്ലാശ്രമങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന ബത്തേരി ഭദ്രാസനമതബോധന

www.malankaralibrary.com



ഡയറക്ടർ ഫാദർ ചാക്കോ നരിമററത്തിനോടും ഈ ഭദ്രാസനത്തിലുള്ള ബ: വൈദിക സഹോദരങ്ങളോടും സന്യാസി സന്യാസിനികളോടും മററെല്ലാവരോടും ഇതിന്റെ മുദ്രണം ഏറെറടുത്ത ചുങ്കത്തറ ഗ്രേസ് പ്രിന്റേഴ്സ് ഉടമ ശ്രീ ഏബ്രഹാമിനോടും ഉള്ള കൃതജ്ഞത പ്രകാശിപ്പിക്കട്ടെ.

അച്ചടി പൂർത്തിയാകുന്നതിനുമുമ്പ് ശ്രീ ഏബ്രഹാം ആകസ്മികമായി നിര്യാതനാവുകയാണുണ്ടായത്. ക്രിസ്തീയ ചൈതന്യം നിറഞ്ഞ പരേതന് നിത്യശാന്തി നേരുന്നു. ശേഷിച്ചഭാഗം അച്ചടിച്ചു പൂർത്തിയാക്കുവാനും വീഴ്ചകൂടാതെ ഏല്പിക്കുവാനും കഠിനാദ്ധ്വാനം ചെയ്ത പ്രസ്ജീവനക്കാരോടും പരേതന്റെ കുടുംബാംഗങ്ങളോടുമുള്ള നിർവ്യാജമായ കൃതജ്ഞതയും രേഖപ്പെടുത്തട്ടെ!

മാനന്തവാടി,
2-11-1986. ഗ്രന്ഥകർത്താവ്

www.malankaralibrary.com



# ഉള്ളടക്കം

അവതാരിക

ഉപോദ്ഘാതം

വിഷയവിവരം

| അദ്ധ്യായങ്ങൾ | പേജ് |
| --- | --- |
| 1 മാർത്തോമ്മാശ്ലീഹായുടെ വ്യക്തിത്വം പ്രേഷിതത്വങ്ങൾ. | 1–5 |
| 2 തോമ്മാശ്ലീഹായും സഭാസ്ഥാപീകരണവും സഞ്ചാരപഥങ്ങൾ_മേൽപട്ടക്കാർ വാഴിക്കപ്പെടുന്നു. | 6–9 |
| 3 പേർഷ്യൻ മേൽപട്ടക്കാരൻ മലങ്കരയിൽ | 10–11 |
| 4 നിഖ്യാസുന്നഹദോസും മലങ്കരസഭയും ആര്യൻ പാഷാണ്ഡോപദേശ പ്രവർത്തനം ഇൻഡ്യയിൽ. | 11–13 |
| 5 പേർഷ്യൻ കുടിയേററം സ്വാഗതം ചെയ്യപ്പെടുന്നു. | 13–16 |
| 6 3–7 വരെ നൂററാണ്ടിലെ സഭ പേർഷ്യൻ ബന്ധമില്ലാത്ത മലങ്കരസഭ പേർഷ്യൻമെത്രാസനത്തിനു വിധേയമാക്കപ്പെട്ട മലങ്കരസഭ യറുശലേംസഭ പേർഷ്യൻ സഭയ്ക്കു മേൽപ്പട്ടക്കാരനെ വാഴിക്കുന്നു, സെലൂഷ്യൻ മേധാവിത്വം പേർഷ്യൻസഭ നിരാകരിക്കുന്നു, പേർഷ്യക്കു വിധേയമാക്കപ്പെട്ട ഇൻഡ്യൻസഭ, മലങ്കരസഭയുടെ ആരാധനാഭാഷ | |

www.malankaralibrary.com




സുറിയാനി, മലങ്കരസഭയുടെ സ്വാതന്ത്ര്യ നിലപാട്. 16–24

7 ദ്വിതീയ പേർഷ്യൻകുടിയേറ്റം 25–26

8 പേർഷ്യൻ സഭാനിയമം മലങ്കരസഭയ്ക്കു ബാധകമാകുന്നു. മലങ്കരസഭ സെലൂഷ്യൻ കാതോലിക്കായിക്കു വിധേയമാക്കപ്പെടുന്നു. 27–28

9 പേർഷ്യൻ കുരിശുകൾ. മലങ്കര കുരിശ് ദേശീയവും ജാതീയവുമായ ചിഹ്നം. 29–31

10 മലങ്കരസഭാ മക്കളുടെ സാമൂഹ്യ ഔന്നത്യം. 32–33

11 വൈദേശികബന്ധം 3–13 നൂറ്റാണ്ടുവരെ സ്വതന്ത്രയായ മലങ്കരസഭ 33–35

12 ലത്തീൻ സഭാഭരണക്രമം ആരംഭിക്കുവാനുള്ള യത്നം. 35–36

13 പോർട്ടുഗീസുകാരുടെ ആഗമനവും വഴിത്തിരിവും. പോർട്ടുഗൽ രാജാവ് മിഷൻരാജ്യങ്ങളിലെ സഭയുടെ സംരക്ഷകനാകുന്നു, ലത്തീൻറീത്തുകാരായ പോർട്ടുഗീസുകാർ ആദരിക്കപ്പെടുന്നു. 36–42

14 മലങ്കരസഭ മർദ്ദിക്കപ്പെടുന്നു. 43–53

15 ലത്തീൻ ഭരണത്തിന്റെ അതിപ്രസരവും. മാർ അബ്രഹാമിന്റെ വിയോജിപ്പും ദേശീയ ഹയരാർക്കിസ്ഥാപനത്തിനുള്ള വഴിതെളിയുന്നു. 53–58

16 മാർ മെനസീസ് അധികാരം പ്രാപിക്കുന്നു. 58-60

www.malankaralibrary.com




| | | |
|---|---|---|
| 17 | ഉദയംപേരൂർ സുന്നഹദോസ് | 61_70 |
| 18 | മലങ്കരസഭ ലത്തീൻഭരണത്തിൻകീഴിൽ | 70_85 |
| 19 | മാർ അഹത്തുള്ളായുടെ ആഗമനവും<br>കൂനൻകുരിശു സത്യവും<br>തനതായ വ്യക്തിത്വം നിലനിർത്താനുള്ള<br>യജ്ഞം. | 75-77 |
| 20 | ലത്തീൻ സഭാഭരണം ഉപേക്ഷിക്കുന്നു. | 77_79 |
| 21 | മലങ്കരസഭ മാർത്തോമ്മാമാരുടെ ഭരണത്തിൽ<br>അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കാ<br>സിംഹാസനവുമായി ബന്ധപ്പെടുന്നു. | 79_84 |
| 22 | വലിയ മാർ ദിവന്നാസ്യോസ്.<br>തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭ<br>രൂപമെടുക്കുന്നു. | 84_86 |
| 23 | സി. എം. എസ്. ബാന്ധവം<br>മലങ്കര സഭയിൽ | 87_90 |
| 24 | മാവേലിക്കര സുന്നഹദോസ് | 90_91 |
| 25 | സി. എം. എസ്. ബന്ധത്തിന്റെ<br>അവസാനവും അന്ത്യോഖ്യൻ ബന്ധത്തിന്റെ<br>പുനഃരാരംഭവും | 91-95 |
| 26 | പത്രോസ് പാത്രിയർക്കീസ് മലങ്കരയിൽ<br>മുളന്തുരുത്തി സുന്നഹദോസ് | 96_102 |
| 27 | മാർത്തോമ്മാസഭ രൂപം പ്രാപിക്കുന്നു. | 103_106 |
| 28 | അന്ത്യോഖ്യൻബന്ധം ശിഥിലമാകുന്നു. | 107_108 |

www.malankaralibrary.com




29 കാതോലിക്കാസിംഹാസന സ്ഥാപനം
വട്ടിപ്പണക്കേസ്, മലങ്കരസഭ കാതോലി
ക്കാമാരുടെ ഭരണത്തിൻകീഴിൽ. 108–115

30 ബഥനിസന്യാസ സമൂഹം രൂപം
പ്രാപിക്കുന്നു
മാർ ഈവാനിയോസ് സ്വാതന്ത്ര്യത്തിന്റെ
രാജവീഥിയിൽ 116–118

31 പുനഃസമാഗമം 119–120

32 മലങ്കര കത്തോലിക്കാസഭ മലങ്കരസഭയെ
പ്രതിനിധീകരിക്കുന്നു
മലങ്കര ഹയരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള
അപ്പോസ്തോലിക ഘടന 121–135

33 വളരുന്ന മലങ്കര കത്തോലിക്കാസഭ
തൊഴിയൂർസഭാതലവൻ മലങ്കര
കത്തോലിക്കാ സഭയിലേക്ക് 135–144

അനുബന്ധം

സൂചിക

പ്രബോധനം

ശുദ്ധിപത്രം

www.malankaralibrary.com

# മലങ്കര സഭ

## അദ്ധ്യായം 1

ഫിനിഷ്യരും സോളമനും കേരള തീരവുമായി വ്യാപാര ബന്ധം നടത്തിയിരുന്നു. ക്രിസ്താബ്ദം 45-ൽ ഹിപ്പോളസ് വാണിജ്യവാതം(Trade wind) കണ്ടുപിടിച്ചതിനാൽ പശ്ചിമേഷ്യയും കേരളവും തമ്മിലുള്ള യാത്ര സുഗമവും ദൈർഘ്യം കുറഞ്ഞതുമായി തീർന്നു. പ്രഥമത യഹൂദരോടും പിന്നീട് യഹൂദേതരരോടും ജീവപ്രദമായ സുവിശേഷം പ്രസംഗിപ്പാൻ പ്രതിജ്ഞാബദ്ധനായ മാർതോമ്മാശ്ലീഹാ യഹൂദ കേന്ദ്രങ്ങളിലേക്ക് വ്യാപാരാർത്ഥം വന്നുചേർന്ന യഹൂദന്മാരോടൊപ്പം കേരളത്തിൽ എത്തിച്ചേർന്നു. (1)

### *മാർ തോമ്മാശ്ലീഹായുടെ വ്യക്തിത്വം:*

ഭാരതസഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ തീഷ്ണനും സ്ഥിരചിത്തനും കർമ്മധീരനും ദരിദ്രരുടെ ആലംബവും ക്രിസ്തുവിന്റെ ദൈവത്വത്തെ അർത്ഥശങ്കയ്ക്കിടമില്ലാത്തവിധം ഏറ്റുപറഞ്ഞവനുമായ തോമ്മാശ്ലീഹായെ കുറിച്ച് പരമാർശിക്കുക പ്രസക്തമാണ്. മലങ്കര സഭ ശ്ലീഹായുടെ ഓർമ്മതിരുനാളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനാക്രമം പരിശോധിച്ചാൽ അദ്ദേഹം യൂദാവംശജനാകുന്നു എന്ന് ഗ്രഹിക്കാം (2). ലൂക്കോസ് 9: 59-60; 6:15; യോഹന്നാൻ 11:16; 20:24-28 എന്നീ സുവിശേഷഭാഗങ്ങൾ തോമ്മാശ്ലീഹായോടു ബന്ധപ്പെട്ടതാണ്.

അദ്ദേഹത്തിന്റെ ഓർമ്മതിരുനാളിലെ ശുശ്രൂഷാക്രമങ്ങളിൽ നിന്നുള്ള നിഗമനങ്ങൾ ഇവയാണ്. (2)

www.malankaralibrary.com


1) ശ്ലീഹാ ഭാരതത്തിലേക്കുവരുവാൻ വിമുഖത കാണിച്ചു.

കാർനിറമൊട്ടു വൈരൂപ്യം
പൂണ്ടൊരു കൂട്ടം മേവും
ഭാരതമേററം ഭീകരമെന്നോതി തോമ്മാ
ചെയ്യണമിവരിൽ കാരുണ്യം.

എന്നാൽ തൻെറ നാഥനായ ക്രിസ്തു നൽകിയ ഉറപ്പിന്മേൽ അദ്ദേഹം നിസ്സന്ദേഹം ഇവിടേക്കു പുറപ്പെട്ടു. പരിശുദ്ധാത്മാവിലുള്ള ശക്തിയാൽ നിർഭയനായി അദ്ദേഹം ഈനാട്ടുകാരോട് പ്രത്യേകിച്ചും, രാജാക്കന്മാരോടും ഉന്നതകുലജാതൻമാരോടും രക്ഷാകരമായ സുവിശേഷം അറിയിച്ചു. അദ്ദേഹത്താൽ മാമോദീസാ സ്വീകരിച്ചു അനേകർ സഭയോടു ചേർക്കപ്പെട്ടു.

2) 'ഈ ചെറിയവരിൽ ഒരുവനു നൽകിയതെല്ലാം എനിക്കു നൽകി' എന്ന സുവിശേഷ പ്രബോധനാനുസരണം ദരിദ്രരുടെ സ്നേഹിതനും ഉദ്ധാരകനുമായി അദ്ദേഹം വർത്തിച്ചു.

3) മലങ്കരയിൽ പറഞ്ഞു വരുന്ന ഒരു പാരമ്പര്യമനുസരിച്ച് തൻെറ നാഥനേപോലെ അദ്ദേഹവും കുന്തത്താൽ കുത്തപ്പെട്ടു. കുന്തമേററതിൻെറ മൂന്നാം ദിവസം 'തന്നിൽ നിന്നൊഴുകിയ രക്തവും വെള്ളവും പഴപ്പും ഈ സഭയുടെ വളമായിത്തീരണമേ' എന്നു പ്രാർത്ഥിച്ചു ശേഷം സ്വപ്രാണൻ പരമപിതാവിനെ ഏല്പിച്ചു. പാവനമായ ഭൗതികശരീരം ശിഷ്യന്മാർ ആദരവോടെ സംസ്കരിച്ചു.

4) ക്രിസ്ത്വാബ്ദം 50-ൽ ദൈവമാതാവിൻെറ വേർപാടിനെ കുറിച്ച് ആത്മനിവേശമുണ്ടാകയാൽ മററു ശ്ലീഹന്മാരോടു കൂടി സംസ്കാരക്രിയകൾ നടത്തുവാൻ വിശുദ്ധ ശ്ലീഹായും വാനമേഘങ്ങളിൽ യറുശലേമിലേക്കതിരിച്ചു.

www.malankaralibrary.com


സ്വർഗ്ഗീയ സൈന്യങ്ങൾ വഹിച്ചു കൊണ്ടുപോയ മാതാവിൽനിന്ന് അദ്ദേഹം പ്രത്യേകം തെളിവും ആശിസ്സും പ്രാപിച്ചു. (3)

5 ശ്ലീഹാ നിർഭയനും അൽഭുത വരങ്ങളുള്ളവനമായിരുന്നു. ക്രിസ്തുവിൽ വിശ്വസിച്ചേററുപറഞ്ഞ ദരിദ്രലക്ഷങ്ങളായിരുന്നു, അദ്ദേഹം പണിതുയർത്തിയ സ്വർഗ്ഗീയ കൊട്ടാരം. (4)

## മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതത്വത്തെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ:–

വിവിധ പാരമ്പര്യങ്ങൾ, വീരടിയാൻ പാട്ടുകൾ, തോമ്മാ പർവ്വം, മാർഗ്ഗംകളിപ്പാട്ടുകൾ, ക്രിസ്താബ്ദം മൂന്നാം ശതകത്തിൻെറ പ്രാരംഭത്തിൽ എഡേസാ നഗരത്തിൽ ജീവിച്ചിരുന്ന "ബർദൈസാൻ" രചിച്ച മാർത്തോമ്മായുടെ പ്രവർത്തികൾ എന്ന ഗ്രന്ഥം ആകമാനസഭയുടെ പുരാതനരേഖകളിൽ കാണുന്ന വിവിധ പരാമർശങ്ങൾ എന്നിവ പരിഗണിക്കാവുന്ന സാക്ഷ്യങ്ങളിൽ ചിലതു മാത്രമാണ്

"യൂദാ തോമസിൻെറ നടപടികൾ" എന്ന ഗ്രന്ഥം മെസോപ്പൊട്ടോമിയായുടെ സാസ്കാരികപശ്ചാത്തലത്തിൽ മിക്കവാറും എഡേസായിൽ വെച്ച് ഒരു സുറിയാനിക്കാരനാൽ എഴുതപ്പെട്ടതവാം എന്നാണ് കാർഡിനൽ യൂജിൻ ടിസറാങ്ങിൻെറ ഒരു നിഗമനം. (5)

ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ അഫ്ഗാനിസ്ഥാനും പഞ്ചാബും ഭരിച്ചിരുന്ന ഗോണ്ടഫോറസ് എന്ന പാർത്ഥ്യൻ രാജാവിൻെറ പേരിലുള്ള ചില നാണയങ്ങൾ 19-ാം ശതകത്തിൽ കണ്ടുകിട്ടിയിട്ടുണ്ട്. ഗാന്ധാരയിലെ ഒരു പുരാതന രേഖയിലും അദ്ദേ

www.malankaralibrary.com


ഹത്തിന്റെ നാമം പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതിന്റെ വെളിച്ചത്തിൽ തോമാശ്ലീഹാ ഗോണ്ടഫോറസ് രാജാവിന്റെ നാട്ടിൽ സുവിശേഷ ഘോഷണം നടത്തി എന്നും അദ്ദേഹത്തിനായി കൊട്ടാരം പണിയിക്കുവാൻ ഇവിടെ ശ്ലീഹാ എത്തി എന്നും ഉള്ള മലങ്കരയിലെ പാരമ്പര്യത്തെ നിഷേധിക്കേണ്ട കാര്യമില്ല. മോൺ മെസിലിക്കോട്ട് (1905) ഫാദർ ദൽമാൻ എസ്. ജെ. (1912) ജെ. എൻ. ഫർക്കാർ (1926) എന്നിവരുടെ സാക്ഷ്യപത്രങ്ങൾ വിമർശകർക്കെതിരായ സാക്ഷ്യമായി പരിഗണിക്കാം. (6)

13-ാം ശതകത്തിൽ വിരചിതമായ ''ദി ബുക്ക് ഓഫ് ബീ' എന്ന പുസ്തകത്തിന്റെ കർത്താവായ ''ബസ്രായിലെ സോളമൻ' മൊസോപ്പൊട്ടോമിയായിലേയും, ഇൻഡ്യയിലേയും (മലങ്കര) പാരമ്പര്യങ്ങളെ അനുരഞ്ജിപ്പിച്ചുകൊണ്ടാണ് തോമ്മാ ശ്ലീഹായുടെ കഥ പറയുന്നത്. (7)

ദക്ഷിണേന്ത്യയിൽ ''നസ്രാണികൾ'' 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്നീ സംജ്ഞകളിൽ പ്രബലമായ ഒരു ക്രൈസ്തവസമൂഹം നിലനിൽക്കുന്നു എന്ന വസ്തുത മാർത്തോമ്മാ ശ്ലീഹാ ഈനാട്ടിൽ നടത്തിയ പ്രേഷിതത്വത്തിന്റെ പരിഗണനീയമായ ഒരു സാക്ഷ്യം തന്നെയാണ്. പാലയൂർ, നിലംപേരൂർ, ആർത്താററ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള തെളിവുകളും വിശുദ്ധന്റെ രക്തസാക്ഷിത്വസ്ഥലമായി വണങ്ങപ്പെടുന്ന മൈലാപ്പൂരിലെ തീർത്ഥാടന കേന്ദ്രവും മലങ്കരയിലെ പാരമ്പര്യം വിശ്വസനീയമാണെന്നതിന്റെ സുശക്ത സാക്ഷ്യങ്ങളാണ്. (8)

മാർത്തോമ്മാ ശ്ലീഹായുടെ കബറിടത്തിൽനിന്നും എടുത്തുകൊണ്ടുവന്നിരുന്ന മണ്ണ് വെള്ളത്തിലിട്ട് രോഗികളെയും പിശാചുബാധിതരെയും കുടിപ്പിച്ചിരുന്നതായും മററും 16-ാം നൂററാണ്ടിനു മുമ്പ് മലങ്കരയിൽ നിലവിലി

www.malankaralibrary.com


രുന്ന പാരമ്പര്യങ്ങളെപ്പററി പറയുന്നകൂട്ടത്തിൽ പ്രസിദ്ധ ഗവേഷകനും ചരിത്രകാരനുമായ ഫാദർ പ്ലാസിഡ് C.M.I. സാക്ഷിക്കുന്നുണ്ട്. (9)

മാർതോമ്മാ ശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തിന്റെ 19-ാം ശതാബ്ദി പ്രമാണിച്ച് 1952-ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ നടത്തിയ പ്രഖ്യാപനവും രാഷ്ട്രപതിയായിരുന്ന ബാബു രാജേന്ദ്രപ്രസാദ് 18-12-1955 ൽ നടത്തിയ പ്രഖ്യാപനവും മാർതോമ്മാ ശ്ലീഹായാണ് ഭാരത (മലങ്കര) സഭ രൂപീകരിച്ചതെന്നതിന്റെ സമകാലീന സാക്ഷ്യങ്ങളാണ് (10)

പ്രധാനമന്ത്രിയായിരുന്ന ജവഹരിലാൽ നെഹ്രു സാക്ഷിക്കുന്നു: ''തോമ്മാ ശ്ലീഹായുടെ ഭാരത പ്രവേശനവും സഭാ രൂപീകരണവും എഴുതപ്പെട്ട ചരിത്രത്തെ വെല്ലുന്ന ഐതീഹ്യങ്ങളാലും പരമ്പരാഗത വിശ്വാസത്താലും മുദ്രീകൃതമാണ്''. (11)

1964-ൽ ബോംബെയിൽ വച്ചു നടത്തിയ ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കുവാൻ ആഗതനായ മാർ പൗലൂസ് ആറാമൻപാപ്പായുടെ ബഹുമാനാർത്ഥം ഭാരത സർക്കാർ 2-12-1964 ൽ പുറത്തിറക്കിയ സെൻറ് തോമസ് സ്റ്റാമ്പും 3-7-1973ൽ എറണാകുളത്തു പ്രകാശനം ചെയ്ത സെൻറ് തോമസ് സ്റ്റാമ്പും P & T പ്രസിദ്ധപ്പെടുത്തിയ ഔദ്യോഗിക രേഖകളും ഈ വിശ്വാസത്തിന്റെ ജീവസ്സുററ സാക്ഷ്യങ്ങളായി നിലകൊള്ളുന്നു.

—□—

www.malankaralibrary.com


അദ്ധ്യായം 2

## മാർത്തോമ്മാ ശ്ലീഹായും സഭാരൂപീകരണവും

വിശുദ്ധ ശ്ലീഹായുടെ പ്രഥമ പ്രേഷിതരംഗം പേർഷ്യ ആയിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. (12) ക്രിസ്തുവർഷം 52-ൽ കേരളത്തിന്റെ പശ്ചിമതീരത്തുള്ള കൊടുങ്ങല്ലൂരിൽ (മാല്യാംകര) കപ്പൽമാർഗ്ഗം അദ്ദേഹം എത്തിച്ചേർന്നു.

### സഞ്ചാരപഥങ്ങൾ:-

തോമ്മാശ്ലീഹാ കേരളത്തിൽ എത്തുന്ന കാലത്ത് വിദേശികളെ ഇവിടേക്കു നയിക്കുന്ന മൂന്നു പ്രധാന സഞ്ചാരപഥങ്ങൾ ഉണ്ടായിരുന്നു.

1. റോമിൽ നിന്ന് ബാബേൽ, പാർത്ഥ്യ കാബൂരം വഴി കരമാർഗ്ഗം.

2. റോമിൽ നിന്ന് പേർഷ്യൻ ഉൾക്കടൽ വഴി കടൽമാർഗ്ഗം സിൻഡിലെത്തി അവിടെ നിന്ന് ഇൻഡ്യയിലേക്ക്.

3) അലക്സാന്ത്ര്യായിൽ നിന്ന് തിരിച്ച് ചെങ്കടൽ വഴി കപ്പൽമാർഗ്ഗം - അറബിക്കടൽ താണ്ടി കൊടുങ്ങല്ലൂർ തുറമുഖത്തിറങ്ങുക.

ഈ മൂന്നാമത്തെ മാർഗ്ഗമായിരിക്കാം വിശുദ്ധശ്ലീഹാ തെരഞ്ഞെടുത്തത്. ചരിത്രപണ്ഡിതനായ വിൻസൻറ് സ്മിത്തിന്റെ സാക്ഷ്യം ശ്രദ്ധേയമാണ്. അന്നത്തെ സാഹചര്യം പരിശോധിക്കുമ്പോൾ അദ്ദേഹത്തിന്റെ (തോമ്മാശ്ലീഹായുടെ) ദക്ഷിണേന്ത്യൻ സന്ദർശനം സുസാദ്ധ്യമായിരുന്നു. ഇവിടെ ഒരു പുരാതന ക്രൈസ്തവസമൂഹം നില

www.malankaralibrary.com


വിൽ ഉണ്ടായിരുന്നു എന്നത് നിസംശയമാണ്. സൊക്കോട്ടാ വഴിയാണ് അദ്ദേഹം വന്നതെന്നുള്ള പാരമ്പര്യത്തിൽ അവിശ്വസനീയമായി യാതൊന്നുമില്ലെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. (13)

കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ അപ്പോസ്തോലൻ ഇദംപ്രഥമമായി യഹൂദൻമാരോടും പിന്നീട് ഇതര ജാതികളോടും സുവിശേഷം പ്രസംഗിച്ചു. വിശുദ്ധ ശ്ലീഹാ സ്ഥാപിച്ച പള്ളികളുടെ സമീപ പ്രദേശങ്ങൾ യഹൂദൻമാരുടെ അധിവാസ കേന്ദ്രങ്ങളായിരുന്നു എന്ന് ആധുനീക ഗവേഷണങ്ങൾ സ്ഥാപിക്കുന്നുണ്ട്. പാലയൂർ, പറവൂർ ,കോക്കമംഗലം, ചായൽ, നിരണം, കൊല്ലം, കൊടുങ്ങല്ലൂർ എന്നിവ അദ്ദേഹം സ്ഥാപിച്ച പള്ളികളാണെന്നും വിശ്വസിക്കപ്പെടുന്നു. ഏഴര പള്ളികളാണ് അദ്ദേഹം സ്ഥാപിച്ചതെന്നാണ് പൊതുവേ പറയപ്പെടുന്നതു്. അരപ്പള്ളിക്കുള്ള പദവി തിരുവാങ്കോടിനാണെന്നാണ് പരിഗണിക്കപ്പെടുന്നതു്. (14) മലയാററൂരും ഈ പദവി അവകാശിക്കുന്നു.

കേരളത്തിൽ വരുന്നതിനു മുമ്പ് അദ്ദേഹം വടക്കെപടിഞ്ഞാറൻ ഇൻഡ്യയിൽ ഗോണ്ടഫോറസ് രാജാവിൻെറ ആഗ്രഹപ്രകാരം ഹാബാൻ എന്ന വ്യാപരിയോടുകൂടി ഒരു ശില്പി എന്ന നിലയിൽ എത്തിച്ചേർന്നതായി പറയപ്പെടുന്നു. ഇവിടത്തെ പ്രവർത്തന വിവരം 'മാർത്തോമ്മാശ്ലീഹായുടെ നടപടികളിൽ' രേഖപ്പെടുത്തിയിട്ടുണ്ട് (15). ക്രിസ്താബ്ദം 50_ ലെ കുഷാൻ ആക്രമണവുമായി ബന്ധപ്പെട്ടതായിരിക്കാം വിശുദ്ധൻെറ ഈ യാത്രയെന്ന് ഫർക്കാർ അഭിപ്രായപ്പെടുന്നു. വളരെയേറെ യഹൂദൻമാരും സുറിയാനിക്കാരും ഗ്രീക്കുകാരും ഉണ്ടായിരുന്ന ദക്ഷിണേന്ത്യയിലെ (കേരളം) മുസൂറി (കൊടുങ്ങല്ലൂർ) പട്ടണത്തിലേക്ക് ഹാബാൻ എന്ന വ്യാപാരിയോടുകൂടി തോമ്മാശ്ലീഹാ വന്നിരുന്നു എന്ന മലങ്കരയിലെ പാരമ്പര്യത്തെ ഫർക്കാർ അംഗീകരിക്കുകയാണ് ചെയ്യുന്നതു് (16). 'നടപടി

www.malankaralibrary.com


യിൽ' പറയുന്ന അപ്പോസ്തോലന്റെ രണ്ടാം യാത്രയെപ്പറ്റിയുള്ള വിവരണത്തിൽ ഉത്തരേന്ത്യയിലെ ഏതെങ്കിലും സ്ഥലങ്ങളുടെയോ, വ്യക്തികളുടെയോ പേരു കാണുന്നില്ല എന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. ദക്ഷിണ ഇൻഡ്യയിൽ ഒരു രാജധാനിയിൽ വിശുദ്ധശ്ലീഹാ വന്നു എന്ന പാരമ്പര്യം ഏറ്റം പുരാതനമായികാണുന്നു. (17)

## മേല്പട്ടക്കാർ വാഴിക്കപ്പെടുന്നു.

രാജാവും (കൊടുങ്ങല്ലൂർ) കുടുംബാംഗങ്ങളും ഉന്നത കുല ജാതരും മാനസ്സാന്തരപ്പെട്ട് യേശുവിനെ കർത്താവും, രക്ഷിതാവുമായി സ്വീകരിച്ചു. അദ്ദേഹം അവർക്കെല്ലാം യഥാവസരം മാമോദീസാ നൽകി ക്രിസ്തുവിന്റെ ശരീരത്തോട് (സഭയോട്) ഗാഢമായി സംയോജിപ്പിച്ചു. പകലോമററം തുടങ്ങിയ കുടുംബക്കാരിൽ ചിലർക്ക് പൗരോഹിത്യ നൽവരം നല്കി എന്നുകരുതപ്പെടുന്നു. കൊടുങ്ങല്ലൂർ രാജാവിന്റെ ജാമാതാവിനെ 'കേപ്പാ' എന്ന പേരിൽ ശ്രേഷ്ഠ മഹാ പുരോഹിതനായും ചോഴപ്പെരുമാളിന്റെ സഹോദരനെ പൗലൂസ് എന്ന പേരിൽ മെത്രാനായും വാഴിച്ചു (18). തമിഴ് നാട്ടിലേക്കു തിരിക്കുന്നതിനു മുമ്പ് മാളിയേക്കൽ തോമ്മായ്ക്കു് ആചാര്യത്വ പദവി നൽകുകയും ക്രിസ്ത്വാബ്ദം 69-ൽ അദ്ദേഹത്തിന് ദയറായ്ക്കസോ പദവി നൽകുകയും ചെയ്തു (19).

ഹറവോന്റെ മുമ്പിൽ മോശ വിജയശ്രീലാളിതനായതുപോലെ ക്ലേശങ്ങളിലൂടെ ആണെങ്കിൽപോലും ശ്ലീഹാ ഈ ഭൂവിഭാഗത്തിലും വിജയിച്ചിരുന്നു. മന്ത്രത്തെ മന്ത്രം കൊണ്ടും അത്ഭുതത്തെ അത്ഭുതം കൊണ്ടും അദ്ദേഹം നേരിട്ട 'ജയിപ്പിക്കുന്നേതും ജീവിപ്പിക്കുന്നതുമായ ശ്ലീബായുടെ അടയാളത്താൽ' ശ്ലീഹാ താർക്കികരെ പരാജയപ്പെടുത്തി, ക്രിസ്തുരാജ്യത്തിന്റെ വിജയസ്തംഭം അദ്ദേഹം ഇവിടെ സ്ഥാപിച്ചു. അത് തലമുറകളോളം സംരക്ഷിക്കുവാൻ മലങ്കര സഭയ്ക്കു് ആവശ്യമായ അസ്ഥിവാരം ഉറപ്പി

www.malankaralibrary.com


കകെയും ആചാര്യത്വപരമായ സംവിധാനം ക്രമപ്പെടുത്തു കയും ചെയ്തു. പൗരോഹിത്യപരമായ സംവിധാനം ഇവി ടെ സ്ഥാപിച്ചോ എന്നു സന്ദേഹിക്കുന്ന ചരിത്രകാരന്മാരു മുണ്ട്. എന്നാൽ വി: പത്രോസും പൗലോസും നനച്ചു വളർ ത്തിയ സഭകളിൽ ആവിധ ക്രമീകരണങ്ങൾ ചെയ്തിട്ടുള്ള തായി വിശുദ്ധ ലേഖനങ്ങളും സമകാലീന ചരിത്രങ്ങളും പാരമ്പര്യങ്ങളും സാക്ഷിക്കുന്നുണ്ട്(20)

അവർക്കുതുല്യനും തെല്ലും അപ്രാധാന്യനല്ലാത്തവ നും ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിന്റെയും ദൈവമാതാ വിന്റെ സ്വർഗ്ഗാരോപണത്തിന്റെയും ചരിത്രപരമായ ദൃ ക്സാക്ഷിയും ആയ തോമ്മാശ്ലീഹാ ഈ ഭാരതഭൂവിൽ സ ന്നിഹിതമാക്കി നനച്ചു വളർത്തിയ ക്രിസ്തുവിന്റെ തേജ സ്വിനിയായ ഈ സഭക്കുമാത്രം പൗരോഹിത്യ സംവിധാ നം സംസ്ഥാപിക്കപ്പെട്ടിട്ടില്ല എന്ന് കണ്ടെത്താൻ ശ്രമി ക്കുന്നവരെ പരിഗണിക്കുവാൻ പ്രത്യേക കരുതൽ ആവ ശ്യമുണ്ട്.

തോമ്മാശ്ലീഹാതന്നെ സന്നിഹിതമാക്കി നനച്ചു വളർത്തിയ പേർഷ്യൻ സഭയിലും അദ്ദേഹത്തിന്റെ ശി ഷ്യന്മാർ നനച്ചു പോഷിപ്പിച്ച സെലൂഷ്യൻ സഭയിലും പൗരോഹിത്യ ക്രമീകരണങ്ങൾ ഉണ്ടായിരുന്നു എന്നതി ന് മതിയായ തെളിവുകൾ ഉള്ള സ്ഥിതിക്ക് മലങ്കര സഭയ്ക്കു മാത്രം അതു നല്കപ്പെട്ടിരുന്നില്ലാ എന്ന് സമർത്ഥിക്കു വാൻ വെമ്പുന്നവരുടെ യുക്തിവാദം ദുർഗ്രഹമായിരിക്കുന്നു.

മലങ്കര സഭയുടെ പോഷണത്തിനാവശ്യമായ ക്രമീ കരണങ്ങൾ ചെയ്തുശേഷം അദ്ദേഹം തമിഴ്നാട്ടിലേക്കു പോയി. അവിടെ വെച്ച് രക്തസാക്ഷിയായി ക്രിസ്താ ബ്ദം 72 ജൂലായ് 3ന് കാലം ചെയ്തു. (21)

—o—

www.malankaralibrary.com


അദ്ധ്യായം 3

രണ്ടാം നൂററാണ്ടിൽ വിവിധ പ്രാതികൂല്യങ്ങളോട് സഭയ്ക്കു് ഏററുമുട്ടേണ്ടതായി വന്നു. പണ്ഡിതരായ ഉപദേഷ്ടാക്കളുടെ അഭാവമോ വിരളതയോ സഭയ്ക്കു് നേരിട്ടു. തന്നിമിത്തം വിദഗ്ദ്ധനായ ഒരു ഉപദേഷ്ടാവിനെ ലഭിക്കുവാൻ 'മലങ്കരസഭ' അലക്സാന്ത്രിയായിലെ സഭാദ്ധ്യക്ഷനായിരുന്ന 'ദിമത്രിയോസി'ന്റെ അടുക്കലേക്കു് ഒരു നിവേദകസംഘത്തെ അയച്ചു. അക്കാലത്തു് അവിടുത്തെ വൈദിക സിമ്മിനാരിയുടെ ശ്രേഷ്ഠാദ്ധ്യാപകൻ 'പന്തേനൂസ്' ആയിരുന്നു. ദിമത്രിയോസ് അദ്ദേഹത്തെതന്നെ ക്രിസ്ത്വാബ്ദം 190 ൽ മലങ്കരയിലേക്കു് അയച്ചു. (22)

ഇദ്ദേഹത്തിന്റെ മലങ്കര സഭാ സന്ദർശനത്തെക്കുറിച്ചു് കൈസറിയായിലെ 'എവുസേബിയസ്' രേഖപ്പെടുത്തിയിട്ടുണ്ടു്. സുറിയാനി (എബ്രായ) ഭാഷയിൽ എഴുതപ്പെട്ട വിശുദ്ധ മത്തായിയുടെ സുവിശേഷം പന്തേനൂസ് ഇവിടെ കണ്ടതായി സാക്ഷിക്കുന്നുണ്ടു്(23). വിശുദ്ധ ജറോമിന്റെ ഗ്രന്ഥങ്ങളിൽ ക്രിസ്ത്വാബ്ദം(340_420) പന്തേനൂസിന്റെ ഇന്ത്യൻ സന്ദർശനത്തെക്കുറിച്ചു് രണ്ടു പരാമർശങ്ങളുണ്ടു് (24). പന്തേനൂസ് തിരികെ അലക്സാന്ത്ര്യായിൽ എത്തിയതു് വളരെ കാലങ്ങൾക്കു ശേഷമാണെന്നു് സിമ്മിനാരി രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു് (25). തന്നിമിത്തം അദ്ദേഹം ഏറെക്കാലം മലങ്കരയിൽ താമസിച്ചു പ്രവർത്തിച്ചിരുന്നു എന്നു് അനുമാനിക്കാം. തുടർന്നു് ഈ സഭയെ നയിച്ച മേല്പ്പട്ടക്കാരെക്കുറിച്ചു് അനുമാനങ്ങളല്ലാതെ സുവ്യക്തമായ രേഖകൾ കാണുന്നില്ല. ഈ കാല ചരിത്രം ഇരുളടഞ്ഞ അദ്ധ്യായമായി അവശേഷിക്കുകയാണു്. ഏതായാലും വിശുദ്ധ ശ്ലീഹാ തന്നെ നനച്ചു വളർത്തിയ പേർഷ്യൻ സഭയുമായി പിൽക്കാലത്തു് മലങ്കര സഭ വൈദികപരമായ ആവശ്യങ്ങളിൽ ബന്ധപ്പെട്ടതായി കാണുന്നുണ്ടു്.

www.malankaralibrary.com


## പേർഷ്യൻ മേൽപട്ടക്കാരൻ മലങ്കരയിൽ:-

ക്രിസ്താബ്ദം 300-ൽ (295) ബൊസ്രായിലെ മെത്രാപ്പോലീത്തായായിരുന്ന ഡേവിഡ് (ദാവൂദ്) മലങ്കരസഭ സന്ദർശിച്ചു(26). ഇദ്ദേഹം തന്റെ മെത്രാസനം ഉപേക്ഷിച്ച് സുവിശേഷവേലയ്ക്കായി (മിഷൻ പ്രവർത്തനം) വന്നു എന്നതാണ് 'മിഞ്ഞാന'യുടെ നിഗമനം (27).

അദ്ധ്യായം 4

## നിഖ്യാസുന്നഹദോസും മലങ്കരസഭയും

റോമാചക്രവർത്തിയായിരുന്ന കോൺസ്റ്റാന്റയിൻ (കുസ്തന്തീനോസ്) ക്രിസ്തുവിശ്വാസം സ്വീകരിച്ചു. ക്രിസ്താബ്ദം 313- ൽ ക്രിസ്തുസഭ റോമാസാമ്രാജ്യത്തിലെ 'രാജകീയ മത' മായി പ്രഖ്യാപിക്കപ്പെട്ടു (28). എന്നാൽ ബാഹ്യ ശക്തികളിൽനിന്ന് സ്വതന്ത്രമാക്കപ്പെട്ട സഭ ആന്തരീയ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടു. ആരിയോസ് എന്ന വൈദികൻ ക്രിസ്തു ദൈവമല്ല എന്ന് ഉപദേശിക്കുവാൻ തുടങ്ങി. ഈ ദുരുപദേശം 'ആരിയൻ പാഷാണ്ഡത' എന്ന പേരിലാണ് പിൽക്കാല ചരിത്രത്തിൽ അറിയപ്പെടുന്നത്.. ക്രിസ്തുവിന്റെ 'ദൈവത്വ' നിഷേധനം നിർന്നിമേഷയായി നോക്കിക്കാണുവാൻ സഭയ്ക്ക് കഴിഞ്ഞില്ല. ഈ ദുരുപദേശത്തിന്റെ ആഘാതമേററ തദ്ദേശസഭ ശക്തിയുക്തം അതിനെ എതിർത്തു. എങ്കിലും മററു പ്രദേശങ്ങളിലേക്കും അതു് ആഞ്ഞടിച്ചു. തന്നിമിത്തംഅഭിവന്ദ്യ പിതാക്കന്മാർ 'കോൺസ്റ്റാന്റയിൻ' ചക്രവർത്തിയുടെ സഹായത്തോടെ ക്രിസ്താബ്ദം 325-ൽ 'നിഖ്യാ' എന്ന സ്ഥലത്ത് സമ്മേളിച്ചു. പിതാക്കന്മാ

www.malankaralibrary.com


രുടെ ഈ സമ്മേളനം 'നിഖ്യാസുന്നഹദോസ്' എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. അതത്രേ സഭയിലെ പ്രഥമ സാർവത്രിക സുന്നഹദോസ്.

അലെക്സാന്ത്രിയായിൽ നിന്ന് അത്താനാസ്യോസ് ശെമ്മാശനും 318 മേൽപ്പട്ടക്കാരും സംബന്ധിച്ചിരുന്നതായി കണക്കാക്കപ്പെടുന്നുണ്ടെങ്കിലും 203 പേരുടെ പേരുവിവരമേ കാണുന്നുള്ളു (29). സത്യ വിശ്വാസത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ അംഗഭംഗം വന്നവരും മുറിവേററവരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ അവർ ദുരുപദേശത്തെ ഖണ്ഡിച്ചു. പശ്ചാത്തപിക്കയോ തെററിൽ നിന്നു പിൻമാറുകയോ ചെയ്യാൻ വിസമ്മതിക്കുകയാൽ സാർവത്രിക സുന്നഹദോസ് സാർവത്രിക സഭയുടെ കൂട്ടായ്മയിൽ നിന്ന് ആരിയോസിനെ ബഹിഷ്കരിച്ചു. അയാളുടെ ഉപദേശം ദുരുപദേശമാകയാൽ അതിനെ ശപിച്ചു തള്ളി (30).

മാർ യൂഹാനോൻ മെത്രാൻ മലങ്കര സഭയെ പ്രതിനിധീകരിച്ചിരുന്നു എന്നാണ് പറയപ്പെടുന്നത് ''ഇൻഡ്യയുടെയും പേർഷ്യയുടെയും മാർ യൂഹാനോൻ'' എന്ന പേരു വെച്ചാണ് അദ്ദേഹം ഒപ്പിട്ടിരിക്കുന്നത് (31). എന്നാൽ മലങ്കര സഭ നേരിട്ട് ഈ സുന്നഹദോസിൽ സംബന്ധിച്ചതിന് രേഖകളില്ല എന്നാണ് ആധുനീക ഗവേഷകരുടെ നിഗമനം. മാർ യൂഹാനോൻെറ പ്രാതിനിധ്യം വഴി, മലങ്കര സഭ മാർതോമ്മായിൽ നിന്നു സ്വീകരിച്ച പൈതൃകം സംരക്ഷിച്ചിരുന്നു എന്നും, അതിൻെറ സ്വന്തം ഉൺമ സംരക്ഷിച്ചുകൊണ്ടു മാത്രമേ പൗരോഹിത്യ നൽവരത്തിനു വേണ്ടി പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നുള്ളു എന്നും വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

www.malankaralibrary.com


## ആര്യൻപാഷാണ്ഡോപദേശ പ്രവർത്തനം ഇൻഡ്യയിൽ

കോൺസ്ററാൻെറയിന്റെ ശേഷമുള്ള റോമാ ചക്രവത്തി ആരിയൂസിൻെറ ഉപദേശത്തോട് അനുഭാവമുള്ള ആളായിരുന്നു. അദ്ദേഹം തൻെറ കൊട്ടാരത്തിൽ താമസിച്ചിരുന്ന 'മാലദ്വീപുകാരൻ തെയോഫിലോസ്' എന്നയാളെ മെത്രാനായി അഭിഷേചിപ്പിച്ചു. ആര്യൻ പാഷാണ്ഡതയുടെ ശക്തനായ മിഷനറിയായി ചക്രവർത്തി അദ്ദേഹത്തെ പൂർവ്വദേശത്തേക്കു നിയോഗിച്ചു. ക്രിസ്താബ്ദം 345_ൽ അദ്ദേഹം കേരളക്കരയിൽ വന്നുചേർന്നു. (32)

ഒരു സഭാചരിത്രകാരനായ ഫിലൊസ്തോർജിയൂസ് (Philostorgius) കേരളക്കരയിൽ തെയോഫിലോസ് നടത്തിയ പ്രവത്തനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. അയാറം എഴുതി: 'കേരളീയർ തൻെറപ്രസംഗം ഒരേഇരിപ്പിൽ ഇരുന്നു കേട്ടു. അവിടെ പള്ളികളും വൈദികരും ഉണ്ട്. സുറിയാനിഭാഷയിലുള്ള തക്സായാണ് അവർ ഉപയോഗിക്കുന്നത്. കൊടുങ്ങല്ലൂരിലും മൈലാപ്പൂരിലും സിലോണിലും മെത്രാന്മാർ ഉണ്ട്'.

അദ്ധ്യായം 5

## പേർഷ്യൻ കുടിയേററം സ്വാഗതം ചെയ്യപ്പെടുന്നു.

ക്രിസ്താബ്ദം 339_379 വരെ പേർഷ്യാരാജ്യം ഭരിച്ചിരുന്നത് 'സാപ്പോർ' ദ്വതീയൻ ചക്രവത്തിയായിരുന്നു. അയാറം ഏററം നിഷ്ഠുരമായ ക്രൈസ്തവമത മദ്ദനം പ്രഖ്യാപിച്ചു. പതിനായിരം പേർഷ്യൻ ക്രിസ്ത്യാനി

www.malankaralibrary.com


കരം വധിക്കപ്പെട്ടു. നിനവേയിലും പ്രാന്തപ്രദേശങ്ങളിലുമായി ഒരു ലക്ഷത്തി അറുപതിനായിരവും (160000) ബാബേലിൽ ഒരു ലക്ഷത്തി മുപ്പതിനായിരവും (130000) ക്രിസ്തുവിശ്വാസികരം നിഷ്കരുണം വധിക്കപ്പെട്ടു. അന്തമില്ലാത്ത ഈ ദുരന്തത്തിൽ നിന്നും രക്ഷപ്രാപിക്കുവാൻ ജനലക്ഷങ്ങരം നാടും വീടും വിടുവാൻ തയ്യാറായി (33).

ഈ സാഹചര്യത്തിലാണ് പേർഷ്യായിൽ നിന്നുള്ള പ്രഥമ കുടിറേറം ആരംഭിച്ചത്. ഈ കുടിയേററത്തെക്കുറിച്ച് വിവിധ ഭാഷ്യങ്ങരം പ്രചരിച്ചിട്ടുണ്ട്.

1) ഈ കാലഘട്ടത്തിൽ പേർഷ്യാക്കാരനും 'കാനാ' നിവാസിയുമായ 'തോമ്മാ' എന്ന വണിക് ശ്രേഷ്ഠൻ കേരള തീരവുമായി വ്യാപാര ബന്ധത്തിൽ ഏർപ്പെട്ടിരുന്നു. മതമർദ്ദനം നിമിത്തം സ്വന്തം ജനങ്ങരംക്കു നേരിട്ട ഈ ദുരന്തം അയാളെ തപ്തനാക്കി. മലങ്കര സഭയുടെ ഉയർച്ചയും അവക്കു ലഭിക്കുന്ന സംരക്ഷണവും ജാതീയമായ ഔന്നത്യവും അയാളെ ചിന്തിപ്പിച്ചു. മലങ്കരയിൽ ഏതദ്ദേശീയ മെത്രാന്മാരുടെ പരമ്പരയിൽ ഉണ്ടായ വിടവ് അയാളെ പ്രത്യാശാഭരിതനാക്കി. സുമുഖനും വാചാലനുമായ ഈ വണിക് പ്രമാണിക്ക് മലങ്കര സഭയിലും സുഹൃത്തുക്കരം ഉണ്ടായിരുന്നു. പ്രാണരക്ഷാർത്ഥം പലായനം ചെയ്യുന്ന പേർഷ്യൻ ക്രിസ്ത്യാനികരം!! ശുദ്ധജലവാഹികളായ നദികളാലും ഹരിതാഭമാന്ന പുൽമേടുകളാലും ഫലഭൂയിഷ്ഠമായ മണ്ണിനാലും ആഢ്യരായ മലങ്കര സഭാ മക്കളാലും ദയാലുവായ രാജാവിനാലും അനുഗ്രഹീതമായ കേരളഭൂമി!!! ഈ അനുഗ്രഹീത ഭൂവിഭാഗത്തിലേക്കുള്ള പ്രവേശനം പ്രത്യാശാനിർഭരവും സമാശ്വാസ പ്രദവുമെന്നു 'ക്നായി തോമ്മാ' പ്രത്യാശിച്ചു. ഈ വസ്തുത അയാരം പേർഷ്യൻ സഭാധികാരിയെ അറിയിച്ചു. സ്വന്തം ജനങ്ങളുടെ രക്ഷക്കായി വാഞ്ഛിച്ചിരുന്ന അദ്ദേഹം [കാതോലിക്കോസ് (വലിയ മെത്രാപ്പോലീത്ത)] ഉറഹാ

www.malankaralibrary.com

യുടെ (എഡേസാ) യൗസേപ്പ് മെത്രാന്റെ നേതൃത്വത്തിൽ വൈദികരും വിശ്വാസികളും ഉൾക്കൊള്ളുന്ന 400 പേരെ ക്നായി തോമ്മായോടു കൂടി കേരളത്തിലേക്ക് അയച്ചു. മലങ്കര സഭയെ പൗരോഹിത്യ നൽവരത്തിൽ സഹായിക്കുവാനുള്ള അവകാശാധികാരങ്ങൾ മാർ യൗസേപ്പിനു നൽകിയിരുന്നു. ക്നായി തോമ്മായുടെ സംരക്ഷണയിൽ അവർ 345-ൽ കൊടുങ്ങല്ലൂരിൽ കപ്പൽ മാർഗ്ഗം വന്നുചേർന്നു (33). ഈ കാലഘട്ടം മുതൽ അർക്കദിയാക്കോൻ ഭരണം ഇവിടെ പ്രബലപ്പെട്ടു എന്നു കരുതാം.

2) ക്രിസ്താബ്ദം 1770-നോടടുത്ത് സുറിയാനിയിലും മലയാളത്തിലും എഴുതപ്പെട്ടതും, 'ഗബ്രിയേൽ' എന്ന യാക്കോബായ മെത്രാനാൽ ലഭ്യമായതും ഇപ്പോൾ 'ലയ്ഡനി' ലെ സർവ്വകലാശാലാ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെടുന്നതുമായ ലിഖിതത്തിന്റെ ഭാഷ്യമനുസരിച്ച് മാർത്തോമ്മാ ശ്ലീഹാ മാമ്മൂദീസാ നൽകിയവരുടെ പിൻതലമുറക്കാരായ 160 കുടുംബങ്ങൾക്ക് മേൽപ്പട്ടക്കാരുടെ അഭാവം ഉണ്ടായി. ഈ ദുർവിധിയെപ്പറ്റി എഡേസായിലെ എപ്പിസ്കോപ്പായിക്ക് ദർശനമുണ്ടായി. ഈ വിവരം അറിഞ്ഞ സെല്യൂഷ്യയിലെ കാതോലിക്കോസ് യരുശലേമിലെ വ്യാപാരിയായ തോമസിനെ ഇൻഡ്യയിലേക്ക് അയച്ചു. അയാൾ തന്റെ പ്രഥമ സന്ദർശനത്തിനുശേഷം യറുശലേം, ബാഗ്ദാദ്, നിനവേ എന്നിവിടങ്ങളിൽ നിന്നുള്ള ഒരു സംഘം ക്രിസ്ത്യാനികളെ ഇൻഡ്യയിലേക്ക് നയിച്ചു. വൈദികരും ദർശനം ലഭിച്ച എപ്പിസ്കോപ്പായും അവരോടൊപ്പമുണ്ടായിരുന്നു (34). കൊടുങ്ങല്ലൂരിൽ എത്തിയ ക്നായിതോമ്മായും സംഘവും കഴുത്തിൽ കുരിശു ധരിച്ചിട്ടുള്ള മലങ്കര സഭയുടെ മക്കളെ കണ്ടു (35).

3) അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഒസ്താത്തിയോസിന്റെ അനുവാദത്തോടെയാണ്

www.malankaralibrary.com


കാതോലിക്കോസ് ഇവരെ അയച്ചത് (36). എന്നാൽ ഈ ഒസ്താത്തിയോസ് പാത്രിയർക്കീസിനെപ്പററി ആധികാരികമായ യാതൊരറിവും ഇല്ലെന്നും മലങ്കര സഭയും അന്ത്യോഖ്യൻ യാക്കോബായ സഭയുമായും തമ്മിലുള്ള ബന്ധത്തിന് ഇത്രത്തോളം പുരാതനത്വമില്ലെന്നും സെമ്മിനാരിക്കേസിൻെറ വിധി ന്യായത്തിൽ ജഡ്ജി 'ഓർമ്മീസ്' സമർത്ഥിച്ചിരിക്കുന്നു (37).

400 വർഷം നീണ്ടു നിന്ന മത മർദ്ദനത്തിൽ നിന്നും രക്ഷ പ്രാപിക്കുവാൻ വേണ്ടിയാണ് ക്നായി തോമ്മായുടെ സഹകരണത്തോടെ മാർ യൗസേപ്പും സഹയാത്രികരും ഇവിടെ എത്തിച്ചേർന്നത് എന്നതാണ് ന്യായയുക്തമായ നിഗമനം. കേവലം മെത്രാന്മാരുടെ കുറവ് പരിഹരിക്കുവാൻ 400 അത്മായരുടെ ആവശ്യമില്ലല്ലോ?

അദ്ധ്യായം 6

## മൂന്നു മുതൽ ഏഴുവരെ നൂററാണ്ടിലെ സഭ

ക്രിസ്താബ്ദം 825-നോടടുത്ത് 'തോമസ് കാനാ' എന്ന മെത്രാൻ ഇൻഡ്യയിൽ വന്നതായി ജെ. എസ്. അസമാനി പ്രസ്താവിക്കുന്നുണ്ട് (38).

ലയിഡൻ രേഖയും അസമാനിയുടെ വിശദീകരണവും വിശകലന വിധേയമാക്കിയ എസ്. ജമീൽ സയുക്തികം, രണ്ടു കുടിയേററങ്ങൾ ഉണ്ടായി എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്. പ്രഥമത, എഡേസായിലെ എപ്പിസ്കോപ്പായായ മാർ ജോസഫിനോടു കൂടി ക്നായി തോമ്മാ വന്നു ചേർന്നു. രണ്ടാമത്തു്

www.malankaralibrary.com


ക്രിസ്തം ബ്ദം 300-ൽ (774-ലോ 775 ലോ എന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്) തോമസ് കാനാ എന്ന മെത്രാൻ മലങ്കരയിൽ എത്തി (39).

## പേർഷ്യൻ ബന്ധമില്ലാത്ത മലങ്കരസഭ

ഏ. മിംഗാനായുടെ അഭിപ്രായത്തിൽ അഞ്ചാംനൂററാണ്ടിൻെറ പൂർവാർദ്ധത്തിലെ പേർഷ്യൻ സഭാചരിത്രം വിശദമായി നൽകുന്ന കൽദായ രേഖകളിൽ ഇൻഡ്യയിലെ ക്രിസ്ത്യാനികളെപ്പററി യാതൊരു പരാമർശനവും കാണുന്നില്ല (40). ഇതിൽ നിന്നും മലങ്കര സഭ ആ കാലഘട്ടത്തിൽ ഭരണപരമായി സെലൂഷ്യായിലെ കാതോലിക്കോസിനോ പേർഷ്യൻ മെത്രാപ്പോലിത്താസ്സോ വിധേയമായിരുന്നില്ല എന്ന നിഗമനത്തിനാണു് പ്രാമുഖ്യം കാണുന്നതു്.

## പേർഷ്യൻ മെത്രാസനത്തിന് വിധേയമാക്കപ്പെട്ട മലങ്കരസഭ

എന്നാൽ കാർഡിനൽ യൂജിൻ ടിസറാംഗിൻെറ അവലോകനമനുസരിച്ച് ക്രിസ്തുവിൻെറ സഭയെ ദക്ഷിണേന്ത്യയിൽ സന്നിഹിതമാക്കിയതും നനച്ചുവളത്തിയതും മാർതോമ്മാ ശ്ളീഹായാണ്. എഡേസായിലോ അതിൻെറ പ്രാന്ത പ്രദേശങ്ങളിലോ വെച്ചു് വിരയിചിതമായ 'മാർതോമ്മായുടെ നടപടി' അനുസരിച്ചു് ഈ സഭ എഡേസായിലെ സഭയുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരുന്നു. പന്തേനൂസ് ഇവിടെ സുറിയാനി വേദപുസ്തകം (മത്തായിയുടെ സുവിശേഷം) കണ്ടതിനാൽ ഇവിടുത്തെ ആരാധനാ ഭാഷയിൽ സുറിയാനിക്കു് പ്രാമുഖ്യമുണ്ടായിരുന്നു. ക്രിസ്താബ്ദം 450-നോടടുത്തു് ഈ സഭ സെലൂഷ്യൻ മെത്രാസനവുമായി പ്രകടമായ ബന്ധത്തിലായി (41).

www.malankaralibrary.com


ഏതദ്ദേശീയനായ ചേരമാൻ പെരുമാറം (ചക്രവർത്തി) ഭരണാധിപനെ ക്നായി തോമ്മാ സമീപിച്ചു. ചക്രവർത്തി അയാളെയും അനുഗാമികളെയും ഹാർദ്ദവമായി സ്വീകരിച്ചു. മലങ്കര സഭാമക്കാംക്ക് ഇവരുടെ ആഗമനം ആശ്വാസവും പ്രത്യാശയും പ്രദാനം ചെയ്തു. അവർക്ക് ദേശത്ത് താമസിക്കുവാനും ആരാധനാലയങ്ങാം പണിയുവാനും അനുവാദം ലഭിച്ചു. അവർക്ക് സവിശേഷമായ 72 പദവികാം അനുവദിച്ചുകൊണ്ടുള്ള പ്രമാണം ചെമ്പുതകിടിൽ ആലേഖനം ചെയ്തുകൊടുത്തു. ഈ തകിട് (ചെപ്പേട്) 1544 വരെ ഇവിടെ ഉണ്ടായിരുന്നു. സാമ്പത്തിക പരാധീനത നിമിത്തം അന്നത്തെ മേൽപ്പട്ടക്കാരനായിരുന്ന 'മാർ യാക്കോബ്' ഈ ചെപ്പേട് 200 വെള്ളിനാണയത്തിന് പോർട്ടുഗീസുകാർക്ക് പണയം വെച്ചു. 1604 ലെ പോർട്ടുഗീസ് ഗ്രന്ഥത്തിൽ ഇതിന്റെ പരിഭാഷ കാണുന്നുണ്ട്. എന്നാൽ ആ ചെപ്പേടിന് ഇന്ന് എന്തു സംഭവിച്ചു എന്ന് നിശ്ചയമില്ല. ഫ്രാൻസിസ്കൻ പുരോഹിതർ അത് പോർട്ടുഗലിൽ ഏല്പിച്ചു എന്ന് കരുതപ്പെടുന്നു (42).

നിർഭാഗ്യവശാൽ കുടിയേററക്കാരായ മാർയൗസേപ്പും കൂട്ടരും മലങ്കര സഭാമക്കളുടെ ഇടയിൽ ചേർന്നു കഴിയുവാൻ തയ്യാറായില്ല. അവർ പെരിയാർ നദിയുടെ തെക്കുഭാഗത്ത് താമസം ഉറപ്പിച്ചു. മലങ്കരസഭാ മക്കളായ മാർതോമ്മാ ക്രിസ്ത്യാനികാം പെരിയാർ നദിയുടെ വടക്കുഭാഗത്തും താമസിച്ചു വന്നിരുന്നു. ക്നായി തോമ്മായുടെ അനന്തര പരമ്പര 'തെക്കും ഭാഗക്കാർ' എന്ന് വിളിക്കപ്പെടുന്നു. ജാതീയമായി ഒരു പ്രത്യേക നിലപാട് ഇവർ സ്വീകരിച്ചു. എന്നാൽ ആത്മീയകാര്യങ്ങളനുഷ്ഠിക്കുന്നതിൽ മലങ്കര സഭയോടൊത്തു തന്നെ അവർ മുന്നേറി. അതേസമയം മലങ്കരസഭ അതിന്റെ പൈതൃകവും വ്യക്തിത്വവും അഭംഗുരം സംരക്ഷിച്ചു വന്നു. തദ്വാര

www.malankaralibrary.com


ഈ കാലയളവിലും മലങ്കരസഭ സാമൂഹ്യമായും സാമ്പത്തികമായും, മതപരമായും അതിന്റെ ഔന്നത്യം നിലനിറുത്തുക തന്നെ ചെയ്തു.

മലങ്കരസഭ പേർഷ്യൻസഭാ ബന്ധത്തിലുൾപ്പെടുന്ന സാഹചര്യം പരിഗണിക്കുമ്പോൾ പേർഷ്യൻസഭയിലുണ്ടായ ചില സംഭവ വികാസങ്ങളും നാം ഗ്രഹിക്കേണ്ടതുണ്ട്. പേർഷ്യയിലെ സഭ എന്നു പറയുമ്പോൾ എഡേസാ കേന്ദ്രമായിരുന്ന പേർഷ്യൻ സഭയും സെലൂക്കിയാ-സ്റ്റെസിഫോൺ കേന്ദ്രമാക്കിയ സെലൂഷ്യൻ സഭയും ആദികാലങ്ങളിൽ സ്വതന്ത്രങ്ങളായിട്ടാണ് വർത്തിച്ചിരുന്നത്. പേർഷ്യൻ സഭയുടെമേൽ സെലൂഷ്യൻ സഭയ്ക്കു നിയന്ത്രണം ലഭിക്കുന്നത് പല ഘട്ടങ്ങളിലായിട്ടാണ്.

## യറുശലേംസഭ പേർഷ്യൻ സഭയ്ക്കു മേൽപ്പട്ടക്കാരനെ വാഴിക്കുന്നു

ബാർ എബ്രായയുടെ ഭാഷ്യമനുസരിച്ച് അന്ത്യോഖ്യായിൽ നിന്നായിരുന്നു ആദികാലങ്ങളിൽ പേർഷ്യൻ സഭയ്ക്ക് മേൽപ്പട്ടക്കാർ വാഴിക്കപ്പെട്ടിരുന്നത്. റോമാ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും തമ്മിൽ ശത്രുത ആയതോടെ രണ്ടു സാമ്രാജ്യങ്ങളുടെയും അതൃത്തികൾക്കുള്ളിലുള്ള ക്രിസ്ത്യാനികൾക്ക് പരസ്പര സമ്പർക്കം ദുഷ്കരമായിതീർന്നു. ഈ സാഹചര്യം നിലനിൽക്കുന്ന ക്രിസ്താബ്ദം 231-ൽ 'കോം യേശു', അഹോദാബൂയ് എന്നീ പട്ടക്കാരെ മേൽപ്പട്ടസ്ഥാന സ്വീകരണത്തിനായി പേർഷ്യൻസഭ അന്ത്യോഖ്യായിലേക്ക് അയച്ചു. റോമാ സാമ്രാജ്യത്തിൽപ്പെട്ട അന്ത്യോഖ്യായിലേക്ക് പുറപ്പെട്ട ഇവർ സാമ്രാജ്യാതൃത്തിക്കുള്ളിൽ വെച്ച് പിടിക്കപ്പെട്ടു. പേർഷ്യൻ ചാരനാണെന്നാരോപിച്ച് റോമാസാമ്രാജ്യാധികാരികൾ കോം യേശുവിനെ വധിച്ചു. തടവിൽ നിന്നു

www.malankaralibrary.com


രക്ഷപെട്ട അഹോദാബൂയ് യറുശലേമിൽ അഭയം പ്രാപിച്ചു. യറുശലേം സഭ അദ്ദേഹത്തെ 'കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ' എന്ന സ്ഥാനപ്പേരിൽ അഭിഷേചിച്ചയച്ചു. തുടർന്ന് മേൽപ്പട്ടക്കാരെ വാഴിക്കാനുള്ള അധികാരവും യറുശലേംസഭ അവർക്ക നല്കി. ഈ സ്ഥാനത്തെ നിഖ്യായുടെ തീരുമാനപ്രകാരം കാതോലിക്കാ പദവിയിലുയർത്തപ്പെട്ടു (43).

## സെല്യൂഷ്യൻ മേധാവിത്വം പേർഷ്യൻ സഭ നിരാകരിക്കുന്നു.

മാർ തോമ്മാ ശ്ലീഹായുടെ ശിഷ്യനായ 'ആദായി' യുടെ ശിഷ്യനായ 'മാറി' യാണ് സെല്യൂഷ്യൻ സഭയ്ക്കു രൂപം കൊടുത്തത് (44). സെല്യൂഷ്യൻ സഭയുടെ മെത്രാപ്പോലിത്തായായിരുന്ന '' മാർപാപ്പാ '' 315 ൽ സെല്യൂഷ്യായിൽ വിളിച്ചു കൂട്ടിയ സുന്നഹദോസിൽ വച്ച് പേർഷ്യൻ സഭയ്ക്ക് സ്ഥായിയായ ഒരു ഭരണ ഘടന നൽകുവാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ അപ്പോസ്തോലനായ മാർ തോമ്മായാൽ സ്ഥാപിതമായ സഭ എന്ന അഭിമാനത്താൽ പേർഷ്യയിലെ പ്രധാന ഭദ്രാസനങ്ങൾ അതു സമ്മതിച്ചില്ല. ഏതായാലും സ്ഥാന ത്യാഗം ചെയ്യാൻ നിർബന്ധിതനായ 'മാർ പാപ്പാ' അന്ത്യോഖ്യായുടെ സഹായത്തോടെ വീണ്ടും അധികാരിയായി. 410-ലെ സെല്യൂഷ്യൻ സുന്നഹദോസിൽ വെച്ച് മററു പേർഷ്യൻ ഭദ്രാസനങ്ങൾ സെല്യൂഷ്യൻ ഭദ്രാസനത്തിന്റെ അധികാരം അംഗീകരിച്ചു (45). എന്നാൽ യഥാർത്ഥ പേർഷ്യ (Persia the Proper) അതംഗീകരിച്ചില്ല (46).

## പേർഷ്യക്ക് വിധേയമായ ഇൻഡ്യൻ സഭ

424-ലെ 'മർക്കബെ്ത്താ' സുന്നഹദോസ് അന്ത്യോഖ്യായിൽനിന്ന് സെല്യൂഷ്യൻസഭ പൂർണ്ണസ്വാതന്ത്ര്

www.malankaralibrary.com


യാണെന്നു പ്രഖ്യാപിച്ചു. സെല്യൂഷ്യൻ കാതോലിക്കാ (പാത്രീയർക്കീസ്) ഈശോയാബ് മൂന്നാമൻ (650_660) പേർഷ്യയിലെ 'റിവാർദ്ദശീറി'ലെ മാർ ശെമഓൻമെത്രാപ്പോലിത്തായ്ക്കു് എഴുതിയ കത്തിൽ ഇൻഡ്യൻ സഭ പേർഷ്യയുടെ അധീനതയിലാണെന്ന് സമ്മതിച്ചിട്ടുണ്ട് (47).

മേല്പട്ടസ്ഥാന സ്വീകരണത്തിന് പേർഷ്യൻ സഭയെ സമീപിക്കുമ്പോഴും ഏതദ്ദേശീയ പുരോഹിതന്മാർ ഈ സഭയ്ക്കുണ്ടായിക്കൊണ്ടിരുന്നു. ക്രിസ്ത്വാബ്ദം 400 നു ശേഷം വൈദികപരമായ ഉപരിവിദ്യാഭ്യാസത്തിനായി മലങ്കരസഭയിൽനിന്നും ദാനിയേൽ എന്നു പേരുള്ള പുരോഹിതൻ എഡേസായിലെ വൈദിക കോളജിലേക്കു പോയിരുന്നു. അദ്ദേഹത്തിന്റെ സഹായത്തോടെ ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ടിരുന്ന വിശുദ്ധ പൗലൂസിന്റെ റോമാക്കാർക്കായുള്ള ലേഖനം 'മാർകോമായ്' സുറിയാനി ഭാഷയിലേക്ക് പരിഭാഷചെയ്തു. പ്രസ്തുത ഗ്രന്ഥത്തിൽ 'ഈ ഗ്രന്ഥം ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് ദാനിയേൽ എന്ന ഇൻഡ്യൻ പുരോഹിതന്റെ സഹായത്തോടെയാണ് 'മാർകോമായ്' തർജ്ജിമ ചെയ്തതു്'' എന്ന കുറിപ്പ് കാണുന്നു. ക്രിസ്ത്വാബ്ദം 425 ൽ ആണ് ഈ കുറിപ്പെഴുതിയതെന്ന് വിശ്വസിക്കപ്പെടുന്നു (48). ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ മലങ്കര സഭയിലെ ആരാധനാഭാഷാ ഏററം പുരാതനമായിതന്നെ സുറിയാനി ആയിരുന്നു എന്നാണ് പണ്ഡിതമതം. ഇവിടത്തെ ആരാധനാഭാഷ ഗ്രീക്കായിരുന്നു എന്ന അനുമാനമാണ് ഇതിൽനിന്ന് ഗ്രഹിക്കാവുന്നതെന്നു ചിന്തിക്കുന്നവരും ഉണ്ട് (49).

www.malankaralibrary.com



## മലങ്കര സഭയുടെ ആരാധനഭാഷ സുറിയാനി

നമ്മുടെ കർത്താവേശുമിശിഹായുടെ കാലത്ത് സാർവത്രിക പ്രചാരമുള്ള മൂന്നു ഭാഷകളുണ്ടായിരുന്നു. അവ ഗ്രീക്ക്, ലത്തീൻ, എബ്രായ എന്നീ ഭാഷകളാണ്. കർത്താവിൻെറ കാലത്ത് യഹൂദന്മാരുടെ സംസാരഭാഷ എബ്രായയിൽനിന്നും രൂപീകൃതമായ അരാമായ സുറിയാനിയായിരുന്നു. പൗരസ്ത്യ ദേശങ്ങളിൽ വ്യാപിച്ചതും ഈ ഭാഷതന്നെ. യഹൂദകേന്ദ്രങ്ങളിലേക്കാണല്ലോ രക്ഷാകര സുവിശേഷവുമായി പ്രഥമത മാർതോമ്മാ ശ്ലീഹാ വന്നുചേർന്നത്. യഹൂദസമ്പർക്കം കൊണ്ടാരംഭിച്ച് എഡേസായിലെ മാർ യൗസേപ്പിൻെറ ആഗമനത്തോടെ കൂടുതൽ പ്രചരിച്ച് ആരാധനാഭാഷയായി നിലനിന്നതിനാലും ഗ്രീക്കഭാഷയിലെഴുതപ്പെട്ട റോമാലേഖനത്തിൻെറ പരിഭാഷയ്ക്കായി സുറിയാനി പണ്ഡിതനായ ദാനിയേൽ എന്ന ഇൻഡ്യൻ പുരോഹിതൻെറ സഹായം സ്വീകരിച്ചതിനാലും മലങ്കര സഭയുടെ പൂർവ്വികമായ ആരാധനഭാഷ സുറിയാനിയായിരുന്നു എന്നതിൽ സന്ദേഹം ആവശ്യമില്ല.

## മലങ്കര സഭയുടെ സ്വതന്ത്ര നിലപാട്.

ക്രിസ്ത്വാബ്ദം 5, 6 എന്നീ നൂററാണ്ടുകളിൽ സാർവത്രിക സഭയിൽ കോളിളക്കം സൃഷ്ടിച്ച ഉപദേശ വൈരുദ്ധ്യങ്ങൾ (പ്രത്യേകിച്ചും നിഖ്യാ സുന്നഹദോസിനു ശേഷമുള്ളവ) മലങ്കര സഭയെ നേരിട്ടു ബന്ധിച്ചതായി കാണുന്നില്ല. നിഖ്യാ സുന്നഹദോസിനു ശേഷം കൂടിയ സുന്നഹദോസുകളിൽ മലങ്കര സഭയുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സാന്നിദ്ധ്യം എത്രമാത്രം ഉണ്ടായിരുന്നു എന്ന കാര്യം അവ്യക്തമാണ്. വിവിധ വാദ കോലാഹലങ്ങളിൽപ്പെട്ടുഴലാതെ സ്വീകരിച്ചതും ഏററു പറഞ്ഞതുമാ

www.malankaralibrary.com


യ സത്യ വിശ്വാസം അഭംഗുരം സംരക്ഷിക്കുന്നതിൽ ഈ സഭ അതീവ വ്യഗ്രത കാണിച്ചു എന്നു കരുതാനാണ് കൂടുതൽ സാദ്ധ്യത ഉള്ളത്. ഈ സഭയെ പ്രതിനിധീകരിച്ച് യാതൊരു മേലദ്ധ്യക്ഷനും പ്രസ്തുത സുന്നഹദോസുകളിൽ ഒപ്പു വെച്ചതായ രേഖകളുമില്ല. ഈ സവിശേഷതയും മലങ്കര സഭ രണ്ട പരമായി സ്വതന്ത്രമായി നില നിന്നു എന്ന നിഗമനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അങ്ങനെ ആയിരുന്നില്ല എന്നു കരുതാനുള്ള നേരിയ സൂചന പോലും ലഭിച്ചിട്ടുമില്ല. തന്നിമിത്തം പിൽക്കാലത്ത് നെസ്തോറിയനിസം, മാസിഡോനിസം, എവുത്തിക്കയിനിസം എന്നീ വേദ വിപരീതങ്ങൾ ഉയർത്തി വിട്ട പ്രചണ്ഡ കോലാഹലങ്ങളിൽ നിന്നും മലങ്കര സഭ വിമുക്തമായിരുന്നു. ഇൻഡ്യയിൽ വന്നെത്തിയ സഞ്ചാരികളും മററുമായവരുടെ രേഖകളിൽ ഈ സഭയുടെ വിശ്വാസത്തെപ്പററി വിശേഷ വിധിയായി ഒന്നും തന്നെ പ്രസ്താവിച്ചിട്ടില്ല (50).

അലക്സാന്ത്ര്യക്കാരനായ 'കോസ്മസ്' എന്ന വ്യാപാരി ഇൻഡ്യയുടെ പശ്ചിമതീരം സന്ദർശിച്ചു. ഇൻഡ്യൻ സഞ്ചാരിയായ കോസ്മസ് എന്നർത്ഥമുള്ള കോസ്മസ് ഇൻഡിക്കോപ്ലിററസ് (Cosmos Indicopleustes) എന്നാണ് ചരിത്രത്തിൽ അദ്ദേഹം അറിയപ്പെടുന്നത്. ക്രിസ്താബ്ദം 520 നും 525 നും മദ്ധ്യേ അദ്ദേഹം കേരളതീരം സന്ദർശിച്ചതായിട്ടാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. അദ്ദേഹം പിൽക്കാലത്ത് സന്യാസം സ്വീകരിച്ചു. തൻെറ യാത്രാനുഭവങ്ങളുടെ നിത്യസ്മരണക്കായി അദ്ദേഹം ഒരു ഗ്രന്ഥം രചിച്ചു. ആ ഗ്രന്ഥം 'യൂണിവേഴ്സൽ ക്രിസ്ത്യൻടോപ്പോഗ്രഫി (Universal Christian Topography) എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. അതിൽ മലങ്കര സഭാ സമൂഹത്തിൻെറ ഇവിടുത്തെ സാന്നിദ്ധ്യത്തെക്കുറിച്ച് സുവ്യക്തങ്ങളായ ചില പരാമർശന

www.malankaralibrary.com


ങ്ങളും ഉണ്ട്. ഈ പരാമർശനങ്ങളെ അഭിപ്രായഭേദമെന്യേ ചരിത്രകാരന്മാർ സ്വീകരിച്ചിരിക്കുന്നു. ആ ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'ഇൻഡ്യൻസമുദ്രത്തിൽ സ്ഥിതിചെയ്യുന്ന സിലോണിൽ (ടഫ്രാബേയിൽ) പുരോഹിതന്മാരും വിശ്വാസികളും ചേർന്ന ഒരു ക്രൈസ്തവ സഭയുണ്ട്. കുരുമുളക് വിളയുന്ന മലബാറിൽ (മാലേ) ഇപ്രകാരം ഒരു സഭയുണ്ട്. ഇവിടേക്ക് മെത്രാന്മാരെ വാഴിച്ചാക്കുന്നത് പേർഷ്യൻ മെത്രാപ്പോലീത്തായാണ്. കൂടാതെ ഇൻഡ്യൻ സമുദ്രത്തിൽതന്നെ സ്ഥിതിചെയ്യുന്ന സൊക്കോട്രായിൽ (ദിയസ്കോറസ്) ഒരു സഭയും പേർഷ്യയിൽ നിന്നയക്കുന്ന മെത്രാനും ഉണ്ട്''(51).

ഈ കോസ്മസ് നെസ്തോറിയനായിരുന്നു; യാക്കോബായക്കാരനായിരുന്നു, എന്നിങ്ങനെ വാദിക്കുന്ന ചിലരുണ്ട്. അലക്സാന്ത്രിയൻ സഭ നെസ്റ്റോറിയൻ വിശ്വാസത്തെ നഖശിഖാന്തം എതിർത്തിരുന്നതിനാലും താൻ കണ്ടെത്തിയ ക്രിസ്ത്യാനികളിൽ നെസ്തോറിയൻ വിശ്വാസം അദ്ദേഹം ആരോപിക്കുന്നില്ലായെന്നതിനാലും അദ്ദേഹം നെസ്തോറിയനാണെന്നു വാദിക്കുക സാഹസമാണ്. യാക്കോബായ സഭ അക്കാലത്തു രൂപം പ്രാപിച്ചിരുന്നില്ല. അതിനാൽ അദ്ദേഹം യാക്കോബായക്കാരനാകാനും സാദ്ധ്യതയില്ല. കോസ്മസിന്റെ വിശ്വാസം എന്തുതന്നെ ആയിരുന്നാലും അത്, അദ്ദേഹം കണ്ടെത്തിയ മലങ്കര സഭയെയോ. സഭാ വിശ്വാസത്തെയോ പ്രതികൂലമായി ബാധിക്കുന്നില്ല.

കോസ്മസ് കണ്ടെത്തിയ മലങ്കരസഭ സമ്പന്നവും സുശക്തവും ശ്രേഷ്ഠവും പൗരോഹിത്യ പാരമ്പര്യം നിലനിറുത്തുന്നതും ആയിരുന്നു. സുസജ്ജമായ ആ പാരമ്പര്യ വൈശിഷ്ട്യം പിൽക്കാലത്തും മലങ്കരസഭ പിന്തുടർന്നിരുന്നു.

www.malankaralibrary.com

അദ്ധ്യായം 7.

## ദ്വിതീയ പേർഷ്യൻ കുടിയേററം

ക്രിസ്താബ്ദം 823-ൽ മാർ സാപ്പോർ, മാർ പ്രോത്ത് (അഫ്റോദ്) എന്ന രണ്ടു മെത്രാന്മാർ പേർഷ്യൻ സഭയിൽ നിന്നും മലങ്കരയിൽ എത്തിച്ചേർന്നു. എഡേസായുടെ മാർ യൗസേപ്പ് ക്നായി തൊമ്മൻ എന്ന വണിക് ശ്രേഷ്ഠനോടു കൂടി വന്നു ചേർന്നതു പോലെ ഇവർ ''മാർവാൻ സബറീശോ'' എന്ന കച്ചവട പ്രമാണിയോടു കൂടിയാണ് മലങ്കരയിൽ എത്തിച്ചേർന്നതു് ഇവർ പേർഷ്യയിൽ നിന്നുള്ള മൂന്നാമത്തെ സംഘമാണ്. ഈ മെത്രാന്മാർ സാത്വികരും പണ്ഡിതരും, പ്രേഷിത ചൈതന്യമുള്ളവരും ആയിരുന്നു. സബറീശോ കൊല്ലത്തു് ഒരു ദൈവാലയം സ്ഥാപിച്ചു. വേണാടിൻെറ ഭരണാധിപനായിരുന്ന ''അയ്യനടികൾ തിരുവടികൾ'' സവിശേഷമായ പദവികൾ അനുവദിച്ചുകൊണ്ട് ''തരിസാപ്പള്ളി' എന്നറിയപ്പെടുന്ന ഈ ദേവാലയത്തിനു് രണ്ടു 'താമ്രശാസനങ്ങൾ'' (ചെപ്പേടുകൾ) നൽകി. ഇതിലെ താല്പര്യം അനുസരിച്ച് രാജാവു് പള്ളിക്കാർക്ക് കരമൊഴിവായി ഭൂമിയും നിരവധി സാമൂഹ്യ പദവികളും താണ ജാതിക്കാരുടെ മേൽ അവകാശാധികാരവും നൽകി. 'മാർസാപ്പോർ' കൊടുങ്ങല്ലൂരിലും ''മാർ പ്രോത്ത്'' കൊല്ലത്തും ആസ്ഥാനം ഉറപ്പിച്ചു. ഇവരെ മലങ്കര സഭ ആദരപൂർവ്വം ബഹുമാനിച്ചു (52).

കൊടുങ്ങല്ലൂരിൽ ഭദ്രാസനാസ്ഥാനമാക്കിയ 'മാർ സാപ്പോറി'ൻെറ സുവിശേഷ പ്രവർത്തന ഫലമായി അനേകർ ക്രിസ്തു മാർഗ്ഗം സ്വീകരിച്ചു. അവിടെയെല്ലാം മലങ്കര സഭാംഗങ്ങളുടെ സംഖ്യ അഭൂത പൂർവ്വമായി വർദ്ധിച്ചു. അദ്ദേഹത്തിൻെറ സുവിശേഷ പ്രവർത്തനത്താൽ ആകൃഷ്ടനായ 'ഉദയംപേരൂർ' രാജകുടുംബം രക്ഷാകരമായ

www.malankaralibrary.com


മാമോദീസാ സ്വീകരിച്ച് മലങ്കര സഭയിൽ ചേർന്നു. ഇതോടു കൂടി മാർ സാപ്പോർ തന്റെ ആസ്ഥാനം ഉദയംപേരൂരിലേക്കു മാററി സ്ഥാപിച്ചു. സെലൂഷ്യൻ കാതോലിക്കോസിന്റെ (പാർത്രിയർക്കീസ്) ഭരണ മേധാവിത്വത്തിൻ കീഴിൽ മലങ്കര സഭ ആയിരുന്നെങ്കിൽ ആസ്ഥാന മാററത്തിന് അദ്ദേഹത്തിന്റെ അംഗീകാരപത്രം ആവശ്യമായിരുന്നു. അങ്ങനെ ഒരു അംഗീകാര പത്രത്തേക്കുറിച്ച് ഒരു പരാമർശനവും അറിയപ്പെടുന്നില്ല. ഇതും മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിന്റെ സൂചനയായി പരിഗണിക്കാമല്ലോ. അദ്ദേഹത്തിന്റെ അവിരാമ പ്രേഷിത പ്രവർത്തനത്താൽ ഉദയംപേരൂരിലും പ്രാന്തങ്ങളിലുമായി അനേകർ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവർ മലങ്കര സഭ വഴിയായി പുതു ജീവനും, നിത്യ രക്ഷയും, ആത്മ സമാധാനവും ഉള്ളവരായി തീർന്നു. ഉദയംപേരൂർ രാജകുടുംബം 'വില്ലാർവട്ടം' രാജകുടുംബം എന്ന പേരിലാണ് പിന്നീട് അറിയപ്പെടുന്നത് (53).

ആറാം ശതകത്തിന്റെ അവസാനത്തിൽ സേർത് നാളാഗമത്തിന്റെ (ക്രോണിക്കിൾ ദ് സേർത്) പരിഭാഷ നടന്നു. അതു പരിഭാഷപ്പെടുത്തിയ 'മാനാ' (Mana) ഇൻഡ്യ, ബഹറിൻ എന്നീ തീര പ്രദേശങ്ങളിലേക്കും അയച്ചുകൊടുത്തു. ഇൻഡ്യ, ചൈനാ എന്നീ രാജ്യങ്ങളിൽ നിന്നെത്തിയ ക്രൈസ്തവ വ്യാപാരികൾ സബറീശോ പ്രഥമന് സുഗന്ധവസ്തുക്കൾ സമ്മാനിച്ചു (54). ഈശോയാബ് മൂന്നാമൻ കാതോലിക്കാ (647_650) പേർഷ്യയിലെ (ഇറാനിലെ തെക്കു പടിഞ്ഞാറുള്ള റിവാർദ്ദഷീറിലെ) മെത്രപ്പോലീത്താ, മലങ്കരയിലെ (ഇൻഡ്യ) മെത്രാപ്പോലീത്തായെ കാതോലിക്കോസിന്റെ അധികാരാവകാശത്തിൽനിന്നും ഭിന്നിപ്പിക്കുന്നതായി ആരോപിക്കുന്നുണ്ട് (55).

www.malankaralibrary.com


അദ്ധ്യായം 8

## പേർഷ്യൻസഭാനിയമം മലങ്കര സഭയ്ക്ക് ബാധകമാകുന്നു

വിവാഹിതരിൽ ഒരാം മരിച്ചു എന്ന് തീർച്ചയാകുന്നതുവരെ വേർപെട്ടു കഴിയുന്ന വ്യക്തി ഇൻഡ്യയിലോ, ചൈനയിലോ മറ്റെവിടെങ്കിലുമോ ആയിരുന്നാലും സ്ഥലത്തെ കാതോലിക്കായിൽ നിന്നോ മെത്രാപ്പോലീത്തായിൽ നിന്നോ, മെത്രാനിൽനിന്നോ മരണസർട്ടിഫിക്കേറ്റ് ഹാജരാക്കാതെ പുനർവിവാഹം നടത്തുവാൻ തീമോത്തി പ്രഥമൻ കാതോലിക്കാ (780_823) അനുവദിച്ചിരുന്നില്ല (56). മലങ്കരസഭ (ഇൻഡ്യൻസഭ) മേലുള്ള മേൽകോയ്മാവകാശത്തിനായി സെലൂഷ്യയിലെ കാതോലിക്കായും പേർഷ്യൻ മെത്രപ്പോലീത്തായും തമ്മിൽ പലപ്പോഴും തർക്കമുണ്ടായിട്ടുണ്ട് (57).

## മലങ്കരസഭ സെലൂഷ്യൻ കാതോലിക്കായ്ക്കു വിധേയമാക്കപ്പെടുന്നു

മലങ്കരസഭയുടെ അഭിപ്രായം ആരായാതെ പേർഷ്യയുടെ അവകാശവാദത്തെ നിഷ്പ്രഭമാക്കാനോ എന്നു തോന്നു മാറു് സെലൂഷ്യൻ പാത്രിയർക്കീസ് (കാതോലിക്കാ) സെലിബാസാക്കാ (714_728) മലങ്കര (ഇൻഡ്യൻ) സഭയെ ഒരു മെത്രാപ്പോലീത്തൻ സഭയായി പ്രഖ്യാപിച്ചു. തീമോത്തി പ്രഥമൻ (780_823) ഈ സഭയെ പേർഷ്യൻ മെത്രാപ്പോലീത്തായുടെ ബന്ധത്തിൽ നിന്നും വിടർത്തി തന്റെ കീഴിലാക്കിക്കൊണ്ടുള്ള കല്പന പുറപ്പെടുവിച്ചു എന്നു് ഫോർട്ടസ്ക്യൂ സാക്ഷിക്കുന്നു (58). എഴുത്തുകാരനായ അബ്ദീശോയുടെ (714_728) അഭിപ്രായത്തിൽ ഇൻഡ്യൻ മെത്രാപ്പോലിത്തായ്ക്കു് പത്താം സ്ഥാനമാണ് നിർണ്ണയിച്ചിരിക്കുന്നതു് (59). എന്തുകൊണ്ടോ മലങ്കരസഭ അതിനെ പ്ര

www.malankaralibrary.com

തിഷേധിച്ചതായി രേഖയില്ല. വൈദേശിക മെത്രാന്മാർ ഇവിടുത്തെ സഭയുടെ ആത്മീയ മേൽനോട്ടം വഹിച്ചിരുന്നതിനാൽ പ്രതിഷേധം നിമജ്ജനം ചെയ്യപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്തിരിക്കാം. കൽദായ (സെല്യൂഷ്യൻ)പാത്രിയർക്കീസായ തീയഡോഷ്യസ് ഒരേവിശ്വാസമാണെന്നു കാണിക്കുന്ന പത്രികയും (Letter of communion) പാത്രീയർക്കാ അരമനയുടെ സംരക്ഷണത്തിനായി ആറുകൊല്ലത്തിലൊരിക്കൽ നിശ്ചിത സംഖ്യയും ഈ സഭയിൽനിന്നും ആവശ്യപ്പെട്ടു എന്നു് ബാർഎബ്രായ സാക്ഷിക്കുന്നു (60). പ്രതിവർഷം പാത്രിയർക്കീസിനെ ചെന്നുകണ്ടു് സ്ഥിതിവിവരങ്ങൾ ധരിപ്പിക്കണമെന്ന ശാസനത്തിനു് ഇതുവഴിയായി ഒരു മാററംകുറിക്കുകയാണു് അദ്ദേഹം ചെയ്തതു്.

മലങ്കര മെത്രാപ്പോലീത്താ അതിശ്രേഷ്ഠനായിതീർന്നു. അദ്ദേഹം മെത്രാപ്പോലീത്തായും ഇൻഡ്യ മുഴുവൻെറയും വാതായനവും എന്നു വിളിക്കപ്പെട്ടു. (Metropolitan and the gate of all India). അദ്ദേഹത്തിനു സൊക്കോട്രായിലും ചീനാ വൻകരയിലും (Socotra and Masin-Mahacina-Great China) സഫ്രഗൻമാരും ഉണ്ടായിരുന്നു. തീമോത്തി ഒന്നാമൻ പാത്രിയർക്കീസിൻെറ കാലത്തു് മലങ്കര മെത്രാപ്പോലീത്തായും അദ്ദേഹത്തിൻെറ സഫ്രഗന്മാരും ഇൻഡ്യാക്കാർ തന്നെയായിരുന്നു എന്നു കരുതപ്പെടുന്നു (61). പാത്രിയർക്കീസിൻെറ ഒരു കൽപ്പന സ്ഥാനാർത്ഥിയുടെ ശിരസിൽ വച്ചുകൊണ്ടു് വാഴ്ച നടത്തിയിരുന്നതായി ''ക്രൈസ്തവരുടെ പ്രമാണം'' (Law of Christians) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (62).

◁○▷

www.malankaralibrary.com


അദ്ധ്യായം 9.

## പേർഷ്യൻ കുരിശുകൾ.

8, 9 എന്നീ നൂററാണ്ടുകളിലേതെന്നു കരുതപ്പെടുന്ന പേർഷ്യൻ കുരിശുകൾ കോട്ടയം വലിയ പള്ളിയിലും മൈലാപ്പൂരിലും, കടമററം, മുട്ടുചിറ, ആലങ്ങാട്ട് എന്നീ പള്ളികളിലും സൂക്ഷിച്ചിട്ടുണ്ട് (63). പേർഷ്യയിൽ കണ്ടെത്തപ്പെട്ട കുരിശുകളോടു സാദൃശ്യമുള്ളതുകൊണ്ടാണ് ഇവയും പേർഷ്യൻകുരിശുകൾ എന്നു വിളിക്കപ്പെടുന്നത്. മൈലാപ്പൂരിലും കോട്ടയത്തും കാണപ്പെടുന്ന കുരിശുകൾ സമാനങ്ങളാണ്. രണ്ടിലും പാലവി ഭാഷയിലുള്ള ലിഖിതമാണുള്ളത്. ഡോക്ടർ ബർണ്ണൽ ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. In punishment by the Cross (was) the suffering of this one He who is true God and God above and guide ever pure. (ഇവൻെറ (ഈ ഏകൻെറ) കഷ്ടത കുരിശിനാലുള്ള ശിക്ഷയാലാകുന്നു. അവൻ സത്യദൈവവും ഉയരങ്ങളിൽ വസിക്കുന്ന ദൈവവും പരിശുദ്ധവഴികാട്ടിയുമാകുന്നു.) ഡോ: വിങ്കവർത്ത് ഇതിനു നൽകുന്ന പരിഭാഷ മറെറാന്നാണ്. My Lord- Christ have mercy up on Afras Son Of Chahrbakht the Syrian who cut this. [എൻെറ നാഥനായ (കർത്താവായ) ക്രിസ്തുവേ, ഇതു പണിത ചഹർബകതിൻെറ പുത്രനും സുറിയാനിക്കാരനുമായ അഫ്രാസിൻെറ മേൽ കരുണതോന്നേണമേ]. ഡോ: ഹെന്നിംഗ് അല്പംകൂടി വ്യത്യസ്ഥമായ പരിഭാഷയാണു നൽകുന്നത്. My Lord Christ have mercy up on Afras son of Chahrbakht son of Givargis who set this up. [എൻെറ കർത്താവായ ക്രിസ്തുവേ, ഇതു സ്ഥാപിച്ച ഗീവർഗ്ഗീസിൻെറ പുത്രനായ ചഹർബകതിൻെറ പുത്രനായ അഫ്രാസിൻെറമേൽ കരുണതോന്നേണമേ] (64).

www.malankaralibrary.com


## മലങ്കര കുരിശ്
## മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദേശീയവും ജാതീയവുമായ ചിഹ്നം

കേരളത്തിലെ പുരാതനമായ സുറിയാനിപ്പള്ളികളിലെല്ലാം ഉണ്ടായിരുന്നതു് മലങ്കരകുരിശാണു്. മററുസ്ഥലങ്ങളിൽ അപൂർവ്വമായിട്ടേ ഇതു കാണുന്നുള്ളു. തന്മൂലം മലങ്കര കുരിശു് മാർത്തോമ്മാക്രിസ്ത്യാനികളുടെ (മലങ്കരസഭയുടെ) ദേശീയവും ജാതീയവുമായ ഒരു പ്രത്യേക കുരിശായിത്തീർന്നു. കേരളത്തിലെ പുരാതന പള്ളികളിൽ ഉണ്ടായിരുന്ന ഈ 'മലങ്കരകുരിശു്' പോർട്ടുഗീസുകാരുടെ ആഗമനശേഷം മാററി തൽസ്ഥാനത്തു് ലത്തീൻ കുരിശുകരം സ്ഥാപിക്കപ്പെട്ടു. മലങ്കരകുരിശിൻെറ ആവിർഭാവം കേരളത്തിൽ ആദ്യമായി ക്രിസ്തുമാർഗ്ഗം സ്വീകരിച്ച യഹൂദന്മാരിൽ നിന്നായിരിക്കാനാണു് സാദ്ധ്യത. സാധാരണ കുരിശിൽനിന്നും ക്രിസ്തുവിൻെറ കുരിശു് കുറുകെ മുകളിലായി വച്ചിട്ടുള്ള ചെറിയ ശിഖരം മുഖേന വ്യത്യസ്ഥമായിരുന്നു എന്നു് അറിയിക്കുവാൻ വേണ്ടി ഈ മാതൃക സ്വീകരിച്ചതായിരിക്കാം.

മലങ്കര കത്തോലിക്കാപ്പള്ളികളിലും ലത്തീൻ പരിഷ്കാരം സംക്രമിച്ചിട്ടില്ലാത്ത യാക്കോബായ (ഓർത്തഡോക്സ്) സുറിയാനിപ്പള്ളികളിലും ദുർലഭമായിമാത്രം പുരാതന കത്തോലിക്കാ കൽദായ (മലബാർ) പള്ളികളിലും ഇപ്പോഴും ഈ കുരിശു കാണുന്നുണ്ടു്.

കുമാരിമുട്ടത്തുള്ള പള്ളികളിൽകാണുന്ന കുരിശുകളിൽ അധികവും മലങ്കരകുരിശുകളാണു്. കന്യാകുമാരി ജില്ലയിലെ പഴയ ലത്തീൻപള്ളികളിലും പുരാതന സുറിയാനിക്രിസ്ത്യൻ കേന്ദ്രങ്ങളായി അറിയപ്പെടുന്ന സ്ഥലങ്ങളിലും മലങ്കരകുരിശുകരം ഇപ്പോഴും കണ്ടുവരുന്നു. പഴയ പള്ളികരം പുതുക്കിപണിയുമ്പോരം മലങ്കരകുരിശു മാററി

www.malankaralibrary.com


ലത്തീൻകുരിശു വസ്തുകയാണ് ഇന്ന പതിവായിത്തീർന്നിരിക്കുന്നത്.

കന്യാകുമാരി ജില്ലയിലെ മുട്ടം, കഴിത്തുറസ്ഥടുത്തുള്ള പുതുക്കാട് എന്നീ സ്ഥലങ്ങളിലെ പള്ളികളിലും പള്ളിമുററത്തും മലങ്കരകുരിശുകളാണുള്ളത്. പുതുക്കടകച്ചവടകേന്ദ്രത്തിൻെറ നടുവിൽ പബ്ളിക്കുറോഡിനുള്ളിൽ കാണപ്പെടുന്ന മലങ്കരകുരിശ് നീക്കംചെയ്യാൻ ഗവൺമെൻറ് ശ്രമിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുകാരണം സാധിച്ചില്ല.

ഇപ്പ്രോ ‌ം കോട്ടാർ രൂപതയിൽപെട്ട നാഗർകോവിലിലെ വടശ്ശേരിസുറിയാനി പള്ളി അവിടുത്തെ സിമിത്തേരി പള്ളിയായി മാററിയിട്ടുണ്ട്. അവിടെ പള്ളിക്കുള്ളിലും പുറത്തും മലങ്കരകുരിശുകരം കാണപ്പെടുന്നുണ്ട്. ആ പള്ളിയുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്നത് മലങ്കരകുരിശാണ്. അവിടുത്തെ ത്രോണോസിനു താഴെ കരിങ്കല്ലിൽ കൊത്തിവച്ചിട്ടുള്ളതും മലങ്കരകുരിശുതന്നെയാണ്. അത്യധികം ആദരിക്കപ്പെടുന്ന ഈ കുരിശിനെ ഭക്തജനങ്ങരം എണ്ണകൊണ്ടഭിഷേചിക്കയും പുഷ്പഹാരം അണിയിക്കയും ചെയ്തുവരുന്നു. കൂടാതെ കന്യാകുമാരിയിൽ നിന്നും 5 കിലോമീററർ വടക്കുള്ള കോവളം, ആരുവാമൊഴി–തിരുനൽവേലി റോഡിലുള്ള വെള്ളിയൂർ എന്നീ സ്ഥലങ്ങളിലും മലങ്കരകുരിശുകരം കാണപ്പെടുന്നുണ്ട് 64 (B).

—▭—

www.malankaralibrary.com


അദ്ധ്യായം 10

## മലങ്കരസഭാമക്കളുടെ സാമൂഹ്യ ഔന്നത്യം

മലങ്കര സഭാമക്കൾക്കായി അനുവദിച്ചുകൊടുത്ത പദവികളെ ഇങ്ങനെ സംഗ്രഹിക്കാം.

മലങ്കര സഭാമക്കളായ നസ്രാണികൾ സാമൂഹ്യ വസ്ഥയിൽ നായന്മാരേക്കാൾ ആഭിജാത്യമുള്ളവരാണ്. ഇവരോട് സാഹോദര്യഭാവത്തിൽ വർത്തിക്കുന്നത് ഒരു ബഹുമാനമായി നായന്മാർ കരുതിയിരുന്നു. ഇവർ ബ്രാഹ്മണരോട് സമന്മാരായി പരിഗണിക്കപ്പെട്ടുവന്നു. തന്നിമിത്തം ഇതരകേരളീയരുടെ ഇടയിൽ നസ്രാണികൾ ഔന്നത്യമുള്ളവരായി പരിഗണിക്കപ്പെട്ടുവന്നു. കമ്മാളർ മുതലായവരുടെ രക്ഷാകർത്താക്കൾ ക്രിസ്ത്യാനികളായിരുന്നു. ആ ജാതിക്കാരെ ഉപദ്രവിക്കുന്നവരുടെ മേൽ തക്കനടപടി സ്വീകരിക്കുവാൻ ഇവർക്കു് അധികാരമുണ്ടായിരുന്നു. (65)

രാജാവിനും അദ്ദേഹത്തിന്റെ മുഖ്യസചിവനും മാത്രമേ നസ്രാണികളുടെമേൽ സിവിലും ക്രിമിനലും ആയുള്ള അധികാരം ഉണ്ടായിരുന്നുള്ളു. നസ്രാണികളുടെ അവകാശങ്ങളോ പദവികളോ ലംഘിക്കുവാൻ മുതിരുന്നവന്റെ (രുടെ) മേൽ സമൂഹംചേർന്ന് പരിഹാരംചെയ്യിക്കുവാൻ ഇവർക്ക് അധികാരം ഉണ്ടായിരുന്നു. ഇവരെ ഇതര മതാനുയായികൾ അടിച്ചാൽ പ്രഹരിച്ചവൻ മരണശിക്ഷയ്ക്കു് അർഹനായിരുന്നു. എന്നാൽ അടിയേററവന്റെ സ്ഥിതിഭേദമനുസരിച്ച് വെള്ളിയിലോ, സ്വർണ്ണത്തിലോ പണിതീർത്ത ആൾരൂപമോ തക്കതായ മററുവല്ലതുമോ പള്ളിയിൽ വഴിപാടായി (വിമോചനദ്രവ്യം) സ്വീകരിച്ചുകൊണ്ടു് മരണശിക്ഷയിൽനിന്നും ഒഴിവുകൊടുക്കാമായിരുന്നു. ഇവർ പ്രഭുക്കന്മാരെപ്പോലെപരിഗണിക്കപ്പെട്ടുവന്നു.

www.malankaralibrary.com


ചെത്തുതൊഴിലാളികൾ തുടങ്ങിയവരെ ഉൾപ്പെട്ടത്തി ക്കൊണ്ടുള്ള സൈന്യത്തെ ഇവർക്ക് സംരക്ഷിക്കാം. ബ്രാഹ്മണഭവനങ്ങൾക്കുള്ളതുപോലെ പടിപ്പുര ഉണ്ടാക്കുവാനും ആനപ്പുറത്തു സവാരിചെയ്യുവാനും ഇവർക്ക് അവകാശവും അധികാരവും ഉണ്ടായിരുന്നു. രാജസന്നിധിയിൽ പരവതാനിമേൽ ഇരിക്കുവാനുള്ള സവിശേഷാധികാരവും ഇവക്കുള്ളതായിരുന്നു. മെത്രാനു് രാജകീയാധികാരവും തക്ക യോഗ്യമായ ബഹുമാനവും ഉണ്ടായിരുന്നു. ക്രിമിനൽകേസൊഴിച്ചു് വൈദീകമായും രാജകീയമായും ഉണ്ടാകുന്ന സിവിൽകേസുകളിൽ ന്യായാധിപതി മെത്രാനും അദ്ദേഹത്തിൻെറ അക്കദിയാക്കോനും ആണു് (66).

### അദ്ധ്യായം 11.

## വൈദേശിക ബന്ധം.
## 9 മുതൽ 13 നൂററാണ്ടു് വരെ

'മാർ സാപ്പോറിനും' 'മാർ അപ്രോത്തിനും ശേഷവും പേർഷ്യയിൽനിന്നു് മെത്രാന്മാർ മലങ്കരയിൽ വന്നുകൊണ്ടിരുന്നു. മാർ യോഹന്നാൻ (983) മാർ തോമ്മാ (1056) മാർ യാക്കോബു് (1122) ഇൻഡ്യയുടെ പാത്രിയർക്കീസു് എന്നു് അഭിധാനമുള്ള മാർ യോഹന്നാൻ (1129) മാർ യൗസേപ്പു്, മാർ പൗലൂസ്, മാർ ദാവീദ് (1285) മാർ യാക്കോബു് (1301) മാർ യാബു് ആലാഹാ (1470) എന്നീ മെത്രാന്മാരോ മെത്രാപ്പോലീത്താമാരോ ആണു് മലങ്കരസഭയിൽ പൗരോഹിത്യ ശൃംഖല നിലനിർത്തുവാനായി മലങ്കരമക്കൾക്കായി വന്നുചേർന്ന പേർഷ്യൻ മേല്പട്ടക്കാർ(67).

മദ്ധ്യശതകങ്ങളിലെ അവശേഷിച്ച കാലഘട്ടത്തിൽ പേർഷ്യ-സെലൂഷ്യാസ്ഥാപനവും മലങ്കരസഭയുമായുള്ള

www.malankaralibrary.com


ബന്ധത്തെക്കുറിച്ച് അപൂർവ്വമായ അറിവുകളേ ലഭ്യമായിട്ടുള്ളു. 1301_ൽ കൊടുങ്ങല്ലൂരിൽ എഴുതിയ ഒരു പകർപ്പെഴുത്തുകാരൻെറ സാക്ഷ്യത്തിൽ 'യാബാല്ലാഹാ' മൂന്നാമൻ പാത്രിയർക്കീസിൻെറയും (1281_1317) ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ യാക്കോബിൻെറയും പേരുകൾ മാത്രമേ നൽകുന്നുള്ളു. മാർ യാക്കോബിൻെറ ശിഷ്യനായിട്ടാണ് പകർപ്പെഴുത്തുകാരൻ തന്നെതന്നെ പരിചയപ്പെടുത്തുന്നത്. അദ്ദേഹം ഒപ്പിട്ടിരിക്കുന്നത് സഖറിയാസ് ബർ യൗസേപ്പ് ബർ സഖറിയാസ് എന്ന പേരിലാണ്(68).

ഇൻഡ്യൻ ക്രിസ്ത്യാനികൾ ഒരിക്കലും കത്തോലിക്കരായിരുന്നിട്ടില്ല എന്നാണ് 'ഫാദർ ഷൂഹാമർ' ശഠിക്കുന്നത്. മദ്ധ്യനൂററാണ്ടുകൾക്കുശേഷം ഇന്നുചിന്തിക്കുന്നവിധം റോമാസിംഹാസനവുമായി മലങ്കരസഭ ബന്ധപ്പെട്ടിരിക്കാൻ സാദ്ധ്യത കുറവാണ് എന്നല്ലാതെ മറിച്ചുശഠിക്കുന്നത് നിരാക്ഷേപകമായിരിക്കുകയില്ല. റോമാപാത്രിയർക്കീസിനു് (മാർപാപ്പാ) നെസ്തോറിയൻ എഴുത്തുകാർ പ്രഥമസ്ഥാനം നൽകിയിരുന്നു എന്നതിനു് തെളിവുകളുണ്ടു് (69).

## സ്വതന്ത്രയായ മലങ്കരസഭ

മലങ്കരസഭയ്ക്കു് അന്ത്യോഖ്യായിലെ പാത്രിയർക്കാസിംഹാസനവുമായി സുദൃഢബന്ധമുണ്ടായിരുന്നു എന്നു എത്ര ശക്തമായി വാദിച്ചാലും എഴുതിയാലും കത്തോലിക്കാ, ഗ്രീക്കു്, യാക്കോബായ എന്നീവിഭാഗത്തിൽപ്പെട്ട അന്ത്യോഖ്യായിലെ പാത്രിയർക്കീസിൻെറ കീഴിൽ മലങ്കരസഭ എന്നല്ല ഏതെങ്കിലും ഇൻഡ്യൻ ക്രൈസ്തവവിഭാഗം എന്നെങ്കിലും ആയിരുന്നു എന്നുള്ളതിനു് യാതൊരു ചരിത്രസാദ്ധ്യതകളും ഇല്ലായെന്നുമാത്രമല്ല അല്പമായ തെളിവുപോലും ഇല്ലായെന്നു് സി. കാരലെവിസ്കിജി സാക്ഷിക്കുന്നു (70).

www.malankaralibrary.com


മൈലാപ്പൂർ സന്ദർശിച്ച 'തെയഡോർ' എന്ന സന്യാസിയിൽനിന്നും ലഭ്യമായ അറിവനുസരിച്ച് വി: ഗ്രീഗോറിയോസ് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. 'വളരെ സമ്പന്നമായി അലങ്കരിച്ച വിശാലമായ പള്ളിയിൽ സന്യാസികരം കമ്മങ്ങരം അനുഷ്ഠിക്കുന്നതായി ആ സന്യാസി കണ്ടു. അവിടെ ചേതോഹരവും ശ്രദ്ധാപൂർവ്വം പണിതലങ്കരിച്ചതുമായ ഒരു സന്യാസഭവനവും ദൈവാലയവും ഉണ്ട്'(71).

1122_ൽ ജോൺ എന്നുപേരുള്ള ഇൻഡ്യൻ മെത്രാൻ റോമിലെത്തി. മാർതോമ്മാശ്ലീഹായുടെ ദുക്റോനോ തിരുനാൾദിവസം പ്രതിവഷം അസാധാരണ അത്ഭുതങ്ങരം സംഭവിച്ചുകൊണ്ടിരിക്കുന്നതായി പാശ്ചാത്യദേശത്തു വിവരിച്ചിരുന്നു എന്നു് പ്രബലമായ ഒരു സാക്ഷ്യപത്രം ഉദ്ധരിച്ചുകൊണ്ടു് കർദിനാരം യൂജിൻ ടിസറാംഗ് രേഖപ്പെടുത്തിയിരിക്കുന്നു(72).

അദ്ധ്യായം 12

## ലത്തീൻ സഭാ ഭരണക്രമം ആരംഭിക്കുവാനുള്ള യത്നം

1291_ൽ 'ജോൺ മോണ്ടി കോർവിനോ' എന്ന ഫ്രാൻസിസ്കൻ മെത്രാൻ കേരളം സന്ദർശിച്ചു. 1293_ൽ മാർകോ പോളോ എന്ന വെനീസുകാരൻ കേരളം സന്ദർശിച്ചു. 1323_ൽ ജോർഡാനസ് എന്ന ഡൊമിനിക്കൻ വൈദികൻ കേരളം സന്ദർശിച്ചു. ഇദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അവിഞ്ഞോനിൽ ആസ്ഥാനമായിരുന്ന മാർ ജോൺ 22_ാമൻ പാപ്പാ കൊല്ലം കേന്ദ്രമാക്കി ഒരു ലത്തീൻ രൂപത സ്ഥാപിച്ചു. പൗരസ്ത്യ സഭകളെകുറിച്ചും സാർവത്രിക സഭയിൽ അതിനുള്ള സ

www.malankaralibrary.com


വിശേഷ സ്ഥാനത്തെക്കുറിച്ചും അതിന്റെ ആദ്ധ്യാത്മിക സമ്പത്തിനെക്കുറിച്ചും പൗരസ്ത്യ സഭകളെ ഒഴിച്ചു നിർത്തികൊണ്ടുള്ള സാർവത്രിക (കത്തോലിക്കാ) സഭയെക്കുറിച്ച് വിഭാവനം ചെയ്യുവാൻപോലും സാദ്ധ്യമല്ലായെന്ന നിസ്തുല സത്യത്തെക്കുറിച്ചും തീകച്ചും അജ്ഞരായ പോർട്ടുഗീസ് അധികാരികളുടെ തണലിൽ പൗരസ്ത്യദേശങ്ങളിൽ വികാസം പ്രാപിച്ച ലത്തീൻ റീത്തിന്റെ പ്രവണത ഇവിടെയും നടനമാരംഭിച്ചു. 1348-ൽ ജോൺമാരിത്തോളി 14 മാസം തുടർച്ചയായി കൊല്ലത്ത് താമസിച്ചു. 1493-ൽ 'ലൂയിസ് കടമുസ്തോക്' എന്ന വെനീസുകാരൻ കോഴിക്കോട്ടുവഴി കേരളത്തിൽ എത്തി. മലങ്കരസഭക്ക് മെത്രാന്മാരെ കൊണ്ടുവരുന്നതിനായി 1460-ൽ പേർഷ്യയിലേക്കുപോയ മലങ്കരസഭാ സന്താനമായ 'യൗസേപ്പ്' പേർഷ്യയിൽവെച്ച് പട്ടം സ്വീകരിക്കുകയുണ്ടായി (73).

അദ്ധ്യായം 13

## പോർട്ടുഗീസുകാരുടെ ആഗമനവും വഴിത്തിരിവും

എ. ഡി. 1498-ൽ പോർട്ടുഗീസ്കപ്പിത്താനായ 'വാസ്കോഡിഗാമ' കോഴിക്കോട്ടുവന്നുചേർന്നു. അയാളുടെയും അനുയായികളുടെയും രംഗപ്രവേശം മലങ്കരസഭയിൽ കോളിളക്കവും ഛിദ്രവും സൃഷ്ടിച്ചു. അതേത്തുടർന്നുള്ള വേർപാടിന്റെയും ബന്ധനങ്ങളുടെയും നിസംഗതയുടെയും ഛിദ്രത്തിന്റെയും കറുത്തപാടുകളും വിള്ളലുകളും പാവനചരിതയും ചാരിത്രവതിയും ആദ്ധ്യാത്മികചൈതന്യത്താലും വിശിഷ്ടമായ ആരാധനക്രമത്താലും വിഭൂഷിതയായ, സുഭഗയായ മലങ്കരസഭാഗാത്രത്തിൽ ആഴ്ന്നിറങ്ങിനില്ക്കുന്നു എന്ന ദു:ഖസത്യം ഇന്നും അവശേഷിക്കുന്നു.

www.malankaralibrary.com


കത്തോലിക്കാസഭയിൽ എല്ലാറീത്തുകളും തുല്യ മാണ്. എന്നാൽ ലത്തീൻറീത്ത് (ലത്തീൻസഭ) കൂടുതൽ തുല്യതയുള്ളതാണ് എന്ന നിലപാട് ഒരുവശത്ത്. ഏകറീത്തുവാദത്തിൻെറ മറവിൽ പൗരസ്ത്യമായ എല്ലാ ആരാധനാക്രമങ്ങളെയും ദൈവവചനാധിഷ്ഠിതമായ ആദ്ധ്യാത്മിക-സന്യാസ-സമ്പത്തിനെയും നിഷ്ക്രിയമാക്കാനുള്ള സാഹസികത മറുവശത്ത്. ഈ വിധസാഹസികതകളെ അതിജീവിക്കുവാൻ ആവശ്യമായ ശേഷിയും ശേമുഷിയും തലമുറകളിലൂടെ നാംകൈവരിച്ചിട്ടുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു മുന്നേറേണ്ട സന്നദ്ധതയേ ആവശ്യമായിട്ടുള്ളു.

മലങ്കരയിലെ മെത്രാപ്പോലീത്തൻ സ്ഥാപനത്തെക്കുറിച്ച് മലങ്കര ക്രിസ്ത്യാനികളുടെ മാർത്തോമ്മാ ശ്ളീഹായുടെ സിംഹാസനം എന്നാണ് 1301-ൽ ഡീക്കൻ സഖറിയാസ് എഴുതിയ ഒരു രേഖയിൽ കാണുന്നത് (74).

## പോർട്ടുഗൽ രാജാവ് മിഷൻ രാജ്യങ്ങളിലെ സഭയുടെ സംരക്ഷകനാകുന്നു.

പോർട്ടുഗീസുകാർ കേവലം വ്യാപാരോദ്ദേശത്തോടെയല്ല പൗരസ്ത്യദേശത്ത് എത്തിയത്. അവർ ലത്തീൻ റീത്തനുസരിക്കുന്ന ലത്തീൻ സഭമാത്രമാണ് യഥാർത്ഥ കത്തോലിക്കാസഭ എന്ന അജ്ഞതയിൽ തപ്പിത്തടഞ്ഞ ക്രിസ്ത്യാനികളായിരുന്നു. തന്നിമിത്തം ലത്തീൻ റീത്തിനും ആരാധനാ ക്രമത്തിനും പുറമേയുള്ള പൗരസ്ത്യ കത്തോലിക്കാ റീത്തുകളും ആരാധനാക്രമങ്ങളും കത്തോലിക്കേതരമെന്ന് തെററിദ്ധരിക്കയും അവയിൽ നെസ്തോറിയൻ വിശ്വാസവും ശീശ്മയും ആരോപിക്കുകയും ചെയ്തു. പോർട്ടുഗീസുകാരുടെ പ്രവർത്തന മേഖലകളിലെ വൈദി

www.malankaralibrary.com


കവും ഭൗതികവുമായ കാര്യങ്ങളുടെ നിയന്ത്രണം ഒരു പ്രത്യേക കല്പനവഴി 'നിക്കോളാസ്' പഞ്ചമൻ പാപ്പ.' 1454 ജനവരി 8-ാം തീയതി പോർട്ടുഗൽ രാജാവായ അൽഫോൻസോ പഞ്ചമനു പ്രദാനം ചെയ്തു (75).

## ലത്തീൻ റീത്തുകാരായ പോർട്ടുഗീസുകാർ ആദരിക്കപ്പെടുന്നു

മഹമ്മദീയ വ്യാപാരികളാൽ നിരന്തരം പീഡിപ്പിക്കപ്പെട്ടുവന്ന മലങ്കര മക്കൾ സാർവത്രിക സഭയുടെ തലവനായ മാർപാപ്പായെ അംഗീകരിക്കുന്ന പോർട്ടുഗീസുകാരെ സഹർഷം സ്വാഗതം ചെയ്തു. പോർട്ടുഗീസുകാരെ സഹോദരന്മാർ എന്നാണ് മെത്രാന്മാർ വിളിച്ചത്. അവരുടെ യാത്രാസംഘത്തിൽ വൈദികരും ഉൾപ്പെട്ടിരുന്നതിനാൽ മെത്രാന്മാർ അവരെ പ്രശംസിച്ചു. നാട്ടുക്രിസ്ത്യാനികൾക്ക് റോമുമായി നേരിട്ട് ബന്ധമില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് പോർട്ടുഗീസുകാർ ഇവിടെ എത്തിയതെന്നതും പരിഗണിക്കപ്പെടേണ്ടതാണ്. യൂറോപ്പുമായി കാര്യമായ ബന്ധമില്ലാത്ത നാട്ടിലാണ് തങ്ങൾ എത്തിയിട്ടുള്ളതെന്ന കാര്യം പോർട്ടുഗൽ രാജാവിന്റെ പ്രജകൾക്കും മനസ്സിലായിരുന്നു. ഈ സാഹചര്യത്തിലാണ് പേർഷ്യൻ (കൽദായ) മെത്രാന്മാർക്ക് രണ്ടു മാസത്തോളം പോർട്ടുഗീസുകാരോടൊത്തു താമസിക്കുവാനും അവർ പണികഴിപ്പിച്ച പള്ളികളിൽ വി: കുർബ്ബാന അർപ്പിക്കുവാനും സൗകര്യം ലഭിച്ചത് (76).

പോർട്ടുഗീസ് കുടിയേറ്റക്കാർ പോർട്ടുഗൽ രാജാവിന്റെ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരായിരുന്നു. തന്നിമിത്തം അവരുടെ യാത്രയിൽ നാവികപ്പടയും എപ്പോഴും ഉണ്ടായിരുന്നു. 'ഗ്രാൻറ് മാസ്റ്റർ ഓഫ് ഓർഡർ ഓഫ് ക്രൈസ്റ്റ്' (Grand master of order of Christ) എന്ന സ്ഥാനപദവി ലഭിച്ചവരുടെ അനന്തരഗാമികളാ

www.malankaralibrary.com


ണ് തങ്ങളെന്ന അഭിമാനവും അവർക്കുണ്ടായിരുന്നു. സുവിശേഷ പ്രചരണ വിഷയത്തിൽ പോർട്ടുഗലിനുള്ള കഴിവ് സുപ്രധാന രേഖകൾ വഴി മാർപാപ്പാമാർ അംഗീകരിച്ചിട്ടുണ്ട് (77). ഈ രേഖകൾ സി. എം. ഡിവിറാ് ഒ.എസ്.ബി. നൽകുന്നുണ്ട്. ആദ്യഘട്ടങ്ങളിൽ ഇവിടത്തെ ക്രിസ്ത്യാനികളും പോർട്ടുഗീസുകാരുമായി നല്ലബന്ധമാണ് ഉണ്ടായിരുന്നത്. ഹിന്ദുക്കളുടെയും മുസ്ലീമുകളുടെയും ഇടയിൽ ക്രിസ്ത്യാനികളെ കണ്ടെത്തിയതിൽ പോർട്ടുഗീസുകാർക്കും ചാരിതാർത്ഥ്യം ഉണ്ടായിരുന്നു.

ധൃതി പിടിച്ച മാനസാന്തര യത്നങ്ങളിൽ വ്യാപൃതരായ പോർട്ടുഗീസ് മിഷനറിമാർക്ക് റീത്തുസംബന്ധമായ വ്യത്യാസങ്ങളിൽ സംശയം ജനിച്ചു. ഈ വിധ വ്യത്യാസം അവരിൽ ഇടച്ചിലുണ്ടാക്കി. അത് അക്ഷന്തവ്യമാണെന്ന നിഗമനമാണ് അവരെ നയിച്ചത്. ദൈവരാജ്യത്തിൽ എല്ലാവിധത്തിലും ഐക്യം ഉണ്ടായിരിക്കണമെന്നും അവർ സിദ്ധാന്തിച്ചു (78).

പോർട്ടുഗീസുകാർ തങ്ങളുടെ നില ഇവിടെ ഉറപ്പിച്ചപ്പോൾ സെലൂഷ്യാ-സ്റ്റെസിഫോൺ കാതോലിക്കാ സിംഹാസനത്തോട് ഗാഢമായി ബന്ധപ്പെട്ടിരുന്ന 'യാബല്ലാഹാ' മെത്രാപ്പോലീത്തായും മാർ ദനഹാ, മാർ യാക്കോബ്, മാർ യോഹന്നാൻ എന്നീ മെത്രാന്മാരും ചേർന്ന മേല്പട്ടസ്ഥാനികളാണ് ഈ സഭയെ ശുശ്രൂഷിച്ചുവന്നതു്. അവരുടെ കീഴിൽ 30,000 കുടുംബങ്ങൾ ഉൾപ്പെട്ട ഒരു ക്രൈസ്തവസമൂഹമാണ് ഉണ്ടായിരുന്നതു്. പശ്ചിമഘട്ടത്തിന്റെ തെക്കുഭാഗത്തുള്ള കുന്നുകളിലായിരുന്നു അവരുടെ ഗ്രാമങ്ങളും പട്ടണങ്ങളും സ്ഥിതിചെയ്തിരുന്നതു് എന്നാണ് ജെ. എസ്. അസ്സമാനി പ്രസ്താവിക്കുന്നതു്.

www.malankaralibrary.com


മഹമ്മദീയവ്യാപാരികളാൽ നിരന്തരം പീഡിപ്പിക്കപ്പെട്ടുവന്ന മലങ്കരമക്കരം അവരുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടു് ഉത്തമനിധിയെന്നവണ്ണം സംവൽസരങ്ങളായി കാത്തുസൂക്ഷിച്ചുകൊണ്ടിരുന്ന ചെപ്പേടുകളും ചെങ്കോലും വിശ്വാസപൂർവ്വം പോർട്ടുഗീസുകാരെ ഭരമേല്പിച്ചു. എല്ലാസംരക്ഷണവും വാഗ്ദത്തംചെയ്ത അവർ മലങ്കരസഭയെ തേജോവധംചെയ്യുമെന്നു് ഒരിക്കലും നാം ചിന്തിച്ചിരുന്നില്ല (78 B.)

കടൽവഴിയുള്ള അറബികളുടെ എല്ലാ വ്യാപാരബന്ധങ്ങളും പോർട്ടുഗീസുകാർ മരവിപ്പിച്ചു. കൂടുതൽ കർശനമായി കച്ചവടനിയന്ത്രണം ഏർപ്പെടുത്തി. തൽഫലമായി കാതോലിക്കാ ആസ്ഥാനവും മലങ്കരയുമായുണ്ടായിരുന്ന സമ്പർക്കം തടയപ്പെട്ടു. പോർട്ടുഗീസുകാർ ഇവിടെ നില ഭദ്രമാക്കിയപ്പോഠം സ്ഥലത്തുണ്ടായിരുന്ന മേല്പട്ടക്കാരേപ്പററി പിന്നീടു് സുനിശ്ചിതമായ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല (79).

പേഷ്യൻമെത്രാന്മാർ ഇവിടെ ഭരണംനടത്തിയപ്പോഴും മലങ്കരസഭയെ സെലൂഷ്യാപാത്രിയക്കീസിൻെറ (കാതോലിക്കാ) കീഴിലുള്ള ഒരു മെത്രാപ്പോലിത്തൻ സഭയായിപ്രഖ്യാപിച്ചപ്പോഴം ഈ സഭയെ അവരുടെ നുകത്തിൻകീഴിൽ അമർത്തിനിത്തുവാൻ അവർ അഭിലഷിച്ചിരുന്നില്ല. ഏതദ്ദേശീയ മെത്രാപ്പോലീത്തായുടെയും മെത്രാന്മാരുടെയും ഒരു ശ്രംഖല ഇവിടെ നിലനിത്തുന്നതിൽ മാത്രമേ അവർ വൈമുഖ്യം പ്രദർശിപ്പിച്ചുള്ള എന്നു തോന്നുന്നു. ഈ അവസ്ഥയിലും മലങ്കരസഭയുടെ ഭരണാധികാരം പ്രായോഗികമായി 'അക്ദെയാക്കോനിൽ' നിക്ഷിപ്തമായിരുന്നു. സിവിലായും വൈദികപരമായും ഈ സഭയിൽ അദ്ദേഹത്തിനു് സവിശേഷാധികാരം ഉണ്ടായിരുന്നു. ഈ പാതയിലൂടെ മാത്രമേ പോർട്ടുഗീസുകാരും ചരിക്കകയുള്ളൂയെന്നു് മലങ്കരസഭ തെററിദ്ധരിച്ചുപോയി (80).

www.malankaralibrary.com


പോർട്ടുഗീസ് തന്ത്രം ഇവിടെ ദൃഢമൂലമായപ്പോഴം മലങ്കരസഭയുടെ അധികാരി മാർ യാക്കോബായിരുന്നു. ലത്തീൻസഭാവൈദീകർക്കു വി: മദ്ബഹായിൽ പ്രവേശിക്കുവാനും വി: ത്രോണോസിൽ വി: കുർബ്ബാന അർപ്പിക്കുവാനും ഉള്ള എല്ലാസൗകര്യവും മലങ്കരസഭ അനുവദിച്ചുകൊടുത്തു.

1510 ഫെബ്രുവരി 16-ാം തീയതി ഗോവായും 1514-ൽ ഓർമോസും പോർട്ടുഗീസുകാർ പിടിച്ചടക്കി. 1542-ൽ ഫ്രാൻസിസ് സേവ്യർ എന്ന ഈശോസഭാംഗം കേരളത്തിൽ എത്തിച്ചേർന്നു. ഒരു വൈദീകനായിരുന്ന സേവ്യർ മാർ യാക്കോബിനോടുകൂടി മലങ്കരസഭയുടെ പ്രധാനപള്ളികളംപലതും സന്ദർശിച്ചു. '' ദൈവത്തേയും രാജാവിനെയും ഈ രാജ്യത്തിൽ നാല്പത്തിഅഞ്ചുവർഷം സ്തുത്യർഹമായി സേവിച്ച വിശുദ്ധനും ഭക്തനുമായ ഒരു മെത്രാനെന്നു '' ഫ്രാൻസിസ് സേവ്യറിൽനിന്നും ജോൺ മൂന്നാമൻ രാജാവിനു സാക്ഷ്യം ലഭിച്ച വയോവൃദ്ധനായ മാർ യാക്കോബ് കൊച്ചിയിലെ ഫ്രാൻസിസ്കൻ ആശ്രമത്തിലേക്കു പിൻവാങ്ങുവാൻ പോർട്ടുഗീസ് അധികാരികൾ നിർബന്ധിക്കയൊണുണ്ടായതെന്നു ജി. ഷൂഹാമർ എസ്. ജെ. ആരോപിക്കുന്നുണ്ട്.

ടാഗ്ഗസ് (Tagus) തീരത്തുനിന്നും പോർട്ടുഗീസ് സൈന്യത്തോടൊത്തു വന്നുചേർന്ന പോർട്ടുഗീസ് (ലത്തീൻ) വൈദീകരും ഏകാധിപത്യ മനോഭാവക്കാരായിരുന്നു. എന്നാൽ ഫ്രാൻസിസ് സേവ്യർ വ്യത്യസ്ഥനായിരുന്നു. മലങ്കര സഭാമക്കളുടെ വികാരങ്ങളെ പരമാവധി അദ്ദേഹം മാനിച്ചു. അവരുടെ പ്രാർത്ഥനാശൈലി ഉപയോഗിക്കുക മാത്രമല്ല ആവിധ പ്രയോഗംതന്നെ ഉപയോഗിക്കണമെന്നു മററു പോർട്ടുഗീസുകാരെ അദ്ദേഹ നിർബന്ധിക്കുകയും ചെയ്തിരുന്നു. ഉദാഹരണത്തിനു ച

www.malankaralibrary.com


രിശുദ്ധ കന്യകമറിയാമിൻെറ ബഹുമാനാർത്ഥം അദ്ദേഹം ഉണ്ടാക്കിയ പ്രാർത്ഥനയിൽ 'ദൈവപുത്രനായ മിശിഹായുടെ മാതാവായ മറിയമേ' എന്നാണ് സംബോധനചെയ്തിരിക്കുന്നത് (81).

കാഞ്ഞിരപ്പള്ളി പള്ളികൂദാശ ചെയ്തത് 1450_ൽ മാർ യൗസേപ്പാണ്. 1490_ൽ എത്തിച്ചേർന്ന മാർ തോമ്മാ, മാർ യോഹന്നാൻ എന്നിവർ മാർ ശെമഓൻ പഞ്ചമൻ പാത്രിയർക്കീസിനാൽ അയക്കപ്പെട്ടവരായിരുന്നു. ഇവരിൽ മാർ തോമ്മാ തിരിച്ചുപോയി. മുമ്പു പ്രസ്താവിച്ച മാർ യാബാലാഹാ മെത്രാപ്പോലീത്താ, മാർ യാക്കോബ്, മാർ ദനഹാ എന്നിവരെ പേർഷ്യയിലേക്ക് തിരിച്ചു പോയ മാർ തോമ്മായോടുകൂടി മലങ്കരയിലേക്ക് തിരിച്ചയച്ചത് മാർ ഏലിയാസ് പാത്രിയർക്കീസായിരുന്നു. മാർ യാബാലാഹാ സൊക്കോട്രായിലേക്കും മാർദനഹാ ചൈനയിലേക്കും നിയോഗിക്കപ്പെട്ടു.

ഫ്രാൻസിസ് സേവ്യർ തൻെറ പ്രേഷിത രംഗമായി തെരഞ്ഞെടുത്തത് മാർത്തോമ്മായുടെ പൈതൃകത്തോട് ബന്ധമില്ലാത്ത മുക്കവരുടെ വാസസ്ഥലമായ കടലോരങ്ങളായിരുന്നു. അദ്ദേഹം അനേകരെ ലത്തീൻ റീത്തനുസരിച്ച് മാമോദീസാ മുക്കി. അങ്ങനെ അവർ ലത്തീൻറീത്തും ആരാധനാക്രമവും അംഗീകരിച്ച കത്തോലിക്കാ വിശ്വാസികളായി മലങ്കര സഭയിൽനിന്നും അതിൻെറ പൈതൃക പാരമ്പര്യങ്ങളിൽ നിന്നും വ്യതിരിക്തരായി ജീവിച്ചു (82).

പോർട്ടുഗീസ്ബന്ധനത്തിൽ ആയിരുന്നെങ്കിലും 1541_ൽ കൊടുങ്ങല്ലൂരിൽ ഒരു സ്കൂൾതുടങ്ങുവാൻ ഫ്രാൻസിസ് സേവ്യറിനെ മാർ യാക്കോബ് സഹായിച്ചു. ഉത്തമ സുറിയാനികുടുംബങ്ങളിൽ നിന്നും ഈ സ്കൂളിലേക്ക് കുട്ടികളെ സ്വീകരിച്ചിരുന്നു (83).

www.malankaralibrary.com



അദ്ധ്യായം 14.

## മലങ്കരസഭ മർദ്ദിക്കപ്പെടുന്നു.

വി: ഫ്രാൻസിസ് സേവ്യറിന്റെ സമീപനത്തിന വിരുദ്ധവും വിവേകശൂന്യവുമായ നടപടികളാണ് പോർട്ടുഗീസ് വൈദീകരിൽ നിന്നും മലങ്കരമക്കൾക്ക നേരിടേണ്ടതായിവന്നതെന്നതിന്റെ നിരവധി രേഖകൾ ഫാദർ ഷൂർഹാമർ ശേഖരിച്ചിട്ടുണ്ട്.

മാർ കലിസ്റ്റസ് മൂന്നാമൻപാപ്പാ 1455_ മാർച്ച് 13_ാം തീയതി ഇൻറർ ചേത്തരാ (Inter Cetera) എന്ന ബുളാവഴി ക്രിസ്തുസൈന്യത്തിന്റെ ഗ്രാൻറ്മാസ്റ്റർക്ക് 'ബജാദോർ' മുനമ്പ മുതൽ (Cape Bojador) ആഫ്രിക്കമുഴുവനിലും ഏഷ്യാവൻകരയുടെ തെക്കുഭാഗങ്ങളിലും പോർട്ടുഗീസ് വൈദീകർ ശുശ്രൂഷനടത്തുവാൻ അധികാരം കൊടുത്തു. ഏഷ്യയെ സംബന്ധിച്ചിടത്തോളം ഈ നീട്ടൂരത്തിന്റെ ശക്തി 46 വഷത്തോളം കടലാസിൽമാത്രം അവശേഷിച്ചു. ഉദാഹരണമായി ആഫ്രിക്കയുടെ പൂർവ്വതീരത്തിനും ഇൻഡ്യക്കും വേണ്ടി 1500_ൽ കൊമ്മിസറിയേററു സ്ഥാപിതമായി. എന്നാൽ 1514 നും 1534 നും മദ്ധ്യേ നിയമിക്കപ്പെട്ട 4 കൊമ്മിസറിമാർ വളരെ ഹ്രസ്വമായ സന്ദർശനമേ നടത്തിയുള്ളു. തത്വത്തിൽ 1533_ൽ തന്നെ ഗോവാ മെത്രാസനത്തിന്റെ സ്ഥാപനം നിശ്ചയിച്ചു എങ്കിലും 1539 _ൽ മാത്രമാണ് അതു് നടപ്പായതു്. അന്നു് അതു് വിദൂരസ്ഥമായ ഫഞ്ചൽ (Funchall) രൂപതയുടെ സാമന്തരൂപതയായിട്ടാണ് നിർദ്ദേശിക്കപ്പെട്ടിരുന്നതു്. എന്നാൽ 1558ൽ ചൈന ഉൾപ്പെടെയുള്ള കിഴക്കൻപ്രദേശങ്ങളുടെ അതിരൂപതയായി ഗോവാ ഉയർത്തപ്പെട്ടു. ഇതോടെ മലങ്കരസഭാനഭസിൽ പ്രതിസന്ധികളുടെ കരാളമേഘങ്ങൾ അനസ്യൂതം കാണപ്പെട്ടു.

www.malankaralibrary.com


ഇൻഡ്യൻ (മലങ്കര)സഭമേൽ സെലൂഷ്യാപാത്രിയക്കീസിനുണ്ടായിരുന്ന എന്നു വാദിക്കപ്പെടുന്ന അവകാശാധികാരങ്ങൾ എത്രത്തോളം, ഏതുവിധം എന്നിവ അവ്യക്തമായിരുന്നു. ഈശോയാബ് മൂന്നാമൻ പാത്രിയർക്കീസ് 1200 ഫർസാനാട്ടുരെയുള്ള ഇൻഡ്യവരെ തന്റെ പൗരോഹിത്യപിൻതുടർച്ച ഉള്ളതായി വാദിച്ചിരുന്നു.

സൂലാക്കാപാത്രിയർക്കീസു മുതലാണ് റോമുമായി അവിരാമബന്ധമുള്ള സെലൂഷ്യൻ (ബാബേൽ) കാതോലിക്കാമാർ മലങ്കരയുമായി ബന്ധപ്പെട്ടിട്ടുള്ളതെങ്കിലും അതിനുമുമ്പും റോമുമായിബന്ധമുള്ള പാത്രിയർക്കീസന്മാർ ആ സിംഹാസനത്തിൽ ഉപവിഷ്ടരായിരുന്നിട്ടുണ്ട്. ഉദാഹരണമായി ഈശോയാബ് മൂന്നാമൻ (650-660) വലിയതീമോത്തി എന്നു വിളിക്കപ്പെടുന്ന തീമോത്തിപ്രഥമൻ (8-ാം ശതകം) സബറീശോപഞ്ചമൻ (1247), യാബാലാഹാമൂന്നാമൻ (1281-1317) അബ്ദീശോ (1318) സൂലാക്കാ(1553) തുടങ്ങിയവർ മാർപാപ്പായുടെ ഐക്യത്തിൽ കഴിഞ്ഞവരായിരുന്നു. എന്നാൽ 1553-ൽ യൂലിയോസ് പാപ്പാ 'സൂലാക്കാ'യെ പാത്രിയർക്കീസായി അംഗീകരിച്ച് അവരോധിച്ചപ്പോൾ സൈമൺ ബർമ്മാ എന്ന ഒരു എതൃപാത്രിയർക്കീസും അവിടെ ഉണ്ടായി. ആ എതൃപാത്രിയർക്കീസിന്റെ പരമ്പരയാണ് ഇന്ന് അമേരിക്കയിൽ ആസ്ഥാനമാക്കിയിട്ടുള്ളതും കേരളത്തിലെ സുറായി (കൽദായ- നെസ്തോർ) വിഭാഗത്തെ നയിക്കുന്നതുമായ കാതോലിക്കാപാത്രിയർക്കീസുമാർ എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്(84).

മാർ അലക്സാണ്ഡർ പാപ്പാ (1497-1503) അർസോസ് ദ്വീപുകളുടെ സമീപത്തുകൂടി ഉത്തര ദക്ഷിണധ്രുവങ്ങളിലേക്ക് ഒരു സാങ്കൽപ്പികരേഖ നിർണ്ണയിച്ചുകൊണ്ട് അതിന് കിഴക്കുഭാഗം പോർട്ടുഗീസുകാർക്കും

www.malankaralibrary.com


പടിഞ്ഞാറ് ഭാഗം സ്പെയിൻകാർക്കും സുവിശേഷ ഘോഷ ണാൎത്ഥം ഏല്പിച്ചുകൊടുത്തു. കത്തോലിക്കാ രാജക്കന്മാരി ല്ലാത്ത രാജ്യങ്ങളിലെ സഭയെ ആദ്ധ്യാത്മികമായും ഭൗതി കമായും സംരക്ഷിക്കുവാനുള്ള അവകാശപത്രികയും അവ ർക്കു കൊടുത്തു. ഈ അവകാശപത്രികയെ 'പാദ്രുവാദോ' (Padroado) എന്നു വിളിക്കുന്നു. 'പാദ്രുവാദോ' അധി കാരം ഏല്പിക്കപ്പെട്ടിടങ്ങളിലും മാർപാപ്പ വിശ്വാസപ്ര ചാര സംഘം (Propagation of faith) വഴിയായി പ്ര ത്യേകമാം വിധം മിഷ്യൻ പ്രവൎത്തനം നടത്തുന്നുണ്ടായി ന്നു. പോർട്ടുഗീസ് ആധിപത്യത്തോടെ മലങ്കരസഭയിൽ ലത്തീൻസഭാ ഭരണത്തിന്റെ ഈ ഇരുസ്രോതസ്സുകളിലൂ ടെയും ഉള്ള അതിപ്രസരണത്തിനു് സഹായകമായ സം വിധാനം ഉണ്ടായി. ഈ സംവിധാനംവഴിയായി സാർ വത്രികസഭയിലെ (കത്തോലിക്കാസഭ) തന്നെ മൂന്നുപ്രവർ ത്തന_ പാരമ്പര്യ- ഭരണക്രമം പ്രാവൎത്തികമായി. (1) പൗരസ്ത്യസഭാഭരണക്രമം. (2) പാദ്രുവാദോഭരണക്രമം (3) വിശ്വാസപ്രചാരണഭരണക്രമം. മലങ്കരസഭയ്ക്കു് പേ ഷ്യൻസഭാബന്ധം നഷ്ടപ്പെട്ടതിനുശേഷം ആദ്യം പാ ദ്രുവാദോ അധികാരക്രമവും അതിനോടുള്ള എതിർപ്പുവ ർദ്ധിച്ചപ്പോൾ വിശ്വാസപ്രചാരണാധികാരക്രമവും സ്വീക രിക്കേണ്ടതായിവന്ന ഗതിവിഗതികൾ പില്ക്കാല ചരിത്ര ത്തിൽ തെളിഞ്ഞുകാണാവുന്നതാകുന്നു (85).

മലങ്കരസഭയുടെ അധിപനായി പ്രവൎത്തിച്ചുവ ന്ന മാർ യാക്കോബു് 'പാദ്രുവാദോ' അധികാരത്തി ന്റെ അതിപ്രസരത്തെ ഒരളവുവരെ അതിജീവിച്ചുകൊ ണ്ടു് മുമ്പോട്ടുപോയി എന്നു് പെൻടാദോയുടെ രണ്ടുക ത്തുകൾ വെളിപ്പെടുത്തുന്നുണ്ടു് (86). എന്നാൽ മലങ്കര സഭയുടെ മേലുള്ള നിയന്ത്രണാധികാരം തങ്ങൾക്കു ലഭിച്ചു എന്ന നിലയിലാണ് പോർട്ടുഗീസ് അധികാരികൾ പ്ര വർത്തിച്ചുവന്നതു്. കുശാഗ്ര ബുദ്ധിയും തന്ത്രജ്ഞനുമാ

www.malankaralibrary.com



രിരുന്ന മാർ യാക്കോബിനു് പോർട്ടുഗീസു് വീക്ഷണം അജ്ഞാതമായിരുന്നില്ല. മലങ്കരസഭാ മക്കൾക്കു് ഈ ല ത്തീൻ വിഭാഗത്തിന്റെ പ്രവർത്തന ശൈലിയിൽ കടുത്ത അമർഷം ഉണ്ടായിരുന്നു. മലങ്കര സഭ പാശ്ചാത്യ വൈദീ കരുടെ സ്വാധീനതക്കു് തെല്ലും വിധേയപ്പെട്ടില്ല. സുറി യാനി മേലദ്ധ്യക്ഷനെമാത്രമെ അവർ മനസ്സാ അംഗീകരി ച്ചിരുന്നുള്ളു. യാതൊരു സുറിയാനിമെത്രാനും മലങ്കരയിൽ പ്രവേശിക്കുവാനും, പ്രവർത്തിക്കുവാനും പോർട്ടുഗീസു വൈദീകർ അനുവദിച്ചിരുന്നില്ല. റോമിൽ നിന്നുള്ള എഴ ത്തുകളോ വിശ്വസ്തരായ ഡൊമിനിക്കൻ സന്യാസിമാരു ടെ ഇടപെടലോ അവർ പരിഗണിച്ചില്ല. (87) എന്നാൽ മാർ യാക്കോബു് അമർഷം കഴിവതും ഗോപനം ചെയ്തു കൊണ്ടു് കൊടുങ്ങല്ലൂരിൽ ആരംഭിച്ച ലത്തീൻ വൈദീക പാഠശാലയിൽ നൂറോളം (100) വിദ്യാർത്ഥികളെ അയ ച്ചുപഠിപ്പിച്ചു(88). എങ്കിലും സഭാഭരണം പേർഷ്യൻ അ ധികാരികളിൽനിന്നും വിടർത്തി ലത്തീൻസഭാവിഭാഗത്തി നു കാഴ്ചവയ്ക്കുവാൻ മാർ യാക്കോബോ മലങ്കരസഭയോ ത യ്യാറില്ലായിരുന്നു. അതേസമയം ഏതുവിധേനയും ലത്തീ ൻഭരണത്തിനു് (പാദ്രുവാദോ) ഈ സഭയെ വിധേയപ്പെ ടുത്തുവാൻ പോർട്ടുഗീസുകാർ അതീവശ്രദ്ധാലുക്കളായി വർത്തിച്ചു.

ഈ വീക്ഷണവൈരുദ്ധ്യംമൂലം കേവലം സൗഹൃദ ത്തിലാരംഭിച്ച പോർട്ടുഗീസ്– മലങ്കരബന്ധം കാററും പിശറുംനിറഞ്ഞ സാഗരസമാനം ഭീതിനിറഞ്ഞതായിതീ ന്നു. പോർട്ടുഗീസ്തന്ത്രത്തിനു വഴങ്ങാത്ത മലങ്കരസഭയെ ഒററപ്പെടുത്തുവാൻ തന്നെ അവർ ശ്രമിച്ചു. പേർഷ്യയിൽ നിന്നും എത്തുന്നമെത്രാന്മാർ നെസ്തോറിയരായിരുന്നു എ ന്ന പ്രചരണത്തിനു് അവർവഴിമരുന്നിട്ടു. നിർഭാഗ്യത്തി നു് പേർഷ്യൻസഭ ഏകഭരണക്രമത്തിനോ,ഏകവിശ്വാസ ത്തിനോ വിധേയമായിരുന്നില്ല. അവിടെ നെസ്തോറി

www.malankaralibrary.com



യൻവിശ്വാസം പുലത്തുന്ന കാതോലിക്കാ പാത്രിയക്കീസും, കത്തോലിക്കാവിശ്വാസം പുലത്തുന്ന ബാബേൽ പാത്രിയക്കീസും യാക്കോബായ- ഓത്തഡോക്സ് വിശ്വാസംപുലത്തുന്ന തെഗ്രീസിലെ മഫ്രിയാനായും അവരുടേതായസഭാഭരണം നടത്തിക്കൊണ്ടിരുന്നു. മഫ്രിയാന മാറാനായ (പാശ്ചാത്യ) സുറിയാനിയും, കതോലിക്കാ പാത്രിയക്കീസും, നെസ്തോറിയൻ കാതോലിക്കാ പാത്രിയർക്കീസും കൽദായ (പൌരസ്ത്യ) സുറിയാനിയും ആരാധനാഭാഷയായി സ്വീകരിച്ചവരായിരുന്നു. കാതോലിക്കാ, നെസ്തോറിയൻ പാത്രിയക്കീസുമാരും അവരുടെ നേതൃത്വത്തിലുള്ളസഭയും ഒരേ പൈതൃകം ഉള്ളവരായിരുന്നു. ഒരേ പൈതൃകമുള്ളവരെങ്കിലും വ്യത്യസ്തരായ ഈ രണ്ടു പാത്രിയക്കീസുമാരും ഒരേസമയം മലങ്കരയിലേക്ക് മെത്രാന്മാരെ അയച്ച സന്ദർഭങ്ങളുണ്ട് (89). ആരാൽ അയയ്ക്കപ്പെട്ടു എന്നതിലുപരി ഇവിടത്തെ സംവിധാനം സംരക്ഷിക്കുവാൻ സന്നദ്ധരായവർ സ്വീകരിക്കപ്പെടുക എന്ന നയമായിരുന്നു മലങ്കരസഭയ്ക്കുണ്ടായിരുന്നത്. അതുകൊണ്ട് നെസ്തോറിയൻമെത്രാന്മാർ ഇവിടെവന്നിട്ടില്ലെന്നോ ഈ സഭയിൽ പ്രവത്തിച്ചിട്ടില്ലെന്നോ അവരുടെ ശൈലി ഇവിടെ ഉപയോഗിച്ചിട്ടില്ലെന്നോ ഉറപ്പിച്ചു പറയുക ദുഷ്കരമാണ് (90). അതേസമയം റോമുമായി ഐക്യമുള്ള പാത്രിയർക്കീസന്മാർ ഈ സഭയിൽ വന്നിട്ടുണ്ടെന്നും പ്രവത്തിച്ചിട്ടുണ്ടെന്നും ഉള്ളകാര്യം നിഷേധിക്കുവാനും സാദ്ധ്യമല്ല. തന്നിമിത്തം ഈ സഭ നെസ്തോറിയൻ വിശ്വാസം സംരക്ഷിച്ചസഭയായിരുന്നു എന്ന് ശഠിക്കുന്നതിൽ സത്യത്തിൻെറ അംശം കണ്ടെത്താൻ ദൂരദർശിനിയ്ക്കും സാധിക്കുമെന്നുതോന്നുന്നില്ല. എന്നാൽതന്നെയും നെസ്തോറിയൻ വിശ്വാസമുള്ളമെത്രാന്മാരുടെ ഇവിടത്തെ സാന്നിദ്ധ്യത്തെ സന്ദേഹിക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുകയും ചെയ്യുന്നു. ഈ പശ്ചാ

www.malankaralibrary.com


അലത്തിന്റെ ബലഹീനത പോർട്ടുഗീസ് തന്ത്രത്തേയും ആരോപണത്തേയും സഹായിച്ചു എന്നതിൽ സന്ദേഹി ക്കേണ്ടതില്ല.

തോമ്മാശ്ളീഹാ ഇവിടെ നിക്ഷേപിച്ചതും തനതായ ഉണ്മയാൽ പരിപോഷിപ്പിക്കപ്പെട്ടതും പേർഷ്യൻ ബാന്ധവത്തിലൂടെ സംരക്ഷിക്കപ്പെട്ടുവന്നതുമായ പൗരോഹിത്യശ്രോതസും തോമ്മാശ്ളീഹായിൽനിന്നും കയ്യേററു വാങ്ങിയതായ സത്യവിശ്വാസവും അതിന്റെ സംപൂർണ്ണതയിൽ പ്രകാശംപരത്തുന്നതിനെതിരെ പോർട്ടുഗീസുകാർ ഉയർത്തിയ വെല്ലുവിളിയാണ് ലത്തീൻസഭാഭരണ സംവിധാനം. അതിനു സഹായകമായ കൃത്രിമ കാർമേഘപടലമാണ് നെസ്തോറിയൻ വിശ്വാസമെന്ന ദോഷാപരണം എന്നു് പിൽക്കാലത്തെചരിത്രം സാക്ഷിക്കുന്നുണ്ട്. കച്ചവടത്തിനായി എത്തിയ പോർട്ടുഗീസുകാരും ഡച്ചുകാരും, ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും ഇവിടുത്തെ ഭരണാധികാരികളും രാജ്യത്തിന്റെയും മതവിശ്വാസത്തിന്റെയും സംരക്ഷകരായിത്തീരുന്നതും അധികാരപ്രമത്തതയാൽ അവരുടേതായ സഭാപാരമ്പര്യങ്ങളും ഭരണക്രമങ്ങളും അടിച്ചേൽപ്പിക്കുവാനും ശ്രമിക്കുമ്പോരം സഭാഗാത്രത്തെ വെട്ടിമുറിച്ചോ അടർത്തിയെടുത്തോ പാവനയും, കുലീനയും, ആര്യചരിതയുമായ, ക്രിസ്തുവിന്റെ ഈ മണവാട്ടിയെ മലങ്കരസഭയെ – ഭാരതമണ്ണിൽ മാർ തോമ്മാശ്ളീഹാ ''സന്നിഹിതമാക്കിയ'' ക്രിസ്തുചൈതന്യത്തെ – സഭയെ – വിരൂപപ്പെടുത്തുവാനും, നിർവീര്യയാക്കുവാനും, ഗളഹസ്തം ചെയ്യുവാനും, കാട്ടിക്കൂട്ടിയ ക്രൂരസാഹസികതയുടെ കറുത്ത പാടുകളും വിള്ളലുകളും ചരിത്രങ്ങളും ഈ നൂററാണ്ടിലും കാണപ്പെടുന്നുണ്ട്.

ജീവിതാന്ത്യംവരെയും മാർ യാക്കോബ് പിടിച്ചുനിന്നു. അദ്ദേഹത്തിന്റെ കാലമങ്ങുകഴിയട്ടെ എന്നുകരുതി

www.malankaralibrary.com


പോർട്ടുഗീസധികാരികളും ജാഗ്രതയോടെ കാത്തിരുന്നു. 1552ൽ മാർ യാക്കോബ് കാലംചെയ്തു. പോർട്ടുഗീസുകാരുടെ ഈ കണക്കുക്കൂട്ടലുകളെ തെററിച്ചുകൊണ്ടു് 1555_ൽ രക്തസാക്ഷിമകുടം ചൂടിയ മാർ സൈമൺ സൂലാക്കായുടെ സഹോദരനായ മാർ യൗസേപ്പിനെ ഇൻഡ്യയുടെ മെത്രാപ്പോലീത്തായായി അവരോധിച്ചു. മാർ ജോസഫിന്റെ സ്ഥാനാരോഹണത്തെത്തുടർന്നു് മാർ ഏലിയാസ്, മാർ ജോസഫ്, മാർ അംബ്രോസ് ബൂട്ടിംഗ് ഫാദർ 'അന്തോണിയോസ്സഹാറാ' എന്നിവരുൾപ്പെട്ട സംഘം ഓർമ്മൂസിൽനിന്നും മൊസാംബിലേക്കും അവിടെനിന്നു് ഗോവായിലേക്കും യാത്രചെയ്തു എന്നുള്ള മോൺ ബൽട്രാമിയുടെ നിഗമനത്തെ ഫാദർ വിക്കി സ്ഥിരീകരിക്കുന്നുണ്ടു്. 1556 നവംബർ അവസാനം അവർ ഗോവായിലെത്തി (91).

എന്നാൽ മാർ ഏലിയാസ് മാർ ജോസഫ് എന്നിവരെ യാത്രതുടരുവാൻ ഗോവായിലെ പരിശോധകസംഘം അനുവദിക്കാതെ 18 മാസത്തോളം സമ്മർദ്ദമുപയോഗിച്ചു് ബസേനിലെ ഫ്രാൻസിസ്കൻ ആശ്രമത്തിൽ തടഞ്ഞുനിർത്തി (92).

ഈ മേലദ്ധ്യക്ഷന്മാർക്കു് ലത്തീൻവൈദികരെപ്പോലെ സൻമാർഗ്ഗവിജ്ഞാനം ഉപരിയായിട്ടില്ലായിരുന്നെങ്കിൽപോലും അവർ യഥാർത്ഥകത്തോലിക്കാവിശ്വാസമുള്ളവരും ആഭിജാത്യമുള്ളവരും, അത്യാവശ്യ ശിക്ഷണം ഉള്ളവരും, സഭാപിതാക്കന്മാരുടെ പഠനങ്ങളോടു് അനുയോജ്യമായവിധം പൗരസ്ത്യപണ്ഡിതരുടെ സിദ്ധാന്തങ്ങൾ പഠിച്ചവരും ഇൻഡ്യയിലുള്ള പോർട്ടുഗീസുകാർക്ക് മാതൃകയാകത്തക്കവിധം ഭക്തരും, സന്യാസ സഭാംഗങ്ങളാകയാൽ ആത്മനിഗ്രഹം അഭ്യസിച്ചവരും സസ്യഭുക്കുകളും നോമ്പുകാലങ്ങളിൽ വീഞ്ഞുവർജ്ജിച്ചവരും പ്രാർത്ഥനയിലും ധ്യാനത്തിലും വളരെ സമയം ചെലവഴിക്കുന്നവരും വേദ

www.malankaralibrary.com


പുസ്തകവും സഭാപിതാക്കന്മാരുടെയും മററും ഗ്രന്ഥങ്ങളും പഠിക്കുവാൻ ഉത്സുകരും ആണ് എന്നും, അവർ സുറിയാനിഭാഷയിൽ ഭക്തിപൂർവ്വം വി: കർബ്ബാന അർപ്പിക്കുന്നതുകണ്ടു എന്നും 'ബേസൻ' ആശ്രമത്തിന്റെ സൂക്ഷിപ്പുകാരനായ "ഫ്രയർഅന്തോണിയോ ഡിപോർട്ടോ" പോർട്ടുഗൽരാജാവിനെ അറിയിക്കുകയുണ്ടായി (93).

പോർട്ടുഗീസുകാർ അദ്ദേഹത്തോട് തികഞ്ഞ അസഹിഷ്ണതയാണുകാണിച്ചത്. പേർട്ടുഗീസ് തന്ത്രങ്ങളോടുള്ള അടങ്ങാത്ത രോഷം പേർഷ്യൻ സഭയും മലങ്കര സഭയും തങ്ങളുടെ സങ്കടപത്രികകളിലൂടെ റോമിനെ അറിയിച്ചു. റോം പ്രത്യേകപരിഗണനക്കായി അത് പോർട്ടുഗീസ് അധികാരികാംക്ക് അയച്ചുകൊടുത്തു. തന്നിമിത്തം 'ലിസ്ബണിൽ' ഒരു മതവിചാരണക്കോടതി (Inquisition Court) 1547–ൽ ഏർപ്പെടുത്തപ്പെട്ടിരുന്നു. സംശയിക്കപ്പെടുന്ന വൈദീകനെയോ, അൽമായനെയോ, മെത്രാനെയോ (മെത്രാപ്പോലിത്തായെയോ) വിചാരണക്കായി ഈ കോടതിയിലേക്ക് അയക്കണമെന്നും 'വിധി തീർപ്പുണ്ടാകുന്നതുവരെ കക്ഷികളെ യാതൊരുവിധത്തിലും പീഢിപ്പിച്ചുകൂടാ' എന്നും പോർട്ടുഗീസ് ഗവൺമെൻറ് ഗോവായിലെ അധികാരികളെ അറിയിച്ചു (94).

മാർ ജോസഫും, മാർ ഏലിയാസും അബ്ദീശോ പാത്രിയക്കീസിനാൽ ഇൻഡ്യയിലേക്ക് അയക്കപ്പെട്ട കാലയളവിൽതന്നെ, അദ്ദേഹത്തിന്റെ എതിരാളിയായ (Anti Patriarch) നെസ്തോയറിൻ പാത്രിയക്കീസ് 'സൈമൺ എട്ടാമൻ ദനഹാ' (1551– 58) മാർ അബ്രാഹാമിനെയും മലങ്കരയിലേക്ക് അയച്ചു. മാർ അബ്രാഹാമിനെ നേരിടുവാനായി പേപ്പൽ പ്രതിനിധിയായ 'ബിഷപ്പ് അംബ്രോസി'നോടും അദ്ദേഹത്തിന്റെ സഹായിയായ 'ഫാദർ അന്തോണിയോസി'നോടുംകൂടി മാർ ജോസഫും

www.malankaralibrary.com


മാർ ഏലിയാസും മലങ്കരയിലേക്കപോകുവാൻ 1557-ൽ ഗോവൻ അധികാരികരം അവരെ അനുവദിച്ചു. മാർ അബ്രഹാമിൻെറ മാനസാന്തരത്തിനായി അവർ പരിശ്രമിച്ചു (95). അങ്ങനെ 1558 അവസാനത്തോടെ മാർ അബ്രഹാമിനെ തിരിച്ചയച്ചു. മാർ ഏലിയാസും പേർഷ്യയിലേക്കതിരിച്ചുപോയി. 'ബിഷപ് അംബ്രോസ്' കൊച്ചിയിൽവച്ച് നിര്യാതനായി. മാർ ജോസഫ് സഭാഭരണം നിർവിഘ്നം തുടന്നു. 1562– അവസാനത്തോടെ മാർ ജോസഫിൽ വേദവിപരീതം ആരോപിച്ചുകൊണ്ട് പോർട്ടുഗീസുകാർ അദ്ദേഹത്തെ ഗോവായിലേക്കും, അവിടെനിന്ന് 'ലിസ്ബണി'ലേക്കും, അയച്ചു. മതവിചാരണക്കോടതി അദ്ദേഹത്തെ നിരപരാധി എന്നുകണ്ട് മലങ്കരയിലേക്ക തിരിച്ചയച്ചു (96). വീണ്ടും അദ്ദേഹത്തിൽ വിശ്വാസവിപരീതം ആരോപിച്ച് 1567–ൻെറ അവസാനത്തോടെ പോർട്ടുഗീസുകാർ അദ്ദേഹത്തെ മതവിചാരണയ്ക്കായി വീണ്ടും ലിസ്ബണിലേക്ക് അയച്ചു. എങ്കിലും റോം അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുററങ്ങളൊന്നുംതന്നെ കണ്ടെത്തിയില്ല. തന്നിമിത്തം നിർദ്ദോഷിയായ അദ്ദേഹത്തെ ''കർദ്ദിനാരംപദവി'' നൽകിക്കൊണ്ടു ബഹുമാനിക്കുവാനാണ് അഭിലഷിച്ചത് (97). എന്നാൽ അതു നടപ്പാവുന്നതിനുമുമ്പുതന്നെ 1569-ൽ അദ്ദേഹം രക്തസാക്ഷിമകുടംചൂടി (98).

തിരിച്ചയയ്ക്കപ്പെട്ട മാർ അബ്രഹാം മൊസാംബിക്കിൽവെച്ച് പോർട്ടുഗീസ് തടവിൽനിന്നും രക്ഷപ്പെട്ട് കത്തോലിക്കാ പാത്രിയർക്കീസായ 'മാർ അബ്ദീശോ' യെ സമീപിച്ചു. നിസ്സഹായനായ അബ്ദീശോ പാത്രിയർക്കീസ് മാർ അബ്രഹാമിനെ 1565–ൽ റോമിലേക്ക് അയച്ചു (99).

ഇൻഡ്യയിലെ മെത്രാസനങ്ങളുടെയും അതിമെത്രാസനങ്ങളുടെയും മേലധികാരം കിഴക്കിൻെറ കാതോ

www.malankaralibrary.com


ലിക്കോസിനുണ്ടെന്ന് അബ്ദീശോ പാത്രിയക്കീസ് ട്രെൻറ് (Trent) സുന്നഹദോസിൽ അവകാശം ഉന്നയിച്ചു. പ്രസ്തുത സുന്നഹദോസിൻെറ ആറാം സമ്മേളനത്തിൽ പോർട്ടുഗീസ് അംബാസിഡർ ആ അവകാശവാദത്തിൽ പ്രതിഷേധിച്ചു (100).

മാർ ജോസഫ് നിര്യാതനാകുന്നതിനുമുമ്പ് 1565 ൽ തന്നെ അങ്കമാലി ഭദ്രാസനം വിഭജിച്ച് മാർ ജോസഫിനും മാർ അബ്രഹാമിനുമായി ഏല്പിച്ചുകൊടുക്കുവാൻ മാർ പീയൂസ് നാലമൻ പാപ്പാ പാത്രിയക്കീസിന് നിർദ്ദേശം നൽകി. പാത്രിയക്കീസിൻെറ അധികാരസീമയിൽ മെത്രാസനകേന്ദ്രങ്ങൾ തീരുമാനിക്കുവാനുള്ള അവകാശം പാത്രിയക്കീസിനാകയാൽ മെത്രാസനകേന്ദ്രങ്ങൾ നിശ്ചയിക്കുവാനും അത് നടപ്പിലാക്കുവാനും പാത്രിയക്കീസിനെ അനുവദിച്ചുകൊണ്ടുള്ള കല്പനയുടെ വിവരം 1565 ഫെബ്രുവരി മാസം 28-ാം തിയ്യതി ഗോവാ മെത്രാപ്പോലീത്തായേയും കൊച്ചിയിലെ പോർട്ടുഗീസ് മെത്രാനെയും പ്രത്യേക കല്പനവഴി മാർ പീയൂസ് പാപ്പാ തിരുമനസ്സുകൊണ്ട് അറിയിച്ചതായി എസ്. ജമീൽ സാക്ഷിക്കുന്നു (101).

1569-ൽ മാർ ജോസഫ് രക്തസാക്ഷി മകുടം ചൂടിയെങ്കിലും അദ്ദേഹം തൻെറ കൂടെ കൊണ്ടുപോയിരുന്ന സുറിയാനി ഭാഷയിലെ 18 കൈയെഴുത്തു പ്രതികളും അറബിയിലെ ഒരു തർജ്ജമയും പേർഷ്യൻ ഭാഷയിലെഴുതിയ ഒരുപ്രതിയും ഉൾപ്പടെ 20 കൈയെഴുത്തു ഗ്രന്ഥങ്ങൾ വത്തിക്കാൻ ലൈബ്രറിയിൽ ചേർക്കപ്പെട്ടു (102).

മെത്രാസന വിഭജനം താല്ക്കാലികമായിരുന്നെങ്കിലും മെത്രാസനത്തിൻെറ പകുതിയിലധികവും മാർ അബ്രഹാമിന് ഏല്പിക്കപ്പെട്ടു. എന്നാൽ ഒരാൾ നിര്യാതനായാൽ ഇതര ഭദ്രാസനത്തിൻെറയും ഭരണാധികാരം

www.malankaralibrary.com


ജീവിച്ചിരിക്കുന്ന ആരും ഏറ്റെടുക്കുവാനും നിർദ്ദേശിക്കപ്പെട്ടിരുന്നു (103).

ഭദ്രാസന വിഭജന വിവരം 1567 ആഗസ്റ്റ് 24-ാം തീയതി മാർ അബ്ദീശോ പാത്രിയർക്കീസ് ഗോവാ മെത്രാപ്പോലീത്തായെ അറിയിച്ചവിവരം 'എറമ്പാത്ത്' സാക്ഷിക്കുന്നുണ്ട് (104).

അദ്ധ്യായം 15.

## ലത്തീൻഭരണത്തിന്റെ അതിപ്രസരവും മാർ അബ്രഹാമിന്റെ വിയോജിപ്പും.

കല്പനപ്രകാരം ഗോവായിൽ എത്തിച്ചേർന്ന മാർ അബ്രഹാമിന്റെ സാക്ഷിപത്രങ്ങൾ ഗോവാ മെത്രാപ്പോലിത്താ "ജോർജ്ജ് തെമുദോ ഒ.പി. യ്ക്കും അദ്ദേഹത്തിന്റെ ആലോചനക്കാർക്കും സ്വീകാര്യമായില്ല. ഒന്നുകിൽ വ്യാജരേഖകളാണ് അല്ലെങ്കിൽ തന്ത്രപൂർവ്വം നേടിയതാണ്" എന്നനിഗമനത്തിലാണവർ എത്തിച്ചേർന്നത്. തന്നിമിത്തം ഗോവായിലെ ഡൊമിനിക്കൻ ആശ്രമത്തിൽ (1568-ൽ) അദ്ദേഹത്തെ തടവുകാരനാക്കി. എന്നാൽ സമർത്ഥനായ മാർ അബ്രഹാം മുമ്പു ചെയ്തതുപോലെ രക്ഷപ്പെട്ട് പശ്ചിമഘട്ടത്തിന്റെ തെക്കുഭാഗത്തുള്ള ഒരു കുന്നിൻചരുവിൽ എത്തി. സുറിയാനിക്കാർ അദ്ദേഹത്തെ സാഘോഷം സ്വീകരിച്ചു (105).

കർമ്മ കുശലനായ മാർ അബ്രഹാമിനെ സമ്മർദ്ദങ്ങളാൽ വിധേയപ്പെടുത്തുവാൻ സാദ്ധ്യമല്ലായെന്ന് ഗോവ മെത്രാപ്പോലീത്തായ്ക്കു ബോദ്ധ്യമായി. ചതിരുപായങ്ങളിൽ സാമ, ദാന, തന്ത്രമാണ് അവർ അദ്ദേഹത്തിൽ പ്രയോഗിച്ചു നോക്കിയത്. പോർട്ടുഗീസ് തന്ത്രത്തെക്കുറിച്ച് സുദൃഢ ബോദ്ധ്യമുണ്ടായിരുന്ന മാർ അബ്രഹാം

www.malankaralibrary.com


ഗോവയിലെ ദ്വിതീയ സുന്നഹദോസിനുള്ള ക്ഷണം നിരസിച്ചു. ഇതികർത്തവ്യതാമൂഢരായ സുന്നഹദോസംഗങ്ങൾ മൂന്നാം സമ്മേളനത്തിലെ ഒന്നാം ഡിക്രിയിലൂടെ മാർപാപ്പായോട് ഇപ്രകാരം അപേക്ഷിച്ചു. (1a) 'മാർതോമ്മാ ക്രിസ്ത്യാനികളുടെ മെത്രാന്മാർ കൽദായ പാത്രിയർക്കീസിനാലല്ല പോർട്ടുഗീസു രാജാവിനാലാണ് നിയന്ത്രിക്കപ്പെടേണ്ടത്.' (1b) 'ഇത് അസാദ്ധ്യമെങ്കിൽ അങ്കമാലി മെത്രാസനത്തെയും സുറിയാനി ക്രിസ്ത്യാനികളെയും ഗോവാ പ്രോവിൻസിനു വിധേയപ്പെടുത്തണം, എന്തെന്നാൽ അങ്കമാലി മെത്രാപ്പോലീത്തായ്ക്കു സഫ്രഗരായി ഇവിടെ ആരുമില്ല, പേർഷ്യയിൽ പോവുക ശ്രമകരവുമാണ് (106)

റോമൻ കൂരിയായുടെ നടപടിക്രമങ്ങളെക്കുറിച്ച് സുജ്ഞാതനായിരുന്ന മാർ അബ്രഹാം കൊച്ചിരാജാവു വഴിയായി മാർപാപ്പായുമായി ബന്ധപ്പെട്ടു. കൂടാതെ മാർ അബ്രഹാം സ്വയമായി (1572-85) മാർ ഗ്രീഗോറിയോസ് പതിമൂന്നാമൻ പാപ്പായ്ക്കു ഒരു വിശ്വാസ പ്രഖ്യാപനവും സമർപ്പിച്ചു. 1578 ജനുവരി 3-ാംതീയതി അദ്ദേഹം വീണ്ടും മാർപാപ്പായ്ക്കു എഴുതി (107).

ഇതിനകം നെസ്തോറിയൻ പാത്രിയർക്കീസായ ഏലിയാസ് ഏഴാമൻ (1576-91) സൈമൺ എന്നൊരാളെ ഇൻഡ്യയിലേക്കയച്ചു. 1585-ൽ റോമൻ കൂരിയാ നടത്തിയ അന്വേഷണത്തിൻെറ വെളിച്ചത്തിൽ അയാൾ ഒരു മെത്രാനോ കേവലം വൈദീകൻ പോലുമോ അല്ല എന്നാണ് തെളിഞ്ഞത് (108). എങ്കിൽ തന്നെയും യാക്കോബ് എന്ന പേരുള്ള ഒരു തദ്ദേശ വൈദീകനെ വികാരി ജനറാളായിട്ട് നിയമിച്ചുകൊണ്ടാണ് അയാൾ ഈ നാട്ടിൽനിന്നും വിടവാങ്ങിയത് (109).

മാർ അബ്രഹാമും ഈശോസഭക്കാരുമായുള്ള (പോർട്ടുഗീസുകാർ) ബന്ധം അത്ര സുഖകരമായിരുന്നില്ല.

www.malankaralibrary.com


താൻ കാലംചെയ്താൽ മലങ്കരസഭ വൈധവ്യം പ്രാപിക്കാനുള്ള സാദ്ധ്യത വ്യക്തമായി അദ്ദേഹം കാണുന്നുണ്ടായിരുന്നു. ഈ ദുർവിധി മലങ്കരസഭയ്ക്കു സംഭവിക്കാതിരിക്കുവാനുള്ള വ്യഗ്രതയാൽ 'ഗീവറുഗീസ് അർക്കദിയാക്കോനെ' പിൻഗാമിയായി വാഴിക്കുവാനുള്ള അനുവാദത്തിനായി 1578 — 1580 മെയ്‌വരെ റോമുമായി എഴുത്തുകുത്തുകൾ നടത്തിവന്നു. യഥാവസരം റോം അതിന് മറുപടി നൽകുകയും ചെയ്തു (110).

മാർ അബ്രഹാം കാലം ചെയ്താൽ അർക്കദിയാക്കോനെ അഡ്മിനിസ്ട്രേറ്ററായി സ്ഥിരപ്പെടുത്തിക്കൊണ്ട് തിരുസിംഹാസനം കല്പന പുറപ്പെടുവിച്ചു. 1580 മാർച്ച് 4-ന് ഗീവറുഗീസ് അർക്കദിയാക്കോനെ പാലയൂരിന്റെ മെത്രാനും മാർ അബ്രഹാമിന്റെ സഫ്രഗനുമായി നിശ്ചയിച്ചുകൊണ്ടുള്ള തെരഞ്ഞെടുപ്പ് തിരുസിംഹാസനം സ്ഥിരപ്പെടുത്തി. 1568-ൽ മാർ അബ്രഹാം മടങ്ങി വന്നപ്പോൾതന്നെ അർക്കദിയാക്കോനെ 'പാലയൂരിന്റെ' മെത്രാനായി അഭിഷേകം ചെയ്യുവാനുള്ള എല്ലാ അധികാരങ്ങളും കൽദായ പാത്രിയർക്കീസിൽ നിന്നും രേഖാമൂലം സമ്പാദിച്ചിരുന്നു. പാത്രിയർക്കാ സുന്നഹദോസുതന്നെ ഗീവറുഗീസ് അർക്കദിയാക്കോനെ മാർ അബ്രഹാമിന്റെ ശുപാർശപ്രകാരം തൽസ്ഥാനത്തേക്കു തെരഞ്ഞെടുത്തിരുന്നു. നിർഭാഗ്യവശാൽ അഭിഷേകം നടന്നില്ല.

മാർ പാപ്പയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വൈമനസ്യത്തോടെയെങ്കിൽ തന്നെയും മാർ അബ്രഹാം ഗോവായിലെ ത്രിദീയ സുന്നഹദോസിൽ (1579) സംബന്ധിച്ചു. ഗോവാ സുന്നഹദോസിലേക്കുള്ള ക്ഷണം വരാൻ താമസിച്ചതുകൊണ്ട് ഈശോ സഭക്കാരുടെ ഉപദേശപ്രകാരം മാർ അബ്രഹാം 1583 ഒക്ടോബറിൽ ഒരു ശുപ

www.malankaralibrary.com


തംസുന്നഹദോസ് വിളിച്ചുകൂട്ടി. 1584 ജനുവരി 13 ന് ഈ വിവരം അദ്ദേഹം പരിശുദ്ധ പിതാവിനെ അറിയിച്ചു. (111)

രൂപതാ സുന്നഹദോസ് നടന്നു എങ്കിൽ തന്നെയും 1584 ജൂൺ 5-ാം തിയ്യതി ഗോവായിൽ പ്രാദേശിക (Provincial) സുന്നഹദോസു സമ്മേളിച്ചു. പ്രസ്തുത സുന്നഹദോസിൻെറ മൂന്നാം സമ്മേളനം മുഴുവൻ അങ്കമാലി ഭദ്രാസനത്തെ സംബന്ധിച്ചു മാത്രമായിരുന്നു. വൈപ്പിൻ കോട്ടയിൽ ഒരു സെമ്മിനാരി ഈശോസഭാ വൈദീകർക്കായി ഏൽപ്പിക്കപ്പെട്ടിരുന്നു എങ്കിലും ഒരു സെമ്മിനാരി സ്ഥാപിക്കണമെന്നു തന്നെ സുന്നഹദോസ് തീരുമാനിച്ചു. ഇതര രൂപതകളിൽ നിന്നുമുള്ള വൈദീകരെപ്പോലും ആ സെമ്മിനാരിയിൽ സ്വീകരിക്കണമെന്നു നിശ്ചയിച്ചു. ആരാധനാ വിധികരം ലത്തീനീകരിക്കപ്പെടണമെന്ന വിവാദ പരമായ തീരുമാനത്തിന് ഊന്നൽ കൊടുത്തു. വൈമനസ്യത്തോടെയെങ്കിലും അതിൽ ഒപ്പുവെക്കുവാൻ മാർ അബ്രഹാം നിർബന്ധിതനായി തീർന്നു. ഫാദർ റോസിനെ മാർ അബ്രഹാമിൻെറ ഉപദേഷ്ടാവും സഹായ മെത്രാനുമായി നിയമിക്കാൻ സുന്നഹദോസ് തീരുമാനിച്ചു.

ഗീവറുഗീസ് അർക്കദെയാക്കോൻ 1585 ന് മുമ്പ് കാലം ചെയ്തു. പിന്നാലെ യൂഹാനോൻ(John) ജേക്കബ് (യാക്കോബ്) എന്നിവർ 1593 ന് മുമ്പുള്ള കാലഘട്ടത്തിൽ അർക്കദെയാക്കോന്മാരായി പ്രവർത്തിച്ചു. (112)

1590-ൽ വൈപ്പിൻ കോട്ടയിലെ സെമ്മിനാരിക്കാർക്ക് ലത്തീൻ ക്രമപ്രകാരം പട്ടം നൽകുവാൻ മാർ അബ്രഹാം വിസമ്മതിച്ചു. മാർ അബ്രഹാമിനോട് തെല്ലും ബഹുമാനമില്ലെന്നു് ഫാദർ റോസ് വ്യക്തമാക്കി

www.malankaralibrary.com


യിരുന്നു (113). 1593_ൽ കുരിശിന്റെ ജോർജ്ജ് (George of the Cross) എന്ന ഗീവറുഗീസിനെ അർക്കദയാക്കോനായി മാർ അബ്രഹാം നിയമിച്ചു. 1594_ൽ ശരിയായ പിൻതുടർച്ചാവകാശമുള്ള ഒരു സഹായിയെ വാഴിച്ചുകിട്ടുവാൻ മാർ അബ്രഹാം റോമിനെ സമീപിച്ചു (114).

1595 ജനുവരി 27_ാംതീയതി മാർ ക്ലീമിസ് എട്ടാമൻ പാപ്പാ (1592_1605) മാർ അബ്രഹാമിന്റെ വിശ്വാസത്തേയും ജീവിതത്തെയും പററി അന്വേഷിക്കുവാൻ ഗോവാ മെത്രാപ്പോലീത്തായെ നിയമിച്ചു (115). ഈ എഴുത്ത് ഗോവായിൽ എത്തുന്നതിനുമുമ്പ് മാർ അബ്രഹാം രോഗാതുരനായി. ഈശോസഭക്കാരാൽ തൈലാഭിഷേകം സ്വീകരിച്ചു എന്ന് ഫാദർ ജെകാസ്റ്റേററ്സ് സാക്ഷിക്കുന്നു (116). എന്നാൽ താമസംവിനാ രോഗവിമുക്തനായ മാർ അബ്രഹാം ഭരണം ഏറെറടുത്തു. താമസംവിനാ അലക്സീസ്. ഡി. മെനെസ്സിസ്സ് ഡി.ഇ.എസ്.എ. ഗോവായുടെ പുതിയ മെത്രാപ്പോലീത്തായായി ഭരണമേററു. 1597_ൽ മാർ അബ്രഹാം കാലം ചെയ്തു (117).

## ദേശീയ ഹയരാർക്കി സ്ഥാപനത്തിനുള്ള വഴിതെളിയുന്നു.

ഇതേ തുടർന്ന് റോം പ്രതിസന്ധിയിലായി. കൽദായ പാത്രിയാർക്കീസിനെയും പോർട്ടുഗീസ് അധികാരികളെയും അവഗണിക്കുക പ്രയാസമായിതീർന്നു. ഏതദ്ദേശീയ മത്സരം ഒഴിവാക്കാനായി പുതിയ മെത്രാനെ നിയമിക്കുന്നതുവരെ അങ്കമാലി ഭദ്രാസനത്തിന്റെ ഭരണമേറെറടുക്കാൻ മാർ അബ്രഹാമിന്റെ അർക്കദയാക്കോനായിരുന്ന കുരിശിന്റെ ജോർജ്ജ് എന്ന ഗീവറുഗീസ് അർക്കദയാക്കോനെ നിർദ്ദേശിച്ചുകൊണ്ട് 1597 ജനുവരി 3 ന് മാർ ഗ്രിഗറി പതിമൂന്നാമൻ പാപ്പാ കല്പന പുറപ്പെടുവിച്ചു. മരണത്തിനു ഏതാനും ദിവസം മുമ്പുതന്നെ

www.malankaralibrary.com


തൻെറ വൈദീകർ അർക്കദെയാക്കോനു് വിധേയരാകണമെന്നു് മാർ അബ്രഹാം ഉപദേശിച്ചിരുന്നു.

നിർഭാഗ്യവശാൽ ദേശീയഹയരാക്കി സ്ഥാപിക്കുവാനുള്ള സുവർണ്ണാവസരം അർക്കദെയാക്കോൻെറ നിര്യാണത്തോടെ നഷ്ടപ്പെടുകയാണുണ്ടായതു് (118).

അദ്ധ്യായം 16

## മാർ മെനെസിസ് അധികാരം പ്രാപിക്കുന്നു

മെനെസ്സിസ്സു് മെത്രപ്പോലീത്തായുടെ ആദ്യദിവസങ്ങൾ വിഷമതരമായിരുന്നു. ഒന്നാമതായി പുതിയ ചുററുപാടിൽ, നേരത്തേ ഉണ്ടായിരുന്ന നടപടികൾ, ആചാരങ്ങൾ, നിബന്ധനകൾ എന്നിവയ്ക്കു് ലംഘനം ഉണ്ടാവരുതു്. രണ്ടാമതായി പഴയ ആചാരത്തിൽനിന്നും വ്യത്യസ്തമായി ഇപ്പോഴുള്ള നിയമനം ഇപ്രാവശ്യത്തേക്കു മാത്രമായിട്ടാണു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് (119).

പാരമ്പര്യവിധിപ്രകാരം ഗീവറുഗീസ്അർക്കദെയാക്കോൻ ഭദ്രാസനഭരണം ഏററു. എന്നാൽ ഗോവാമെത്രാപ്പോലീത്താ അങ്കമാലിഭദ്രാസനത്തിൽ ഭരണം നടത്തുന്ന ആർച്ചുഡീക്കനെ സ്ഥാനഭ്രഷ്ടനാക്കാതെ തന്നെ അദ്ദേഹത്തിൻെറ ഉപദേശകരായി (Vicar Apostolica) ഫാദർ റോസിനെയും വൈപ്പിൻകോട്ട സിമ്മിനാരിയുടെ ശ്രേഷ്ഠനേയും നിയമിച്ചു. ഇതു് അക്ദെയാക്കോനും മാർത്തോമ്മാക്രിസ്ത്യാനികൾക്കും അഹിതമായിതീരുകയാണുണ്ടായതു്. തന്നിമിത്തം പേർഷ്യയിൽ നിന്നുള്ള പുതിയ മേല്പട്ടക്കാരൻെറ വരവുപ്രതീക്ഷിച്ചുകൊണ്ടു് അക്ദെയാക്കോൻ പതിവുള്ള വിശ്വാസപ്രഖ്യാപനം മാററിവെച്ചു. (120) താമസം

www.malankaralibrary.com


വിനാ അദ്ദേഹം പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. സുറിയാനിറീത്തും, ആചാരങ്ങളും 'വി.തോമ്മായുടെ നിയമവും' സംരക്ഷിക്കമെന്നും റോമാസിംഹാസനത്തിന്റെ ഐക്യത്തിലുള്ള സൈമൺ ദനഹാ ഒമ്പതാമൻ അംഗീകരിക്കാത്ത മെത്രാനെ നിരാകരിക്കുന്നതാണെന്നും തീരുമാനിച്ചു.

മാർ മെനെസ്സിസ്സ് 1598 ഡിസംബർ 27 മുതൽ പള്ളിസന്ദർശനം ആരംഭിച്ചു. സെറീനിലെ സ്ഥാനികമെത്രാനായ 'അന്തോണിയോ ദി ഗ്രൂവീയാ' യുടെ പ്രസ്താവന അനുസരിച്ച് 70,000 മാർത്തോമ്മാ ക്രിസ്ത്യാനികാം അന്നുണ്ടായിരുന്നു. ഹൈന്ദവക്ഷേത്രങ്ങളോട് തുലനം ചെയ്താൽ അവരുടെ ദൈവാലയങ്ങാം ലളിതമായിരുന്നെങ്കിലും പ: ത്രിത്വത്തിൽ അവർ അടിയുറച്ച് വിശ്വസിച്ചിരുന്നവരാണ്. മാമോദീസായും മൂറോനും വൈദീകരിൽ നിന്നും പൗരസ്ത്യ റീത്തനുസരിച്ച് സ്വീകരിച്ചത് ലത്തീൻകാർക്ക മനസ്സിലാകുമായിരുന്നില്ല. കത്തോലിക്കരും നെസ്തോറിയരുമായ മെത്രാന്മാർ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കാതെ രഹസ്യമായി അവർ മലബാറിലേക്ക വന്നിരുന്നതുകൊണ്ട് പിൻവാതലിലൂടെ അകത്തു കടക്കുന്ന കള്ളന്മാരായി അവർ ചിത്രീകരിക്കപ്പെട്ടു. സെല്യൂഷ്യാ കത്തോലിക്കാ കതോലിക്കോസിൽ നിന്നുപോലും മെത്രാന്മാർ ഇവിടെ വരാനിടയാകാത്തവിധം അവർ ഗൂഢതന്ത്രങ്ങാം ഒരുക്കി. സുറിയാനി ശുശ്രൂഷ യിൽ സെല്യൂഷ്യൻ (ബാബിലോൺ) പാത്രിയക്കീസിന് പ്രധാന്യം നൽകി പ്രാത്ഥിച്ചതിൽ മെനെസ്സിസ്സ് അമർഷം പൂണ്ടു. മാർപാപ്പയുടെ സ്ഥാനത്തിന്മേലുള്ള കയ്യേററമായി അതു വ്യാഖ്യാനിക്കപ്പെട്ടു. വി: കർബ്ബാനയിൽ പാത്രിയക്കീസിന്റെ നാമം ഉച്ചരിക്കുന്നവരെ മഹറോൻ ശിക്ഷയിൽ ഉാംപ്പെടുത്തുമെന്ന് അദ്ദേഹം ഭീഷണിപ്പെടുത്തി.

www.malankaralibrary.com


സിമ്മിനാരി വിദ്യാർത്ഥികൾക്ക വൈദീകാഭിഷേകം നൽകുന്നതിൽ സഹകരിക്കാൻ മാർ മെനെസ്സിസ്സ് അർക്കദെയാക്കോനെ ക്ഷണിച്ചു. മാർ ക്ലീമിസ് എട്ടാമൻ പാപ്പായുടെ കല്പനയുടെ വെളിച്ചത്തിൽ അദ്ദേഹം അതു നിരസിച്ചു. സുറിയാനിക്കാരുടെ മേൽ ഗോവാ മെത്രാപ്പോലീത്തായ്ക്കു യാതൊരു അധികാരവും നൽകിയിട്ടില്ല എന്ന നിലപാടാണ് അർക്കദെയാക്കോൻ സ്വീകരിച്ചതു്. മെനെസ്സിസ്സ് മെത്രാപ്പോലീത്തായിൽ നിന്നും പട്ടം സ്വീകരിക്കുന്ന സുറിയാനിക്കാർ മഹറോൻ ശിക്ഷക്കവിധേയരാകുമെന്നും അങ്കമാലി ഭ്രാസനത്തിൽ സ്ഥാനമില്ലാത്തവരാകുമെന്നും അർക്കദെയാക്കോൻ പ്രഖ്യാപിച്ചു. ഇവയെല്ലാം അവഗണിച്ച് മെത്രാപ്പോലീത്താ 38 പേർക്ക പട്ടം നൽകി.

കടുത്തുരുത്തിയിലുണ്ടായിരുന്ന വൈദീകരുടെ അപേക്ഷപ്രകാരംവടക്കുംകൂർ രാജഞി മെനെസ്സിസ്സ് അതുത്തിവിട്ടുകൊള്ളണമെന്ന് ആജ്ഞാപിച്ചു. 1500 വർഷങ്ങൾക്ക മുമ്പ് വിദേശീയ മെത്രാന്മാർക്ക ഇവിടെ തിരുകർമ്മങ്ങൾ നടത്തുവാൻ നൽകിയ അവകാശം തനിക്കും നൽകണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടതു്. ലത്തീൻകാരുടെമേലും സുറിയാനിക്കാരുടെ മേലും തനിക്കധികാരമുണ്ടെന്നു കാണിക്കാൻ അദ്ദേഹം രണ്ടു വിധശുശ്രൂഷകളിലും സംബന്ധിച്ചു. വിവിധ തന്ത്രങ്ങളിലൂടെ മലങ്കരയിൽ ഇദംപ്രഥമമായി കടുത്തുരുത്തി പള്ളി മെനെസ്സിസ്സ് കൈവശപ്പെടുത്തി (121).

—O—

www.malankaralibrary.com



അദ്ധ്യായം 17

## ഉദയംപേരൂർ സുന്നഹദോസ്

അർക്കദയാക്കോനെ പിണക്കുന്നതു് ശരിയല്ലായെന്നു് താമസംവിനാ മാർമെനെസ്സിസ്സിനു ബോദ്ധ്യമായി. തന്നിമിത്തം അദ്ദേഹവുമായി യോജിപ്പിലെത്താനുള്ള വഴി ആരാഞ്ഞു. അവസാനം അദ്ദേഹവുമായി യോജിപ്പിലെത്തി. അവർ ഇരുവരും ചേർന്നു് മലങ്കരയിലെ പ്രമുഖ ദൈവാലയങ്ങൾ പലതും സന്ദർശിച്ചു. സഭയെ നവീകരിക്കുവാൻ എന്ന നിലയിൽ വൈദീകരും അൽമായരും അർക്കദയാക്കോനും മെത്രാപ്പോലീത്തായും ചേർന്ന ഒരു സുന്നഹദോസ് ഉദയംപേരൂർ വച്ചു് 1599 ജൂൺ 20-ാംതീയതി പെന്തിക്കസ്തി കഴിഞ്ഞു വരുന്ന മൂന്നാം ഞായറാഴ്ച ചേരണമെന്നു് അവർ തീരുമാനിച്ചു.

എല്ലാ വൈദികരും ഒരു ഇടവകയെ പ്രതിനിധീകരിച്ചു് 4 അൽമായ പ്രമുഖരും അതിൽ സംബന്ധിക്കുവാൻ നിഷ്കർഷിച്ചു. ത്രെന്തോസ് സുന്നഹദോസ് അനുശാസിക്കുന്നവിധം വിശ്വാസപ്രമാണം സുവിശേഷത്തിൽ കൈവെച്ചുകൊണ്ടു ചൊല്ലുന്നതിനെ അനേകം സുറിയാനിക്കാർ എതിർത്തു. തങ്ങൾ എന്നും സത്യക്രിസ്ത്യാനികൾ ആയിരുന്നതുകൊണ്ടു് പരസ്യമായി ഈ വിധം അതു വായിക്കുവാൻ ആവശ്യപ്പെട്ടതു് അവഹേളനമായി അവർ പരിഗണിച്ചു. മെനെസ്സിസ്സിന്റെ വിശദീകരണത്തിനുശേഷം ആർച്ചുഡീക്കനടക്കം വിശ്വാസപ്രഖ്യാപനം നടത്തി. സമ്മേളനം 7 മണിക്കൂർ ദീർഘിച്ചു. വൈദീകർ സുറിയാനിയിലും അൽമായർ മലയാളത്തിലും സംസാരിച്ചു.

വിശ്വാസത്തിന്റെ മൗലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന രണ്ടാം സമ്മേളനത്തിൽ കൊച്ചിയിൽ നിന്നുള്ള സന്യാസികളോ പോർട്ടുഗീസ് വൈദീകരോ ഇടപെ

www.malankaralibrary.com


ടുന്നതിനെ സുറിയാനിക്കാർ എതിർത്തു. മെത്രാപ്പോലീത്താ അതു സമ്മതിച്ചു. എന്നാൽ അതോടെ നടപടിക്രമം അദ്ദേഹം പരിഷ്കരിച്ചു. വിശ്വാസ വിഷയങ്ങളെ സംബന്ധിച്ച് അഭിപ്രായം പറയാൻ ആരെയും അനുവദിച്ചില്ല.

എസ്സേർ, തോബിയാസ്, മഹാജ്ഞാനം പത്രോസിൻെറ രണ്ടാം ലേഖനം, യോഹന്നാൻെറ രണ്ടും മൂന്നും ലേഖനങ്ങൾ, യൂദായുടെ ലേഖനം വെളിപാട് ഇവ ഇവിടുത്തെ വേദപുസ്തകത്തിൽ ഉണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ ഇതു് ഇവിടുത്തെമാത്രം പ്രശ്നമായിരുന്നില്ല. സുറിയാനിമൂലത്തിലുള്ള വേദപുസ്തകം നെസ്തോറിയൻ പാഷാണ്ഡതയ്ക്കുമുമ്പ് എവിടെയും ഒരുപോലെയായിരുന്നു (122).

സുന്നഹദോസ് ഡിക്രീയിലെ 2_ാം മൗത്വാ 1_ാം കാനോൻ ''ബാവായും പുത്രനും റൂഹാദക്കുദിശായും പട്ടാങ്ങയായ മൂവൊരുവൻതമ്പുരാൻെറ നാമത്താൽ മിശിഹാപിറന്നിട്ടു് 1599_ാം കാലം നസ്രാണികൾ ഒക്കെക്കും തലയാകുന്ന 'ക്ലെമ്മീസ്' എന്ന ശുദ്ധമാന പാപ്പാടെ ഏഴാം ആണ്ടിൽ മലങ്കര രാജ്യത്തെ 'ഉദിയൻപേരൂരേ' 'മർത്ത മറിയം ഉമ്മാടെ' പള്ളിക്കൽ നിന്നു് ജൂൺ ഞായർ 21_ാം തീയതി പ്രത്തുക്കാൽ രാജ്യത്തിന്നു് കീഴക്കുള്ള മെത്രാന്മാർക്കു് ശുദ്ധമാന മാർപാപ്പാടെ പ്രമാണത്താലെ തലവനായ മാർ അലക്സിസ് മെത്രാൻ'' (123).

1578_ൽ തന്നെ സുറിയാനി റീത്തിൽ പട്ടം സ്വീകരിച്ചവർക്ക് വീണ്ടും പട്ടം കൊടുക്കണമെന്ന് ഗോവായിലെ സുന്നഹദോസ് തീരുമാനിച്ചിരുന്നു. വൈപ്പിൻ കോട്ട സിമ്മിനാരിയിൽ സുറിയാനി പഠിപ്പിക്കേണ്ടതില്ലെന്നും ചിലർ റോമിലേക്കെഴുതിയിരുന്നു. എന്നാൽ മാർപാപ്പാ ആ നീക്കത്തെ അനുകൂലിച്ചില്ല എന്നു മാത്രമല്ല

www.malankaralibrary.com


വിവിധതരം വസ്ത്രങ്ങൾ അണിഞ്ഞ ഒരു രാജ്ഞിയാണ് സഭ. പലതരം റീത്തുകളത്രേ അവളുടെ ആഭരണം' എന്ന തായിരുന്നു അദ്ദേഹത്തിൻെറ ന്യായം എന്ന് ഫെറോളി സാക്ഷ്യപ്പെടുത്തുന്നു (124).

കേവലം 40 വയസ്സുപ്രായമുള്ള മെനെസ്സിസ്സ് മെത്രാപ്പോലിത്താ അനാവശ്യമായ ധൃതികൂട്ടലും സ്വജന പക്ഷം മാത്രം ശരിയെന്നുള്ള ബോദ്ധ്യവും പരഹൃദയജ്ഞാ നത്തിൻെറ അഭാവം മൂലവും സൂന്നഹദോസിൻെറ സത് ഫലങ്ങളെ നിഷ്ഫലമാക്കി എന്ന് അഭിപ്രായപ്പെടുന്ന വരും ഉണ്ട് (125). മലങ്കരസഭയുടെ ഉദ്ധരണത്തിൽ യാ തൊരു അധികാരവുമില്ലാത്തവരാണ് ഈ സൂന്നഹദോസു വിളിച്ചുകൂട്ടിയതെന്നതു വിചിത്രമായി അവശേഷിക്കുന്നു. ഉദയംപേരൂർ സൂന്നഹദോസിൻെറ ഡിക്രികളെ മലങ്കര നസ്രാണികളുടെ വിശ്വാസ സംബന്ധമായ രേഖയായി സ്വീകരിപ്പാൻ പാടില്ല എന്ന ചിന്ത പ്രബലമായിരുന്നു (126). ഈ സൂന്നഹദോസിൻെറ സാധുതയേയും ഉദ്ദേശ ശുദ്ധിയേയും ഫാദർ പ്ലാസീഡ്, ഫാദർ തളിയത്തു് എ ന്നിവർ സകാരണം എതിർക്കുന്നുണ്ട് (127). ഈ നിഗമന ത്തെ സാധൂകരിക്കുന്ന റോസ് മെത്രാൻെറ നിഗമനത്തെ ഇങ്ങനെ സംഗ്രഹിക്കാം (128). 1. ഉദയംപേരൂർ സൂന്ന ഹദോസ് നൈയ്യാമികമല്ല. സൂന്നഹദോസിൽ 133 വൈ ദീകരും 20 ശെമ്മാശന്മാരും 660 അൽമായ പ്രതിനിധി കളും സംബന്ധിച്ചിരുന്നു എന്നാണ് കെ. എൻ. ദാനി യേൽ ഉദയംപേരൂർ സൂന്നഹദോസിൻെറ കാനോനാകൾ എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നത് (129). എന്നാൽ 153 വൈദീകരും 671 അൽമായ പ്രതിനിധിക ളും എന്ന അഭിപ്രായവും ഉണ്ട് (130). 153 വൈദീകരും 660 അൽമായരും സംബന്ധിച്ച്ഒപ്പിട്ടു എന്നു മറെറാരു രേ ഖയിലും കാണുന്നുണ്ട് (131). നിരോധിക്കപ്പെട്ട ഗ്രന്ഥ ങ്ങളെല്ലാംതന്നെ അഗ്നിക്കിരയാക്കി (132). ഈ സൂന്നഹ ദോസിൻേറതായി 267 കാനോനാകൾ ഉണ്ട്. സഭയുടെ

www.malankaralibrary.com



നവീകരണത്തിനുതകുന്നവയോടൊപ്പം ഈ സഭയുടെ ചൈതന്യത്തേയും പൗരസ്ത്യപാരമ്പര്യങ്ങളെയും തട്ടിത്ത കർത്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. സൂന്നഹദോസു വ്യവ സ്ഥകളോടു വിയോജിപ്പുണ്ടായിരുന്ന ഒരു വൈദീകൻ പുറത്തിറങ്ങി കാൽ കുപ്പായത്തിന്റെ സ്ഥാനത്തു് കമ്മീ സും കമ്മീസിന്റെ സ്ഥാനത്തു് കാൽകുപ്പായവും പുറമേ ധ രിച്ചു് എല്ലാം തലകീഴായി എന്നു പറഞ്ഞുവെന്നും പ്രസ്താ വമുണ്ട്. (133).

തീരുമാനങ്ങൾ ചർച്ചകളിലൂടെ രൂപംപ്രാപിച്ച തല്ല, ഏകപക്ഷീയമായ തീരുമാനങ്ങളായിരുന്നു എന്നു കരുതുന്ന ചരിത്രകാരന്മാർ കുറവല്ല. പരിശുദ്ധ സിംഹാ സനം മററു പ്രദേശങ്ങളിൽ പ്രത്യേകിച്ചു് സമീപ പൂർ വദേശത്തും ഇററലിയിൽപോലും അനുവർത്തിച്ച നയ ത്തിനു് വിരുദ്ധമായിരുന്നു. ഉദയംപേരൂർ സൂന്നഹദോ സിലൂടെ മാർ മെനെസ്സിസ്സ് സിദ്ധാന്തിച്ച നയ വൈകൃ തങ്ങൾ എന്നതു് സംശയരഹിതമാണു് എന്ന നിഗമ നമാണു് കത്തിനാരം യൂജിൻ ടിസറാംഗ് വച്ചുപുലർത്തി യതു് (134). ഒരു റീത്തിനെ മാററിമറിച്ചു് ലത്തീൻ റീത്താക്കുന്ന നയം റോമിന്റേതായിരുന്നില്ല. ഉദയംപേ രൂർ ഡിക്രികൾ ഔദ്യോഗികമായി റോം അംഗീകരി ച്ചിട്ടുമില്ല. എന്നാലും മാർ ക്ലിമ്മീസ് എട്ടാം പാപ്പായിൽ നിന്നും പ്രോത്സാഹജനകമായ ബൂളാ മാർ മെനെസ്സിസ്സി നു ലഭിച്ചു എന്നതിനു രേഖയുണ്ടു്. എന്നാൽ ആ പ്രോ ത്സാഹനം ഏതു കാര്യത്തിലായിരുന്നു എന്ന സംശയം അവശേഷിക്കുന്നു (135). ക്രൂപതാ സൂന്നഹദോസുകൾക്കു് റോമിന്റെ പരിശോധനയുടെ ആവശ്യമില്ലാ എന്നതി നാൽ ഈ സൂന്നഹദോസിനു് റോമിന്റെ അംഗീകാരം ആവശ്യമില്ലാത്തതാണു്. എന്തെല്ലാം വാദിച്ചാൽപോലും പരോക്ഷമായിപ്പോലും മെനെസ്സിസ്സിന്റെ പ്രവർത്തികൾക്കു് റോമിൽനിന്നും കാനോനികമായി അംഗീകാരം ലഭിച്ചി ട്ടില്ല എന്നകാര്യം പകൽപോലെ വ്യക്തമാണു് (136).

www.malankaralibrary.com



2. സുന്നഹദോസുകളുടെ ഉള്ളടക്കം അതിൽ സംബന്ധിച്ചിരുന്നവർക്ക് അജ്ഞാതമായിരുന്നു. തിരുത്തലുകൾക്കും സ്ഥാനമില്ലായിരുന്നു. അതിനാൽ യഥാർത്ഥത്തിൽ ചില നിയമങ്ങൾ എഴുതി ഉണ്ടാക്കി എന്നതിലുപരി ഉദയം പേരൂരിൽ ഒരു സുന്നഹദോസേ ഇല്ലായിരുന്നു.

3. ക്രിസ്ത്യാനികൾക്ക് ദുസ്സഹമായ പലതും ഈ സുന്നഹദോസിന്റെ നിയമത്തിലുണ്ട്.

4. ഇവിടെ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ ആചാരങ്ങളെയും സമ്പ്രദായങ്ങളെയും സംബന്ധിച്ച ഡിക്രികൾ മാർപാപ്പ അംഗീകരിക്കയാണെങ്കിൽ അത് മാരക പാപം ചെയ്യുന്നതിന് അവർക്ക് അവസരം ഉണ്ടാക്കിക്കൊടുക്കമായിരുന്നു.

5. റോസ് മെത്രാന്റെ നിർബന്ധം മൂലമാണ് ഒപ്പിട്ടു കിട്ടിയിട്ടുള്ളത്.

6. സമ്മേളനശേഷം മാർ മെനെസ്സീസ്സ് കുറെ നിയമങ്ങൾ കൂടി എഴുതിച്ചേർത്തു.

7. 1603–ൽ മലങ്കര സഭയുടെ ആവശ്യങ്ങളിൽ പലതിനേയും മാനിച്ച് മാർ റോസ് ചില മാററങ്ങൾ വരുത്തി.

8. നടപടികളും അതിനുലഭിച്ച ഒപ്പുകളും മെനെസ്സിസ്സിന് അയച്ചുകൊടുത്തു എങ്കിലും അവ നിരാകരിക്കപ്പെട്ടു മാറ് ഈശോസഭാശ്രേഷ്ഠന്മാർ ശ്രദ്ധിക്കണമെന്നുകാണിച്ച് മാർ റോസ് എഴുതിയിരുന്നു (137).

വർത്തമാന പുസ്തക ഗ്രന്ഥകാരൻ (1785) എഴുതുന്നു: "സാർവത്രിക കൂട്ടായ്മയിലേക്ക് (കത്തോലിക്കാ സഭയിലേക്ക്) തിരിച്ചുവരുവാൻ തയ്യാറായ ആറാം മർത്തോമ്മാ (മാർ ദീവന്നാസ്യോസ് പ്രഥമൻ) ഉദയം പേരൂർ സുന്നഹദോസിനെ അംഗീകരിക്കുന്നില്ല (138).

www.malankaralibrary.com



സുറിയാനി കർബ്ബാനയിലെ കൂദാശാ വചനങ്ങൾ ലത്തീൻ ക്രമത്തിന് അനുസരണമാക്കി ഭേദപ്പെടുത്തി. "എന്തുകൊണ്ടെന്നാൽ (ENIM) ഇതെന്റെ ശരീരമാകുന്നു. ........ ........എന്തുകൊണ്ടെന്നാൽ ഇത് നിങ്ങൾക്കും വളരെപ്പേർക്കും ആയി ചിന്തപ്പെടുന്ന പുതിയതും നിത്യമായതുമായ നിയമത്തിലെ വിശ്വാസത്തിന്റെ രഹസ്യമായ എന്റെ രക്തത്തിന്റെ കാസായാകുന്നു" കാസാ കൂദാശ ചെയ്തതിനെത്തുടർന്ന് ചൊല്ലുന്ന "ഇത് നിങ്ങൾക്ക് എന്നേക്കും അച്ചാരമായിരിക്കും" (HOC ERIT VOBIS PIQNUS IN SAECULA SAECULORUM) എന്നത് കൂദാശാ വാക്യമല്ലെന്നു് തീരുമാനിച്ചു. IN SAECULA SAECULORUM എന്നത് USQUE AD CONSUMATONEM SAECULI എന്നു മാററി (139).

പേരുകളിൽ വരുത്തിയ മാററങ്ങൾ ഇവയാണ്. "പൗരസ്ത്യ കാതോലിക്കോസിന്റെ സിംഹാസനം" എന്നത് "റോമാസിംഹാസനമെന്നും" "മിശിഹായുടെ മാതാവ്" എന്നത് ദൈവമാതാവെന്നും മാററുവാൻ നിർദ്ദേശിച്ചു. മറിയാം ദൈവമാതാവാണ് എന്ന സംപൂജ്യ ബഹുമതി നൽകിക്കൊണ്ട് നസ്രാണി വൈദീകർ നടത്തിവന്ന പ്രസംഗത്തെ (140). നെസ്തോറിയൻ വിപരീതോപദേശം ആരോപിക്കാനുള്ള വ്യഗ്രതയാൽ മാർ മെനെസ്സിസ്സ് പാടെ അവഗണിച്ചിരിക്കണം. "മിശിഹാ നിന്റെ പ്രാർത്ഥന കേൾക്കട്ടെ" എന്നതിനോടു റോമൻ കർബ്ബാനയിലെ TE IGITUR എന്ന ഭാഗം കൂടി ചേർത്തു.

പത്രോസിന്റെ സിംഹാസനത്തെയും പത്രോസിന്റെ പിൻഗാമിയെയും അംഗീകരിച്ചിരുന്ന പ്രാർത്ഥനകളും മെനെസ്സിസ്സ് മനഃപൂർവ്വം അവഗണിച്ചുകൊണ്ടാണ് വേദവിപരീതം ആരോപിച്ചത്. ശ്രദ്ധേയങ്ങളായ പ്രാർത്ഥനകൾ ഇവയാണ്: 'കൂദോശ് ഈത്തോ' നാളിലെ പ്രാർത്ഥനയിൽ: "എന്നന്നേക്കമായി സഭ പണിയപ്പെട്ടി

www.malankaralibrary.com



രിക്കുന്ന എന്നും രാജാക്കന്മാരാലും ശക്തികളാലും അവർ പരാജിതരാകുകയില്ല എന്നും റോമാപറയുന്നു. മത്താ.16:18 പത്രോസ് പൗലൂസ് ശ്ലീഹന്മാരുടെ തിരുനാളിൽ:- "രാജാക്കന്മാരുടെ നഗരവും സ്വർഗ്ഗീയ മണവാളന്റെ മണവാട്ടിയുമായ മഹത്വമുള്ള റോമ്മായെ, നീ ഭാഗ്യവതിയാകുന്നു......നമ്മുടെ കർത്താവ് തന്റെ വിശ്വസ്തയായ സഭയെ പത്രോസിന്റെ സ്ഥിരതയിന്മേൽ പണിതു. അപ്പോസ്തോലന്മാരുടെ ആദ്യജാതനും തലവനുമായ യോനായുടെ പുത്രൻ ശെമഓനേ നീ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ അനുതാപികൾക്ക വാതിൽ തുറന്നുകൊടുക്കുന്നതിനു വേണ്ടി നിന്റെ നാഥൻ നിന്നെ തെരഞ്ഞെടുത്തു. സ്വർഗ്ഗത്തിന്റെ താക്കോലുകൾ നിനക്കു തന്നു. പത്രോസേ നീ ഭാഗ്യവാനാകുന്നു. എന്തെന്നാൽ നീയാകുന്നു അടിസ്ഥാനം. ...." "റോമൻ തെരുവീഥിയിലൂടെ പന്തിരുവരുടെ തലവനായ പത്രോസ് സാത്താന്റെ ആലയങ്ങളെ നശിപ്പിക്കുവാൻ ചുററിസഞ്ചരിച്ചു. വിജാതീയരുടെ സഭ നിനക്ക് ഇന്നു കൃതജ്ഞത അർപ്പിക്കുന്നു. എന്തെന്നാൽ പന്തിരുവരുടെ തലവനായ പത്രോസിന്റെ വിശ്വാസമാകുന്ന പാറമേൽ നീ അതിന്റെ അടിസ്ഥാനമിട്ടു. നിന്റെ ആണാടുകളെയും പെണ്ണാടുകളെയും മേയിക്കാനായി പത്രോസിനെ ഏല്പിച്ച മിശിഹായേ......" (141)

സുറിയാനി കാനോനാ നമസ്കാരം സമൂലം ലത്തീനീകരിക്കാനുള്ള ശ്രമത്തെ വൈദീകർ ശക്തിയുക്തം എതിർത്തതിനാൽ മെനെസ്സിസ്സ് അതിൽ നിന്നും പിൻമാറി (142).

കാർമ്മികൻ ഉമിനീർ തള്ളവിരലിലെടുത്ത് സ്ഥാനാർത്ഥിയുടെ ചെവിയിൽ പുരട്ടുന്ന അനാരോഗ്യകരമായ പതിവ് ലത്തീൻ റീത്ത് നീക്കം ചെയ്തു എങ്കിലും മലബാർ റീത്തുകാർ അത് ഇപ്പോഴും പുലർത്തുന്നതായി ഫാദർ വെള്ളിയാൻ ആരോപിക്കുന്നു (143).

www.malankaralibrary.com


മാർതോമ്മാ ശ്ലീഹായുടെ കബറിൽ നിന്നെടുത്ത മണ്ണുചേർത്തു വിശുദ്ധീകരിച്ച ജലമായിരുന്നു മാർതോമ്മാ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നത്. എന്നാൽ ഹന്നാൻവെള്ളം തൽസ്ഥാനത്ത് നിർബന്ധിതമാക്കി(144). നെററിയിലും അധരത്തിലും നെഞ്ചിലും വിരലുകൊണ്ട് കുരിശുവരക്കുന്ന പോർട്ടുഗീസുക്രമം നടപ്പിലാക്കി. ത്രോണോസ് അലങ്കരിക്കുവാൻ പ്രതിമകൾ പണിയണമെന്നും വാർപ്പു മണി നിർബന്ധമാണെന്നും നിഷ്കർഷിച്ചു. ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനായി 8 നോമ്പിലെന്നപോലെ 'ഭജന'മിരിക്കുന്നത് നിരോധിച്ചു. ഏതാനും നന്മകൾ നൽകുന്നതോടൊപ്പം മാർതോമ്മായുടെ പാരമ്പര്യങ്ങളെയും റീത്തിന്റെ പാവനതയേയും അദ്ദേഹം ചവിട്ടി മെതിച്ചുകളഞ്ഞു.

നന്മക്കായാലും തിന്മക്കായാലും അദ്ദേഹം ചെയ്തതെല്ലാം അനധികൃതമായിരുന്നു. നമ്മുടെ ഇടയിൽ ഒരു രൂപതാ സുന്നഹദോസു കൂടുവാൻ അദ്ദേഹത്തിന് അധികാരമില്ലായിരുന്നു. അനധികൃത പ്രവർത്തനങ്ങളുടെ ദുർഭഗസന്തതിയാണ് ഇന്നത്തെ നമ്മുടെ (മലബാർ) റീത്ത് എന്ന് പണ്ഡിതനും ഭക്തനും ചൈതന്യവാനുമായ ഫാദർ പ്ലാസിഡ് പ്രലപിക്കുന്നു.(145).

ഏതായാലും സുന്നഹദോസ് അനിർവാര്യമായ പിളർപ്പിന് ആക്കംകൂട്ടി എന്ന് ചരിത്രം സാക്ഷിക്കുന്നു. മലങ്കരസഭയുടെ നൂററാണ്ടുകളായ ചരിത്രങ്ങളുടെ അവശേഷിപ്പിനെ കാണാനിടയാകാത്തവിധം അഗ്നിക്കിരയാക്കി. ഉദയംപേരൂരിൽ നടന്ന സംഭവങ്ങളും അതിന്റെ അവശേഷങ്ങളും കാണുന്നതിനായി ഈ ഗ്രന്ഥകാരൻ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ ജിജ്ഞാസമൂലം അവിടെ പോവുകയുണ്ടായി. അന്നവിടെ ഉണ്ടായിരുന്ന വയോവൃദ്ധനായ ഒരു അഭിവന്ദ്യ വൈദീകനിൽ നിന്നും മററു ചില വയോവൃദ്ധന്മാരിൽ നിന്നും കേൾക്കുവാനും

www.malankaralibrary.com


ഗ്രഹിക്കുവാനും ഇടയായ ദുരന്തസത്യങ്ങൾ ഏതു ശിലാഹൃദയനിൽനിന്നും പ്രവഹിക്കുന്നഅശ്രുകണങ്ങളെ തടയാൻ ആവാത്തവിധം ഹൃദയഭേദകങ്ങളായിരുന്നു.

ലത്തീൻ ആരാധനാക്രമം സുറിയാനി പദങ്ങളിലൂടെ സ്ഥിരപ്രതിഷ്ഠങ്ങളായി. സുറിയാനി സംസ്കാരങ്ങളും മാർത്തോമ്മായുടെ നിയമങ്ങളെന്ന അഭിമാനത്തോടെ കാത്തുസൂക്ഷിച്ച പാരമ്പര്യങ്ങളുംജാതീയമായ ഔന്നത്യവും തച്ചുടയ്ക്കപ്പെട്ടു. അർക്കദെയാക്കോൻ കാലാകാലങ്ങളായി ഉണ്ടായിരുന്നതും പേർഷ്യൻ സഭയും (സെലൂഷ്യാ) കാതോലിക്കാ (കൽദായ പാത്രിയർക്കാ) സ്ഥാപനവും മലങ്കരസഭ ഒന്നാകെയും നാട്ടുരാജാക്കന്മാരും പ്രജകളും അംഗീകരിച്ചാദരിച്ചിരുന്നതുമായ സവിശേഷാധികാരങ്ങൾ ക്രമശഃ വെട്ടിക്കുറച്ചുകൊണ്ടുവന്നു (146).

കുർബ്ബാനയിലെ വായനകൾ ലത്തീൻ രീതിയിലേതുപോലെയാക്കി. മലങ്കരയിലെ അംഗീകൃതമൂലമായിരുന്ന 'പ്ശീത്താ' യിൽ നിന്നുള്ള വായനകളിൽ ലത്തീൻ വുൽഗാത്തായുമായി യോജിക്കാത്ത ഭാഗമെല്ലാം ലത്തീൻ പരിഭാഷയ്ക്ക് സമാനമാക്കിത്തീർത്തു. ഉദാ: മരിച്ചവരുടെ അനുസ്മരണദിനത്തിലെ ലേഖനം 1 കോരിന്തി; 15: 51 ''നാമെല്ലാവരും നിദ്രപ്രാപിക്കയില്ല. എന്നാൽ.......... നാമെല്ലാവരും രൂപാന്തരപ്പെടും'' എന്നതിനുപകരം 'തീർച്ചയായും നാമെല്ലാവരും രൂപാന്തരപ്പെടുകയില്ല' എന്നാക്കി (146B).

സുന്നഹദോസ് 6 ദിവസംകൊണ്ട് 9 ആക്റ്റുകൾ പാസാക്കിയതായി പ്രഖ്യാപിക്കപ്പെട്ടു (147). പിന്നീടു മലങ്കരയിലെ പ്രമുഖപള്ളികളിൽ സർവാധികാരിയേപ്പോലെ പ്രവേശിച്ചു. കൽപ്പിച്ചും അനുസരിപ്പിച്ചും മഹറോൻ ഭീഷണി ഉയർത്തിയും 1599 ജൂലായ് ആരംഭം മുതൽ ആരംഭിച്ച ജൈത്രയാത്ര നവംബർ 16-ാം തീയതി

www.malankaralibrary.com



ഗോവായിൽ തിരിച്ചെത്തിയതുവരെ തുടന്നു (148). 1599 ഡിസംബർ 20-ാം തിയ്യതി ഫാദർ റോസ് എസ്. ജെ. യെ മാർ അബ്രഹാമിന്റെ പിൻഗാമിയായി അങ്കമാലി യുടെ അഡ്മിനിസ്ട്രേറ്ററാക്കി. പിന്നീട് 1601 ജനുവരി 25-ാം തിയ്യതി അദ്ദേഹത്തെ അങ്കമാലിയുടെ മെത്രാനാ യി നിയമിച്ചു. സുറിയാനിക്കാരെ അദ്ദേഹത്തിനു വിധേ യപ്പെടുത്തി. അങ്കമാലിയെ ഗോവായുടെ സാമന്ത രൂപ തയാക്കി, അങ്കമാലിയിൽ നിന്നും ആസ്ഥാനം കൊടുങ്ങ ല്ലൂർക്കു മാററി. തദ്വാര അങ്കമാലിയുടെ അധികാരം പോർ ട്ടുഗൽരാജാവിൽ നിക്ഷിപ്തമാക്കി.

## അദ്ധ്യായം 18

## *മലങ്കരസഭ ലത്തീൻ ഭരണത്തിൻ കീഴിൽ*

1603 ഡിസംബർ 3-ാം തിയ്യതി ബിഷപ്പ് റോസ് എസ്. ജെ. അങ്കമാലിയിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. ഉദയംപേരൂരിൽ കൈക്കൊണ്ട പല തീരു മാനങ്ങളും ഉപേക്ഷിച്ചു. പലതും തിരുത്തലിനു് വിധേയ മാക്കി. ഉദയംപേരൂർ സുന്നഹദോസ് അസാധുവാണെ ന്നു് അദ്ദേഹത്തിനു് ബോദ്ധ്യമുണ്ടായിരുന്നു. പുതിയ ഡി ക്രികരം എഴുതിച്ചേർത്തുകൊണ്ടും പഴയവ തിരുത്തിക്കൊ ണ്ടും മാർ മെനെസ്സിസ്സ് ചെയ്ത കയ്യാങ്കളി ഗൗരവതരമായി പരിഗണിക്കപ്പെട്ടു. ഉദയംപേരൂർ തീരുമാനങ്ങൾ നിരാ കരിക്കണമെന്നും അങ്കമാലി നിയമങ്ങൾ സ്വീകരിക്ക പ്പെടണമെന്നും അവർ ആവശ്യപ്പെട്ടു. അവരുടെ പ്രഥമ ലക്ഷ്യം നേടി എന്നു കരുതാമെങ്കിലും അങ്കമാലി നിയമ ങ്ങൾ അംഗീകരിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല (149). അങ്കമാലി സുന്നഹദോസിന്റെ രേഖ ഇതുവരെ കണ്ടെത്തിയിട്ടില്ല. എന്നാൽ റോസ് പ്രസിദ്ധീകരിച്ച

www.malankaralibrary.com



കൊടുങ്ങല്ലൂർ ത്രപതയുടെ നിയമാവലിയിൽ പ്രസ്തുത തീരുമാനങ്ങൾ കണ്ടെത്താവുന്നതാണ്. അതിന്റെ ഒരു മലയാളം പകർപ്പ് വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ നിന്നും കണ്ടെടുത്തിട്ടുണ്ട് (150).

1552-ന്റെ അന്ത്യത്തിൽ ഫ്രാൻസിസ്കൻ സഭക്കാർ കൊടുങ്ങല്ലൂർകോളജ് വിട്ടൊഴിഞ്ഞു. ഫ്രാൻസിസ്കന്മാർ സുറിയാനിയിൽ വ്യുൽപ്പത്തി ഇല്ലാത്തവരും അദ്ധ്യാപകവൃത്തിയിൽ പരിശീലനം ലഭിക്കാത്തവരും ആയിരുന്നു. എന്നാൽ ഈശോ സഭക്കാർ പ്രഗത്ഭരായിരുന്നു. അവരാണ് 1581-ൽ വൈപ്പിൻകോട്ട സിമ്മിനാരി പണിയിച്ചത്. അതേസമയം സുറിയാനിക്കാർക്കായി കൊടുങ്ങല്ലൂരിൽ ഒരു പ്രത്യേക വിദ്യാലയവും നടത്തിപ്പോന്നു. പ്രത്യേകമായ യാതൊരവകാശവും കൂടാതെയാണ് ഈശോ സഭക്കാർ സുറിയാനിക്കാരുമായി ബന്ധം പുലർത്തിയത് (151).

അലക്സാന്ത്രിയായിലെയും ബാബിലോണിലേയും (സെലൂഷ്യാ) പാത്രിയർക്കീസുമാരെ തടയാൻ ഒരു ലത്തീൻകാരനെ മെത്രാനാക്കണം, അതിൽ ഈശോ സഭക്കാർക്കു മുൻഗണന നൽകണം എന്നിങ്ങനെയുള്ള ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടു. ഇതു മലങ്കരസഭയെ സംബന്ധിച്ചിടത്തോളം റോം പിന്തുടന്ന പാരമ്പര്യത്തിനു വിരുദ്ധമാണ് പുതുതായി നിയമിക്കപ്പെടുന്ന മെത്രാൻ കൊച്ചി മെത്രാനേപ്പോലെ ഗോവായുടെ സാമന്തനായിരിക്കണം. അങ്ങനെയാണ് റോസ് എസ്. ജെ. മെത്രാൻ പദത്തിലെത്തിയത്.

അത്യന്തം ക്രാന്തദർശിത്വമുള്ള ഒരു ഉപദേശം ഇതിനകം ഉണ്ടായിരുന്നു. അതു തള്ളപ്പെട്ടു എന്നു മാത്രമേയുള്ളു. മാറോനീത്താ റീത്തിൽപ്പെട്ട ഏബ്രഹാം ജോർജ്ജ് എന്ന ഈശോസഭാംഗം 1593 ഡിസംബർ 15 ന് ഒരു യഥാർത്ഥ ക

www.malankaralibrary.com



ത്തോലിക്കാ ഇടയനെ മാർതോമ്മാ ക്രിസ്ത്യാനികൾക്ക നൽകണമെന്ന് കാണിച്ച് തൻെറ സഭാ ശ്രേഷ്ഠനെഴുതിയിരുന്നു. കൽദായ റീത്തുകാരനെ മെത്രാനായി തെരഞ്ഞെടുക്കരുത്. കഴിയുമെങ്കിൽ സിറിയായിൽ നിന്നുള്ള ഒരു വൈദീകനായിരിക്കണം. ഒരു മാറോനീത്തക്കാരനായ 'മോസസ്സി' നെയാണ് അദ്ദേഹം ശുപാർശ ചെയ്തത്. പോർട്ടുഗീസുകാരനോ ഈശോ സഭാംഗമോ ആയ ആരും സുറിയാനി മെത്രാനായി നിയമിക്കപ്പെടാൻ പാടില്ലായെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു (152). ഫ്രാൻസിസ്സനായ കൊച്ചിയിലെ ലത്തീൻ മെത്രാൻെറ അധികാര പരിധിയിലുള്ള കൊടുങ്ങല്ലൂരിൽ താമസിക്കുന്നതിനുള്ള റോസ് മെത്രാൻെറ നീക്കത്തെ കൊച്ചി മെത്രാൻ എതിർത്തു. റോസ് മെത്രാൻെറ അനുസ്യൂതമായ അപേക്ഷ പരിഗണിച്ച് മാർ പൗലൂസ് പഞ്ചമൻ പാപ്പാ 1608 ഡിസംബർ 22 ന് അങ്കമാലിയെ വീണ്ടും അതിമെത്രാസനമാക്കി ഉയർത്തി. രണ്ടു വർഷത്തിനുശേഷം കൊച്ചിയെ കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രണ്ടുരൂപതകളായി വിഭജിച്ചു. കൊടുങ്ങല്ലൂർ രൂപതയുടെ ഭരണം അങ്കമാലി മെത്രാപ്പോലീത്തായെ ഏല്പിച്ചു. അതുവഴി ഗോവായുടെ പിടിയിൽനിന്നും അങ്കമാലി സ്വതന്ത്രയായി (153).

അർക്കദിയാക്കോൻ ക്രമശഃ തഴയപ്പെട്ടു എന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. 1618 വരെ അദ്ദേഹം മൗനം അവലംബിച്ചു. എങ്കിലും രോഷം ഉള്ളിൽ ജ്വലിച്ചുകൊണ്ടിരുന്നു. അർക്കദിയാക്കോനെ അറിയിക്കാതെ വൈപ്പിൻകോട്ടസിമ്മിനാരിയുടെ സുപ്പീരിയറെ റോസ് മെത്രാൻ അർക്കദിയാക്കോനായി നിയമിച്ചു. അർക്കദിയാക്കോൻ ഇതിനെ ശക്തിയുക്തം പ്രതിഷേധിച്ചു. ഈ അഭിപ്രായ വ്യത്യാസം 4 കൊല്ലം നീണ്ടുനിന്നു (154). റോസ് മെത്രാൻ 1624 ഫെബ്രുവരി 18 ന് കാലം ചെയ്തു. പറവൂർ കോട്ടക്കായൽ പള്ളിയിൽ സംസ്കരിക്കപ്പെട്ടു. തുടർന്ന് അർക്കദിയാക്കോൻ ഭദ്രാസന ഭരണം ഏറ്റെടുത്തു.

www.malankaralibrary.com


പിന്നാലെ ഫാദർ സ്റ്റീഫൻ ബ്രിട്ടോ അങ്കമാലി മെത്രാപ്പോലീത്തായായി ഗോവായിൽവെച്ച് അഭിഷേചിക്കപ്പെട്ടു. വേദപ്രചാരതിരുസംഘത്തിൽ നിന്നും (The Sacred Congregation de Propaganda Fide) 'അപ്പോസ്തോലിക് മിഷനറി' എന്ന ബഹുമതി പ്രാപിച്ച 'ഫ്രാൻസിസ് ഡൊണാററി' എന്ന ഒരു ഫ്രാൻസിസ്കൻ സുറിയാനി വിദ്യാത്ഥികളെ പഠിപ്പിക്കുന്നതിനുള്ള ഒരു വിദ്യാലയം ആരംഭിച്ചു (155). കടുത്തുരുത്തിയിലാണ് അദ്ദേഹം താമസിച്ചിരുന്നത്. മെത്രാപ്പോലീത്തായുടെ വീക്ഷണത്തിൽ 'ഡൊണാററി' കുഴപ്പക്കാരനും അദ്ദേഹത്തിൻെറ വിദ്യാലയം വൈപ്പിൻ കോട്ടയ്ക്കു എതിരായി സ്ഥാപിക്കപ്പെട്ടതുമായിരുന്നു.

1628-ൽ അർക്കദിയാക്കോനിൽ നിന്നും ലഭിച്ചതും മെത്രാപ്പോലീത്തായുടെയും ഈശോ സഭക്കാരുടെയും മേലുള്ള കടന്നാക്രമണ സ്വഭാവമുള്ളതുമായ റിപ്പോർട്ടുമായി ലിസ്ബണിലെ 'അപ്പസ്തോലിക് കളക്ടർ' റോമിലേക്കുപോയി. 1630 സെപ്തംബർ 16 ന് പ്രൊപ്പഗന്തായുടെ സമ്പൂർണ്ണ സമ്മേളനം റിപ്പോർട്ടു പരിശോധിച്ചു. ഫാദർ ഡൊണാററി ഒരു ഇററാലിയൻ ആയിരുന്നതിനാൽ പോർട്ടുഗീസ് രാജാവ് അദ്ദേഹത്തെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് നിർദ്ദേശിക്കുകയില്ലാ എന്ന ധാരണയിൽ ജനങ്ങൾ അദ്ദേഹത്തെ മെത്രാനായി തെരഞ്ഞെടുക്കത്തക്കവണ്ണം നാമനിർദ്ദേശം ചെയ്യാൻ പ്രൊപ്പഗന്താ സമ്മേളനം ആവശ്യപ്പെട്ടു. എന്നാൽ ഈതീരുമാനം നടപ്പായില്ല. 1646-ൽ കൊച്ചി മെത്രാനായ 'മൈക്കിൾ ഡിക്രൂസ് റാങ്കൽ' ഈശോസഭക്കാരല്ലാത്ത മററു സന്യാസസമൂഹം മലബാർ സുറിയാനിക്കാരുടെ കാര്യത്തിൽ ഇടപെടരുതെന്നുള്ള പോർട്ടുഗീസ് രാജാവിൻെറ ഉത്തരവിനെ അപലപിച്ചു കൊണ്ടുള്ളകത്ത് പ്രൊപ്പഗന്താ തിരുസംഘത്തിനയയ്ക്കാൻ തയ്യാറായവിവരം കെ. വർത്ത് (K.Worth) സാക്ഷിക്കുന്നു. അക്ക

www.malankaralibrary.com


യോക്കോൻെറ റിപ്പോർട്ടനുസരിച്ച് 120 പള്ളികളും 2,50,000 വിശ്വാസികളും 100 വൈദീകരും വൈദീകവിദ്യാത്ഥികളും അന്ന് സഭയിലുണ്ടായിരുന്നു (156).

മലങ്കരസഭയിലെ പ്രവത്തനം അവതാളത്തിലായി. വിവരം അർക്കദെയാക്കോൻ 1632-ൽ പോർട്ടുഗീസ് രാജാവിനും 1634 ജനുവരിയിൽ പ: സിംഹാസനത്തിലേക്കും എഴുതി തദ്ദേശീയ വൈദീകരുടെ ജോലിക്ക് പരിമതി കല്പിക്കപ്പെട്ടു. നവവൈദീകരുടെ സംഖ്യ കുറച്ചു. വൈദീകർ പ്രസംഗിക്കുന്നത് തടയപ്പെട്ടു. ഉദയംപേരൂർ സിന്നഡിലെ തീരുമാനപ്രകാരം മൂന്നു വഷത്തിലൊരിക്കൽ കൂടേണ്ട സമ്മേളനം മുടങ്ങി. ഈശോ സഭക്കാരല്ലാത്തവരുടെ പ്രവത്തനത്തെ തടസ്സപ്പെടുത്തി (157). ഇക്കാര്യങ്ങളുംതന്നെ ഫാദർ ഡൊണാററിയും പ: സിംഹാസനത്തെ അറിയിച്ചു (158). മലങ്കരസഭയുടെ പതിവനുസരിച്ച് വികാരിയെ നിയമിക്കുന്നത് അർക്കദെയാക്കോൻെറ ആലോചന പ്രകാരമാണ് ചെയ്തിരുന്നത്. എന്നാൽ അതിനുവിരുദ്ധമായിട്ടാണ് പ്രവത്തിച്ചുതുടങ്ങിയത്. ഇടപ്പള്ളിയിൽ കൂടിയ വൈദീകസമൂഹം അർക്കദെയാക്കോനെ പിന്താങ്ങി എന്നതിൻെറ പേരിൽ 1634-ൽ ഈശോ സഭക്കാർ പ്രസ്തുത വൈദീകസമൂഹം പിരിച്ചുവിട്ടതായി ഇ. ആർ. ഹംബേ എസ്. ജെ. ആരോപിക്കുന്നുണ്ട് (159).

അർക്കദെയാക്കോൻെറയും ഫാദർ ഡൊണാററിയുടെയും അപേക്ഷയുടെ വെളിച്ചത്തിൽ ഈശോസഭക്കാരല്ലാത്ത സന്ന്യാസികളെ തടസപ്പെടുത്തുന്ന വർക്ക് തിരുസംഘം മഹറോൻശിക്ഷ വിധിച്ചു. 1637-ൽ ഗീവറുഗീസ് അർക്കദെയാക്കോൻ കാലം ചെയ്തു. സ്റ്റീഫൻ ബ്രിട്ടോ മെത്രാനും മലങ്കരസഭയ്ക്കു് സ്വീകാര്യനല്ലായിരുന്നു. തുടന്ന് തോമസ് അക്ദെയാക്കോൻ ഗീവറുഗീസ് അക്ദെയാക്കോൻെറ പിൻഗാമിയായി ഭരണഭാരമേററു. ബിഷപ്പ്

www.malankaralibrary.com


ബ്രിട്ടോയും തോമ്മാ അർക്കദിയാക്കോനും ഭിന്നധ്രുവങ്ങളിലായി നില ഉറപ്പിച്ചു. 1641-ൽ ബിഷപ്പ് ബ്രിട്ടോ മരിച്ചു.

1641-ൽ മൂന്നാമത്തെ ലത്തീൻ മെത്രാനായി ബിഷപ്പ് ഗാർസിയാ എസ്. ജെ. നിയമിക്കപ്പെട്ടു. പടിപടിയായി കുറച്ചുകൊണ്ടുവന്ന, അർക്കദിയാക്കോന്റെ ശേഷിച്ച അവകാശങ്ങളുടെമേലും ഇദ്ദേഹം കൈവെച്ചു (160). തങ്ങളുടെ സങ്കടങ്ങൾക്ക് നിവാരണം ഉണ്ടാക്കിത്തരാൻ റോമിലേക്കും ഒരു സുറിയാനി മെത്രാനെ അയച്ചുതരുവാൻ കൽദായ കത്തോലിക്കാ പാത്രിയർക്കീസിനും തോമ്മാ അർക്കദിയാക്കോൻ എഴുതി. പക്ഷേ യാതൊരു പ്രതികരണവും ദൃശ്യമായില്ല. അലക്സാന്ത്രിയാ പാത്രിയർക്കീസിനും മലങ്കരയിൽനിന്നും അപേക്ഷ ചെന്നു (161).

## അദ്ധ്യായം 19

## മാർ അഹത്തള്ളായുടെ ആഗമനവും കൂനൻകുരിശു സത്യവും

### തനതായ വ്യക്തിത്വം നില നിർത്തുവാനുള്ള യത്നം

സാർവത്രിക സഭാ കൂട്ടായ്മയിലേക്ക് (റോമാസിംഹാസനത്തിന്റെ ഐക്യത്തിലേക്ക്) പ്രവേശിക്കുകയാൽ സ്വന്തജനങ്ങളായ യക്കോബായക്കാരാൽ തിരസ്കൃതനായ മാർ അഹത്തള്ളാ ഈ കാലഘട്ടത്തിൽ അലക്സാന്ത്രിയായിലെത്തിയിരുന്നു. ഇദ്ദേഹം ആലപ്പോയിലാണ് ജനിച്ചത്. ദമസ്ക്കോസിലെ യാക്കോബായ മെത്രാപ്പോലീത്താ ആയിരിക്കെ ഇദ്ദേഹം സാർവത്രിക കൂട്ടായ്മയിൽ പ്രവേശിക്കുകയുണ്ടായി. മലങ്കരസഭയിൽനിന്നും ലഭിച്ച അപേക്ഷകളുടെ വിവരം അലക്സാന്ത്രിയാ പാത്രിയർക്കീസ് മാർ അഹത്തള്ളായെ ധരിപ്പിച്ചു.

www.malankaralibrary.com


സുറിയാനി മെത്രാനെ ആഗ്രഹിക്കുന്ന മലങ്കരസഭയ്ക്കു മാർ അഹത്തള്ളാ സ്വീകാര്യനായിരിക്കും എന്നു ഇരുവരും കരുതിയിരിക്കണം. ഏതായാലും മാർഅഹത്തള്ളാ മൈലാപ്പൂരിൽ എത്തി (162). അദ്ദേഹം വേഷപ്രച്ഛന്നനായിട്ടാണ് മൈലാപ്പൂരിൽ ഇറങ്ങിയത്. വി: തോമാശ്ലീഹായുടെ കബറിടത്തിൽ ചെന്നിരുന്ന ചെങ്ങന്നൂർ സ്വദേശി ഇട്ടി ശെമ്മാശനും കറവിലങ്ങാട്ടു സ്വദേശിയായ കുര്യൻ ശെമ്മാശനും മാർ അഹത്തള്ളായെ കണ്ടുമുട്ടി. കാര്യങ്ങൾ ഗ്രഹിച്ച ശെമ്മാശന്മാർ അദ്ദേഹത്തെ മലങ്കരയിലെത്തിക്കുവാൻ ഉള്ള ക്രമീകരണങ്ങൾ ഉണ്ടാക്കി. നിശ്ചയിച്ചിരുന്ന പ്രകാരം മാർ അഹത്തള്ളാ കൊച്ചിയിലെത്തി. എന്നാൽ കരക്കിറങ്ങുവാൻ അദ്ദേഹത്തെ പോർഗീസുകാർ അനുവദിച്ചില്ല. അദ്ദേഹത്തെ ഗോവായിലേക്കും പിന്നീടു പോർട്ടുഗലിലേക്കും അയച്ചു. അദ്ദേഹം യാത്രാമദ്ധ്യേ പാരീസിൽവെച്ചു കാലം ചെയ്തു എന്നു ഗാർസിയാ മെത്രാൻ റിപ്പോർട്ടു ചെയ്തു (163).

മാർ അഹത്തള്ളായുടെ തിരോധാനത്തെപ്പറ്റി ചരിത്രകാരന്മാർ വിവിധ പാഠാന്തരങ്ങളാണു നൽകിയിട്ടുള്ളത്. വാസ്തവം എന്തായാലും മാർ അഹത്തള്ളായെ കൊച്ചിക്കായലിൽ മുക്കിത്താഴ്ത്തിക്കൊന്നു എന്ന വാർത്ത കാട്ടുതീപോലെ പടർന്നു. മാർ അഹത്തള്ളായെ സ്വീകരിക്കുവാൻ എത്തിയ 25000 മലങ്കര മക്കളും കേട്ടതു ഈ ഞെട്ടിപ്പിക്കുന്ന വാർത്തയാണു. ദുഃഖാർത്തരായ മലങ്കര മക്കൾ ആർത്തലച്ചു മട്ടാഞ്ചേരിയിൽ എത്തി. അവിടെയുണ്ടായിരുന്ന കുരിശിൽ കയറുകെട്ടി ആബാലവൃദ്ധം ജനങ്ങളും ഏകസ്വരത്തിൽ പ്രഖ്യാപിച്ചു. 'ഞങ്ങളും ഞങ്ങളുടെ സന്താന പരമ്പരകളും ഗാർസിയാ മെത്രാപ്പോലീത്തായേയോ പൗരസ്ത്യരെയോ അംഗീകരിക്കുകയില്ല. ഇതുസത്യം'. അങ്ങനെ വിഖ്യാതമായിത്തീർന്ന കൂനൻകുരിശു സത്യം

www.malankaralibrary.com


1653 ജനുവരി 3-ാം തിയ്യതി വെള്ളിയാഴ്ച പകൽ മൂന്നു മണിക്ക് പ്രഖ്യാപിക്കപ്പെട്ടു (164).

തുടർന്ന് ഇടപ്പള്ളിയിൽ പള്ളിപ്രതിപുരുഷയോഗം ചേർന്നു. 1653 മെയ് 22-ാം തിയ്യതി ആലങ്ങാട്ടിൽ വെച്ച് ഒരു മഹായോഗം ചേരുവാൻ തീരുമാനിച്ചു. ഈശോസഭക്കാരുമായി തങ്ങൾക്ക് ബന്ധമില്ലെന്നും സ്വജാതിക്കാരനായ സുറിയാനി മെത്രാനെ തന്നെ കിട്ടണമെന്നും തൽക്കാലം അതിനു താമസമുണ്ടായാൽ മററു സന്യാസസമൂഹത്തിൽപെട്ട ഒരാളെ മെത്രാനായി നിയമിച്ചു തരണമെന്നും കാണിച്ച് റോമിലേക്ക് അപേക്ഷ അയച്ചു (165). പ്രതീക്ഷിച്ചവിധം കാര്യങ്ങൾ നീങ്ങുകയില്ലെന്ന് തോന്നിത്തുടങ്ങി. മെത്രാന്റെ അഭാവത്തിൽ ലത്തീൻ നുകത്തിനു വീണ്ടും കീഴ്പ്പെടേണ്ടതായി വരുമെന്നുള്ള സന്ദേഹം വർദ്ധിച്ചു.

## അദ്ധ്യായം 20

### *ലത്തീൻ സഭാഭരണം ഉപേക്ഷിക്കുന്നു*

തന്നിമിത്തം മുൻ നിശ്ചയപ്രകാരം 1653 മെയ് 22-ാം തിയ്യതി ആലങ്ങാട്ടു യോഗം ചേർന്നശേഷം 12 വൈദീകർ ചേർന്ന് തോമ്മാ അർക്കദിയാക്കോനെ മെത്രാനായി പ്രഖ്യാപിച്ചു കൊണ്ട് തലയിൽ കൈ വെച്ചു(166). പാരമ്പര്യമായി മെത്രാനുചേർന്ന മിക്ക അവകാശാധികാരങ്ങളും ഉണ്ടായിരുന്ന തോമ്മാ അർക്കദിയാക്കോൻ ഈ പ്രത്യേക സാഹചര്യത്തിൽ മനഃസ്സാക്ഷിക്കുത്തുണ്ടായിരിക്കെത്തന്നെ മെത്രാനു ചേർന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചു. അതുമുതൽ അദ്ദേഹം മാർതോമ്മാ ഒന്നാമൻ എന്ന പേരിൽ അറിയപ്പെട്ടുവാൻ തുടങ്ങി.

www.malankaralibrary.com


മലങ്കരയിലെ പിളർപ്പിൻെറ ആഴം ഗ്രഹിക്കുവാനായി നിയുക്തരായ കർമ്മലീത്താ വൈദീകർ 1657 ഫെബ്രുവരി 22-ാം തിയ്യതി കേരളത്തിലെത്തി. മാർതോമ്മായെ ലത്തീൻഭരണത്തിനു വിധേയപ്പെടുത്തുവാനുള്ള അവരുടെ ശ്രമങ്ങരം പരാജയപ്പെട്ടു. തന്നിമിത്തം മാർതോമ്മായെ സഭാബന്ധത്തിൽനിന്നും വിഛേദിച്ചുകൊണ്ടു 1659 ജൂലൈ 26 നു പ്രഖ്യാപനമുണ്ടായി (167). 1659 സെപ്റ്റംബർ 3 നു ഗാർസിയാമെത്രാൻ അന്തരിച്ചു. അപ്പോസ്തോലിക് കമ്മിസറിയുടെ പ്രേരണപ്രകാരം കൊച്ചീരാജാവു തൻെറ രാജ്യാതിർത്തിയിൽ നിന്നും മാർതോമ്മായെ ബഹിഷ്കരിച്ചു. എന്നാൽ അദ്ദേഹം തെക്കുംകൂർ രാജ്യാതിർത്തിയിൽ പ്രവൎത്തനം തുടന്നു. അവിടെനിന്നും ബഹിഷ്കരിക്കുവാൻ ശ്രമമാരംഭിച്ചു. കമ്മീഷനംഗമായിരുന്ന ഫാദർ സെബാസ്ത്യാനി 1661-ൽ മെത്രാനായിതിരിച്ചുവന്നു. മാർതോമ്മായെ തടവിലാക്കുവാനുള്ള ശ്രമങ്ങരം പരാജയപ്പെട്ടു (168).

1663 ജനുവരി 7 നു ഡച്ചുകാർ കൊച്ചി പിടിച്ചടക്കി മുമ്പുണ്ടായിരുന്ന എല്ലാ വിദേശികളെയും അവർ ബഹിഷ്കരിച്ചു. തന്നിമിത്തം ഒന്നാം മാർതോമ്മായുടെ ഒരു അടുത്ത ചാർച്ചക്കാരനായ പറമ്പിൽ ചാണ്ടി (അലക്സാണ്ടർ) കത്തനാരെ 1663 ജനുവരി 31 നു കടുത്തുരുത്തി പള്ളിയിൽവെച്ചു മെത്രാനായി അഭിഷേചിച്ചു ശേഷം സെബാസ്ത്യാനി തിരിച്ചുപോയി.

1665-ൽ ഒന്നാം മാർതോമ്മാ റോമാ സിംഹാസനവുമായി ഐക്യപ്പെടുവാൻ അഭിലഷിച്ചതുമൂലം അമ്പലക്കാടുള്ള ജസ്യൂട്ട് പുരോഹിതനെ സമീപിക്കുവാൻ ഒരു പ്രതിനിധിയെ അയച്ചു (169). താനൊരു മെത്രാനല്ലെന്നു പ്രഖ്യാപിക്കുകയും മെത്രാനടുത്ത പ്രവൎത്തിയിൽ നിന്നും വിരമിക്കുകയും ചെയ്യുവാൻ ഈശോ സഭക്കാർ ഉപദേശിച്ചു. ഉപദേശം വിഫലമായി. ഇതിനിടയിൽ മെ

www.malankaralibrary.com


ത്രാൻ സ്ഥാനത്തിൻെറ സാധുത നിലനിർത്തുവാനായി വിവിധ സഭാ കേന്ദ്രങ്ങളുമായി മലങ്കരസഭ ബന്ധപ്പെട്ടു. ഈ യത്നത്തിനു ചെവികൊടുത്തത് യറുശലേമിലെ മാർ ഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാനാണ് (170).

അദ്ധ്യായം 21

## മലങ്കരസഭ മാർത്തോമ്മാമാരുടെ ഭരണത്തിൽ

### അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കാ സിംഹാസനവുമായി ബന്ധപ്പെടുന്നു

1665 മലങ്കരസഭാചരിത്രത്തിലെ സുപ്രധാനവും നിർണ്ണായകവുമായ വർഷമാണ്. 1613 വർഷം പിന്നിട്ട മാർതോമ്മാശ്ലീഹായുടെ പൈതൃകവും സുറിയാനിപാരമ്പര്യവും ഒരു പുതിയപാത സ്വീകരിക്കുവാൻ തയ്യാറായതു് 1665 ലാണ്. ഈ പുതിയപാത നിത്യനാശത്തിലേക്കുള്ള വഴിയാണെന്നു കല്പിച്ചവരുണ്ട്. വേദനയോടെ അതിനെനോക്കിക്കണ്ടവരുണ്ട്. സാർവത്രികസഭയിൽ നിന്നുള്ള വിച്ഛേദനമായി മനസ്സിലാക്കിയവരുണ്ട്. എന്തുതന്നെയായിരുന്നാലും മലങ്കരസഭയ്ക്കുമുമ്പിൽ ഉയന്ന ചോദ്യചിഹ്നത്തിനുള്ള വ്യക്തമായ മറുപടി അതുമാത്രമായിരുന്നുവെന്ന് ചിന്തിക്കുന്നവരും ഉണ്ട്.

ഇന്നു നാം കാണുന്ന കേന്ദ്രീകൃത ഭരണക്രമമില്ലതിരുന്ന സാർവത്രിക സഭയിൽ പ്രാദേശികമായി ഉയന്നിട്ടുള്ള ചേതസ്സിനെ സംരക്ഷിക്കാനുള്ള കഠിന യത്നമായി നാമിതിനെ മനസ്സിലാക്കണം. ഒരേസമയം പ്രാദേശികവും സാർവത്രികവുമായ മലങ്കരസഭയുടെ പൈതൃകം,

www.malankaralibrary.com


സംസ്കാരം ഇവ വികലമാക്കപ്പെട്ടപ്പോൾ പ്രാദേശിക സംപൂർണ്ണതയെ ഉയർത്തിപ്പിടിക്കേണ്ടത് ആവശ്യമായി വന്നു. റോമാ സിംഹാസനത്തിന്, സാർവത്രിക സഭയുടെ ഒരു അവിഭാജ്യ ഘടകമായ മലങ്കര സഭയുടെ ആ അഭിവാഞ്ഛയേയും അവകാശത്തേയും അംഗീകരിച്ചാദരിക്കുവാൻ ''പാദ്രുവാദോ'' അധികാരം പ്രതിബന്ധം സൃഷ്ടിച്ചു. ആ പ്രതിബന്ധത്തെ തട്ടിയകററുവാൻ പാതവിട്ടു സഞ്ചരിക്കേണ്ടതായി വന്നു. എന്തിനുവേണ്ടി; സാർവത്രികസഭയിൽ നിന്നോ റോമാ സിംഹാസനവുമായുള്ള ബന്ധത്തിൽനിന്നോ അകലുവാനല്ല; പ്രാദേശിക സഭയുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുവാൻ_പരമ്പരാഗതമായി രാജ്യവും രാജ്യവാസികളും—പേർഷ്യൻ പാത്രിയർക്കാ സ്ഥാപനവും മലങ്കരസഭ ഒന്നാകെയും അംഗീകരിച്ചാദരിച്ചിരുന്ന ഈ സഭയുടെ പദവി സംരക്ഷിക്കുവാൻ അവഗണനീയമല്ലാത്ത ഒരു വിഭാഗം അന്ത്യോഖ്യൻ പാരമ്പര്യത്തെ ആദരിച്ചംഗീകരിക്കുവാൻ തയ്യാറായി.

ഇതിന്റെ പ്രഥമപടിയായി മാർഗ്രീഗോറിയോസിന്റെ ആഗമനം പരിഗണിക്കാമെന്നുതോന്നുന്നു. 1665-ൽ ഡച്ചുകാരുടെ സഹായത്തോടെ മാർത്തോമ്മാ ഒന്നാമനെ മേൽപ്പട്ടനൽവരത്താൽ പൂർണ്ണനാക്കുക എന്ന ലക്ഷ്യത്തോടെ വന്നുചേർന്ന മാർഗ്രീഗോറിയോസ്, പാത്രിയർക്കീസ് എന്നപേരിലും വിളിക്കപ്പെട്ടു (171) എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരുപക്ഷേ അദ്ദേഹം ''യറുശലേം പാത്രിയർക്കീസ്'' എന്ന ബഹുമാനപ്പേരുള്ള യറുശലേം മെത്രാപ്പോലീത്താ ആയിരിക്കണം (172).

ഇവിടെ എത്തിച്ചേർന്ന അദ്ദേഹം പ്രതീക്ഷിച്ചിരുന്ന പ്രകാരം ഒന്നാം മാർത്തോമ്മായ്ക്ക് മേൽപ്പട്ടസ്ഥാനം നൽകിയില്ല എന്നു കരുതുന്ന ചരിത്രകാരന്മാരുണ്ട് (173). യാക്കോബായ, പ്രൊട്ടസ്റ്റാൻറ് ചരിത്രകാരന്മാർ മേൽപ്പട്ടസ്ഥാനം നൽകി എന്ന നിഗമനമാണ് സ്വീകരിച്ചു

www.malankaralibrary.com


കാണുന്നത്. എന്നാൽ അതിനുള്ള വ്യക്തമായ തെളിവുകൾ കണ്ടെത്തപ്പെട്ടിട്ടുമില്ല. അതിനുശേഷം ഭരണമേററ അഞ്ചു മാർ തോമ്മാമാരുടെ കാര്യത്തിലും ഈ സന്ദേഹം നിലവിലുണ്ട്. മാർ ഗ്രീഗോറിയോസ് മേൽപ്പട്ടസ്ഥാനനൽവരം അദ്ദേഹത്തിനു കൊടുത്തിട്ടില്ലായെന്നു കരുതുവാൻ രണ്ടു കാരണങ്ങൾ പ്രകടമായിട്ടുണ്ട്.

1 ഹൂദായകാനോൻ അനുസരിച്ച് ചുരുങ്ങിയത് സ്വീകരിക്കുന്ന ആളുൾപ്പെടെഎങ്കിലും മൂന്നു മെത്രാന്മാർ സാധുവായ കൈവെയ്പിന് ആവശ്യമാണ് (174). ആ ക്രമം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

2 അന്ത്യോഖ്യൻ പാരമ്പര്യമനുസരിച്ച് മെത്രാൻ ഒരു പുതിയ പേരു സ്വീകരിക്കപ്പെടുന്നു. അതും ഇവിടെ സംഭവിച്ചിട്ടില്ല.

മേൽപ്പട്ടസ്ഥാനം കൊടുത്തു എന്നു കരുതുന്നവരെ പിന്തുണയ്ക്കാൻ ഇവ ഉപയോഗപ്പെട്ടേക്കാം.

1 പേർഷ്യൻ പാത്രിയർക്കാ സ്ഥാപനം ചെയ്തിരുന്നതുപോലെ ഈ സഭയെ ധന്യമാക്കുക എന്നതിലുപരി മററൊന്നും തൽക്കാലം ചെയ്യേണ്ടതില്ലാ എന്ന് മാർ ഗ്രീഗോറിയോസ് കരുതി എങ്കിൽ മാർതോമ്മായ്ക്ക് കൈവെപ്പു കൊടുത്തിരിക്കാം. പേർഷ്യൻ പാരമ്പര്യമനുസരിച്ച് മാർ ഗ്രീഗോറിയോസിന് ആഭ്യന്തര ഭരണത്തിൽ ഇടപെടാതെ മററു കാര്യങ്ങൾ ചെയ്യുവാൻ തടസ്സമില്ലല്ലോ. തന്നിമിത്തം പേരു മാററത്തിന് മാർ തോമ്മായെ നിർബന്ധിച്ചിരിക്കയില്ല.

2 ഹൂദായ കാനോനനുസരിച്ച് മാർ ഗ്രീഗോറിയോസിന്, തനിക്ക് മെത്രാഭിഷേക ശുശ്രൂഷ നടത്തുവാൻ പ്രയാസമുണ്ടെന്നകാര്യം മാർതോമ്മായെ ബോദ്ധ്യപ്പെടുത്തിയിരിക്കാം. എന്നാൽ മെത്രാനടുത്ത വേഷത്തിലും

www.malankaralibrary.com


പദവിയിലും അംഗീകരിക്കുവാൻ സമ്മതിച്ചുകൊണ്ടുതന്നെ വൈദീക കർമ്മങ്ങളുടെ മേൽനോട്ടം മാത്രം മാർ ഗ്രീഗോറിയോസ് സ്വീകരിച്ചിരിക്കാം.

ഏതു വിധമായാലും സംശയാതീതമായി 1663 മുതൽ 1770 വരെയുള്ള നീണ്ട കാലഘട്ടത്തിനിടയിൽ പാത്രുവാദോ അധികാരത്തോടും തദ്വാര പ്രത്യക്ഷമായി റോമാസിംഹാസനത്തോടും വിഘടിച്ചു നിന്ന മലങ്കരസഭയുടെ അവഗണനീയമല്ലാത്ത വിഭാഗത്തിന് സാധുവായ മേൽപ്പട്ടനൽവരം ലഭിച്ചിട്ടുണ്ടെന്ന് കരുതുക സാഹസമാണ്. ഒന്നാം മാർതോമ്മായുടെ ഭരണകാലം 1663 മുതൽ 1670 വരെയാണ്. 1670-ൽ മാർഗ്രീഗോറിയോസ് കാലം ചെയ്തു. വടക്കൻ പറവൂർ പള്ളിയിൽ കബറടക്കപ്പെട്ടു. സഹോദര പുത്രനെ രണ്ടാം മാർത്തോമ്മാ എന്ന പേരിൽ വാഴിച്ച ശേഷം ഒന്നാം മാർത്തോമ്മാ 1670-ൽ കാലം ചെയ്തു. അദ്ദേഹത്തെ അങ്കമാലിപ്പള്ളിയിൽ കബറടക്കി (175). 1670 മുതൽ 1686 വരെ 'രണ്ടാം മാർതോമ്മാ മലങ്കരസഭയെ നയിച്ചു. ഇദ്ദേഹത്തിന്റെ കാലത്ത് 1685-ൽ മാർ ബസ്സേലിയോസ് മഫ്രിയാനാ (കാതോലിക്കാ) യും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മലങ്കരയിൽ എത്തി. 1685-ൽ തന്നെ മാർ ബസ്സേലിയോസ് കാലം ചെയ്തു. കോതമംഗലം ചെറിയ പള്ളിയിൽ അദ്ദേഹത്തെ കബറടക്കി. ആകബറിടം ഇന്ന് യാക്കോബായ ഓർത്തഡോക്സുകാരുടെ ഒരു തീർത്ഥാടന കേന്ദ്രമാണ്. മാർതോമ്മാ രണ്ടാമൻ നിരണത്തുവെച്ച് ഇടിവെട്ടേററ് 1686-ൽ മരിച്ചു. അദ്ദേഹത്തെ നിരണം പള്ളിയിൽ കബറടക്കി. (176)

രണ്ടാം മാർതോമ്മായുടെ ആകസ്മികമായ നിര്യാണത്തിനു ശേഷം മൂന്നാം മാർതോമ്മാ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ സഭാശുശ്രൂഷ കേവലം രണ്ടുവർഷം മാത്രമായിരുന്നു. ദുഃഖപൂരിതമായ രണ്ടു വർഷത്തിനുശേ

www.malankaralibrary.com



ഷം 1688-ൽ അദ്ദേഹം കടമ്പനാട്ടുവെച്ച് കാലം ചെയ്തു. അദ്ദേഹത്തെ കടമ്പനാട്ടു പള്ളിയിൽ കബറടക്കി. ഇദ്ദേഹത്തിൻെറ കാലത്ത് സാർവത്രിക കൂട്ടായ്മ വീണ്ടെടുക്കുവാൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു (177). വിദേശത്തുനിന്നും വന്ന മാർ ഈവാനിയോസ് മലങ്കരയിൽ ഉണ്ടായിരുന്നെങ്കിലും മൂന്നാം മാർത്തോമ്മായുടെ വാഴ്ചയിലും തെരഞ്ഞെടുപ്പിലും അദ്ദേഹത്തിന് എന്തു പങ്കാണുണ്ടായിരുന്നതെന്ന കാര്യം അവ്യക്തമാണ്.

മൂന്നാം മാർത്തോമ്മയാൽ വാഴിക്കപ്പെട്ട നാലാം മാർത്തോമ്മാ, 1688 മുതൽ 1728 വരെ സഭയെ നയിച്ചു. ഇദ്ദേഹത്തിൻെറ കാലത്തും സാർവത്രിക കൂട്ടായ്മ വീണ്ടെടുക്കുവാനുള്ള ശ്രമങ്ങൾ വിജയിച്ചില്ല (178). 1693 ൽ മാർ ഈവാനിയോസ് കാലം ചെയ്തു. അദ്ദേഹത്തെ മുളന്തുരുത്തിയിലുള്ള പള്ളിയിൽ കബറടക്കി. അഞ്ചാം മാർത്തോമ്മായെ തെരഞ്ഞെടുത്ത് നിയമിച്ചശേഷം 1728-ൽ നാലാം മാർത്തോമ്മാ കണ്ടനാട്ടുവെച്ച് കാലം ചെയ്തു. അദ്ദേഹത്തെ കണ്ടനാട്ടു പള്ളിയിൽ കബറടക്കി.

തുടർന്ന് അഞ്ചാം മാർത്തോമ്മാ സഭാശുശ്രൂഷ ഭരമേററു. ഇദ്ദേഹം 1729 മുതൽ 1765 വരെ സഭയെ നയിച്ചു. ഇദ്ദേഹം ഉറപ്പുള്ളവനും വ്യക്തിത്വ ബോധമുള്ളവനുമായിരുന്നു. അഞ്ചാം മാർത്തോമ്മായുടെ കാലത്ത് സാർവത്രിക കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നതിനു നടത്തിയ പരിശ്രമങ്ങൾ വിജയിച്ചില്ല (179). തൻെറ മേൽപ്പട്ടസ്ഥാനത്തിൻെറ സാധുത നേടിയെടുക്കുവാൻ തക്കയോഗ്യരായ സുറിയാനി മെത്രാന്മാരെ കിട്ടുവാൻ ഡച്ചുകമ്പനിക്കാരുടെ സഹായം അദ്ദേഹം അഭ്യർത്ഥിച്ചു. 1751-ൽ കമ്പനിക്കാരുടെ പരിശ്രമ ഫലമായി മാർ ബസ്സേലിയോസ് മഫ്രിയാനാ (കാതോലിക്കാ), മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, യോഹന്നാൻ റമ്പാൻ, രണ്ടു ശെമ്മാശ

www.malankaralibrary.com


ന്മാർ എന്നിവരോടുകൂടി മലങ്കരയിൽ എത്തി. താമസം വിനാ യോഹന്നാൻ റമ്പാൻ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രനായി അഭിഷേകം പ്രാപിച്ചു. അഞ്ചാം മാർത്തോമ്മായെ സാധുവായ മേൽപ്പട്ടക്കാരനാക്കവാൻ അവർ ശ്രദ്ധിച്ചില്ല. മാർ ബസ്സേലിയോസ് വടക്കൻപറവൂരിലും മാർ ഈവാനിയോസ് കായംകുളത്തും താമസിച്ചു പ്രവർത്തിച്ചു വന്നു. 1764_ൽ മാർ ബസ്സേലിയോസ് കാലം ചെയ്തു. അദ്ദേഹത്തെ കണ്ടനാട്ടു പള്ളിയിൽ കബറടക്കി. മേൽപ്പട്ടസ്ഥാനാഭിഷേകത്തിന് വിളംബമുണ്ടാവുകയാൽ കപ്പൽക്കൂലി വ്യവസ്ഥ ചെയ്തിരുന്ന പ്രകാരം അദ്ദേഹം കൊടുത്തില്ല. കേവലം 4000 ക. മാത്രമായിരുന്ന കപ്പൽക്കൂലി പലിശയടക്കം 12000 ക. ആയി ഉയർന്നു. ഇതു സംബന്ധിച്ച തക്കം നിലവിലിരിക്കേ 1765_ൽ അഞ്ചാം മാർത്തോമ്മാ നിരണത്തുവെച്ച് കാലം ചെയ്തു. നിരണം പള്ളിയിൽ അദ്ദേഹത്തെ കബറടക്കി.

അദ്ധ്യായം 22

## *വലിയ മാർ ദിവന്നാസ്യോസ്*

പിൻഗാമിയായി സമർത്ഥനും കുശാഗ്രബുദ്ധിയുമായ ആറാം മാർത്തോമ്മാ ഭരണമേററു. ഇദ്ദേഹത്തിൻെറ സഭാശുശ്രൂഷാകാലം സംഭവബഹുലമാണ്. ഡച്ചുകമ്പനിക്കാർ കപ്പൽക്കൂലിക്കായി ആറാം മാർത്തോമ്മായെ പ്രതിയാക്കി കേസ് ഫയൽ ചെയ്തു. കോടതിമുമ്പാകെ ആറാം മാർത്തോമ്മായും വിദേശ മെത്രാന്മാരും പത്രിക സമർപ്പിച്ചു. മേൽപ്പട്ടസ്ഥാന പ്രാപ്തിക്കായി കൊണ്ടുവരപ്പെട്ട മെത്രാപ്പോലീത്താമാർ അതു നൽകാതെ കപ്പൽക്കൂലി കൊടുക്കാനുള്ള ബാദ്ധ്യത തനിക്കില്ലെന്നായിരുന്നു ആറാം മാർത്തോമ്മായുടെ പത്രികയുടെ ചുരുക്കം. ഞങ്ങളാവശ്യപ്പെട്ടിട്ടോ കപ്പൽക്കൂലി കൊടുത്തുകൊള്ളാമെന്നുള്ള വ്യവസ്ഥയിലോ അല്ല കപ്പൽ കയറിയതെന്നുള്ളതിനാൽ

www.malankaralibrary.com



കപ്പൽക്കൂലി കൊടുക്കുവാനുള്ള ബാദ്ധ്യത തങ്ങൾക്കില്ലായെന്നാണ് വിദേശ മെത്രാന്മാർ പത്രികയിൽ പറഞ്ഞിരിക്കുന്നത്. എല്ലാ വാദമുഖങ്ങളും പരിശോധിച്ചശേഷം കോടതി വിധി പ്രസ്താവിച്ചു. ''വിദേശ മെത്രാന്മാർ ആറാം മാർതോമ്മായ്ക്കു് മേൽപ്പട്ടസ്ഥാനം കൊടുക്കുന്നപക്ഷം കപ്പൽക്കൂലി അദ്ദേഹം കമ്പനിക്കു നൽകേണ്ടതും മേൽപ്പട്ടസ്ഥാനം കൊടുക്കുവാൻ മെത്രാന്മാർ വിസമ്മതിക്കുന്നപക്ഷം സർക്കാർ ചെലവിൽ വിദേശമെത്രാന്മാരെ കപ്പൽ കയററി അയക്കേണ്ടതുമാകുന്നു.'' ഈ വിധിയുടെ വെളിച്ചത്തിൽ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ ആറാം മാർതോമ്മായെ ദിവന്നാസ്യോസ് ഒന്നാമൻ എന്നപേരിൽ വാഴിച്ചു. ഡച്ചുകമ്പനിക്കു് മാർ ദിവന്നാസ്യോസ് കപ്പൽകൂലികൊടുത്തുതീർക്കുകയും ചെയ്തു(180).

1653 മുതൽ 1772 വരെയുള്ള കാലഘട്ടത്തിനുള്ളിൽ സാർവത്രിക ഐക്യത്തിൽനിന്നും അകന്ന് പ്രാദേശിക സഭയുടെ സംപൂർണ്ണതയ്ക്കായി അടരാടിയ മലങ്കരസഭയ്ക്കു് യഥാർത്ഥമേൽപ്പട്ടസ്ഥാനത്തിന്റെ കാര്യത്തിലുണ്ടായിരുന്ന സന്ദേഹം തീർത്തും മാറിക്കിട്ടിയതു് ആറാംമാർതോമ്മാ മാർ ദിവന്നാസ്യോസ്പ്രഥമൻ എന്നപേരിൽ മെത്രാഭിഷേകം പ്രാപിച്ചതിനുശേഷമാണ്. വലിയ മാർദിവന്നാസ്യോസ് എന്നപേരിലാണ് ഇദ്ദേഹം ചരിത്രത്തിൽ അറിയപ്പെടുന്നതു്. ഇദ്ദേഹത്തിന്റെകാലത്തും വേർപാടിന്റെ നടുച്ചുവർ ഇടിച്ചു് മലങ്കരസഭയുടെ പുന:രുദ്ധരിപ്പിക്കപ്പെട്ട പദവിയോടെ സാർവ്വത്രിക കൂട്ടായ്മ പുന:രുജ്ജീവിപ്പിക്കുവാനുള്ള കഠിനയത്നം നടത്തി(181). കരിയാററിൽ യൗസേപ്പുമൽപ്പാനും പാറേമാക്കൽ തോമ്മാകത്തനാരും ഇതുനേടിഎടുക്കുവാൻ റോമിലേക്കു പോവുകയും ചെയ്തു. നിർഭാഗ്യവശാൽ സാർവത്രിക കൂട്ടായ്മ ഈ സഭയെ സംബന്ധിച്ചിടത്തോളം ഒരു മരുമരീചികയായി അവശേഷിച്ചു. മാ

www.malankaralibrary.com


ത്തുത്തരകൻെറ സമ്മർദ്ദതന്ത്രങ്ങൾക്ക് വിധേയനായി മാർ ദിവന്നാസ്യോസ് പ്രഥമൻ പ്രവത്തിച്ചു എങ്കിലും അദ്ദേഹം ആ തന്ത്രത്തെ അതിജീവിക്കുകയാണുണ്ടായതു എന്ന വിധത്തിലാണ് യാക്കോബായ ചരിത്രകാരന്മാർ ഈ യത്നത്തെ ചിത്രീകരിച്ചിട്ടുള്ളത്.

## തോഴിയൂർ സ്വതന്ത്ര സുറിയാനിസഭ രൂപമെടുക്കുന്നു.

സർക്കാർവിധിക്കു വിധേയപ്പെടേണ്ടിവന്ന വിദേശമെത്രാന്മാർ മാർദിവന്നാസ്യോസിനു ഒരു എതിരാളിയെ സൃഷ്ടിക്കുവാൻ മറന്നില്ല. അന്ന് മുളന്തുരുത്തിയിൽ താമസിച്ചിരുന്ന കാട്ടുമങ്ങാട്ട് കര്യൻ റമ്പാനെ മാർക്കുറിലോസ് എന്നപേരിൽ മാർഗ്രീഗോറിയോസും കൂട്ടരും മെത്രാനായി അഭിഷേചിച്ചു. ഇതിനെതിരായി മാർദിവന്നാസ്യോസ് കേസുകൊടുത്തു. തൽഫലമായി മാർക്കുറിലോസ് മാർദിവന്നാസ്യോസ് പ്രഥമൻെറ നിലവിലുണ്ടായിരുന്ന അധികാരപരിധിക്കും രാജശാസനത്തിനും പുറത്തു് തോഴിയൂർ എന്ന സ്ഥലത്തു് സ്ഥിരവാസമുറപ്പിച്ചു. അദ്ദേഹം മാർദിവന്നാസ്യോസിനും അന്ത്യോഖ്യാപാത്രിയക്കീസിനും വിധേയമല്ലാത്ത സ്വതന്ത്രസുറിയാനിസഭയുടെ മെത്രാപ്പോലീത്താ ആയി ഭരണം നടത്തി(182). ആ തായ് വഴിയിൽപ്പെട്ട പൗലൂസ് മാർഫീലക്സിനോസ്മെത്രാപ്പോലീത്താ സമീപകാലത്തു് (1977) മലങ്കരകത്തോലിക്കാസഭയിലൂടെ സാർവത്രികഐക്യം വീണ്ടെടുത്തു. തോഴിയൂർസഭ A D. 1772-ൽ രൂപം കൊണ്ടതാണ്.

—□—

www.malankaralibrary.com


അദ്ധ്യായം 23

## സി. എം. എസ്. ബാന്ധവം മലങ്കരസഭയിൽ

മാർ ദിവന്നാസ്യോസ് പ്രഥമന്റെ കാലത്ത് ചർച്ച്മിഷനറി സമൂഹം ഇവിടെ പ്രവർത്തനം ആരംഭിച്ചു. മലങ്കരസഭ സന്ദർശിച്ച ക്ലാഡിയസ് ബുക്കാനാൻ അവരിൽപ്രമുഖനാണ്. എസ്ത്രാംഗേല സുറിയാനി ലിപിയിൽ എഴുതിയ വി: മത്തായിയുടെ സുവിശേഷം മലങ്കരസഭ അദ്ദേഹത്തെ ഏല്പിച്ചു (183). അത് ഇന്ന് ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്.

1807-ൽ ദീയസ്കോറോസ് എന്ന യാക്കോബായ (ഓർതഡോക്സ്) മെത്രാൻ മലങ്കരയിൽ എത്തി. മലങ്കരസഭയെ പ്രൊട്ടസ്റ്റന്റു വിശ്വാസത്തിനടിപ്പെടുത്തുവാനുള്ള ശ്രമങ്ങളെ അദ്ദേഹം എതിർത്തു (184). തന്നിമിത്തം ബ്രിട്ടീഷ് റസിഡൻറ് തന്റെ സ്വാധീനമുപയോഗിച്ച് മോഷണക്കററം ചുമത്തി അദ്ദേഹത്തെ മർദ്ദീനിലേക്ക് തിരിച്ചയച്ചു.

1808-ൽ മാർ ദിവന്നാസ്യോസ് 3000 പൂവരാഹൻ 8 ശതമാനം പലിശയ്ക്ക് ഈസ്റ്റിൻഡ്യാക്കമ്പനിയിൽ സ്ഥിരമായി നിക്ഷേപിച്ചു. ഈ നിക്ഷേപമാണ് ''വട്ടിപ്പണം'' എന്ന പേരിൽ പിൽക്കാലത്ത് ചരിത്രത്തിൽ അറിയപ്പെടുന്നത്. ഇതിന്റെ അവകാശത്തിനുവേണ്ടി മലങ്കരസഭയിൽ വട്ടിപ്പണക്കേസുകളുടെ ഒരു പരമ്പരതന്നെ നടക്കുകയുണ്ടായി.

## അന്ത്യോഖ്യൻ ബന്ധം കൂടാതെ മേല്പട്ടക്കാർ വാഴിക്കപ്പെടുന്നു

മാർ ദിവന്നാസ്യോസ് മാർതോമ്മാ ഏഴാമനെ പിൻഗാമിയായി വാഴിച്ചശേഷം 1808-ൽ നിരണത്തു

www.malankaralibrary.com


വെച്ച് കാലം ചെയ്തു (185). അദ്ദേഹം പണിയിച്ച പുത്തൻകാവു പള്ളിയിൽ അദ്ദേഹത്തെ കബറടക്കി. മാർ തോമ്മാ ഏഴാമൻ 1809-ൽ കോലഞ്ചേരിയിൽവെച്ച് കാലം ചെയ്തു. കോലഞ്ചേരി പള്ളിയിൽ അദ്ദേഹത്തെ കബറടക്കി. പിൻഗാമിയായി മാർതോമ്മാ എട്ടാമൻ ഭരണമേററു. മെത്രാൻ സ്ഥാനനൽവരം പ്രാപിക്കാതെ ഭരണമേററ അദ്ദേഹത്തെ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എതിർത്തു. മെത്രാനാകാതെ മെത്രാൻ സ്ഥാന വേഷമിട്ട മാർതോമ്മാ എട്ടാമനെ ബ്രിട്ടീഷ് റസിഡൻറായിരുന്ന ''മെക്കാളി'' ബഹിഷ്കരിച്ചു. തൽസ്ഥാനത്ത് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ മലങ്കരസഭാ ഭരണ മേധാവിയായി നിയമിക്കപ്പെട്ടു. ഈ സ്ഥാനമുപയോഗിച്ച് വട്ടിപ്പണത്തിൻെറ പലിശയായ 3360 ക. അദ്ദേഹം വാങ്ങി (186). മാർതോമ്മാ എട്ടാമൻ പിൻഗാമിയായി മാർതോമ്മാ ഒമ്പതാമനെ നിയോഗിച്ചശേഷം പുത്തൻകാവു പള്ളിയിൽ കബറടങ്ങി. ഇതു 1816-ൽ ആണ് സംഭവിച്ചത്. മാർതോമ്മാ ഒമ്പതാമൻ കടമററം പള്ളിയിലും കബറടങ്ങി.

നൽവരമോ ഭരണാധികാരമോ ലഭ്യമല്ലാതിരുന്ന മാർതോമ്മാമാരുടെ (8-ാം-9-ാം) കാലത്തും അക്ദെയാക്കോനേപ്പോലെ ഭരണം കയ്യേററ ഇട്ടൂപ്പ്റമ്പാൻ, തിരുവിതാംകൂർ രാജ്ഞിയായിരുന്ന പാർവതീഭായിയിൽനിന്നും ലഭിച്ച മീനച്ചിലാററിൻെറ തീരത്തുള്ള 16 ഏക്കർസ്ഥലത്തു ഇന്നത്തെപഴയ സിമ്മിനാരിസ്ഥാപിച്ചു(187). 1815-ൽ പ്രൊട്ടസ്റ്റൻറുകാരുടെയും റസിഡൻറിൻെറയും സഹായത്തോടെ അവിടെ തിരുവിതാംകൂറിൽ ഇദംപ്രഥമമായി ഇംഗ്ളീഷ് വിദ്യാഭ്യാസം ആരംഭിച്ചു. മൺറോത്തുരുത്തും 2000. ക.യും സിമ്മിനാരി നടത്തിപ്പിനായി അദ്ദേഹത്തിനുലഭിച്ചു.

മെത്രാൻ സ്ഥാനിയല്ലാത്ത ആരും വട്ടിപ്പണത്തിൻെറ പലിശവാങ്ങുവാൻ അർഹനല്ലാത്തതുകൊണ്ട്

www.malankaralibrary.com


ആ സംഖ്യ തിരികെ ഏല്പിക്കുവാൻ മദ്രാസ് ഗവണ്ണർ ആ ജ്ഞാപിച്ചു. സംഭവിക്കാമായിരുന്ന അവമാനം ഒഴിവാക്കാനും സഭയ്ക്കു വൈധവ്യം സംഭവിക്കാതിരിക്കാനുമായി ഇട്ടൂപ്പ് റമ്പാൻ റസിഡൻറായിരുന്ന 'മൺറോ'യുടെ സഹായത്തോടെ തോഴിയൂർസഭയുടെ മാർപീലക്സിനോസിൽ നിന്നും മെത്രാൻസ്ഥാനം സ്വീകരിച്ചു. പഴഞ്ഞിപ്പള്ളിയിൽവച്ച് മാർദീവന്നാസ്യോസ് രണ്ടാമൻ എന്നപേരിലാണ് അദ്ദേഹം വാഴിക്കപ്പെട്ടത്. ഇതുമൂലം പലിശതിരിച്ചടയ്ക്കാതെ രക്ഷപെട്ടു(188).

1816_ൽ എട്ടാം മാർതോമ്മായെ പ്രതിയാക്കി കൊടുത്ത കേസിൽ വിജയിയായ മാർ ദിവന്നാസ്യോസ് രണ്ടാമൻ എട്ടാം മാർതോമ്മായിൽനിന്നും വടി, മുടി, സ്ലീബാ മുതലായവ തിരിച്ചു വാങ്ങി. ഈ വിധിയിലൂടെ എട്ടാം മാർതോമ്മാ പള്ളികളിൽ പ്രവേശിക്കുന്നതിനെ ശാശ്വത നിരോധന ഉത്തരവിലൂടെ കോടതി തടഞ്ഞു. 1816 നവംബർ 14 ന് മാർ ദിവന്നാസ്യോസ് ദ്വിതീയൻ കാലം ചെയ്തു. പഴയ സിമ്മിനാരിയിൽ അദ്ദേഹത്തെ കബറടക്കി.

അദ്ദേഹത്തിൻെറപിൻഗാമിയെവാഴിച്ചതു് തോഴിയൂർ സഭയുടെ മാർപീലക്സിനോസാണ്. അദ്ദേഹം മാർ ദിവന്നാസ്യോസ് ത്രിതീയൻ എന്നപേരിലാണ് മെത്രാഭിഷിക്തനായതു്(189). ഇദ്ദേഹം പ്രൊട്ടസ്റ്റൻറുകാരോട് മമതയിലാണ് കഴിഞ്ഞതു്. ഈ കാലയളവിലാണും നോർട്ടൻ, ബയിലി, മുതലായ സി. എം. എസ്. മിഷനറിമാർ മലങ്കരയിൽ സ്വൈരവിഹാരം നടത്തിയതു്. 1825_ൽ മർദ്ദീനിൽനിന്നും മാർഅത്താനാസ്യോസ് മലങ്കരയിൽഎത്തി. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ ആശാസ്യമല്ലായിരുന്നു എന്നു പറയപ്പെടുന്നു. ഏതായാലും റസിഡൻറിൻെറ സ്വാധീനമുപയോഗിച്ച് അ ദ്ദേ ഹ ത്തെ

www.malankaralibrary.com

തിരിച്ചയച്ചു(190). 1825 മെയ് 25 ന് മാർദീവന്നാസ്യോസ് ത്രിതീയൻ കാലംചെയ്തു. കോട്ടയം ചെറിയപള്ളിയിൽ അദ്ദേഹത്തെ കബറടക്കി.

അദ്ധ്യായം 24

## മാവേലിക്കര സുന്നഹദോസ്

## പ്രൊട്ടസ്റ്റൻറുകാരുമായി ഇടയുന്നു അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ മേൽക്കോയ്മ സ്വീകരിക്കുന്നു

1825-ൽ പിൻഗാമിയായി ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ തോഴിയൂർ സഭയുടെ മാർ ഫീലക്സിനോസിൽ നിന്നും മാർദീവന്നാസ്യോസ് നാലാമൻ എന്നപേരിൽ മെത്രാഭിഷേകം പ്രാപിച്ചു. ഒരു തിരുവെഴുത്തുവിളംബരം മൂലം സവിശേഷമായ ലൗകികാധികാരങ്ങളും അദ്ദേഹത്തിനുലഭിച്ചു(191). പ്രൊട്ടസ്റ്റൻറുവിശ്വാസവും ഉപദേശങ്ങളും മലങ്കരസഭയിൽ ആഞ്ഞടിക്കുന്നതിനെ അദ്ദേഹം പ്രതിരോധിച്ചു. 1836 ജനുവരി 16 ന് പ്രതിരോധം ഏറ്റം സുഗമമാക്കുവാനായി മാവേലിക്കരയിൽ ഒരു സുന്നഹദോസു വിളിച്ചു കൂട്ടി. ആ സുന്നഹദോസിൻെറ തീരുമാനങ്ങൾ 'മാവേലിക്കര പടിയോല' എന്നപേരിലാണ് അറിയപ്പെടുന്നത്. പ്രൊട്ടസ്റ്റൻറുകാരിൽ നിന്നും രക്ഷനേടുവാനായി വിളിച്ചുകൂട്ടിയ ഈ സുന്നഹദോസിൻെറ തീരുമാനപ്രകാരം മലങ്കരസഭയിൽ അധികാരമല്ലാതിരുന്ന അന്ത്യോഖ്യാ യാക്കോബായ (ഓർതഡോക്സ്) പാത്രിയർക്കീസ് മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായി പ്രഖ്യാപിക്കപ്പെട്ടു(192). ഈ പ്രഖ്യാപനത്തിൻെറ ന്യായാന്യായത എന്തായിരുന്നാലും സംഭവിച്ചതു് അങ്ങിനെയാണ്. പാത്രിയർക്കീസിൻെറ അംഗീകാരം കൂടാതെ വിശ്വാസത്തിലോ ഭരണഘടനയിലോ മാ

www.malankaralibrary.com


ററം ഉണ്ടാക്കുവാൻ കഴിയുകയില്ലെന്നും അറിയിച്ചു. കോപാകുലരായ പ്രൊട്ടസ്റ്റൻറുകാർ 'പീററ്' സായിപ്പിൻെറ നേതൃത്വത്തിൽ 1838-ൽ ഓശാനഞായറാഴ്ച പള്ളിയിൽ ആരാധനനടക്കുമ്പോഠം, പഴയ സിമ്മിനാരി മാളികയിൽപ്രവേശിച്ച് പല രേഖകളും അനധികൃതമായി എടുത്തുകൊണ്ടുപോയി. തന്നിമിത്തം 1838-ൽ പഴയസിമ്മിനാരിയിൽ മിഷനറിമാർ വൈദികവിദ്യാത്ഥികളെ പഠിപ്പിക്കുന്നപതിവ് നിത്തലാക്കി. പഴയ സിമ്മിനാരി, മൺട്രോത്തുരുത്ത്, സി.എം.എസ് കോളജ് സ്ഥലം എന്നിവക്കുവേണ്ടി പ്രൊട്ടസ്റ്റൻറു മിഷനറിമാരും മലങ്കര സഭയുമായി തക്കം ഉൽഭവിച്ചു. ഇതിൻെറ പരിഹാരത്തിനായി ഒരു മദ്ധ്യസ്ഥ കോടതി സ്ഥാപിക്കപ്പെട്ടു. ഇതു് 'കൊച്ചിപഞ്ചായത്ത്' എന്നപേരിലാണ് അറിയപ്പെടന്നതു്. ഇതിൻെറ വിധിയനുസരിച്ച് പഴയസിമ്മിനാരിയും വട്ടിപ്പണവും മലങ്കരസഭയ്ക്കുലഭിച്ചു. മൺട്രോത്തുരുത്തും സി. എം. എസ്. കോളജുസ്ഥലവും മിഷനറിമാക്കുവിട്ടുകൊടുത്തു (193). അങ്ങനെ വലിയ മാർദീവന്നാസ്യോസിൻെറ കാലത്ത് (1772-1809) അരങ്ങേറിയ പ്രൊട്ടസ്റ്റൻറു ബാന്ധവം 1838-ൽ മാർദീവന്നാസ്യോസ് നാലാമൻെറ കാലത്ത് അവസാനിച്ചു.

## അദ്ധ്യായം 25

## *സി. എം. എസ് ബന്ധത്തിൻെറ അവസാനവും അന്ത്യോഖ്യൻ ബന്ധത്തിൻെറ പുനരാരംഭവും*

മാവേലിക്കരസുന്നഹദോസും അതിൻെറ തീരുമാനങ്ങളുംമൂലം സി. എം. എസ്. കാരുമായി മലങ്കരസഭാഗം പിരിഞ്ഞു. അതോടെ സഭയിൽ അവർ നടത്തിവന്ന പ്രവൎത്തനങ്ങൾക്ക് പൂർണ്ണവിരാമമിട്ടു. എന്നാൽ പ്രൊ

www.malankaralibrary.com


ട്ടസ്റ്റൻറു സ്വാധീനവലയത്തിൽപ്പെട്ട ഒരുന്യൂനപക്ഷം മലങ്കരസഭയിൽ രൂപംപ്രാപിച്ചു. അവരിൽപ്രമുഖൻ വൈദികവിദ്യാർത്ഥികളുടെ ശ്രേഷ്ഠഗുരുഭൂതനായ പാലക്കുന്നത്തു് ഏബ്രഹാം മൽപ്പാനായിരുന്നു. പ്രൊട്ടസ്റ്റൻറു വീക്ഷണമനുസരിച്ചു് മലങ്കരസഭയിൽ ഒരു നവീകരണപാത വെട്ടിത്തുറക്കുവാൻ അദ്ദേഹം വ്യഗ്രതകാണിച്ചു. അതിൻെറ വിജയത്തിനു് ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നാലാമനു് ഒരു എതിരാളി, മെത്രാൻ സ്ഥാനിയായിതന്നെ, ഉണ്ടാവേണ്ടതു് അദ്ദേഹത്തിൻെറ ആവശ്യമായിരുന്നു. അതിനായി മാർ ദീവന്നാസ്യോസിൻെറ പട്ടത്വം അസാധുവാണെന്നും തന്നിമിത്തം അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ഒരു മെത്രാപ്പോലീത്താ ഇവിടുണ്ടായിരിക്കേണ്ടതു് സഭയുടെ വളർച്ചക്കും വിശ്വാസ സംരക്ഷണത്തിനും അൻപേക്ഷണീയമാണെന്നും ഉള്ള ചിന്തയ്ക്കു് പ്രചാരം ഉണ്ടാക്കുവാൻ ഏബ്രഹാം മല്പാനും സഹയാത്രികരും ശ്രമം തുടങ്ങി. അതിനായി അദ്ദേഹം സ്വസഹോദരപുത്രനും കേവലം 23 വയസ്സുമാത്രം പ്രായമുള്ള ആളുമായ മാത്യൂസ് ശെമ്മാശനെ മർദ്ദീനിലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസ് മാർ ഏലിയാസ് ഇഗ്നാത്തിയോസിൻെറ അടുത്തേക്കയച്ചു. പാത്രിയർക്കീസാകട്ടെ, ഭരണാധികാരമുണ്ടായിരുന്ന മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസിനോടാലോചിക്കാതെ മാത്യൂസ് ശെമ്മാശനെ സസന്തോഷം 1842-ൽ മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേചിച്ചു് മലങ്കരയിലേക്കയച്ചു (194). മാത്യൂസ് മാർ അത്താനാസ്യോസ് 1844 ജനവരി 15 നു് ബ്രിട്ടീഷ് റസിഡൻറിനയച്ച ഒരു കത്തിൽ മാർ ദീവന്നാസ്യോസ് നാലാമനെ പാത്രിയർക്കീസ് മുടക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടു്. മാർ അത്താനാസ്യോസിൻെറ രംഗപ്രവേശം മലങ്കരസഭയിലും മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ് നാലാമനിലും ചിന്താക്കുഴപ്പം ഉണ്ടാക്കി.

www.malankaralibrary.com


ത്൪മൂലം മാർമാത്യൂസ് അത്താനാസ്യോസിനെതിരായി മലങ്കര സഭ പാത്രിയർക്കീസിന് പരാതി അയച്ചു. വേണ്ട പരിഹാരങ്ങൾ നിർദ്ദേശിച്ചു നടപ്പാക്കാനുള്ള അധികാരത്തോടെ മാർ കൂറീലോസ് എന്ന മെത്രാനെ പാത്രിയർക്കീസ് മലങ്കരയിലേക്കയച്ചു (195). മാർ ദിവന്നാസ്യോസിനെ പാത്രിയർക്കീസ് മുടക്കി എന്നുള്ള മാർ അത്താനാസ്യോസിന്റെ കത്ത് ഏതുവിധം മാനിക്കപ്പെട്ടിരുന്നാലും മാർ ദിവന്നാസ്യോസ് മലങ്കരമെത്രാപ്പോലീത്തായുടെ ചുമതലകൾ തുടർന്ന് നടത്തിക്കൊണ്ടിരുന്നു. മാർകൂറീലോസ് ഇവിടെ എത്തി അധികം കഴിയുന്നതിനുമുമ്പ് സമാധാനപ്രിയനായിരുന്ന ചേപ്പാട്ടു മാർ ദിവന്നാസ്യോസ് ഭരണാധികാരം മാർ കൂറീലോസിന് ഒഴിഞ്ഞുകൊടുത്തു (196). താമസംവിനാ മാർ ദിവന്നാസ്യോസ് കാലം ചെയ്തു. 1853 ഒക്ടോബർ 12 ന് ചേപ്പാട്ടു പള്ളിയിൽ അദ്ദേഹത്തെ സ്ഥാനോചിതമായി തന്നെ കബറടക്കി.

മാർ ദിവന്നാസ്യോസിന്റെ ഒഴിവിൽ മലങ്കര മെത്രാപ്പോലീത്തായായി തന്നെ അംഗീകരിക്കുവാൻ മാർ അത്താനാസ്യോസ് റസിഡന്റിനോടപേക്ഷിച്ചു. ഇതിനിടയിൽ മാത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കി വീണ്ടും മാർ കൂറീലോസ് മലങ്കര മെത്രാനാണെന്നു കാണിച്ചു കൊണ്ടുള്ള രണ്ടു കല്പനകൾ പാത്രിയർക്കീസിന്റേതായി മാർ കൂറീലോസ് പ്രസിദ്ധീകരിച്ചു. തുടർന്ന് മാർ കൂറീലോസും മാർ അത്താനാസ്യോസും തമ്മിൽ വ്യവഹാരം ഉണ്ടായി. പരിഹാരത്തിനായി സർക്കാർ "കൊല്ലം പഞ്ചായത്ത്" എന്ന പേരിൽ ഒരു കോടതി സ്ഥാപിച്ചു. കോടതിയുടെ പരിശോധനാഫലമായി 1852-ൽ മാത്യൂസ് മാർ അത്താനാസ്യോസിന് അനുകൂലമായ വിധിയുണ്ടായി (197).

താമസംവിനാ പാത്രിയർക്കീസ് തന്റെ അധികാ

www.malankaralibrary.com


രം ഇവിടെ ഉറപ്പിക്കുവാനായി സവിശേഷാധികാരത്തോടെ സ്ലീപ്പാനോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ മലങ്കരയിലേക്കയച്ചു. എന്നാൽ റസിഡൻറിൻെറ ഉപദേശമംഗീകരിച്ചുകൊണ്ട് അദ്ദേഹത്തിൻെറ പ്രവർത്തന സ്വാതന്ത്ര്യം സർക്കാർ തടഞ്ഞു. തുടർന്ന് മാത്യൂസ്മാർഅത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിച്ചുകൊണ്ടുള്ള തിരുവെഴുത്തു വിളംബരം തിരുവിതാംകൂർ മഹാരാജാവു പ്രസിദ്ധപ്പെടുത്തി (198). മലങ്കരസഭാ ചരിത്രത്തിൽ ഗവൺമെൻറ് സഭാ ഭരണത്തിൽ നിയന്ത്രണമേർപ്പെടുത്തുന്ന ശോച്യാവസ്ഥക്ക് ഇതു കാരണമായിത്തീർന്നു.

മാത്യൂസ് മാർ അത്താനാസ്യോസ്, പാത്രിയർക്കീസിനാൽ വാഴിക്കപ്പെടുകയും മലങ്കര സഭയാൽ അംഗീകരിക്കപ്പെടുകയും ചെയ്തു എന്ന നിഗമനത്തിലാണ് സർക്കാർ മാത്യൂസ് മാർ അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിച്ചത്. എന്നാൽ മാർ കൂറീലോസാകട്ടെ പാത്രിയർക്കീസിനാൽ യഥാവിധി നിയോഗിക്കപ്പെടുകയോ മലങ്കരസഭയാൽ തക്ക യോഗ്യമായി അംഗീകരിക്കപ്പെടുകയോ ചെയ്തു എന്നതിന് നിരാക്ഷേപമായ തെളിവുകൾ നൽകുവാൻ കഴിയാതെ പോയതുകൊണ്ടാണ് മാർ കൂറീലോസിനെ മാർ ദീവന്നാസ്യോസിൻെറ പിൻഗാമിയായി സർക്കാർ അംഗീകരിക്കാതിരുന്നത് (199).

മാത്യൂസ് മാർ അത്താനാസ്യോസ് ഏകഛത്രാധിപതിയായി ഭരണം ആരംഭിച്ചു. എന്നാൽ ഉപദേശത്തിൽ അദ്ദേഹം പ്രൊട്ടസ്റ്റൻറ് അനുഭാവിയായിരുന്നു. തന്നിമിത്തം മലങ്കരസഭ മർദ്ദീനിലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ അടുത്തേക്ക് മെത്രാഭിഷേകം പ്രാപിക്കാനായി പുലിക്കോട്ടിൽ ജോസഫ് കത്തനാരെ അയച്ചു.

www.malankaralibrary.com


1865-ൽ പാത്രിയർക്കീസായ യാക്കോബു രണ്ടാമൻ അദ്ദേഹത്തെ ജോസഫ് മാർ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താമായി വാഴിച്ചു. 1866-ൽ അദ്ദേഹം മലങ്കരയിൽ തിരിച്ചെത്തി(200). മലങ്കരസഭയിലെ ഉപയോഗത്തിനായി വി:മൂറോൻ അദ്ദേഹത്തെ ഏല്പിച്ചിരുന്നു. പാത്രിയർക്കീസിനു തന്റെ ജനങ്ങളിൽനിന്നും ലഭിക്കുവാൻ അവകാശപ്പെട്ട റിശീസാ (തലവരിപ്പണം) പിരിച്ചുവരുത്തി അയച്ചുകൊടുക്കുവാൻ അദ്ദേഹത്തോടു ആവശ്യപ്പെടുകയും ചെയ്തു. 21 വയസ്സു പൂർത്തിയായ ഒരു പുരുഷനു ആണ്ടുകംമ്പസാരം നടത്തുമ്പോൾ 2 ചക്രം എന്ന കണക്കിലാണു അതു പിൽക്കാലത്തു പിരിച്ചുവന്നതു. ഈ അവകാശം മലങ്കരസഭയിൽ പ്രയോഗിക്കുകവഴി സഭയുടെ പരമാധികാരിയെന്ന പദവിയിൽ കാര്യങ്ങൾ നിർവഹിക്കുവാനാണു പാത്രിയർക്കീസു മുതിർന്നതു.

മലങ്കരയിലെത്തിയ മാർ ദിവന്നാസ്യോസ് പഞ്ചമൻ, തന്നെ, മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിച്ചുകൊണ്ടുള്ള തിരുവെഴുത്തു വിളംബരം പ്രസിദ്ധപ്പെടുത്തിക്കുവാൻ സർക്കാരിനെ സമീപിച്ചു. സർക്കാർ അതിനു വഴിപ്പെട്ടില്ല. തന്നിമിത്തം മാത്യൂസ് മാർ അത്താനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുവാനുള്ള കരുനീക്കങ്ങൾ ആരംഭിച്ചു. റസിഡന്റടക്കമുള്ള പ്രൊട്ടസ്റ്റന്റധികാരികളുടെ സംപൂർണ്ണ പിന്തുണയുള്ളതുകൊണ്ടു തനിക്കു സ്വയമായോ മലങ്കരസഭക്കു സംഘമായോ മാർ അത്താനാസ്യോസിനെ ബഹിഷ്കരിക്കുവാൻ കഴിയുകയില്ലെന്നു വ്യക്തമായി. തന്നിമിത്തം മാർ ദിവന്നാസ്യോസ് പഞ്ചമൻ മലങ്കരസഭയുടെ പിൻതുണയോടെ മാർ അത്താനാസ്യോസിനെതിരായി അന്ത്യോഖ്യാ പാത്രിയർക്കീസായ പത്രോസ് മൂന്നാമനെ ആശ്രയിച്ചു (201).

www.malankaralibrary.com


അദ്ധ്യായം 26

## പത്രോസ് പാത്രിയർക്കീസ് മലങ്കരയിൽ

മലങ്കരയിൽ പരമാധികാരം ഉറപ്പിക്കുവാൻ ശ്രദ്ധാലുവായിരുന്ന പാത്രിയർക്കീസ് മാർദിവന്നാസ്യോസിന്റെ അപേക്ഷ അംഗീകരിച്ചുകൊണ്ടു മലങ്കരക്കു പുറപ്പെട്ടു. വരുന്നവഴി അദ്ദേഹം ബ്രിട്ടീഷ് രാജ്ഞിയെ സന്ദർശിച്ചു ആവശ്യമായ പിൻതുണ സമ്പാദിച്ചു. 1874-ൽ അദ്ദേഹം മലങ്കരയിൽ എത്തിച്ചേർന്നു. തുടർന്നു പാത്രിയർക്കീസ് മാത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കിക്കൊണ്ടുള്ള കല്പന പുറപ്പെടുവിച്ചു. അനന്തരം അദ്ദേഹം രാജാവിനെ സന്ദർശിച്ചു മാത്യൂസ് മാർ അത്താനാസ്യോസിനനുകൂലമായി പുറപ്പെടുവിച്ച തിരുവെഴുത്തുവിളംബരം പിൻവലിക്കുവാൻ ആവശ്യപ്പെട്ടു (202). തന്നിമിത്തം രാജാവു തിരുവെഴുത്തു വിളംബരം പിൻവലിക്കുകയും, മാത്യൂസ് മാർ അത്താനാസ്യോസിനും അനുകൂലികൾക്കും, മാർ ദിവന്നാസ്യോസ് പഞ്ചമനും അനുകൂലികൾക്കും സഭാകാര്യങ്ങളിൽ സർക്കാരിന്റെ നിയന്ത്രണം ഉണ്ടാകാതെ സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള അധികാരാവകാശങ്ങൾ 1876 മാർച്ച് 4-ാം തിയ്യതി പ്രഖ്യാപിക്കുകയും ചെയ്തു (203). അങ്ങിനെ സഭാസംബന്ധമായ തർക്കങ്ങൾക്കുള്ള പരിഹാരം രാജശാസനത്തിൽനിന്നും വിടത്തി കോടതിയെ ഏല്പിക്കുന്നതായി പ്രഖ്യാപിച്ചു. രാജശാസനം ഇങ്ങനെ സംഗ്രഹിക്കാം "അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അംഗീകരണ കല്പന അനുസരിച്ചു നാം അയാളെ (മാത്യൂസ് മാർ അത്താനാസ്യോസിനെ) മെത്രാപ്പോലീത്തായായി പ്രഥമ ഡിക്രിയാൽ അംഗീകരിച്ചു. എന്നാൽ ഇപ്പോൾ പാത്രിയർക്കീസ് അയാളെ തന്റെ പദവിയിൽനിന്നും നിഷ്കാസനം ചെയ്യുകയാൽ നാമും

www.malankaralibrary.com


അയാളെ അയോഗ്യനായി കരുതുകയും മുൻകല്പന (ഡിക്രി) പിൻവലിക്കയും ചെയ്യുന്നു.'' അതേ തുടർന്ന് 1876–ൽ മുളന്തുരുത്തിയിൽ അത്മായരും വൈദികരും ചേർന്നുള്ള ഒരു അസാധാരണയോഗം പാത്രിയക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഈ യോഗം മുളന്തുരുത്തി സുന്നഹദോസ് എന്ന പേരിലാണ് അറിയപ്പെടുന്നത് (204).

## മുളന്തുരുത്തി സുന്നഹദോസ്

### മലങ്കരസഭയുടെ മേലധികാരിയായി പാത്രിയർക്കീസ് രംഗപ്രവേശം ചെയ്യുന്നു.

1876 നവംബർ 15 ന് സുന്നഹദോസു കൂടുവാൻ തക്കവണ്ണം അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമൻ പാത്രിയക്കീസ് മലങ്കരയിൽ അന്നുണ്ടായിരുന്ന 180 പള്ളികൾക്കും കല്പന അയച്ചു. മാത്യൂസ് മാർ അത്താനാസ്യോസിനെ അനുകൂലിച്ച 78 പള്ളികൾ ഒഴികെയുള്ള 102 പള്ളികൾ പ്രതിനിധികളെ കല്പനപ്രകാരം അയച്ചു. നിശ്ചിതദിവസമായ 1876 നവംബർ 15–ാം തീയതി പാത്രിയക്കീസിന്റെ അദ്ധ്യക്ഷതയിൽ സുന്നഹദോസ് ആരംഭിച്ചു. ഒന്നാം ദിവസം ചേർന്ന സുന്നഹദോസിൽ പാത്രിയക്കീസ് നടത്തിയ ആമുഖപ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം. ''നിങ്ങൾ സഭയേയും നിങ്ങളുടെ മുൻഗാമികളായ പിതാക്കന്മാരെയും സ്നേഹിക്കുന്നുവെങ്കിൽ മുൻപതിവുപോലെപാത്രിയക്കീസിനെ ചെവിക്കൊണ്ടു് അദ്ദേഹത്തിന്റെ കല്പനകൾ അനുസരിക്കുവിൻ. അവയ്ക്കുനിങ്ങൾനൽകുന്ന അംഗീകാരം രേഖാമൂലം സമർപ്പിക്കുവിൻ. അല്ലെങ്കിൽ എനിക്കു മറുപടിതരുവിൻ. ഒരു യഥാർത്ഥ അടിസ്ഥാനംഇടുവാനായി അഭ്യസ്ഥവിദ്യരും പ്രാപ്തരും വിജ്ഞാനികളുമായ പ്രതിനിധി

www.malankaralibrary.com


പകർപ്പ് പാത്രിയർക്കീസിന് അയച്ചുകൊടുക്കേണ്ടതാണ്. സഭാ നിയമത്തിന് വിരുദ്ധമായി ഒന്നും ചെയ്യുകയില്ലെന്ന് ഉറപ്പുവരുത്തുവാനായി കാനോൻ നിയമാവലിയും മററത്യാവശ്യ നിയമങ്ങളും അച്ചടിപ്പിച്ച് പാത്രിയർക്കീസിൻെറ ഒപ്പോടും അംഗീകാരത്തോടുംകൂടി ഒരോ പള്ളികളും അയച്ചുകൊടുക്കേണ്ടതാകുന്നു.

## പാത്രിയർക്കീസിൻെറ അധികാരത്തെ അംഗീകരിക്കുന്ന തീരുമാനങ്ങൾ

1) പൗരാണിക കാലംമുതൽ മലങ്കരയിലുള്ള ദൈവജനവും അവരുടെ പള്ളികളും അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ ആത്മീയാധികാരത്തിനു വിധേയമായിരുന്നു. മററാർക്കും ഇനിമേൽ അധികാരമുണ്ടായിരിക്കയില്ല.

2) ഞങ്ങളുടെ മെത്രാന്മാരും പട്ടക്കാരും അങ്ങയിൽ നിന്നും പട്ടം സ്വീകരിക്കുന്നു. അവരെ നീക്കുവാനും നിയമിക്കുവാനും അങ്ങയുടെ ശ്രേഷ്ഠതയ്ക്ക് അധികാരമുള്ളതാകുന്നു.

3) സുറിയാനിക്കാരുടെമേലും മലബാറിലുള്ള ഞങ്ങളുടെ പള്ളികളിന്മേലും അങ്ങയുടെ ശ്രേഷ്ഠതക്ക് ആത്മീയ സൂക്ഷ്മത ഉള്ളതാകുന്നു. മെത്രാന്മാരെ നിർദ്ദേശിക്കുവാനും നിയമിക്കുവാനും നീക്കം ചെയ്യുവാനും അങ്ങേയ്ക്ക് ആത്മീയാധികാരമുള്ളതാകുന്നു.

4) ഞങ്ങളും ഞങ്ങളുടെ പിൻഗാമികളും ജീവപര്യന്തം പരിശുദ്ധ സഭയിലെ മൂന്നുസുന്നഹദോസുകളുടെ സത്യവിശ്വാസത്തിൽനിന്നും ഞങ്ങളുടെ തലവനായ അങ്ങയുടെ മഹാപരിശുദ്ധതയിൽ നിന്നും ഇടത്തോട്ടോ വലത്തോട്ടോ മാറുന്നതല്ല.

5 അതുകൊണ്ട് ദൈവമുമ്പാകെയും അങ്ങയുടെ വിശുദ്ധിയുടെ മുമ്പാകെയും പരിശുദ്ധസ്ലീബായിലും വിശുദ്ധവേദപുസ്തകത്തിലും തൊട്ടുകൊണ്ട് ഇവയിൽനിന്നും

www.malankaralibrary.com


ജീവാന്ത്യത്തോളം വ്യതിചലിക്കയില്ലെന്നു ഞങ്ങൾ സത്യം ചെയ്യുന്നു.

6 എല്ലാകാനോൻ നിയമങ്ങളും പ്രാബല്യത്തിലാക്കുവാൻ ഞങ്ങൾ അങ്ങയോടു് അപേക്ഷിക്കുന്നു.

7) ഇവിടെ വായിച്ചുകേട്ട എല്ലാതീരുമാനങ്ങളേയും തെരഞ്ഞെടുത്ത 24 അംഗങ്ങളുള്ള കമ്മററിയേയും മെത്രാപ്പോലീത്തായേയും അംഗീകരിക്കുവാനും തീരുമാനങ്ങൾ യഥാർഹം സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നു നോക്കികാണാനായി പുറമേനിന്നു ഒരു മെത്രാപ്പോലീത്തായെ നിയോഗിക്കുവാനും ഞങ്ങൾ അപേക്ഷിക്കുന്നു (206). സുന്നഹദോസ് നിശ്ചയങ്ങളിൽ ഒപ്പുവെച്ചുകൊണ്ടും അവ നടപ്പിൽ വരുത്തുവാൻ പാത്രിയർക്കീസിനോടപേക്ഷിച്ചുകൊണ്ടും സുന്നഹദോസ് 1876 നവംബർ മാസം 18-ാം തീയതി സമാപിച്ചു.

സുന്നഹദോസ് തീരുമാനത്തിൻെറ വെളിച്ചത്തിൽ പാത്രിയർക്കീസ് രക്ഷാധികാരിയും മലങ്കരമെത്രാപ്പോലീത്താപ്രസിഡൻറും ആയി ഒരു സുറിയാനിക്രിസ്ത്യാനി അസോസിയേഷൻ രൂപംകൊണ്ടു, എല്ലാവർഷവും റിശീസാ ലഭിക്കുവാൻ പാത്രിയർക്കീസിനു അവകാശം ലഭിച്ചു. ഓരോപള്ളിയും പുരുഷന്മാരുടെയും സ്ത്രീകളുടെയും പ്രത്യേകിച്ചുള്ള സ്ഥിതിവിവരകണക്കു തയ്യാറാക്കി സൂക്ഷിക്കുകയും ഒരുകോപ്പി പാത്രിയർക്കീസിനെ ഏല്പിക്കയും ചെയ്യേണ്ടതു് ആവശ്യമായിതീർന്നു. അസോസിയേഷനിൽ അംഗങ്ങളാകുന്നവർ പ്രവേശനഫീസു കൊടുക്കേണ്ടതുണ്ടെന്നുതീരുമാനിച്ചു. അവ യഥാക്രമം 100, 50, 20, 10 ക. എന്നു ക്ലിപ്തപ്പെടുത്തി (207).

പാത്രീയർക്കാസിംഹാസനത്തോടു് മലങ്കരസഭയ്ക്കും വിദേശസഭയ്ക്കും തുല്യബന്ധവും സ്ഥാനവും അവകാശവും

www.malankaralibrary.com


ളുണ്ടായിരിക്കുമെന്നും രണ്ടിടത്തേയും മജലിസുകാരംക്ക് (ക മ്മററി) തുല്യപദവിയുണ്ടായിരിക്കുമെന്നും പാത്രിയക്കീസ് പ്രഖ്യാപിച്ചു. തീരുമാനങ്ങളിൽ യഥാവിധി നടപ്പിലാ യത് അസോസിയേഷന്റെയും മാനേജിംഗ് കമ്മററിയു ടെയും രൂപീകരണം മാത്രമാണ്.

തീരുമാനങ്ങളുടെ പുരോഗതി കണ്ടറിയുവാനായി പാത്രിയക്കീസ് 9 മാസത്തോളം ഇവിടെ താമസിച്ചു. ഉദ്ദേശിച്ചതുപോലെ കാര്യങ്ങരം നടന്നില്ല. ജോസഫ് മാർ ദിവന്നാസ്യോസിന്റെ ശ്രദ്ധക്കുറവാണിതിനു കാരണമെ ന്ന നിഗമനത്തിലാണ് പാത്രിയക്കീസ് എത്തിച്ചേർ ന്നത്. തൻമൂലം മലങ്കര മെത്രാപ്പോലീത്തായുടെ അവ കാശാധികാരങ്ങരം വെട്ടിച്ചുരുക്കുവാനായി 6 മെത്രാപ്പോ ലീത്തന്മാരെക്കൂടി അദ്ദേഹം വാഴിച്ചു. ഏകമായിരുന്ന മലങ്കര ഇടവകയെ 7 ഭദ്രാസനങ്ങളായി വിഭജിച്ച് ഓ രോ മെത്രാപ്പോലീത്തായുടെ കീഴിലാക്കി. പുതുതായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ നിന്നും ശൽമൂ സായും രജിസ്റ്റർ ഉടമ്പടി പ്രത്യേകമായും വാങ്ങിച്ചു. ഉട മ്പടിയിൽ പാത്രിയക്കീസിന് പരിപൂർണ്ണ അനുസരണം വാഗ്ദാനം ചെയ്യുകയും മറിച്ച് സംഭവിച്ചാൽ 2850 ക. പിഴകൊടുത്തുകൊള്ളാമെന്ന് രേഖപ്പെടുത്തുകയും ചെയ്തി രുന്നു. കൂടാതെ മലങ്കരയിലെ എല്ലാപള്ളികളും അനുസ രണം വാഗ്ദാനം ചെയ്തും പള്ളിവക സ്വത്തുക്കളെല്ലാം ത ന്നെ പാത്രിയക്കീസിന്റെ അധികാരത്തിൻ കീഴിലി രിക്കുന്നതായി രേഖപ്പെടുത്തിക്കൊടുവാനും വ്യവസ്ഥ ചെയ്തി രുന്നു. ഇതിനെ ലംഘിച്ചാൽ പള്ളിയോഗാംഗങ്ങളായി ഒപ്പുവെച്ച ഒരോരുത്തരും 100 ക. പിഴകൊടുത്തുകൊള്ളാ മെന്ന് സമ്മതിക്കേണ്ടതുണ്ടായിരുന്നു. പ്രതീക്ഷിച്ചതുപോ ലെ കാര്യങ്ങരം നടന്നു കാണാനുള്ള ഭാഗ്യമില്ലാതെ അ ദ്ദേഹം 1877-ൽ തിരിച്ചുപോയി.

www.malankaralibrary.com


ഈ സുന്നഹദോസിനുശേഷം ബാർ എബ്രായയുടെ "ഹൂദായ" കാനോൻ മലങ്കരസഭയിൽ പ്രാബല്യത്തിൽ വന്നു. പോർട്ടുഗീസുകാരുടെ കാലത്ത് പ്രാബല്യത്തിൽ വന്നിരുന്ന വിശുദ്ധന്മാരുടെ പ്രതിമകളോടുള്ള ആദരവ് പാത്രിയർക്കീസ് നിർത്തലാക്കി. പട്ടക്കാർ ബ്രഹ്മചാരികളായിരിക്കണമെന്ന് ഉദയംപേരൂർ സുന്നഹദോസ് ചെയ്ത തീരുമാനം റദ്ദാക്കി. ഇടവക പട്ടക്കാർ വിവാഹിതരായിരിക്കണമെന്ന് നിർബന്ധമായി അനുശാസിച്ചു. വൈദീകർ കറുത്തകുപ്പായം ധരിക്കുന്നത് നിർബന്ധമാക്കി (208).

അദ്ധ്യായം 27

## *മാർത്തോമ്മാസഭ രൂപം പ്രാപിക്കുന്നു*

മാത്യൂസ് മാർ അത്താനാസ്യോസ് സഹോദരപുത്രനെ തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. മാർ ദിവന്നാസ്യോസ് പള്ളികൾ കൈവശപ്പെടുത്തുവാൻ ശ്രമമാരംഭിച്ചു. മാത്യൂസ് മാർ അത്താനാസ്യോസ് 1877-ൽ കാലം ചെയ്തു. 1879-ൽ മാർ ദിവന്നാസ്യോസ് 439-ാം നമ്പരായി തോമസ് മാർ അത്താനാസ്യോസിനെ പ്രതിയാക്കി ആലപ്പുഴജില്ലാ കോടതിയിൽ കേസുഫയൽ ചെയ്തു. 1884-ൽ മാർ ദിവന്നാസ്യോസിനു് അനുകൂലമായി വിധിഉണ്ടായി. അതേ വർഷംതന്നെ തോമസ് മാർ അത്താനാസ്യോസ് 137-ാം നമ്പരായി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. 1886-ൽ ജില്ലാക്കോടതിവിധി ശരിവെച്ചുകൊണ്ട് വിധിയായി. തന്നിമിത്തം മാർ അത്താനാസ്യോസ് 1886-ൽ തന്നെ 3-ാം നമ്പരായി റോയൽക്കോടതിയിൽ അപ്പീൽകൊടുത്തു. ജസ്റ്റീസുമാരായ കൃഷ്ണസ്വാമിരായർ, സീതാരാമയ്യർ, ഓംസ്ബി എന്നിവർ അപ്പീൽ പരിഗ

www.malankaralibrary.com


ണിച്ചു. ഭൂരിപക്ഷവിധി മാർ അത്താനാസ്യോസിനെതിരായിരുന്നു. എന്നാൽ ഓംസ്ബി വിയോജനവിധി ന്യായമാണെഴുതിയത് (209). മലങ്കരസഭ സ്വതന്ത്രസഭയാണെന്നും പാത്രിയർക്കീസ് അവകാശപ്പെടുന്നവിധമുള്ള അധികാരങ്ങളൊന്നും ഒരുകാലത്തും മലങ്കര സഭയിൽ അദ്ദേഹത്തിനുണ്ടായിരുന്നില്ലെന്നും മലങ്കരസഭ ഒരുകാലത്തും അതിന്റെ സഹജമായ അവകാശാധികാരങ്ങളും പൈതൃകവും യാതൊരു വിദേശസഭയ്ക്കും വിദേശമെത്രാനും അടിയറ വെച്ചിട്ടില്ലായെന്നും ആയിരുന്നു മാർ അത്താനാസ്യോസ് വാദിച്ചത്. മലങ്കരസഭയുടെ സ്ഥാപനപരമായ സ്വാതന്ത്ര്യവും അവകാശാധികാരവും ഉയർത്തിപ്പിടിക്കുവാൻ മാർഅത്താനാസ്യോസ് ശ്രമിച്ചു എങ്കിലും പ്രൊട്ടസ്റ്റൻറു ബാന്ധവം ആ ശ്രമങ്ങളെ നിഷ്പ്രഭമാക്കുകയാണുണ്ടായത്.

ഓംസ്ബിയുടെ വിയോജനക്കുറിപ്പു കാരണം വിധി സ്ഥിരപ്പെടുത്തേണ്ട ഉത്തരവാദിത്വം മഹാരാജാവു ഏറ്റെടുത്തു. അദ്ദേഹം ദിവാൻ രാമരായർ, ഹജൂർ സെക്രട്ടറി വാട്സ്, സർവാധികാരി നീലകണ്ഠപിള്ള എന്നിവരെ വിധിതീർപ്പിനുള്ള മദ്ധ്യസ്ഥന്മാരായി നിയോഗിച്ചു. അവർ ഏകസ്വരത്തിൽ ഭൂരിപക്ഷ വിധി സ്ഥിരപ്പെടുത്തി. അങ്ങിനെ മാർദിവന്നാസ്യോസ് വിജയശ്രീലാളിതനായി. പാത്രിയർക്കീസിനു മലങ്കരസഭയിൽ ലൗകീകാധികാരമില്ല, ആത്മീയാധികാരമേ ഉള്ളു എന്നു റോയൽ കോടതി വിധിയിൽ പറഞ്ഞിട്ടുണ്ട്. ഈ വിധി പാത്രിയർക്കീസിന്റെദുർമ്മോഹത്തിന്മേൽ ഏററവെള്ളിടി ആയിരുന്നു. രജിസ്റ്റർ ഉടമ്പടി അതുമൂലം നിഷ്പ്രഭമായിതീന്നു(210). മാർഅത്താനാസ്യോസ് പരാജിതനായെങ്കിലും അദ്ദേഹത്തിന്റെ വാദഗതികൾ ഭാഗികമായി അംഗീകരിക്കപ്പെട്ടു. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം അതു് ഒരു വിജയം തന്നെയായിരുന്നു.

www.malankaralibrary.com


പരാജിതനായ മാർ അത്താനാസ്യോസ് ഏബ്രഹാം മല്പാന്റെയും സി. എം. എസ്. മിഷനറിമാരുടെയും നവീകരണാശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്വതന്ത്രസഭയ്ക്കു രൂപംകൊടുത്തു. ആ സഭയുടെ പേര് "നവീകരണയാക്കോബായ സഭ" എന്നായിരുന്നു. പിന്നീട് ആ പേര് മാററി 'മലങ്കരമാർത്തോമ്മാ സുറിയാനിസഭ' എന്നാക്കി (211) തോമസ് മാർ അത്താനാസ്യോസ് 1893_ൽ കാലംചെയ്തു. പിൻഗാമിയായ തീത്തൂസ് പ്രഥമനെ വാഴിച്ചതു് തോഴിയൂർസഭയുടെ മെത്രാപ്പോലീത്തായാണ്. 1899-ൽ തോഴിയൂർ മെത്രാപ്പോലീത്ത മാർക്കൂറിലോസും തീത്തൂസ് പ്രഥമനുംകൂടി ഏബ്രഹാം മല്പാന്റെ സഹോദരപുത്രനെ തീത്തൂസ് ദ്വിതീയൻ എന്ന പേരിൽ വാഴിച്ചു. തീത്തൂസ് പ്രഥമൻ 1909_ൽ കാലംചെയ്തു. തുടർന്ന് തീത്തൂസ് ദ്വിതീയൻ ഭരണമേററു. 1918_ൽ തീത്തൂസ് ദ്വിതീയനും തോഴിയൂർ മാർക്കൂറിലോസും കൂടി മാരേട്ട് ഏബ്രഹാം കത്തനാരെ ഏബ്രഹാം മാർത്തോമ്മാ എന്ന പേരിൽ വാഴിച്ചു. തുടർന്ന് യൂഹാനോൻ മാർത്തോമ്മാ, അലക്സാണ്ടർ മാർ തോമ്മാ എന്നീ മെത്രാപ്പോലീത്തന്മാർ പിൻതുടർച്ചാക്രമത്തിൽ മാർതോമ്മാസഭയുടെ മെത്രാപ്പോലീത്തന്മാരായി. കൂനൻകുരിശുസത്യത്തിനുശേഷം ആലങ്ങാട്ടുവച്ച് 12 വൈദികർ ചേർന്ന് തോമ്മാഅർക്കദിയാക്കോനെ മാർതോമ്മ എന്ന പേരിൽ മെത്രാനായി ഉയർത്തിയല്ലോ. ഈ മാർതോമ്മാമാരുടെ പിൻഗാമികളാണ് മാർതോമ്മാ സഭയിലെ മെത്രാപ്പോലീത്തന്മാർ എന്നാണ് ആ സഭയിലെ ചരിത്രകാരന്മാർ കരുതുന്നതു്(212). യൂഹാനോൻ മാർതോമ്മായുടെ കാലത്തു് 'പത്ഥ്യോപദേശസംഘം' എന്നപേരിൽ ആ സഭയിൽ രൂപംകൊണ്ടവിഭാഗം ആലങ്ങാട്ടെ ചരിത്രം ആവർത്തിച്ചുകൊണ്ട് കെ. എൻ. ഉമ്മൻ കശീശായെ റൈററ് റവ: കെ. എൻ ഉമ്മൻ ബിഷപ്പ് എന്ന സ്ഥാനം നൽകി ഉയർത്തി. അതോടേ പത്ഥ്യോപദേശസംഘം "ഇവാൻജലിക്കൽസഭ" എന്നപേരിൽ

www.malankaralibrary.com



പ്രവർത്തനം ആരംഭിച്ചു. ആ സഭയുടെ അദ്ധ്യക്ഷനെ പ്രിസൈഡിംഗ് ബിഷപ്പ് എന്നാണ് വിളിക്കുന്നത്. മലങ്കരസഭയുടെ സ്വാതന്ത്ര്യവും പൈതൃകവും ഉയർത്തിപ്പിടിക്കുവാൻ രൂപംകൊണ്ട മാർതോമ്മാസഭ നിർഭാഗ്യവശാൽ മലങ്കര സഭാതരുവിൻെറ തായ്ത്തടിയിൽ നിന്നും സ്വയം വിച്ഛേദിക്കപ്പെട്ടു.

തോമസ് മാർ അത്താനാസ്യോസിൽ നിന്നും പള്ളികളും സ്വത്തുക്കളും റോയൽക്കോടതി വിധിപ്രകാരം സ്വായത്തമാക്കിയെങ്കിലും ജോസഫ് മാർ ദിവന്നാസ്യോസ് സംതൃപ്തനായില്ല. അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയർക്കീസിൻെറ സിംഹാസനവുമായി രൂപംകൊണ്ട മലങ്കരസഭയുടെ ഐക്യവും അപൂർണ്ണമായിരുന്നു. മലങ്കരസഭയുടെ വ്യക്തിത്വം അതിൻെറ പൂർണ്ണനിലയിൽ ഉയർത്തിനിർത്താൻ ആ ബന്ധം അപര്യാപ്തമെന്നബോധം അദ്ദേഹത്തെ ഗ്രസിച്ചു. തൻമൂലം വി: പത്രോസിൻെറ റോമാസിംഹാസനത്തോടും തദ്വാര സാർവത്രിക സഭയോടും ഐക്യപ്പെടുവാൻ അദ്ദേഹം ആഗ്രഹിച്ചു (213). എന്നാൽ ഏതുവംവിധമായ പരിശ്രമങ്ങളും വിജയിച്ചില്ല.

മാർ പത്രോസ് പാത്രിയർക്കീസ് വാഴിച്ചവരിൽ 5 മെത്രാപ്പോലീത്താമാർ കാലം ചെയ്തു. ജോസഫ് മാർ ദിവന്നാസ്യോസിൻെറ പിൻഗാമിയെ കണ്ടെത്താനുള്ള പരിശ്രമം ആരംഭിച്ചു. അതിലേക്കായി പഴയ സിമ്മിനാരി മാനേജരായിരുന്ന പൗലൂസ് റമ്പാനെയും എം. ഡി. ഹൈസ്കൂൾ മാനേജരും വൈദിക സിമ്മിനാരി മല്പാനുമായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനെയും മേല്പട്ടാഭിഷേകം പ്രാപിക്കുവാനായി അന്ന് ഭരണാധികാരമുണ്ടായിരുന്ന അബ്ദള്ളാ പാത്രിയർക്കീസിൻെറ അടുത്തേക്ക് അയച്ചു. ഇദ്ദേഹത്തിൻെറ മുൻഗാമിയായ അബ്ദൽ മിശിഹാ പാത്രിയർക്കീസ് തുർക്കിസുൽത്താൻ ഫർമാൻ

www.malankaralibrary.com


(അധികാരപത്രം) പിൻവലിക്കുകയാൽ മർദ്ദീനിൽ കുർക്കുമ ദയറായിൽ കഴിയുകയായിരുന്നു. തന്നിമിത്തമാണ് അബ്ദല്ലാ പാത്രിയർക്കീസ് താമസിച്ചിരുന്ന യറുശലേമിലേക്ക് നിയുക്ത മെത്രാന്മാർ ആനയിക്കപ്പെട്ടത്. പാത്രിയർക്കീസ് പൗലൂസ് റമ്പാനെ പൗലൂസ് മാർ കൂറിലോസ് എന്ന പേരിലും ഗീവറുഗീസ് മല്പാനെ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് എന്ന പേരിലും മെത്രാപ്പോലീത്താമാരായി അഭിഷേചിച്ചു. മുളന്തുരുത്തി സുന്നഹദോസിനുശേഷം പത്രോസ് പാത്രിയർക്കീസ് ആവശ്യപ്പെട്ട പ്രകാരം ശൽമൂസാസ്സു പുറമെ ലൗകീകാധികാരവും സമ്മതിച്ചുകൊണ്ടുള്ള ഉടമ്പടി അഭിനവ മെത്രാപ്പോലീത്താമാരോടും അബ്ദല്ലാ പാത്രിയർക്കീസ് ആവശ്യപ്പെട്ടു (214). മാർ കൂറീലോസ് ഉടമ്പടി രജിസ്റ്ററാക്കി കൊടുത്തു. മാനേജിംഗ് കമ്മററിയുമായി ആലോചിച്ച് വേണ്ടതുചെയ്യാമെന്ന് പറഞ്ഞ് ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി. തിരിച്ചുവന്ന മെത്രാപ്പോലീത്താമാർ ജോസഫ് മാർ ദിവന്നാസ്യോസിനോടുകൂടി പഴയ സിമ്മിനാരിയിൽ താമസിച്ചു. 1909_ൽ ജോസഫ് മാർ ദിവന്നാസ്യോസ് എന്ന ദിവന്നാസ്യോസ് അഞ്ചാമൻ കാലം ചെയ്തു. അദ്ദേഹത്തെ പഴയ സിമ്മിനാരി ചാപ്പലിൽ സംസ്കരിച്ചു. തുടർന്ന് ഗീവറുഗീസ് മാർ ദിവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കയ്യേററു. മലങ്കരസഭ യാക്കോബായ (ഓർത്തഡോക്സ്) വിശ്വാസത്തിൽ ഉറയ്ക്കുകയും പാത്രിയർക്കീസുമായി സുദൃഢബന്ധത്തിലാവുകയും ചെയ്യുകയാൽ പത്രോസ് പാത്രിയർക്കീസിൻെറ പിൻഗാമിയായ അബ്ദൽ മിശിഹായോട് പാത്രിയർക്കേററിൽ ലയിച്ച "മഫ്രിയാന" സ്ഥാനം മലങ്കരയ്ക്കു നൽകുവാൻ മലങ്കര സഭ ആവശ്യപ്പെട്ടു. എന്നാൽ അന്ന് അതു സാധിതമായില്ല (215).

www.malankaralibrary.com


അദ്ധ്യായം 28

# അന്ത്യോഖ്യൻ ബന്ധം ശിഥിലമാകുന്നു

ഗീവറുഗീസ് മാർ ദിവന്നാസ്യോസ് (ദിവന്നാസ്യോസ് ആറാമൻ) മലങ്കര മെത്രാപ്പോലീത്താ ആയിരിക്കവേ അബ്ദുള്ളാ പാത്രിയർക്കീസ് 1911-ൽ മലങ്കരയിൽ എത്തി. അതിനുമുമ്പ് 1908-ൽ അദ്ദേഹം സ്ലീബാ ശെമ്മാശനെ മാർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേചിച്ച് മലങ്കരയിലേക്ക് അയച്ചിരുന്നു. പാത്രിയർക്കീസിന്റെ വരവോടുകൂടി മാർ ദിവന്നാസ്യോസും കൂട്ടുട്രസ്റ്റികളായിരുന്ന കോനാട്ടു മാത്തൻമല്പാനും സി. ജെ. കുര്യനും തമ്മിലുണ്ടായിരുന്ന ഉൾപ്പോര് പരസ്യമായിത്തീർന്നു. പാത്രിയർക്കീസിന്റെ ആശയാഭിലാഷങ്ങൾക്ക് പിൻബലം നൽകിയിരുന്ന കൂട്ടുട്രസ്റ്റികളെ മാനിച്ചുകൊണ്ട് അദ്ദേഹം മാർ ദിവന്നാസ്യോസിനെ സ്വാഭാവനീതിക്ക് വിരുദ്ധമായി 1911 മെയ് 31 ന് മുടക്കി. മുടക്കുകല്പനയിൽ "ഉന്നതമായ മേല്പട്ടസ്ഥാനത്തുനിന്നും ഞാൻ മുടക്കുകയും തള്ളുകയും ഉരിയുകയും ചെയ്തിരിക്കുന്നു" എന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട് (216). അദ്ദേഹത്തിനു പകരമായി മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് മാർ കൂറീലോസ് മെത്രാപ്പോലീത്തായെ നിയമിച്ചു. കൂടാതെ പൈനാടത്ത് പൗലൂസ് റമ്പാനെ മാർ അത്താനാസ്യോസ് എന്ന പേരിലും ക്നാനായ സമുദായാംഗമായ ഇടവഴിക്കൽ ഗീവറുഗീസു കത്തനാരെ മാർ സേവേറിയോസ് എന്നപേരിലും പാത്രിയർക്കീസ് മെത്രാപ്പോലീത്തമാരായി അഭിഷേചിച്ചു. അവരിൽനിന്നും റോയൽക്കോട്ട വിധിക്കെതിരായി ലൗകികാധികാരം സമ്മതിച്ചുകൊണ്ടുള്ള രജിസ്റ്റർ ഉടമ്പടി വാങ്ങുകയും ചെയ്തു. ക്നാനായക്കാർക്ക് ഒരു പുതിയ ഭദ്രാസനം സ്ഥാപിച്ച് മാർസേവേ

www.malankaralibrary.com


റിയോസിനെ അതിൻെറ മെത്രാപ്പോലീത്തായായി നിയമിച്ചാക്കി(217). മലങ്കരയിൽ ഭിന്നതയുടെ എല്ലാവിത്തുകളും വിതച്ചു വളത്തിവളമിട്ടുകൊണ്ടു് അബ്ദുള്ള പാത്രിയക്കീസ് 1911 ഒക്ടോബർ 20-ാം തീയതി തിരിച്ചു പോയി. 1915-ൽ അദ്ദേഹം കാലം ചെയ്തു.

---

അദ്ധ്യായം 29

## കാതോലിക്കാ സിംഹാസന സ്ഥാപനം— മലങ്കരസഭയുടെ മാഗ്നാകാർട്ടാ-വിലങ്ങു വിച്ഛേദിച്ച മലങ്കരസഭ

ഇതിനുശേഷം മാർ ദിവന്നാസ്യോസും മാർകൂറിലോസും മലങ്കര മെത്രാപ്പോലീത്തംമാരായി ഗോദായിലിറങ്ങി. മലങ്കരസഭയുടെ പൂർവ്വികമായ സ്വാതന്ത്ര്യവും ഭരണാധികാരവും സംരക്ഷിക്കുവാൻ വീണ്ടും സമരംചെയ്യണമെന്നായി. മുമ്പ് അബ്ദൽമിശിഹാ പാത്രിയക്കീസിനോടു് ആവശ്യപ്പെട്ടിരുന്ന ''മഫ്രിയാന'' (കാതോലിക്കാ) സ്ഥാപനം മലങ്കരയിൽ പുനഃസ്ഥാപിച്ചാലേ പാത്രിയക്കീസിനെ അതിജീവിക്കുവാൻ കഴിയൂ എന്നു് ചിന്തകരായ മലങ്കരമക്കൾക്കു തോന്നി. അതിനായി ഫാ. പി. റ്റി. ഗീവറുഗീസിൻെറ നേതൃത്വത്തിൽ പരിശ്രമം ആരംഭിച്ചു. മലങ്കരസഭയുടെ അപേക്ഷ ആദരിച്ചുകൊണ്ടു് അബ്ദൽമിശിഹാ പാത്രിയക്കീസ് മലങ്കരയിൽ എത്തിച്ചേർന്നു. തുർക്കിസുൽത്താൻെറ അധികാരസീമയിൽ അദ്ദേഹത്തിനു് പാത്രിയക്കീസിനടുത്ത പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരുന്നെങ്കിലും അദ്ദേഹത്തിൻെറ പൗരോഹിത്യപരമായ നൽവരത്തിനു് യാതൊരു ന്യൂനതയും സംഭവിച്ചിരുന്നില്ല. മലങ്കരയിലെത്തിയ

www.malankaralibrary.com



പ്രവർത്തനം ആരംഭിച്ചു. ആ സഭയുടെ അദ്ധ്യക്ഷനെ പ്രിസൈഡിംഗ് ബിഷപ്പ് എന്നാണ് വിളിക്കുന്നത്. മലങ്കരസഭയുടെ സ്വാതന്ത്ര്യവും പൈതൃകവും ഉയർത്തിപ്പിടിക്കുവാൻ രൂപംകൊണ്ട മാർത്തോമ്മാസഭ നിർഭാഗ്യവശാൽ മലങ്കര സഭാതരുവിന്റെ തായ്‌തടിയിൽ നിന്നും സ്വയം വിഛേദിക്കപ്പെട്ടു.

തോമസ് മാർ അത്താനാസ്യോസിൽ നിന്നും പള്ളികളും സ്വത്തുക്കളും റോയൽക്കോടതി വിധിപ്രകാരം സ്വായത്തമാക്കിയെങ്കിലും ജോസഫ് മാർ ദിവന്നാസ്യോസ് സംതൃപ്തനായില്ല. അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയർക്കീസിന്റെ സിംഹാസനവുമായി രൂപംകൊണ്ട മലങ്കരസഭയുടെ ഐക്യവും അപൂർണ്ണമായിരുന്നു. മലങ്കരസഭയുടെ വ്യക്തിത്വം അതിന്റെ പൂർണ്ണനിലയിൽ ഉയർത്തിനിർത്താൻ ആ ബന്ധം അപര്യാപ്തമെന്നബോധം അദ്ദേഹത്തെ ഗ്രസിച്ചു. തൻമൂലം വി: പത്രോസിന്റെ റോമാസിംഹാസനത്തോടും തദ്വാര സാർവ്വത്രിക സഭയോടും ഐക്യപ്പെടുവാൻ അദ്ദേഹം ആഗ്രഹിച്ചു (213). എന്നാൽ ഏവംവിധമായ പരിശ്രമങ്ങൾ വിജയിച്ചില്ല.

മാർ പത്രോസ് പാത്രിയർക്കീസ് വാഴിച്ചവരിൽ 5 മെത്രാപ്പോലീത്താമാർ കാലം ചെയ്തു. ജോസഫ് മാർ ദിവന്നാസ്യോസിന്റെ പിൻഗാമിയെ കണ്ടെത്താനുള്ള പരിശ്രമം ആരംഭിച്ചു. അതിലേക്കായി പഴയ സിമ്മിനാരി മാനേജരായിരുന്ന പൗലൂസ് റമ്പാനെയും എം. ഡി. ഹൈസ്കൂൾ മാനേജരും വൈദിക സിമ്മിനാരി മല്പാനുമായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനെയും മേല്പട്ടാഭിഷേകം പ്രാപിക്കുവാനായി അന്ന് ഭരണാധികാരമുണ്ടായിരുന്ന അബ്ദള്ളാ പാത്രിയർക്കീസിന്റെ അടുത്തേക്ക് അയച്ചു. ഇദ്ദേഹത്തിന്റെ മുൻഗാമിയായ അബ്ദൽ മിശിഹാ പാത്രിയർക്കീസ് തുർക്കിസുൽത്താൻ ഫർമാൻ

www.malankaralibrary.com


അബ്ദൽമ്ശിഹാ പാത്രിയർക്കീസ് 1912 സെപ്റ്റംബർ 15 ന് നിരണത്തുവച്ച് മുറിമാറ്റമാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കായായി വാഴിച്ചു. ആ ചന്ദ്രതാരം അന്യൂനപ്രഭയോടും പ്രതാപത്തോടും കൂടി നിലനിൽക്കത്തക്കവണ്ണം കാതോലിക്കാസ്ഥാപനം മലങ്കരക്ക് അനുവദിച്ചുകൊണ്ടുള്ള കൽപ്പനയും പരസ്യപ്പെടുത്തി(218). ഈ കതോലിക്കേറ്റ് തെഗ്രീസിൻെറ തുടർച്ചയാണെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല എന്നതു് ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. മലങ്കരസുന്നഹദോസിന് തനിയെ കാതോലിക്കായെ മേലാൽ വാഴിക്കുവാനുള്ള അവകാശവും കൽപ്പനമൂലം ലഭിച്ചു.

തുടന്ന് അദ്ദേഹം ഗീവറുഗീസ് മാർഗ്രീഗോറിയോസ്, യൌയാക്കീം മർ ഈവാനിയോസ്, ഗീവറുഗീസ് മാർ പീലക്സീനോസ് എന്നീമെത്രാപ്പോലീത്താമാരെയും വാഴിച്ചാക്കി, താമസിയാതെ അദ്ദേഹം മർദ്ദീനിലേക്കു മടങ്ങിപ്പോയി. 1915 ആഗസ്റ്റ് 15 ന കുർക്കുമെദയറായിൽവച്ച് കാലംചെയ്തു. പാത്രിയർക്കീസിനടുത്ത എല്ലാആദരവുകളോടും കൂടി അദ്ദേഹത്തെ കബറടക്കി. 1913_ൽ മലങ്കരയിലെ പ്രഥമ കാതോലിക്കാ മാർ ബസ്സേലിയോസ് കാലം ചെയ്തു. പാമ്പാക്കട ചെറിയപള്ളിയിൽ യഥാവിധി കബറടക്കപ്പെട്ടു (219).

## വട്ടിപ്പണക്കേസ്

മാർ കൂറീലോസും മാർ ദിവന്നാസ്യോസും കക്ഷികളായി വട്ടിപ്പണത്തിൻെറ പലിശ വാങ്ങുവാനുള്ള അധികാരത്തെ സംബന്ധിച്ച് 1913_ൽ ഒരു കേസ് ആരംഭിച്ചു. 1918_ൽ മാർ കൂറീലോസ് കാലം ചെയ്തു. അദ്ദേഹത്തെ പാണമ്പടി പള്ളിയിൽ കബറടക്കി. 1923-ൽ മാർ കൂറീലോസിനു് അനുകൂലമായ വിധിയുണ്ടായി. തുടർന്ന് മാർ ദിവന്നാസ്യോസ് റിവിഷൻ പെററീഷൻ

www.malankaralibrary.com


സമർപ്പിച്ചു. ഇതിൻെറ വിധി 1926 ജൂലായിയിൽ മാർ ദിവന്നാസ്യോസിനു് അനുകൂലമായിരുന്നു. മുടക്കു് അസാധുവാണെന്നും യഥാർത്ഥ മലങ്കര മെത്രാപ്പോലീത്താ മാർ ദിവന്നാസ്യോസ് ആണെന്നും വിധിന്യായത്തിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു് (220).

അദ്ധ്യായം 30

## *സ്വാതന്ത്ര്യം വീണ്ടെടുത്ത മലങ്കരസഭ കാതോലിക്കാമാരുടെ ഭരണത്തിൻ കീഴിൽ*

1925-ൽ ഗീവറുഗീസ് മാർ പീലക്സിനോസിനെ മലങ്കരയിലെ ദ്വിതീയ കാതോലിക്കായായി മലങ്കര സുന്നഹദോസ് വാഴിച്ചു. തുടന്നു് കാതോലിക്കോസ് ഫാ. പി. ററി. ഗീവറുഗീസിനെ ബഥനിയുടെ മാർ ഈവാനിയോസ് എന്നപേരിൽ വാഴിച്ചു. മാർ ഈവാനിയോസിൻെറ സഹായി മാർ തെയോഫിലോസായിരുന്നു. ഒരു ശസ്ത്രക്രിയക്കു വിധേയനായതിനെ തുടന്നു് കാതോലിക്കോസ് 1928 ഡിസംബറിൽ കാലം ചെയ്തു. അദ്ദേഹത്തെ കാതോലിക്കായിക്കടുത്ത എല്ലാ ആദരവുകളോടും കൂടി വാകത്താനം ദയറാപ്പള്ളിയിൽ കബറടക്കി (220)B.

1928 ആഗസ്റ്റ് 16 നു് മലങ്കരസഭയ്ക്കു് ഒരു ഭരണഘടന ഉണ്ടാക്കാനുള്ള തീവ്രയത്നം ആരംഭിച്ചു. 1928 ആഗസ്റ്റ് 21 നു് പാത്രിയർക്കീസ് ഭാഗത്തെ 18 പേർ ചേർന്നു് മലങ്കര മെത്രാപ്പോലീത്താ മാർ ദിവന്നാസ്യോസ് ആറാമൻ കാതോലിക്കാ മാർ ബസേലിയോസ് ദ്വിതീയൻ തുടങ്ങിയവരെ ചേർത്തു് ഒ. എസ്. 2-ാം നമ്പരായി ഒരു കേസ് കോട്ടയം ജില്ലാക്കോടതിയിൽ ഫയൽ ചെയ്തു. 1929 ഫെബ്രുവരിയിൽ മാർ ഗ്രീഗോറിയോസി

www.malankaralibrary.com


നെ മലങ്കര സുന്നഹദോസ് മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്ന പേരിൽ കാതോലിക്കാ ആയി വാഴിച്ചു (221). 1931-ൽ ഏലിയാസ് പാത്രിയർക്കീസ് മലങ്കരയിൽ സമാധാനം സ്ഥാപിക്കുവാനുള്ള അത്യാകാംക്ഷയോടെ മലങ്കരയിൽ എത്തിച്ചേർന്നു. നിർഭാഗ്യവശാൽ അതുവിജയിക്കുന്നതിനു മുമ്പ് 1931 ഫെബ്രുവരി 13-ാം മഞ്ഞിനിക്കരവെച്ച് കാലം ചെയ്തു. അവിടെത്തന്നെ അദ്ദേഹത്തെ സംസ്കരിച്ചു.

1934 ഫെബ്രുവരിയിൽ ''മലങ്കരസഭാഭാസുരൻ'' എന്നഭിധാനമുള്ള മലങ്കര മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് കാലം ചെയ്തു. പഴയ സിമ്മിനാരിയിൽ അദ്ദേഹത്തെ യഥോചിതം കബറടക്കി.

മലങ്കരസഭയുടെ പൂർവ്വീകമായ സ്വാതന്ത്ര്യവും പ്രേഷിതദൗത്യവും ഭരണസംവിധാനവും അന്യൂനം സംരക്ഷിക്കുവാൻ ഗീവറുഗീസ് മാർ ദിവന്നാസ്യോസിൻെറ കാലത്ത് അദ്ദേഹത്തിൻെറ പ്രിയശിഷ്യനായ മാർ ഈവാനിയോസിൻെറ (ഫാദർ പി. ററി. ഗീവറുഗീസ്) പ്രേരണയും ദർശനവും അനുസരിച്ച് രൂപം കൊണ്ടതാണ് മലങ്കരയിലെ കാതോലിക്കാ സിംഹാസനസ്ഥാപനവും ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസിൻെറ നേതൃത്വത്തിൽ സർവ്വ സ്വാതന്ത്ര്യമായി വളരുവാൻ അനുവദിക്കപ്പെട്ട ബഥനി പ്രസ്ഥാനവും (222). ഇവരണ്ടും മലങ്കരസഭയിൽ ദൂരവ്യാപകമായ സത്ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. ഇന്നും അത് നിലനിൽക്കുകയും ചെയ്യുന്നു.

1934 ഡിസംബർ 26 ന് കോട്ടയത്ത് എം. ഡി. സിമ്മിനാരിയിൽ സമ്മേളിച്ച മലങ്കര അസോസിയേഷൻ മാർ ബസ്സേലിയോസ് മൂന്നാമൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലിത്താ ആയി തെരഞ്ഞെടുത്തു. ഈ അസോസിയേഷൻ ''മലങ്കര സഭാഭരണ ഘടന'' അം

www.malankaralibrary.com


ഗീകരിച്ചു(223). 1935 ആഗസ്റ്റ് 22-നു മലങ്കരയിലെ പാത്രിയർക്കീസ് കക്ഷി കരിങ്ങാശ്രപള്ളിയിൽ ആ വിഭാഗത്തിൻെറ, മലങ്കര അസോസിയേഷൻ എന്ന പേരിലുള്ള സമ്മേളനം ചേരുകയും മാർ ദിവന്നാസ്യോസിൻെറ സ്ഥാനത്തു് പാത്രിയർക്കീസ് നിയമിച്ച എതിർ മെത്രാപ്പോലീത്താ മാർ കൂറിലോസിൻെറ പിൻഗാമിയായി പൗലൂസ് മാർ അത്താനാസ്യോസിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

1938 മാർച്ച് 10 നു മാർ അത്താനാസ്യോസും കൂട്ടു ട്രസ്റ്റികളും കൂടി മാർ ബസേലിയോസിനെയും കൂട്ടു ട്രസ്റ്റികളെയും പ്രതിചേർത്തു് 111-ാം നമ്പരായി കോട്ടയം ജില്ലാക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. അന്യായത്തിൽ മാർ ബസ്സേലിയോസിനെ, ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്നു കൂടി അറിയപ്പെടുന്ന 'കല്ലാച്ചേരിൽ പുന്നൂസ്' എന്നാണു് പരാമർശിച്ചിരിക്കുന്നതു്. പാത്രിയർക്കീസായിരുന്ന മാർ അപ്രേം ഇഗ്നാത്തിയോസിൻെറയും പാത്രിയർക്കീസു പക്ഷത്തിൻെറയും ദൈവശാസ്ത്ര ഭാഷ്യമനുസരിച്ചു് മാർ ബസേലിയോസ് മുടക്കപ്പെട്ടവനും തൻമൂലം പൗരോഹിത്യ നൽവരം നഷ്ടപ്പെട്ടവനും കേവലം ചുവപ്പുവേഷധാരിയുമായ വൃദ്ധൻ പുന്നൂസ് ആയിത്തീർന്നു. 1934-ൽ എം. ഡി. സിമ്മിനാരി യോഗം പാസ്സാക്കിയ ഭരണഘടനയും മാർ ബസേലിയോസിനും അനുകൂലമായി വിധി പ്രസ്താവിച്ചുകൊണ്ടു് ജില്ലാക്കോടതി അന്യായം ചെലവുസഹിതം തള്ളിക്കളഞ്ഞു. തന്നിമിത്തം വാദികളായിരുന്ന മാർ അത്താനാസ്യോസും കൂട്ടരും ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. മാർ അത്താനാസ്യോസിനും കൂട്ടർക്കും (വാദികൾ) അനുകൂലമായി 1946-ൽ വിധിയുണ്ടായി.

www.malankaralibrary.com


മാർ ബസ്സേലിയോസും കൂട്ടരും റിവ്യൂഹർജി സമർപ്പിച്ചു. എന്നാൽ 1951 ഡിസംബർ 21-ന് റിവ്യൂഹർജി തള്ളിക്കൊണ്ടു് പ്രതികൂലമായ വിധിയുണ്ടായി. 1952-ൽ ഇൻഡ്യൻ ഭരണഘടന അനുസരിച്ചു് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുവാനുള്ള അനുവാദത്തിനായി മാർ ബസ്സേലിയോസ് സുപ്രീംകോടതിയിൽ അപേക്ഷ സമർപ്പിച്ചു. 1954 മെയ് 21-ന് ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തിക്കൊണ്ടും അപ്പീൽ അനുവദിച്ചുകൊണ്ടും സുപ്രീം കോടതി വിധിപ്രസ്താവിച്ചു. ഈ വിധി ന്യായത്തിൽ കേസ് വീണ്ടും കേൾക്കുവാൻ ഹൈക്കോടതിയോട് ആവശ്യപ്പെട്ടു. ഇതനുസരിച്ചു് ഹൈക്കോടതി കേസ് പുനർവിചാരണ ചെയ്തു. അതനുസരിച്ചു് 1956 ഡിസംബർ 31 ന് മാർ അത്താനാസ്യോസിന് അനുകൂലമായുള്ള ഹൈക്കോടതിയുടെ ഏകകണ്ഠമായ വിധി ജസ്റ്റീസ് ശങ്കരൻ പ്രഖ്യാപിച്ചു. മാർ ബസ്സേലിയോസ് സുപ്രീം കോടതിയിൽ റിട്ട്ഹർജി സമർപ്പിച്ചു. അതനുസരിച്ചു് ഹൈക്കോടതി പുറപ്പെടുവിച്ചിരുന്ന വിധിനടത്തു കല്പന സുപ്രീം കോടതി സ്റ്റേ ചെയ്തു. പിന്നീട് 1958-ൽ മാർ ബസ്സേലിയോസ് അപ്പീൽ സമർപ്പിച്ചു. അപ്പീൽ അനുവദിച്ചുകൊണ്ട് 1958 സെപ്റ്റംബർ 12ന് മാർ ബസ്സേലിയോസിന് അനുകൂലമായി ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസ് വിധി പ്രസ്താവിച്ചു.

ഇതിന്റെ പരിണിതഫലമായി 1958 ഡിസംബർ 16 ന് മാർ ബസ്സേലിയോസിനെ കാതോലിക്കായുടെ അധികാരാവകാശങ്ങളോടെ അംഗീകരിച്ചുകൊണ്ട് ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് കല്പന അയച്ചു. ഇതിന്റെ വെളിച്ചത്തിൽ മലങ്കരയിലുണ്ടായിരുന്ന അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉൾപ്പെടെ മലങ്കരയിൽ ഇരുപക്ഷത്തുമുണ്ടായിരുന്ന മെത്രാപ്പോ

www.malankaralibrary.com



ലീത്താമാർ മാർ ബസ്സേലിയോസ് കാതോലിക്കായു ടെ അദ്ധ്യക്ഷതയിൽ പഴയ സിമ്മിനാരിയിൽ സമ്മേ ളിച്ചു. മലങ്കരസഭയുടെ ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസ് യാക്കൂബ് തൃതീയനെ അന്ത്യോഖ്യാ പാത്രിയർക്കീസായി അംഗീകരിച്ചുകൊണ്ടുള്ള കാതോലി ക്കായുടെ സ്വീകരണ കല്പനയും ബസ്സേലിയോസ് ഗീ വറുഗീസ് ദ്വിതീയനെ കാതോലിക്കായായി അംഗീക രിച്ചു കൊണ്ടുള്ള പാത്രിയർക്കീസിന്റെ സ്വീകരണക ല്പനയും പരസ്പരം കൈമാറിയശേഷം സമാധാന ശുശ്രൂഷ നടത്തി ദൈവത്തിന് കൃതജ്ഞത സമർപ്പിച്ചു.

1962 മെയ് മാസത്തിൽ മലങ്കര അസോസിയേ ഷൻചേർന്ന് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോ ലീത്തായെ കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീ ത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. ബസ്സേ ലിയോസ് ഗീവറുഗീസ് ദ്വിതീയൻ 1964 ജനുവരി യിൽ ദേവലോകം കാതോലിക്കേററ് അരമനയിൽവെ ച്ച് കാലം ചെയ്തു. അരമന ചാപ്പലിൽ അദ്ദേഹത്തെ യ ഥോചിതം കബറടക്കി.

പരസ്പര സ്വീകരണംമൂലം മലങ്കര സഭയുടെ അംഗീകൃത പാത്രിയർക്കീസായി തീർന്ന ഇഗ്നാത്തിയോ സ് യാക്കൂബ് തൃതീയന്റെ അദ്ധ്യക്ഷതയിൽ ഭരണ ഘടനപ്രകാരം 1964 മെയ് 22-ന് കോട്ടയം മാർ ഏലി യാ കത്തീഡ്രലിൽ ചേർന്ന മലങ്കരസുന്നഹദോസ് ഔഗേൻ മാർ തീമോത്തിയോസിനെ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ കാതോലിക്കായായി വാഴിച്ചു. ഇദംപ്രഥമമായി കാതോലിക്കാ ബോംബെയിൽ വെച്ച് പോൾ ആറാമൻ മാർ പാപ്പായുമായി കൂടിക്കാ ഴ്ച നടത്തി.

www.malankaralibrary.com


ഒന്നായി മുന്നേറിയ മലങ്കര ഓർത്തഡോക്സ് സഭ, 1970-ൽ 203-ാം നമ്പരായി പാത്രിയർക്കീസ് ഇഗ് നാത്തിയോസ് യാക്കുബ് തൃതീയൻ പുറപ്പെടുവിച്ച കല്പനമൂലം വീണ്ടും പിളർന്നു. പാത്രിയർക്കീസ്, ഔഗേൻ പ്രഥമൻ കാതോലിക്കായെ മുടക്കികൊണ്ടുള്ള കല്പന പുറപ്പെടുവിച്ചു. തുടർന്ന് പാത്രിയർക്കീസ് തനിക്കുവിധേയനായ കാതോലിക്കായായി കണ്ടനാട്ട് ഇടവകയുടെ പൗലൂസ് മാർ പീലക്സിനോസിനെ വാഴിച്ചു. അങ്ങിനെ സഭയിൽ രണ്ട് കാതോലിക്കാമാർ രംഗത്തുവന്നു.

പ്രായാധിക്യംമൂലം മാർ ഔഗേൻ പ്രഥമൻ കാതോലിക്കാ ഭരണത്തിൽനിന്നും വിരമിച്ചു. 1975 ഒക്ടോബർ 27 ന് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ മലങ്കര സുന്നഹദോസ് മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ്പ്രഥമൻ എന്ന പേരിൽ കാതോലിക്കായായി വാഴിച്ചു. 1975 ഡിസംബർ 8 ന് ഔഗേൻപ്രഥമൻ കാതോലിക്കാ ദേവലോകം കതോലിക്കേററ് അരമനയിൽ കാലം ചെയ്തു. അരമനചാപ്പലിൽ യഥാവിധി അദ്ദേഹത്തെ കബറടക്കി. 1984 ജൂണിൽ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കായും സംഘവും റോമിൽ എത്തി ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ സന്ദർശിക്കുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

www.malankaralibrary.com



അദ്ധ്യായം 30

## ബഥനി സന്യാസസമൂഹം രൂപം പ്രാപിക്കുന്നു

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രതീക്ഷയും മലങ്കരസഭയുടെ അഭിമാനത്തിൻെറയു. സ്വാതന്ത്ര്യത്തിൻെറയും പ്രതീകമായി പരിഗണിക്കപ്പെട്ടുകയു; ചെയ്തുവന്ന എം. എ. അച്ചൻ പി. റ്റി. ഗീവറുഗീസ് കത്തനാർക്ക് ഈ സഭയുടെ സർവതോന്മുഖമായ വളർച്ചക്കും വികാസത്തിനും ഒരു സന്യാസ സമൂഹം അനിവാര്യമെന്ന ചിന്ത ഉദിച്ചിരുന്നു. ഭാരതീയ സംസ്കാരവും പൗരസ്ത്യ ആദ്ധ്യാത്മികതയും സമജ്ഞമായി സമ്മേളിക്കുന്ന ഒരു ആശ്രമ സമൂഹമായിരുന്നു അദ്ദേഹത്തിൻെറ ദർശനത്തിലുണ്ടായിരുന്നത്. അദ്ദേഹം തന്നെ അദ്ധ്യക്ഷനും ആശ്രമശ്രേഷ്ഠനും ആയികൊണ്ട് ബഥനി സന്യാസസമൂഹം പെരുനാട്ടിലുള്ള മുണ്ടൻമലയിൽ 1919-ാം മാണ്ട് സ്ഥാപിതമായി. തുടർന്ന് ബഥനി സന്യാസിനി സമൂഹത്തിനും അദ്ദേഹം രൂപം കൊടുത്തു.

## മാർ ഈവാനിയോസ് സ്വാതന്ത്ര്യത്തിൻെറ രാജവീഥിയിൽ

വ്യവഹാരംകൊണ്ടു നട്ടംതിരിഞ്ഞ സഭയെ അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തിൻെറ നീരാളിപ്പിടുത്തത്തിൽ നിന്നും രക്ഷിക്കുവാൻ–മുളന്തുരുത്തിസുന്നഹദോസിൻെറ വലയത്തിൽ ഉൾപ്പെടാത്തതും, അതേസമയംതന്നെ മലങ്കരസഭയുടെ പൂർവ്വികമായ സ്വാതന്ത്ര്യവും ആദ്ധ്യാത്മികതയും പൂർവ്വോപരി ഉയർത്തി പിടിക്കുവാൻ കെൽപ്പുററ ഒരു സഭയെ–നീരാളിപ്പിടിത്തത്തിലമന്ന മലങ്കരസഭയ്ക്കുള്ളിൽ പ്രതിഷ്ഠിച്ചുവളർത്തിയെടുക്കേണ്ടതു് ആവശ്യമെന്നു് ദീർഘവീക്ഷണപടുവായ മലങ്കര

www.malankaralibrary.com


മെത്രാപ്പോലീത്താ മാർ ദിവന്നാസ്യോസ് ഗ്രഹിച്ചിരുന്നു. അതിനുവേണ്ടി ബഥനി ആശ്രമസമൂഹത്തെ ഉറപ്പുള്ള അടിസ്ഥാനത്തിൽ പടുത്തുയർത്തുവാനും കരുത്തുള്ള കരങ്ങളിൽ അതിനെ ഭരമേല്പിക്കുവാനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. തൽഫലമായി 1925 മെയ്മാസം 1-ാം തീയതി നിരണം പള്ളിയിൽവച്ച് മലങ്കരയിലെ രണ്ടാമത്തെ "കാതോലിക്കാ"യായ ബസ്സേലിയോസ് ഗീവറുഗീസ്പ്രഥമൻ ബഥനിയുടെ പി. റ്റി. ഗീവറുഗീസ്റമ്പാനെ മാർ ഈവാനിയോസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടെ 'ബഥനിയുടെ മാർ ഈവാനിയോസ്' എന്ന പേരിൽ മെത്രാനായി വാഴിച്ചു(224). 1929 ഫെബ്രുവരി 13-ാം തീയതി മലങ്കരയിലെ മൂന്നാമത്തെ കാതോലിക്കാ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ അദ്ദേഹത്തെ ബഥനിയുടെ മെത്രാപ്പോലീത്തായായി ഉയർത്തുകയും ബഥനിയിലെ 'ആശ്രമഗുരു'വായിരുന്ന യാക്കോബ്കത്തനാരെ 'മാർ തേയോഫിലോസ്' എന്ന പേരിൽ ബഥനിയുടെ എപ്പിസ്ക്കോപ്പായായി വാഴിക്കുകയും ചെയ്തു.

ഒരു സന്യാസ പ്രസ്ഥാനം ഒരു പ്രാദേശികസഭ എന്നപോലെ ഒരു മെത്രാപ്പോലീത്തായാലും ഒരു സഹ്രഗൻ എപ്പിസ്കോപ്പായാലും ഭരിക്കപ്പെടുക ക്രൈസ്തവസഭാ ചരിത്രത്തിൽ ഇദംപ്രഥമമായിരിക്കും. ഒരു ആശ്രമസമൂഹത്തെയല്ല വട്ടശ്ശേരിൽ തിരുമേനിയുടെ ദർശനത്തിലുള്ള ഒരു സഭയെയാണ് നിരീക്ഷകർ ഇതിൽ ദർശിക്കുന്നത്. ഈ നിയമനവും സംവിധാനവുംമൂലം മലങ്കര സഭയിൽ എല്ലായിടത്തും സമുചിതമായി "ബഥനി പള്ളികൾ" സ്ഥാപിക്കുവാനുള്ള അവകാശം ബഥനി മെത്രാപ്പോലീത്തായ്ക്കു സിദ്ധിച്ചു. ഈ പള്ളികളുടെ (സഭയുടെ) ഭരണം അതിൻെറ മെത്രാപ്പോലീത്തായ്ക്കു മാത്രം വിധേയമായിരുന്നു. നൈയാമികമായി ഇദ്ദേഹത്തെ വാ

www.malankaralibrary.com


ഴിക്കുകയും ഈ സംവിധാനം അനുവദിക്കുകയും ചെയ്ത മലങ്കര മെത്രാപ്പോലീത്താക്കോ കാതോലിക്കാക്കോ ഈ പള്ളികളുടെ മേൽ അവകാശം ഉണ്ടായിരുന്നില്ല. അന്ത്യോഖ്യായാക്കോബായ പാത്രിയർക്കീസിൻെറ നീരാളിപ്പിടിത്തത്തിലമരാത്ത—സമുദായക്കേസിൻെറ വിഷമവൃത്തത്തിലും നീർച്ചുഴിയിലും ഉൾപ്പെടാത്ത—മാർ തോമ്മാശ്ലീഹായുടെ പൈതൃകവും അപ്പോസ്തോലിക പൗരോഹിത്യ പിൻതുടർച്ചയും സംരക്ഷിക്കുന്ന ഒരു സഭയെയാണ് നാമിവിടെ കണ്ടുമുട്ടുന്നത്.

1926 നവംബർ 1-ാം തീയതി പരുമല സിമ്മിനാരിയിൽ സമ്മേളിച്ച മാർ ഈവാനിയോസ് ഉൾപ്പെടെയുള്ള മെത്രാപ്പോലീത്താമാർ അഭിപ്രായപ്പെട്ടപ്രകാരം റോമാസിംഹാസനവുമായി ബന്ധപ്പെടുവാനുള്ള ശ്രമം ആരംഭിച്ചു. മെത്രാപ്പോലീത്താമാരുടെ നിർണ്ണായകമായ ഈ സമ്മേളനത്തെ മലങ്കര സുന്നഹദോസ് എന്ന നിലയിലാണ് ബഥനിമെത്രാപ്പോലീത്താ മാർ ഈവാനിയോസ് പരിഗണിച്ചതു്(225). ഇതിൻെറ പ്രഥമപടിയായി 1927 ജനുവരി 22 ന് മാർ ഈവാനിയോസ് ഒരു മെമ്മോറാണ്ടം റോമിലേക്കയച്ചു. 1928-ൽ റോമിൽ നിന്നും മറുപടി ലഭിച്ചു. അനൗദ്യോഗികമായ പ്രസ്താവനകത്തിൽ, പൗരസ്ത്യസഭകൾ റോമാസിംഹാസനവുമായി യോജിക്കുമ്പോൾ പിൻതുടരേണ്ടപതിവുകളും തത്വങ്ങളും വിശദീകരിച്ചതു കൂടാതെ '6' ചോദ്യങ്ങൾ ഉൾപ്പെടുന്ന ഒരു പ്രശ്നാവലിയും ഇൻഡ്യയിലെ അപ്പോസ്തോലിക് ഡലഗേററുവഴി അയച്ചു കൊടുത്തു. മാർ ഈവാനിയോസ് സത്യസന്ധവും പണ്ഡിതോചിതവുമായ മറുപടി കൊടുത്തു. തൽഫലമായി 1929 ഓഗസ്റ്റ് 5-ാം തീയതി അനുകൂലമായ മറുപടി ഔദ്യോഗികമായിത്തന്നെ ലഭിച്ചു. 1929 സെപ്റ്റംബർ 17-ന് അപ്പോസ്തോലിക് ഡലഗേററിനു നന്ദിപ്രദർശിപ്പിച്ചു കൊണ്ട് മാർ ഈവാനിയോസ് എഴുതി.

www.malankaralibrary.com


## അദ്ധ്യായം 31

### പുനഃസമാഗമനം

അനുകൂലമായ കോടതിവിധി ഉണ്ടായതിന്റെയും മററും വെളിച്ചത്തിൽ പരുമല സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന മെത്രാപ്പോലീത്താമാരും കാതോലിക്കായും ചുവടുമാററിച്ചവുട്ടി. റോമാസിംഹാസനവുമായിബന്ധപ്പെടുവാനുള്ള യത്നങ്ങൾക്കു കൈത്തിരികാണിച്ച മെത്രാപ്പോലീത്താമാർ അറച്ചു നിൽക്കുന്നതുകണ്ടിട്ടും കുശാഗ്രബുദ്ധിയായ വി: പത്രോസിന്റെ പിൻഗാമി - റോമാ സിംഹാസനാധിപൻ — റോമൻ ഭരണനിയമത്തിന്റെ നൈയാമിക കുരുക്കുകൾക്ക് അതീതനായി നിന്നുകൊണ്ട് ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസിൽ മലങ്കര സഭയെ മുഴുവൻ ദർശിക്കുകയും ഉൾക്കൊള്ളുകയും ചെയ്തു. തദ്വാര മലങ്കര സഭ ബഥനി മെത്രാപ്പോലീത്താ വഴി നടത്തിയ യത്നങ്ങളെ ഭാഗ്യസ്മരണാർഹനായ മാർപാപ്പാ പീയൂസ് പതിനൊന്നാമൻ അനുഗ്രഹിച്ചംഗീകരിച്ചു(226). അങ്ങനെ മലങ്കര സഭയെ പരിപൂർണ്ണമായും അന്ത്യോഖ്യൻ നീരാളിപ്പിടിത്തത്തിനതീതമായി ഉയർത്തി നിർത്തിയ അതിന്റെ പ്രതിനിധിയായ "ബഥനി മെത്രാപ്പോലീത്തായിലൂടെ" റോമാസിംഹാസനവുമായി മാർപാപ്പാ സംയോജിപ്പിച്ചു.

1930 സെപ്റ്റംബർ 18-ാം തീയതി മുണ്ടൻമലയോടും അവിടെ അവശേഷിച്ച സഹോദര സന്യാസിമാരോടും യാത്രപറഞ്ഞിറങ്ങിയ മാർ ഈവാനിയോസും മാർ തേയോഫിലോസും, നിർദ്ദേശിക്കപ്പെട്ടിരുന്ന പ്രകാരം 1930 സെപ്റ്റംബർ 20-ാം തീയതി കൊല്ലം ലത്തീൻ അരമന ചാപ്പലിൽവച്ച് കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ വിശ്വാസപ്രഖ്യാപനം നടത്തി റോമാസിംഹാസനവുമായി യോജി

www.malankaralibrary.com


ച്ചു. തുടന്ന് മലങ്കര സഭയുടെ 'ചെറുപതിപ്പായ ബഥനി'യുടെ മററു പ്രതിനിധികളായ ജോൺ കത്തനാരും അലക്സന്ത്രയോസ് ശെമ്മാശനും ശ്രീമാൻ കിളിലേത്തു് ചാക്കോയും റോമാസിംഹാസനവുമായി ഐക്യപ്പെട്ടു(227).

ആദ്യം വെണ്ണിക്കുളത്തും പിന്നീട് തിരുമൂലപുരത്തും താമസം ഉറപ്പിച്ചുകൊണ്ടു് കൂനൻകുരിശിൻെറ ആലാത്തു വിഛേദിച്ച ക്രൈസ്തവ ഐക്യത്തിൻെറ സന്ദേശവാഹികളായ—ഈ ''പഞ്ചപ്രേഷിതർ'' അഹമഹമിഹയാ ഈ സന്ദേശം മലങ്കര മക്കളുടെ അകതാരിലിക്കിളിയുണ്ടാക്കി മുന്നേറി. വൈതരണികളെ അവർ ധീരമായി അതിജീവിച്ചു. മലങ്കരമക്കളുടെ സഹസ്രഗണങ്ങൾ അവരെ അനുഗമിച്ചു. സംപ്രീതനായ പത്രോസിൻെറ പിൻഗാമി റോമാസിംഹാസനത്തിൻെറ ശക്തനായ തേരാളി തൻെറ ഭരണശുശ്രൂഷയുടെ പതിനൊന്നാം സംവത്സരമായ 1932 ജൂൺ 11–ാംതീയതി വി: ബർന്നാബാസ് അപ്പോസ്തോലൻെറ തിരുനാൾ ദിവസം റോമായിലെ വി: പത്രോസിൻെറ ദൈവാലയത്തിൽവച്ചു് 'മലങ്കര കത്തോലിക്കാഹയരാക്കി' സ്ഥാപിച്ചുകൊണ്ടുള്ള പ്രഖ്യാപനം നടത്തി. ഈ പ്രഖ്യാപനംമൂലം മാർ ഈവാനിയോസ് തിരുവനന്തപുരം അതിമെത്രാസനത്തിൻെറ (Arch Diocese) ആർച്ചുബിഷപ്പ് മെത്രാപ്പോലീത്തായും മാർ തേയോഫിലോസ് തിരുവല്ലാ മെത്രാനും മെത്രാപ്പോലീത്തായുടെ സഫ്രഗനുമായി അവരോധിക്കപ്പെട്ടു ഈ ഹയരാക്കിയുടെ വടക്കൻ അതൃത്തി ഭാരതപ്പുഴയായി ക്ലിപ്തപ്പെടുത്തി(228).

www.malankaralibrary.com


അദ്ധ്യായം 32

## മലങ്കര കത്തോലിക്കാസഭ മലങ്കരസഭയെ പ്രതിനിധീകരിക്കുന്നു

ഹയരാർക്കി സ്ഥാപിക്കപ്പെടുന്നതിനു മുമ്പുതന്നെ 1932 ഫെബ്രുവരി 13-ാംതീയതി മാർപാപ്പാ പീയൂസ് 11-ാമൻ 'മാഗ്നം നോബീസ്' എന്ന അപ്പോസ്തോലിക ലേഖനം വഴി പമ്പാനദിയാൽ തെക്കും വടക്കുമായി വിഭജിക്കപ്പെട്ട രണ്ടു താല്ക്കാലിക മലങ്കര കത്തോലിക്കാഭദ്രാസനങ്ങൾ (രൂപത) രൂപീകരിക്കുകയും മാർ ഈവാനിയോസ് മാർ തേയോഫിലോസ് എന്നിവരെ അതിൻെറ ഭരണം ഏല്പിക്കുകയും ചെയ്തിരുന്നു.

## മലങ്കര ഹയരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള അപ്പോസ്തോലിക ഘടന

ദൈവത്തിൻെറ ദാസന്മാരുടെ ദാസനായ പീയൂസ് മെത്രാൻ ശാശ്വത സ്മരണക്കുവേണ്ടി.

പ്രഖ്യാതരായ രണ്ടു മലങ്കര സുറിയാനി വൈദീകാദ്ധ്യക്ഷന്മാർ, മാർ ഇവാനിയോസ് മെത്രാപ്പോലീത്തായും മാർ തേയോഫിലോസ് എപ്പിസ്കോപ്പായും (മെത്രാൻ) ദൈവസഹായത്താൽ തങ്ങളുടെ ആട്ടിൻകൂട്ടത്തിലെ ഏതാനും വൈദീകരോടും ഒട്ടനേകം ജനങ്ങളോടും കൂടെ കത്തോലിക്കാസഭയാകുന്ന വിശുദ്ധ മാതാവിൻെറ മടിയിലേക്കു പ്രവേശിച്ചപ്പോൾ ഇടയന്മാരിൽ പ്രധാനിയായ ക്രിസ്തുവിനു വിനീതപൂർവ്വകവും തീക്ഷ്ണതവുമായ കൃതജ്ഞത നാം സമർപ്പിച്ചു. ഇവരുടെ മനസ്സിനെയും ഹൃദയത്തെയും പ്രകാശിപ്പിക്കുന്നതിനു തിരുവിഷ്ടമുണ്ടായ ഏററം കൃപാലുവായ പ്രകാശങ്ങളുടെ പിതാവിനെ ഈ മെത്രാന്മാർ വിനയപൂർവ്വം അനുസരിച്ചതിനാലും ആ പ്രദേശത്തെ വിശ്വാസികളുടെ ഇടയിൽ

www.malankaralibrary.com



ക്രിസ്തുവിൻെറ രാജ്യത്തിൻെറ വ്യാപ്തിയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സകല മാർഗ്ഗങ്ങളിലും കൂടെ ഉത്സാഹപൂർവ്വം ഇവർ പ്രയത്നിച്ചതു നിമിത്തവും നാം ഇവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്തു. ഈ വിശ്വാസികൾ കത്തോലിക്കാ ഐക്യത്തെ ആശ്ലേഷിച്ചിട്ട് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ ആദ്ധ്യാത്മികോന്നമനത്തിനു് മാർഗ്ഗമുണ്ടാക്കുന്നതിനു് നാം ആഗ്രഹിച്ചതുകൊണ്ടു് ഈ വർഷം ഫെബ്രു: 13_ാം തീയതി ഇയമുദ്രയിൽകീഴ് ''മാഗ്നം നോബിസ്'' എന്ന അപ്പോസ്തോലിക ലേഖനം നാം പുറപ്പെടുവിച്ചു. അതനുസരിച്ചു് മലബാർ ദേശത്തിൻെറ അതൃത്തികൾക്കുള്ളിൽ പമ്പാനദിയാൽ അന്യോന്യം വിഭജിക്കപ്പെട്ടതായ 2 രൂപതകളെ താൽക്കാലികമായി നാം സ്ഥാപിക്കുകയും ഈ വന്ദ്യ മെത്രാന്മാരെ അവയുടെ ചുമതലഭരമേല്പിക്കുകയും ചെയ്തു. അന്ത്യോഖ്യാൻ റീത്തിൽപ്പെട്ടവരായ ഈ മലങ്കര സുറിയാനി വിശ്വാസികളുടെ സംഖ്യ ഭാഗ്യാതിരേകത്താൽ സന്തോഷപ്രദമാം വിധം ദിനംപ്രതി വദ്ധിക്കുകയും അല്പകാലത്തിനുള്ളിൽ കർത്താവിൻെറ അനുഗ്രഹത്താൽ ഏതാനും ആയിരങ്ങളായിതീരുകയും ചെയ്തിരിക്കുന്നതിനാൽ മലബാർ പ്രദേശത്തു് അന്ത്യോഖ്യൻ റീത്തിൽ ഒരു വൈദീക സംസ്ഥാനംസ്ഥാപിച്ചു് സഭാകാര്യങ്ങൾ അവസരോചിതവും ശാശ്വതവുമായവിധത്തിൽ ക്രമപ്പെടുത്തുന്നതു് പ്രയോജനപ്രദമാണെന്നു് നമുക്കു് ബോദ്ധ്യമായിരിക്കുന്നു. തന്നിമിത്തം പ്രസ്തുത മെത്രാൻമാരുടെ ആവശ്യങ്ങളെ അനുവദിച്ചു കൊണ്ടും അതിശ്രേഷ്ടങ്ങളായ പൗരസ്ത്യസഭകളോടുള്ള നമ്മുടെ സ്നേഹത്തിൻെറ ഒരു പുതിയ ലക്ഷ്യം പ്രദാനം ചെയ്യുവാൻ ആഗ്രഹിച്ചുകൊണ്ടും പൗരസ്ത്യ ഇൻഡ്യയുടെ ഡലഗാഡ് അപ്പസ്തോലിക്കായും സലാമീനയുടെ അവകാശിയും മെത്രാപ്പോലീത്തായും ആയ നമ്മുടെ സഹോദരൻ ലെയോകീയെർക്കാംസിൻെറ അനുകൂലമായ അഭിപ്രായത്തെ മുൻകൂട്ടി അറിഞ്ഞതിൻെറ ശേഷം പൗരസ്ത്യസഭയു

www.malankaralibrary.com


ടെ തിരുസംഘത്തിൽ നിയമിതരായിരിക്കുന്ന വിശുദ്ധറോമാസഭയുടെ കർദ്ദിനാൾമാരായ നമ്മുടെ വന്ദ്യ സഹോദരരുടെ ഉപദേശത്താൽ ഈ സംഗതികൾ ആരെയെല്ലാം ബാധിക്കുമോ, അല്ലാത്തപക്ഷം തങ്ങളെ ബാധിക്കുന്നതെന്ന് ആരെല്ലാം വിചാരിക്കുന്നുവോ അവരുടെ സമ്മതം ആവശ്യമുള്ളവിധം വാങ്ങിച്ചുകൊണ്ടും താഴെ ചേർക്കുന്ന കാര്യങ്ങൾ അപ്പോസ്തോലികമായ അധികാരത്തിൻെറ പൂർണ്ണതയിൽ നാം തീരുമാനിക്കയും സ്ഥാപിക്കുകയുംചെയ്യുന്നു.

1. മലബാർ പ്രദേശത്ത് പമ്പാനദിയുടെ വടക്കും തെക്കുമായി സ്ഥിതി ചെയ്യുന്നതും മേൽപ്രസ്താവിച്ചതുമായ രൂപതകളെ നിറുത്തൽ ചെയ്തശേഷം അവയുടെ അതൃത്തികൾക്കുള്ളിൽ അന്ത്യോഖ്യൻ റീത്തിൽപ്പെട്ട മലങ്കര സുറിയാനിക്കാർക്കുവേണ്ടി നവീനവും വ്യക്തവുമായ ഒരു വൈദിക സംസ്ഥാനത്തെ നാം സ്ഥാപിക്കുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ സിംഹാസനമെന്നും തിരുവല്ലാ മെത്രാൻ സിംഹാസനം എന്നും രണ്ടു സിംഹാസനങ്ങൾ അതിൽ ഉണ്ടായിരിക്കുന്നതാകുന്നു.

2. കൊല്ലം കോട്ടാർ എന്നീ രൂപതകളുടെയും കൊച്ചി രൂപതയുടെ ദക്ഷിണഭാഗത്തിൻെറയും അതൃത്തികളോടുകൂടിയ തിരുവനന്തപുരം അതിരൂപതയിൽ തിരുവനന്തപുരം കൊട്ടാരക്കര, അടൂർ, പത്തനംതിട്ട, മാവേലിക്കര, കായംകുളം, ചെങ്ങന്നൂർ എന്നീ ഡിസ്ട്രിക്ടുകൾ ഉണ്ടായിരിക്കുന്നതാണ്.

3. തിരുവനന്തപുരം അതിരൂപതയുടെ സിംഹാസനത്തെ തിരുവനന്തരപുരം പട്ടണത്തിൽ നാം സ്ഥാപിക്കുന്നു. ആ പട്ടണത്തിൽ നിന്ന് അതിരൂപതയ്ക്ക് അതിൻെറ നാമം സിദ്ധിക്കുകയും ചെയ്യുന്നു.

www.malankaralibrary.com


4. തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ ദൈവാലയത്തെ ഈ നവീന സഭാസംസ്ഥാനത്തിന്റെ മെത്രാപ്പോലീത്തൻ പള്ളിയായി നാം സ്ഥാപിക്കുന്നു. തന്മൂലം ആ ദൈവാലയത്തിനും അതിന്റെ അതാതുകാലത്തെ മെത്രാപ്പോലീത്താമാർക്കും അന്ത്യോഖ്യൻ സുറിയാനി സഭയുടെ സാധാരണ നിയമവും നിയമാനുസൃതമായ ആചാരങ്ങളും അനുസരിച്ചുള്ള സകല അവകാശങ്ങളും നിയമങ്ങളും ബഹുമാനങ്ങളും അധികാരങ്ങളും നാം നൽകുന്നു. ഒന്നാമതായി വിശുദ്ധ സംഘത്തിലെ അപ്പോസ്തോലിക സിംഹാസനത്തിൽ നിന്നു് അപേക്ഷിച്ചുവാങ്ങിയ ശേഷം അവരുടെ വൈദിക സംസ്ഥാനത്തിന്റെ അതൃത്തികൾക്കുള്ളിൽ വൈദിക കർമ്മങ്ങളുടെ നിയമമനുസരിച്ചു് പാലിയം ധരിക്കുന്നതിനുള്ള അവകാശം അവിടത്തെ മെത്രാപ്പോലീത്താമാർക്കുണ്ടായിരിക്കുന്നതാണ്.

5. വരാപ്പുഴ, വിജയപുരം എന്നീ രൂപതകളുടെയും കൊച്ചീരൂപതയുടെ വടക്കേ ഭാഗത്തിന്റെയും അതൃത്തികൾക്കുള്ളിൽ അടങ്ങിയിരിക്കുന്ന തിരുവല്ലാരൂപതയിൽ തിരുവല്ലാ, നിരണം, കോട്ടയം, മൂവാററുപുഴ, കുന്നംകുളം എന്നീ ഡിസ്ട്രിക്ടുകൾ ഉണ്ടായിരിക്കുന്നതാകുന്നു.

6. തിരുവല്ലാ മെത്രാന്റെ സിംഹാസനം തിരുവല്ലാ പട്ടണത്തിൽ നാം സ്ഥാപിക്കുന്നു. ആ പട്ടണത്തിൽ നിന്നു് ആ രൂപതക്കു് അതിന്റെ നാമം സിദ്ധിക്കുകയും ചെയ്യുന്നു.

7. തിരുവല്ലായുടെ മെത്രാസനപള്ളിക്കും അതിൽ അതാതുകാലം ഭരിക്കുന്ന മെത്രാന്മാർക്കും അന്ത്യോഖ്യൻ സുറിയാനി സഭയിലുള്ള സാധാരണ നിയമവും ന്യായമായ നടപ്പും അനുസരിച്ചുള്ള സകല അവകാശങ്ങളും നിയമങ്ങളും ബഹുമാനങ്ങളും അധികാരങ്ങളും നാം നൽകുന്നു.

www.malankaralibrary.com



8. തിരുവല്ലായിലെ മെത്രാസനപ്പള്ളിയെ തിരുവനന്തപുരം മെത്രാപ്പോലീത്തൻ പള്ളിയുടെ സഫ്രഗൻ പള്ളിയായി നാം സ്ഥാപിക്കുന്നു. അവിടെ അതാതു കാലം ഭരിക്കുന്ന മെത്രാന്മാരെ തിരുവനന്തപുരം അതി മെത്രാൻെറ മെത്രാപ്പോലീത്തായ്ക്കടുത്ത അവകാശത്തിനു് നാം അധീനരാക്കുകയും ചെയ്യുന്നു.

9. തിരുവനന്തപുരം മെത്രാപ്പോലീത്തൻ പള്ളിയുടെയും അതിൻെറ അതാതുകാലത്തെ മെത്രാപ്പോലീത്താമാരുടെയും, തിരുവല്ലാമെത്രാസനപ്പള്ളിയുടെയും അതിൻെറ അതാതുകാലത്തെ മെത്രാന്മാരുടെയുംമേൽ മററു മെത്രാപ്പോലീത്തൻ പള്ളികളെയും അവയുടെ മെത്രാന്മാരെയും സംബന്ധിക്കുന്ന ഭാരങ്ങളും ചുമതലകളും നാം നിക്ഷേപിക്കുന്നു.

10. തിരുവനന്തപുരത്തെയും തിരുവല്ലായിലെയും വൈദികാദ്ധ്യക്ഷന്മാരുടെ സിംഹാസനങ്ങളിൽ ആദ്യത്തേതിനെ തിരുവനന്തപുരം പട്ടണത്തിൽ ദൈവമാതാവായ പരിശുദ്ധ കന്യകയുടെനാമത്തിലും രണ്ടാമത്തേതിനെ തിരുവല്ലാനഗരത്തിൽ വി: യോഹന്നാൻ ശ്ലീഹായുടെ നാമത്തിലും നാം സ്ഥാപിക്കുന്നു. തന്നിമിത്തം ഈ ദൈവാലയങ്ങൾക്കു് ഇനിയും നിശ്ചയിക്കുന്നതുവരെ മററു മെത്രാപ്പോലീത്തൻ പള്ളികൾക്കും മെത്രാസനപ്പള്ളികൾക്കുമുള്ള സകല അവകാശങ്ങളും നിയമങ്ങളും നാം നൽകിയിരിക്കുന്നു.

11. മെത്രാപ്പോലീത്തായുടെയും മെത്രാൻെറയും നിത്യചെലവിനു വേണ്ടി വിശ്വാസികൾ സാധാരണമായി ചെയ്യാറുള്ള ദാനങ്ങളും ഈ പള്ളികൾക്കു് ഏതെങ്കിലും അവകാശപ്രകാരം സിദ്ധിക്കുന്ന വരവുകളും ജംഗമങ്ങളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com


12. തിരുവല്ലായിലേയും തിരുവനന്തപുരത്തെയും സഭകളുടെ ഭരണനിർവഹണത്തെയും നിയമപ്രകാരം ആലോചനാ സംഘത്തിന്റെ തെരഞ്ഞെടുപ്പിനെയും സെമിനാരികൾ സ്ഥാപിക്കുന്നതിനെയും വൈദികരുടെയും വിശ്വാസികളുടെയും അവകാശങ്ങൾ എന്നിവയേയും ഏവം വിധമുള്ള കാര്യങ്ങളെയും സംബന്ധിച്ച് പരിശുദ്ധകാനോനിൽ എപ്രകാരം കല്പിക്കപ്പെടുന്നുവോ അപ്രകാരം ചെയ്തു കൊള്ളണമെന്ന് നാം കല്പിച്ചിരിക്കുന്നു. പ്രധാനമായി വൈദികരെ സംബന്ധിച്ചിടത്തോളം മേൽപ്രസ്താവിച്ച അതിരൂപതയുടെയും രൂപതയുടെയും സ്ഥാപനം നിർവഹിക്കപ്പെടുമ്പോൾ വൈദികർ ഏതു രൂപതയുടെ അധികാരസീമയിൽ നിയമപ്രകാരം താമസിക്കുന്നുവോ ആ രൂപതയോടു ബന്ധപ്പെട്ടവരായി അവർ പരിഗണിക്കപ്പെടണമെന്ന് നാം നിശ്ചയിക്കുന്നു.

13. അവസാനമായി മേൽ പ്രസ്താവിച്ചിരിക്കുന്ന നിയമങ്ങളെ അതാതുകാലത്തെ സാഹചര്യങ്ങൾ അനുസരിച്ച് മാററുന്നതിനും അന്യഥാ തീരുമാനിക്കുന്നതിനും കർത്താവിന്റെ നാമത്തിൽ ഉചിതമായി തോന്നുന്നവ അപ്പോഴെല്ലാം നിശ്ചയിക്കുന്നതിനുള്ള അധികാരം നമ്മിലും അപ്പോസ്തോലിക സിംഹാസനത്തിലും നാം സംഗ്രഹിച്ചിരിക്കുന്നു.

ആയതുകൊണ്ട് കാര്യങ്ങളെല്ലാം ഇപ്രകാരം നിശ്ചയിച്ചതിനുശേഷം നമ്മുടെ വന്ദ്യസഹോദരനും പൗരസ്ത്യ ഇൻഡ്യയുടെ ദലഗാദ് അപ്പോസ്തോലിക്കായുമായ ലെയോകിയർക്കെംസിനെ ഈ നിശ്ചയങ്ങളെല്ലാം നിർവഹിക്കുന്നതിനുവേണ്ടി നാം നിയോഗിക്കുന്നു. ഇവയുടെ യഥാർത്ഥ നിർവഹണത്തിൽ ഉണ്ടായേക്കാവുന്ന സകല തർക്കങ്ങളെയും തടയുന്നതിനു മാത്രമല്ല, സഭാസംബന്ധമായ ഉദ്യോഗത്തിലോ സ്ഥാനത്തിലോ നിയമിതനായിരിക്കുന്ന വേറൊരാളെ പ്രസ്തുത കാര്യത്തിനായി നിയോ

www.malankaralibrary.com


ഗിക്കുന്നതിനും ആവശ്യവും ഉചിതവുമായ സകല അധികാരങ്ങളും നാം അദ്ദേഹത്തിനു നൽകുന്നു. യഥാൎത്ഥ നിർവഹണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഒരു റിപ്പോർട്ട് ഈ ലേഖനം കിട്ടി ആറുമാസത്തിനുള്ളിൽ പൗരസ്ത്യസഭയുടെ തിരുസംഘത്തിലേക്ക് അയയ്ക്കുന്നതിനുള്ള ചുമതലയും നാം അദ്ദേഹത്തിൽ നിക്ഷേപിക്കുന്നു.

മേൽ പ്രസ്താവിച്ച സംഗതികളോട് ബന്ധമുള്ളവരോ ബന്ധമുണ്ടെന്നു വിചാരിക്കുന്നവരോ ആയ ആരെങ്കിലും സ്പഷ്ടവും പ്രത്യേകവുമായ പരിഗണന അർഹിക്കുന്നവരായിരുന്നാലും നാം അവരെ ശ്രദ്ധിച്ചില്ലായെങ്കിൽപോലും ഈ ലേഖനത്തെയും അതിന്റെ ഉള്ളടക്കത്തിലെ ഏതൊരു സംഗതിയെയും അപലപിക്കുകയോ നിഷേധിക്കുകയോ അസത്യത്തിന്റെയോ അപൂർണ്ണസത്യത്തിന്റെയോ അസാധുത്വത്തിന്റെയോ ഉദ്ദേശശുദ്ധിയുടെയോ ആയ ദോഷം ആരോപിച്ച് തർക്കിക്കുകയോ ചെയ്യരുതെന്ന് നാം ആഗ്രഹിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു. നമ്മുടെ യഥാൎത്ഥമായ അറിവോടും പൂർണ്ണമായ അധികാരത്തോടും കൂടെയായിരുന്നാൽ ഏപ്രകാരമോ അപ്രകാരംതന്നെ ഇവ എക്കാലവും സാധുവായിരിക്കുന്നതാകുന്നു ഇവ ആരെയെല്ലാം ബന്ധിക്കുമോ അവരെല്ലാം ഇവ അനുസരിക്കേണ്ടതുമാണ്. വിപരീതമായി ഏതെങ്കിലും അധികാരമുള്ള ആരെങ്കിലും അറിഞ്ഞോ അറിയാതെയോ ഇവക്കെതിരായി പ്രവർത്തിച്ചാൽ അത് പൂർണ്ണമായി അസാധുവും ഫലശൂന്യവുമായിരിക്കും. അവസാനമായി ഈ ലേഖനത്തിന്റെ ഭാഗങ്ങൾ അച്ചടിക്കപ്പെട്ടവയും ഏതെങ്കിലും നോട്ടറിപബ്ലിക്കിന്റെ കൈയൊപ്പോ സഭാസംബന്ധമായ ഉദ്യോഗത്തിലോ പദവിയിലോ നിയമിതനായ ആരുടെയെങ്കിലും മുദ്രയോ ഉള്ളവയും ആയിരുന്നാൽ ഈ ലേഖനം ഇതിന്റെ മൂലത്തിൽതന്നെ പ്രദർശിപ്പിക്കപ്പെട്ടാൽ

www.malankaralibrary.com


ലഭിക്കുന്ന വിശ്വാസ്യത എപ്രകാരമോ അപ്രകാരം തന്നെ അതിനുലഭിക്കേണ്ടതാണെന്നു് നാം നിശ്ചയിക്കുന്നു. രൂപതാപരമോ, സംസ്ഥാനപരമോ, സാധാരണമോ, സാർവത്രികമോ ആയ സൂന്നഹദോസുകളാൽ പ്രഖ്യാപിതങ്ങളായ നിയമങ്ങളോ നിശ്ചയങ്ങളോ നമ്മുടെ മുൻഗാമികളായ പാപ്പാമാരിൽ ആരുടെയെങ്കിലും തീരുമാനങ്ങളോ മറേറതെങ്കിലും സംഗതികളോ പ്രതികൂലമായിരുന്നാൽ തന്നെയും ഈ ലേഖനം സാധുവായിരിക്കുന്നതാണു്.

സ്ഥാപനത്തിന്റെയും നിർവഹണത്തിന്റെയും പ്രദാനത്തിന്റെയും നിയമനത്തിന്റെയും സംവരണത്തിന്റെയും അനുക്രമണത്തിന്റെയും നമ്മുടെ മനസ്സിന്റെയും ലക്ഷ്യമായിരിക്കുന്ന ഈ നമ്മുടെ ലേഖനത്തെ ആരെങ്കിലും ലംഘിക്കുകയോ എതിർക്കുകയോ ചെയ്യാതെ ഇരിക്കട്ടെ. പ്രത്യുതവിചാരശൂന്യമായി ആരെങ്കിലും ഇതിനു തുനിയുന്നപക്ഷം സർവശക്തനായ ദൈവത്തിന്റെയും അവിടുത്തെ അപ്പോസ്തോലന്മരായ ഭാഗ്യപ്പെട്ട പത്രോസിന്റെയും പൗലൂസിന്റെയും കോപം അവന്റെ മേൽവീഴുമെന്നു് അവൻ ധരിച്ചുകൊള്ളുകയും ചെയ്യട്ടെ. ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിരണ്ടാം വർഷം ജൂൺ മാസം പതിനൊന്നാം തീയതി വിശുദ്ധ ബർണബാസ് അപ്പോസ്തോലന്റെ തിരുന്നാൾ ദിവസം നമ്മുടെ ഭരണത്തിന്റെ പതിനൊന്നാം വൽസരത്തിൽ റോമിൽ വി: പത്രോസിന്റെ ദൈവാലയത്തിൽവെച്ചു് പ്രഖ്യാപിക്കപ്പെട്ടതു് (229).

ഫ്രാത്തർ ആൻദ്രേയാസ് കർദ്ദിനാൾ ഹൂവർത്തു്
വി: റോമാസഭയുടെ ചാൻസലർ,

എ: കർദ്ദിനാൾ സിഞ്ചേറോ
വി: കിഴക്കൻ സഭയുടെ തിരുസംഘത്തിന്റെ
സെക്രട്ടറി.

www.malankaralibrary.com


1930 സെപ്റ്റംബർ 20-ന് സാർവത്രിക ഐക്യത്തിലേക്ക പുനഃപ്രവേശനം നടത്തിയ മലങ്കര സഭയുടെ ഔദ്യോഗികോൽഘാടനം അപ്പോസ്തോലിക ഘടനയിലൂടെ പ്രഖ്യാപിച്ച ഭാഗ്യസ്മരണാർഹനായ പീയൂസ് പതിനൊന്നാമൻ മാർപാപ്പാ ഈ സഭയുടെ അധ്യപതികളെയും ഔദ്യോഗികമായി അംഗീകരിച്ച് നിയമിച്ചു. അപ്പോസ്തോലിക ഘടനയിലെ വകുപ്പുകൾക്കനുസരണമായി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായേയും മാർ തേയോഫീലോസ് എപ്പിസ്കോപ്പായേയും അധികാരം കയ്യേല്പിച്ചുകൊണ്ട് പ്രഖ്യാപിച്ച കൽപ്പനയുടെ പൂർണ്ണരൂപം ഇങ്ങനെയാണ്.

''ദൈവത്തിൻെറ ഭൃത്യൻമാരുടെ ഭൃത്യനായ
പീയൂസ്മെത്രാൻ''.

ഇതേവരെ ഫാസിയുടെ അവകാശി അതിമെത്രാനായിരുന്നശേഷം തിരുവനന്തപുരം അതിമെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ വന്ദ്യസഹോദരൻ മാർ ഈവാനിയോസിന് ക്ഷേമവും അപ്പോസ്തോലിക ആശിർവ്വാദവും.

ദൈവികമായി നമ്മിൽ നിക്ഷിപ്തമായിരിക്കുന്നതും ക്രിസ്തീയലോകം മുഴുവൻെറയും അദ്ധ്യക്ഷപദത്തെ നമുക്ക പ്രദാനം ചെയ്തിരിക്കുന്നതുമായ പരമമായ അപ്പോസ്തോലികത്വത്തിൻെറ കർത്തവ്യം തങ്ങളുടെ പാലനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന കർത്താവിൻെറ ആട്ടിൻകൂട്ടത്തെ ആരോഗ്യപരമായി മേയിക്കുകയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നതിന് വേണ്ട അറിവും പ്രാപ്തിയുമുള്ള മെത്രാന്മാരെ സകല സഭകളിലും നിയമിക്കുന്ന കാര്യം ഗൗരവപൂർവ്വം താല്പര്യത്തോടെ നിർവഹിക്കേണ്ട ചുമതലയെ നമ്മിൽ അർപ്പിച്ചിരിക്കുന്നു. ആയതുകൊണ്ട് ഈയമുദ്രയിൻ കീഴുള്ള ''ക്രിസ്തോപാ

www.malankaralibrary.com


സ്റ്റോരും പ്രിൻചീപ്പി''എന്ന അപ്പോസ്തോലിക ലേഖനപ്രകാരം മലബാർദേശത്തിൽ അന്ത്യോഖ്യൻ റീത്തിലുള്ള മലങ്കര സുറിയാനിക്കാരായ വിശ്വാസികൾക്കായി ഒരു മെത്രാപ്പോലീത്തൻ സംസ്ഥാനമായി ഇന്നേദിവസം സ്ഥാപിച്ചിട്ടുള്ള തിരുവനന്തപുരം അതിരൂപതയ്ക്കു് ഉചിതനായ ഒരു മെത്രാനെ നൽകണമെന്നാഗ്രഹിച്ചുകൊണ്ടു്, ആത്മാക്കളുടെ നന്മയ്ക്കുവേണ്ടി ഇടയനടുത്ത മഹാതീക്ഷ്ണതയോടെ ആ വിശ്വാസികളുടെ ഇടയിൽ ഇതേവരെ വേലചെയ്തുകൊണ്ടിരുന്നവനായ അങ്ങയെ നമ്മുടെ വന്ദ്യസഹോദരന്മാരായ വിശുദ്ധ റോമാസഭയുടെ കർദ്ദിനാളന്മാരുടെ ഉപദേശത്തോടുകൂടിയും അപ്പോസ്തോലികമായ നമ്മുടെ അധികാരത്തിന്റെ പൂർണ്ണതയിലും മേൽപറഞ്ഞ തിരുവനന്തപുരം അതിരൂപതയ്ക്കായി നാം തെരഞ്ഞെടുക്കുകയും അതിന്റെ മെത്രാപ്പോലീത്തയും ഇടയനുമായി നിയമിക്കുകയും അന്ത്യോഖ്യാസുറിയാനിസഭയുടെ നിയമങ്ങളും ന്യായമായ ആചാരങ്ങളും അനുസരിച്ച ഇടയനടുത്ത ഈ ഉദ്യോഗത്തിൽ സംക്ഷിപ്തമായിരിക്കുന്ന സകല അവകാശങ്ങളോടും നിയമങ്ങളോടും ഭാരങ്ങളോടും കടമകളോടും കൂടെ ആത്മീയകാര്യങ്ങളിലും ലൗകിയ വിഷയങ്ങളിലും ആ സഭയെ സംരക്ഷിക്കയും ഭരിക്കയും നടത്തുകയും ചെയ്യുന്നതിനുള്ള അധികാരത്തെ അങ്ങയിൽ അർപ്പിക്കയും ചെയ്യുന്നു. ആയതിനാൽ മലബാർ ദേശത്തിൽ പമ്പാനദിയുടെ തെക്കുവശം താമസിക്കുന്നവരായ അന്ത്യോഖ്യൻ റീത്തിലെ മലങ്കര സുറിയാനി വിശ്വാസികളുടെ രൂപതയോടുകൂടെ അങ്ങു് ഇതുവരെ വഹിച്ചിരുന്ന സ്ഥാനം ഏതിൽ നിന്നോ ഫാസീയുടെ ആ അതിമെത്രാസനത്തോടു് അങ്ങേയ്ക്കുള്ള ബന്ധത്തിൽനിന്നു് നമ്മുടെ ആ പരമാധികാരം കൊണ്ടുതന്നെ അങ്ങയെ നാം വിടർത്തിയിരിക്കുന്നു. നിയമപ്രകാരം അനുസരിക്കപ്പെടേണ്ട മററുകാര്യങ്ങളെല്ലാം നിർവഹിച്ചതിനുശേഷം അങ്ങേക്കു നൽകിയിരിക്കുന്ന അതിരൂപ

www.malankaralibrary.com


തയുടെ ഭരണം ഏറ്റെടുക്കുന്നതിനു മുമ്പായി അപ്പോസ്തോലിക സിംഹാസനത്തോടു സൗഹാർദ്ദത്തിലും സമ്പർക്കത്തിലും വസിക്കുന്ന ഒരു മെത്രാന്റെ മുമ്പിൽ പൗരസ്ത്യർക്ക് വിധിച്ചിട്ടുള്ള രൂപത്തിൽ അങ്ങ് വിശ്വാസ പ്രഖ്യാപനവും പതിവായ വിശ്വസ്തതയുടെ സത്യവും ചെയ്യുകയും ആറുമാസത്തിനുള്ളിൽ ഇവയുടെ പ്രതികരം അങ്ങയുടെയും മേൽപ്പറഞ്ഞ മെത്രാന്റെയും ഒപ്പുകളോടും മുദ്രകളോടും കൂടെ പൗരസ്ത്യസഭയുടെ തിരുസംഘത്തിലേക്ക് അയക്കുകയും ചെയ്യണമെന്ന് നാം ആഗ്രഹിക്കുകയും കല്പിക്കുകയും ചെയ്യുന്നു. ഇതിനായി അങ്ങുതെരഞ്ഞെടുക്കുന്ന മെത്രാന് നമ്മുടെയും റോമാസഭയുടെയും നാമത്തിൽ മേൽപറഞ്ഞപ്രഖ്യാപനവും സത്യവും സ്വീകരിക്കുന്നതിനുള്ള അധികാരവും ശാസനവും ഈ ലേഖനത്താൽ തന്നെ നാം നൽകിയിരിക്കുന്നു. വന്ദ്യസഹോദരനായ തിരുവല്ലായിലെ മെത്രാനോടു നാം കർത്താവിൽ ഉപദേശിക്കുന്നതെന്തെന്നാൽ, അങ്ങയും അദ്ദേഹവും തമ്മിലുള്ള സൗഹാർദ്ദം ആത്മാക്കളുടെ നന്മക്കായി സമൃദ്ധങ്ങളായ ഫലങ്ങളെ ഉളവാക്കുന്നതിനുവേണ്ടി അങ്ങയുടെ സഫ്രഗൻ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം വിശുദ്ധ കാനോനാകളനുസരിച്ച് അങ്ങയുടെ നേരെ ബഹുമാനം കാണിക്കുകയും അങ്ങയെ അനുസരിക്കുകയും ചെയ്യേണ്ടതാകുന്നു. അങ്ങയുടെ അതിരൂപതയിലെ വൈദികരും ജനങ്ങളുമായ വാൽസല്യഭാജനങ്ങളായ മക്കളെ നാം ഉപദേശിക്കുകയും കടമയാൽ ബന്ധിക്കുകയും ചെയ്യുന്നതെന്തെന്നാൽ അവർ പിതൃഭക്തിയുള്ള മക്കളായിരിക്കുന്നതുകൊണ്ട് അങ്ങയും അങ്ങ് ദയാലുവുമായ പിതാവായിരിക്കുന്നതുകൊണ്ട് അവരും സന്തോഷിക്കുന്നതിനായിട്ട് അവർ അങ്ങയോട് ബഹുമാനവും അനുസരണവും കാണിക്കേണ്ടതാകുന്നു.

ഈ ലേഖനം കിട്ടിക്കഴിഞ്ഞാൽ ആദ്യം വരുന്ന കടമുള്ള തിരുനാരം ദിവസത്തിൽ മെത്രാപ്പോലീത്തൻ പ

www.malankaralibrary.com


ള്ളിയുടെ പ്രസംഗപീഠത്തിൽ നിന്നു് ഇതു് പരസ്യമായി വായിക്കപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നു. കർത്താവിൻെറ വലതുകൈ സദയം സഹായിച്ചിട്ട് അങ്ങയുടെ നിരന്തരമായ ഇടയനടുത്ത പരിശ്രമത്താലും ഫലവത്തായ ഉത്സാഹത്താലും തിരുവനന്തപുരം സഭ ഫലപ്രദമയാ ഭരിക്കപ്പെടുകയും ദിനംപ്രതി ആത്മീയകാര്യങ്ങളിലും ലൗകികകാര്യങ്ങളിലും മഹത്തരങ്ങളായ വർദ്ധനവുകളെ പ്രാപിക്കയും ചെയ്യുമെന്നും ആ നാട്ടിൽ പത്രോസിൻെറ സിംഹാസനത്തിൽ നിന്നും ഇപ്പോഴും അബദ്ധത്തിൻെറ അന്ധകാരത്തിൽപ്പെട്ടുകിടക്കുന്ന അവിശ്വാസികാം സുവിശേഷപ്രകാശത്താൽ പ്രകാശിക്കപ്പെടുമെന്നും നാം ഉറപ്പായി പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

നമ്മുടെ ഭരണത്തിൻെറ പതിനൊന്നാം സംവൽസരത്തിൽ, 1932 ജൂൺ 11_ാം തീയതി റോമ്മായിൽ വി: പത്രോസിൻെറ ദൈവാലയത്തിൽവച്ചു് നൽകപ്പെട്ടതു് (230).

മേലുദ്ധരിച്ച അപ്പോസ്തോലിക ഘടനയുടെയും ബൂളായുടെയും ഉത്ഘാടന കർമ്മം 1933 മാർച്ചു് 12_ാം തീയതി തിരുവനന്തപുരം മെത്രാസന ദൈവാലയത്തിൽ വെച്ചു് കൊല്ലം മെത്രാനായിരുന്ന ഡോക്ടർ ബൻസിഗർ തിരുമേനി സമംഗളം നിർവഹിച്ചു.

തിരുവല്ലാ മെത്രാപ്പോലീത്താക്കുള്ള കല്പനയുടെ പ്രസക്തഭാഗങ്ങൾ:_

ഇതേവരെ 'ആരാദി'ൻെറ ആവകാശിക മെത്രാനായിരുന്നിട്ടു് തിരുവല്ലാ മെത്രാനായി തെരെഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ വന്ദ്യസഹോദരൻ മാർതേയോഫിലോസിനു് ക്ഷേമവും അപ്പോസ്തോലിക ആശീർവാദവും.

www.malankaralibrary.com


അപ്പോസ്തോലിക ലേഖനപ്രകാരം മലബാർ ദേശത്തിൽ അന്ത്യോഖ്യാറീത്തിലുള്ള മലങ്കര സുറിയാനിക്കാരായ വിശ്വാസികൾക്കായി തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ സഫ്രഗൻ മെത്രാസനമായി ഇന്നേദിവസം സ്ഥാപിച്ചിട്ടുള്ള തിരുവല്ലാസഭയ്ക്കു (രൂപത) ഉചിതനായ ഒരു മെത്രാനെ നൽകണമെന്നാഗ്രഹിച്ചുകൊണ്ടു് ആത്മാക്കളുടെ നന്മയ്ക്കുവേണ്ടി ഇടയനടുത്ത മഹാതീഷ്ണതയോടെ ആ വിശ്വാസികളുടെ ഇടയിൽ ഇതേവരെ വേലചെയ്തിരുന്ന അങ്ങയെ മേൽപറഞ്ഞ തിരുവല്ലാ രൂപതയ്ക്കായി നാം തെരഞ്ഞെടുക്കുകയും അതിന്റെ മെത്രാനും ഇടയനുമായി നിയമിക്കുകയും അന്ത്യോഖ്യാസുറിയാനി സഭയുടെ നിയമങ്ങളും ന്യായമായ ആചാരങ്ങളും അനുസരിച്ച് ഇടയനടുത്ത ഉദ്യോഗത്തിൽ സംപ്രാപ്തമായിരിക്കുന്ന സകല അവകാശങ്ങളോടും സ്വനിയമങ്ങളോടും ഭാരങ്ങളോടും കടമകളോടും കൂടെ ആത്മീയവും ലൗകീയവുമായ എല്ലാകാര്യങ്ങളിലും ആ സഭയെ സംരക്ഷിക്കുകയും ഭരിക്കയും നടത്തുകയും ചെയ്യുന്നതിനുള്ള അധികാരം അങ്ങയിൽ അർപ്പിക്കുകയും ചെയ്യുന്നു.

അങ്ങയുടെ മെത്രാപ്പോലീത്തായായ വന്ദ്യസഹോദരൻ തിരുവനന്തപുരം അതിമെത്രാനോടും നാം കർത്താവിൽ ഉപദേശിക്കുന്നതെന്തെന്നാൽ: അദ്ദേഹത്തിന്റെ സഫ്രഗൻ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങയെ നമ്മോടും അപ്പോസ്തോലിക സിംഹാസനത്തോടുമുള്ള ആദരവുകൊണ്ടു് അദ്ദേഹം സഹോദരനായി സ്വീകരിക്കുകയും അങ്ങയും അദ്ദേഹവും തമ്മിലുള്ള സൗഹാർദ്ദം തന്റെ സഭയുടെ മഹത്തരമായ ക്ഷേമത്തിനുവേണ്ടി സമൃദ്ധങ്ങളായ ഫലങ്ങളെ ഉളവാക്കുന്നതിനായി ദൈവത്തിന്റെ മഹത്വത്തെയും സഭയുടെ നന്മയേയും വളർത്തുന്നതിനുള്ള തീഷ്ണതയാൽ പ്രേരിതനായിട്ടു് അങ്ങ

www.malankaralibrary.com


യെ തന്റെ ആനുകൂല്യത്താൽ സമാദരിക്കുകയും ചെയ്യേണ്ടതാകുന്നു.........പത്രോസിന്റെ ദൈവാലയത്തിൽവെച്ചു് നൽകപ്പെട്ടതു്.

അപ്പോസ്തോലിക ഘടന നടപ്പിൽവരുത്തുവാൻ മലങ്കരസഭ തെരഞ്ഞെടുത്ത മാർ ബൻസിഗർ തിരുമേനിക്കു് കൃതജ്ഞത അർപ്പിച്ചുകൊണ്ടുള്ളതായ രേഖ ഈ സഭാസ്ഥാപനത്തിന്റെ പദവിയും അനുപമതയും ഉച്ചൈസ്തരം പ്രഘോഷിക്കുന്നതാകുന്നു. ഈ സഭയെ ഇതിലെ ആദിമ വിശ്വാസികൾ എങ്ങനെ നോക്കിക്കണ്ടു എന്നതും ഈ കൃതജ്ഞതാപത്രികയിൽ നിന്നും നിതരാം വ്യക്തമാകുന്നുണ്ടു്. അതിലെ പ്രസക്തഭാഗങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം

അഭിവന്ദ്യ തിരുമേനീ,

പരിശുദ്ധ പിതാവിനു തിരുവിഷ്ടമുണ്ടായി ഞങ്ങൾക്കു് ഒരു സഭാസംസ്ഥാനവും അതിനൊരു ഹയരാർക്കിയും കൽപ്പിച്ചു നൽകിയിരിക്കുന്ന അപ്പോസ്തോലിക ഘടന നടപ്പിൽ വരുത്തുന്ന ഈ അവസരത്തിൽ തിരുവനന്തപുരം സംസ്ഥാനസഭയിൽ ഉൾപ്പെട്ടിരിക്കുന്ന പട്ടക്കാരും ജനങ്ങളും ഉപചാരപൂർവകമായ കൃതജ്ഞതയുടെയും അകൈതവമായ സന്തോഷത്തിന്റെയും ഈ പ്രകടനങ്ങളോടുകൂടി തിരുമേനിയെ സമീപിച്ചുകൊള്ളുന്നു.

വി: കത്തോലിക്കാസഭയുമായുള്ള പുന:രൈക്യം കഴിഞ്ഞു് രണ്ടുവർഷം തികയുന്നതിനു മുമ്പുതന്നെ ഞങ്ങളെ ഒരു സമ്പൂർണ്ണ സംസ്ഥാനമായി സ്ഥാപിക്കുന്നതിനു് പരിശുദ്ധ പിതാവിനു് സന്തോഷമുണ്ടായതു് കിഴക്കൻ സഭകളെയും പ്രത്യേകിച്ചു് ഞങ്ങളെയും പററിയുള്ള സ്നേഹ വാത്സല്യങ്ങളുടെ ഒരു പ്രത്യക്ഷമായ ലക്ഷ്യമത്രേ.

ഈ സഭാസംസ്ഥാനത്തിന്റെയും ഹയരാർക്കിയുടെയും സ്ഥാപനം മലബാറിലെ ശീശ്മക്കാരായ സുറിയാ

www.malankaralibrary.com


നിക്കാരെ തിരുസഭയുമായി ഐക്യപ്പെടുത്തുന്നതിനു് ഒരു മാർഗ്ഗമാകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.......... തിരുവല്ലാനഗരവും ഞങ്ങളുടെ സഭാസംസ്ഥാനത്തിൻെറ ഒന്നാം സഫ്രഗൻ സ്ഥാനത്തിനു് തികച്ചും അനുയോജ്യമാണു്. ഞങ്ങളുടെ പ്രഥമാദ്ധ്യക്ഷന്മാരായ മാർ ഈവാനിയോസു് മാർ തേയോഫിലോസു് എന്നീ തിരുമേനികളിൽ ഞങ്ങൾ അനുഗ്രഹീതരത്രെ..........(231).

---

അദ്ധ്യായം 33

## *വളരുന്ന മലങ്കര കത്തോലിക്കാസഭ.*

1930-ൽ കേവലം 5 പേരോടെ ആരംഭം കുറിച്ച പുനഃരൈക്യപ്രസ്ഥാനം ഹയരാർക്കി പദവി പ്രാപിക്കുമ്പോഴേക്കും വളർന്നു പന്തലിച്ചു് തുടങ്ങിയിരുന്നു. 1932-ൽ ഈ സഭയിൽ 43 വൈദികരും 67 മിഷ്യൻ കേന്ദ്രങ്ങളും 5850 അത്മായരും ഉണ്ടായിരുന്നു. 1934-ൽ 54 വൈദികരും 159 മിഷ്യൻ കേന്ദ്രങ്ങളും 18376 അത്മായരുമായി വദ്ധിച്ചു.

1931-ൽ ഇൻഫൻറ് ജീസസ് മൈനർ സിമ്മിനാരി എന്നപേരിൽ തിരുവല്ലായിൽ ഒരു വൈദീക സിമ്മിനാരി ആരംഭിച്ചു. മാർ തേയോഫിലോസു് തിരുമേനിയും ഫാദർ ഗീവറുഗീസ് ഒ. ഐ. സി യും ആയിരുന്നു അതിനെ നയിച്ചിരുന്നതു്. ഫാദർ ജേക്കബു് വെള്ളരിങ്ങാട്ടായിരുന്നു സിമ്മിനാരിയുടെ പ്രഥമ റെക്ടർ (232).

1934 ജൂൺ 21-നു് തിരുവനന്തപുരം അതിരൂപതയ്ക്കായി സെൻറ് അലോഷ്യസ് മൈനർ സിമ്മിനാരി ആരംഭിച്ചു, ഫാദർ മാത്യൂ പോത്തനാമുഴി (പിന്നീടു് കോതമംഗലം മെത്രാൻ) ആയിരുന്നു അതിൻെറ പ്രഥമ റക്ടർ(233).

www.malankaralibrary.com


ണ്ടു സിമ്മിനാരിയിൽ നിന്നും 2 വർഷത്തെ പഠനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളെ ആലുവ, കാൻഡി(സിലോൺ) തൃശ്ശിനാപ്പള്ളി, മംഗലാപുരം റോം തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിവരുന്ന മേജർ സിമ്മിനാരിയിലേക്കു് അയച്ചുവന്നിരുന്നു.

യാക്കോബായ_ഓർത്തഡോക്സ് സഭയിൽ നിന്നു് വന്ദ്യദിവ്യശ്രീ, ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ, പുലിക്കോട്ടു് ജോസഫ് റമ്പാൻ എന്നിവർ മലങ്കര ഹയരാർക്കിക്കു വിധേയരായി സാർവത്രിക കൂട്ടായ്മ പ്രാപിച്ചു.

1932 മെയ് 25_ാം തീയതി തിരുവല്ലാ ബഥനിപ്പള്ളിയിൽ വച്ചു് വാളക്കുഴി യൗസേഫ് റമ്പാനെ യൗസേഫ് മാർ സേവേറിയോസ് എന്ന പേരിൽ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ മെത്രാപ്പോലീത്താ ആയി വാഴിച്ചു. നിരണം ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയി നിയമിതനായ അദ്ദേഹം പരുമല സിമ്മിനാരിയിൽ ആണു് താമസിച്ചുവന്നതു്.

പുന:സ്ഥാപിതമായ മലങ്കര ഹയരാർക്കി, അഖില മലങ്കര സഭാനഭസ്സിൽ ഉദിച്ചുയന്ന ശുഭ്ര താരമാണു്. അത്ഭുത നക്ഷത്രത്തെ അനുധാവനംചെയ്ത പൗരസ്ത്യ വിജ്ഞാനികളെപ്പോലെ ഇതിനെ പിൻതുടന്ന ജനസഹസ്രങ്ങരം സുപ്രതീക്ഷയുടെയും ശാന്തിയുടെയും തിരുമുററത്തേക്കു് മന്ദം മന്ദം എത്തിച്ചേന്നു. സാർവത്രിക കൂട്ടായ്മയിലേക്കു് ഹഠാദാകർഷിക്കപ്പെട്ട വൈദികരും, വിശ്വാസികളായ ജനങ്ങളും ഒററയായും സംഘടിതമായും മലങ്കര കത്തോലിക്കാ സഭാമലർവാടിയിൽ സാഭിമാനം എത്തിച്ചേന്നു കൊണ്ടിരുന്നു. രക്ഷാർഹരെ കർത്താവു് അനുദിനം സഭയോടുചേർത്തുവന്നു (നടപടി 2:47) എന്ന

www.malankaralibrary.com


യാഥാത്ഥ്യം മലങ്കരസഭയേയും അതിന്റെ പ്രവത്തനമ ണ്ഡലങ്ങളെയും സാത്ഥകമാക്കിത്തീത്തു.

മാർ ഈവാനിയോസ്, മാർ തേയോഫിലോസ് എന്നീ മേലദ്ധ്യക്ഷന്മാരുടെ കാര്യവിചാരകത്വത്തിൻ കീഴിൽ അനുദിനം അഭിവൃദ്ധിപ്പെട്ടുവന്ന ഈ സാക്ഷ്യം ഏററു വാങ്ങുവാൻ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നുതന്നെ തേരാളികളെ ദൈവം പരിശീലിപ്പിച്ചെടുത്തു. പുനഃരൈക്യപ്രസ്ഥാനത്തെ നഖശിഖാന്തം എതിത്തുവന്ന നിരണം ഭദ്രാസനത്തിന്റെ മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1937 നവംബർ 23-ാം തീയതി മലങ്കര കത്തോലിക്കാ ഹയരാർക്കി വഴിയായി സാർവത്രിക കൂട്ടായ്മ സ്വായത്തമാക്കി

അനാരോഗ്യത്താൽ ക്ലേശിതനായിത്തീന്ന തിരുവല്ലാ ഭദ്രാസനത്തിന്റെ കർമ്മ നായകൻ മാർ തെയോഫിലോസിനുപകരമായി തിരുവല്ലാരൂപതയുടെ 'അപ്പോസ്റ്റോലിക് അഡ്മിനിസ്ട്രേററർ' ആയി മെത്രാനുള്ള സകല അവകാശാധികാരങ്ങളോടും കൂടി മാർ സേവേറിയോസ് തിരുമേനി 1938 നവംബർ 20 ന് നിയമിക്കപ്പെട്ടു. 1950 ൽ തിരുവല്ലാ ഭദ്രാസനാധിപനായി അദ്ദേഹം നിയമിക്കപ്പെട്ടു.

1926 ൽ യറുശലേമിൽ വച്ച് അന്ത്യോഖ്യാപാത്രിയാക്കീസായ മോറാൻമാർ ഏലിയാസ് ഇഗ്നാത്തിയോസിൽ നിന്നും ക്നാനായ ഇടവകയുടെ മാർ സേവേറിയോസിന്റെ സഹായ മെത്രാനായി അഭിഷേചിക്കപ്പെട്ട മാർ ദീയസ്കോറോസ് 1927-ൽ അതിന്റെ മെത്രാപ്പോലീത്താസ്ഥാനം ഏററു. അദ്ദേഹം 1939 നവംബർ 12-ാം തീയതി മലങ്കര ഹയരാക്കി വഴിയായി സാർവത്രിക കൂട്ടായ്മയിൽ പ്രവേശിച്ചു. അദ്ദേഹത്തെ

www.malankaralibrary.com


സ്വീകരിച്ചതു് തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയോസായിരുന്നു.

റോമാസിംഹാസനവുമായി ഐക്യപ്പെട്ടതിനു ശേഷം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്ന ബഥനി സന്യാസ സമൂഹത്തിന്റെ (O. I. C) ആസ്ഥാനം വെണ്ണിക്കുളമായിരുന്നു. 1933-ൽ അതിന്റെ ആസ്ഥാനം തിരുവനന്തപുരത്തുള്ള നാലാഞ്ചിറ എന്ന സ്ഥലത്തേക്കു മാററപ്പെട്ടു. 1936-ൽ ബഥനി സന്യാസിനീ സമൂഹത്തിന്റെ (S. I. C) ആസ്ഥാനവും തിരുവനന്തപുരത്തുള്ള നാലാഞ്ചിറയിലേക്കു് മാററപ്പെട്ടു. 1938 മെയ് 8-ാം തീയതി ഡോട്ടേഴ്സ് ഓഫ് മേരീ, എന്ന സന്യാസിനിസമൂഹം സ്ഥാപിക്കപ്പെട്ടു.

1943 ഫെബ്രുവരി 21-ാം തീയതി മാർ ദീയസ്കോറോസ് കാലം ചെയ്തു. അദ്ദേഹത്തെ തിരുമൂലപുരം പള്ളിയിൽ കബറടക്കി.

കർമ്മ കുശലനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അനാരോഗ്യം നിമിത്തം തന്റെ പിൻഗാമിയായി, പരിശുദ്ധ സിംഹാസനത്തിന്റെ അനുമതിയോടെ ബഥനി സന്യാസീസമൂഹാംഗമായ ബൻഡിക്ട് അച്ചനെ മാർ ഗ്രീഗോറിയോസ് എന്ന പേരിൽ 1953 ജനുവരി 29-ാം തീയതി മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തോടെ വാഴിച്ചു. 1953 ജൂലായി 15-ാം തീയതി വി: കുറിയാക്കോസ് സഹദായുടെ ഓർമ്മദിവസം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. പട്ടം ഭദ്രാസന ദൈവാലയത്തിൽ അദ്ദേഹത്തെ സ്ഥാനോചിതമായി കബറടക്കി. തുടന്നു് മാർ ഗ്രീഗോറിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. എന്നാൽ മലങ്കര ഹയരാക്കിയുടെ തലവനായി ആർച്ചുബിഷപ്പ് ബിഷപ് എന്ന

www.malankaralibrary.com


സ്ഥാനത്തിൽ തിരുവല്ലായുടെ കർമ്മ നായകൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ സിംഹാസനം നിയമിച്ചു.

1954 ഏപ്രിൽ 22-ാം തീയതി മാർ സേവേറിയോസ് തിരുമേനിയുടെ സഹായമെത്രാനായി സഖറിയാസ് മാർ അത്താനാസ്യോസ് വാഴിക്കപ്പെട്ടു.

മാർ അത്താനാസ്യോസ് ലത്തീൻ, കൽദായ റീത്തുകളുടെ ഇടയിൽ പടർന്നുവന്ന ഈ സഭാവല്ലരിയിൽ കാലികമായി പററിച്ചേർന്ന ഇത്തിൾക്കണ്ണികളെ നീക്കം ചെയ്യുന്നതിൽ ശ്രദ്ധാലുവായിരുന്നു. ഇക്കാര്യത്തിൽ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിനു തൻെറ വലംകൈയുടെ സഹായം നിർലോഭം നൽകി വന്നു. 1955 ജനുവരി 17 നു മാർ സേവേറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. 18-ാം തീയതി സ്ഥാനോചിതമായി അദ്ദേഹത്തെ തിരുവല്ലാ കത്തീഡ്രലിൽ കബറടക്കി. അതിനുശേഷം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ മലങ്കര ഹയരാർക്കിയുടെ തലവനായി പ: സിംഹാസനം നിയമിച്ചു.

1956 ജൂൺ 27 നു മാർ തേയോഫിലോസ് കാലം ചെയ്തു. തിരുവല്ലാ കത്തീഡ്രലിൽ അദ്ദേഹത്തെ സ്ഥാനോചിതമായി കബറടക്കി. 1956 ആഗസ്റ്റ് 6-ാം തീയതി ബഥനി സന്യാസിനീ സമൂഹത്തിനു പൊന്തിഫിക്കൽ പദവി നൽകപ്പെട്ടു.

മാർ സേവേറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതിനു ശേഷം മാർ അത്താനാസ്യോസ് തിരുവല്ലാ രൂപതയുടെ മേലദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ കാലത്തു് 1958 ഫെബ്രുവരി 14 നു തിരുവല്ലാ ഭദ്രാസനത്തിൻെറ അതിരുകരം വികസിപ്പിച്ചുകൊ

www.malankaralibrary.com

ണ്ട് പരിശുദ്ധ സിംഹാസനത്തിൽ നിന്നും പ്രഖ്യാപനമുണ്ടായി. ഇതനുസരിച്ച് ഭാരതപ്പുഴക്കു വടക്കുള്ള മലബാർ പ്രദേശങ്ങളും തമിഴ്നാട്ടിൽപ്പെട്ട കോയമ്പത്തൂർ, നീലഗിരി എന്നീ ജില്ലകളും തൃശ്ശിനാപ്പള്ളി ജില്ലയിൽപ്പെട്ട കരൂർ താലൂക്കും കർണ്ണാടക സംസ്ഥാനത്തിൽപ്പെട്ട മൈസൂർ, മാൻഡ്യ, കൂർഗ്, ഹാസൻ, ചിക്മാംഗളൂർ, ഷിമോഗ, ദക്ഷിണകാനറ എന്നീ ജില്ലകളും തിരുവല്ലാ ഭദ്രാസനാധിപൻെറ കീഴിലായി (234).

ഈ പശ്ചാത്തലത്തിൽ മാനന്തവാടി, സുൽത്താൻ ബത്തേരി, മൈക്കാവ് (താമരശ്ശേരി) നിലമ്പൂർ എന്നീ കേന്ദ്രങ്ങൾ, വിപുലീകരിക്കപ്പെട്ട ഉത്തരമേഖലയുടെ മിഷ്യൻ കേന്ദ്രങ്ങളായിതീർന്നു. 1953–ൽ കർദ്ദിനാൾ ടിസറാംഗ് മലങ്കര സഭ സന്ദർശിച്ചു. 1961 ഒക്ടോബർ 11 ന് യോഹന്നാൻ മാർപാപ്പാ വിളിച്ചുകൂട്ടിയ 21-ാം സാർവത്രിക സുന്നഹദോസിൽ മലങ്കര സഭയുടെ മാർ ഗ്രീഗോറിയോസ്, മാർ അത്താനാസ്യോസ് എന്നീ തിരുമേനിമാർ സംബന്ധിച്ചു. 1964 ഫെബ്രുവരി 22–ാം തീയതി പുതുക്കിപ്പണിത തിരുവനന്തപുരം ഭദ്രാസന ദൈവാലയത്തിൻെറ പ്രതിഷ്ഠ നിർവഹിക്കപ്പെട്ടു. 1966 ഏപ്രിൽ 14-ാം തീയതി പോൾ ആറാമൻ മാർപാപ്പാ ബഥനി സന്യാസ സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തി. 1972 ഡിസംബർ 28-ാം തിയ്യതി പുതുക്കിപ്പണിത തിരുവല്ലാഭദ്രാസന ദൈവാലയത്തിൻെറ പ്രതിഷ്ഠ നിർവഹിക്കപ്പെട്ടു.

## തോഴിയൂർ സഭാതലവൻ മലങ്കര കത്തോലിക്കാ സഭയിലേക്ക്

1977 ആഗസ്റ്റ് 26-ാം തീയതി തോഴിയൂർസഭ എന്നുകൂടി വിളിക്കപ്പെടുന്ന സ്വതന്ത്ര സുറിയാനി സഭയുടെ ഏകഭരണാധിപനായിരുന്ന പൗലൂസ് മാർ പീലക്സി

www.malankaralibrary.com


നോസ് മെത്രാപ്പോലീത്താ സാർവത്രിക സൂനഹദോസിന്റെ ശൂണഭോക്താവായി. തിരുവനന്തപുരം മെത്രാപ്പോലീത്താ ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തൃശ്ശൂർ രൂപതാദ്ധ്യക്ഷനായ മാർ ജോസഫ് കുണ്ടുകുളത്തിന്റെ സഹകരണത്തോടെ അദ്ദേഹത്തെ മലങ്കരസഭയിലേക്കു സ്വീകരിച്ചു. തിരുവനന്തപുരം അതിരൂപതയിലെ ''എപ്പിസ്കോപ്പൽ വികാരി'' എന്ന പദവി അദ്ദേഹത്തിനു നൽകിയിട്ടുണ്ട്. എന്നാൽ സ്വദേശത്ത് മെത്രാസന അരമന സ്ഥാപിച്ച് അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന സഭയുടെ പുനഃരൈക്യത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുന്നു (235).

മാർ അത്താനാസ്യോസ് തിരുവല്ലാ ഭദ്രാസനം വിഭജിച്ച് സുൽത്താൻ ബത്തേരി ആസ്ഥാനമാക്കി മലങ്കര സഭയിലെ മൂന്നാമത്തെ ഭദ്രാസനം അനുവദിച്ചു കിട്ടുവാൻ 1977-ൽ പോൾ ആറാമൻ മാർപാപ്പയ്ക്ക് അപേക്ഷ സമർപ്പിച്ചു. പോൾ ആറാമന്റെയും അദ്ദേഹത്തിന്റെ പിൻഗാമിയായ ജോൺപോൾ ഒന്നാമന്റെയും ആകസ്മിക വേർപാടുനിമിത്തം അപേക്ഷ അംഗീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനത്തിന് കാലവിളംബം നേരിട്ടു. 1977 സെപ്റ്റംബർ 28-ാം തീയതി തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ വെച്ച് മാർ അത്താനാസ്യോസ് കാലം ചെയ്തു. അവിടെ നിന്നും മേരിഗിരി അരമനയിലേക്കു നീക്കം ചെയ്തു. 29-ാം തീയതി തിരുവല്ലാ ഭദ്രാസന ദൈവാലയത്തിൽ തയ്യാറാക്കിയിരുന്ന കല്ലറയിൽ അദ്ദേഹത്തെ കബറടക്കി. തന്റെ മുൻഗാമികളുടെ തിരുശേഷിപ്പുകളും പുതുക്കിപ്രതിഷ്ഠിച്ച ഭദ്രാസന ദൈവാലയത്തിലെ കല്ലറകളിൽ 1972 ഡിസംബർ 28 നു് മാററി പ്രതിഷ്ഠിച്ചിരുന്നു.

www.malankaralibrary.com

## ബത്തേരി രൂപത സ്ഥാപിക്കപ്പെടുന്നു.

1978 ഒക്ടോബർ 18-ാം തീയതി തിരുവല്ലാ രൂപത വിഭജിച്ച് അപേക്ഷയിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ബത്തേരി ആസ്ഥാനമാക്കിക്കൊണ്ട് മലങ്കരയിലെ മൂന്നാമത്തെ ഭദ്രാസനമായ ബത്തേരി ഭദ്രാസനം അനുവദിച്ചു കൊണ്ടുള്ള പ്രഖ്യാപനം ഉണ്ടായി. അതോടൊന്നിച്ച് വൈധവ്യം പ്രാപിച്ചിരുന്ന തിരുവല്ലാഭദ്രാസനത്തിന്റെ മേലദ്ധ്യക്ഷനായി, മലബാറിൽ മിഷ്യൻ പ്രവർത്തനം നടത്തിവന്ന ബഹു: ഐസക് അച്ചനെയും ബത്തേരി ഭദ്രാസനത്തിന്റെ മേലദ്ധ്യക്ഷനായി ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ആയിരുന്ന ബഹു: സിറിലച്ചനെയും നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽ നിന്നും ഉണ്ടായി.

താമസംവിനാ മലങ്കരയിലെ പാരമ്പര്യം അനുസരിച്ച് നിയുക്ത മെത്രാന്മാർ റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1978 ഡിസംബർ 28-ാം തീയതി മലങ്കരസഭയുടെ തിരുവനന്തപുരം മെത്രാപ്പോലീത്താ, ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറിയോസ് അന്ത്യോഖ്യാ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിന്റെ സഹായിയായ ആർച്ചു ബിഷപ്പ് മൃണിയർ പൗലൂസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്താ എന്നിവരുടെ സഹകാർമ്മികത്വത്തിലും വിവിധ റീത്തിലും സഭകളിലും പെട്ട മേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിലും നിയുക്ത മെത്രാന്മാരെ മേല്പട്ടക്കാരായി അഭിഷേചിച്ചു. ഐസക് റമ്പാച്ചൻ ഐസക് മാർ യൂഹാനോൻ എന്നും സിറിൽ റമ്പാച്ചൻ സിറിൽ മാർ ബസേലിയോസ് എന്നുമാണ് നാമം സ്വീകരിച്ചത്. താമസംവിനാ ഐസക് മാർ യൂഹനോൻ തിരുവല്ലാ ഭദ്രാസനത്തിന്റെ ഇടയസ്ഥാനം ഏറ്റെടുത്തു. ''ഓക്സിയോസ്'' ചൊല്ലി അവിടത്തെ വൈദികരും ദൈവജനവും അദ്ദേഹത്തെ സ്വീകരിച്ചു. 1979 ഫെബ്രു

www.malankaralibrary.com


ഹത്തിനു് മലങ്കര മേല്പട്ടസ്ഥാനത്തിന്റെ ഔദ്യോഗിക ചിഹ്നമായ സ്ലീബാ, മാർ ബസേലിയോസ് സമ്മാനിച്ചു. അന്നുതന്നെ ബത്തേരി മൈനർ സിമ്മിനാരി ചാപ്പലിന്റെ കൂദാശ മാർ കാച്ചപ്പിള്ളിൽ നടത്തുകയുണ്ടായി.

1986 ഫെബ്രുവരിയിൽ ഭാരത സന്ദർശനത്തിനായി ഇൻഡ്യാഗവണ്മെന്റിന്റെ ക്ഷണം സ്വീകരിച്ചു് മാർ ജോൺപോൾ ദ്വിതീയൻ പാപ്പാ എത്തിച്ചേർന്നു. വിവിധ സഭാകേന്ദ്രങ്ങൾ സന്ദർശിച്ചശേഷം തിരുവനന്തപുരം അതിഭദ്രാസന ദൈവാലയത്തിൽ എത്തിച്ചേർന്ന അദ്ദേഹത്തെ മലങ്കരയിലെ അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ സ്വീകരിച്ചു മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അനുസ്മരണാർത്ഥം അദ്ദേഹം പ്രാർത്ഥനാശുശ്രൂഷ നടത്തി. അതിനുശേഷം അദ്ദേഹം റോമിലേക്കു തിരിച്ചുപോയി.

— ശുഭം.

www.malankaralibrary.com

# അനുബന്ധം

## സൂചിക

1 കേരള ക്രൈസ്തവ സഭ ചേപ്പാട്ടുപീലിപ്പോസ് റമ്പാൻ അദ്ധ്യായം 1
ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 22

2 മാർതോമ്മാശ്ലീഹായുടെ പെരുന്നാൾ (പെങ്കീസാ യിൽ നിന്നും) പേജ് 32 ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

3 ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 23
കന്യകമറിയാമിന്റെ ജീവചരിത്രം

4 കേരള ക്രൈസ്തവ സഭ പേജ് 3

5 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 2 കർദ്ദിനാൾ ടിസറാംഗ്.

6 Ibid പേജ് 3

7 Ibid പേജ് 3
The Thomas Christians പേജ് 23
P. J. Podipara (CMI)

8 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 4

9 The Thomas Christians പേജ് 94

10 മാർ തോമമാശ്ലീഹായുടെ സിംഹാസനം ആമുഖം
കർദ്ദിനാൾ പാറേക്കാട്ടിൽ

11 Ibid

12 കേരള ക്രൈസ്തവ സഭ അദ്ധ്യായം 1

www.malankaralibrary.com


Christianity in India through the ages പേജ് 3
V. C. George

13 ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 23

14 കേരള ക്രൈസ്തവ സഭ പേജ് 4

15 Christianity in India through the ages പേജ് 7-9
ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 23

16 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ
പേജ് 5

17 Ibid

18 Christianity in India through the ages പേജ് 56
കേരള ക്രൈസ്തവ സഭ പേജ് 8

19 മാർതോമ്മാശ്ലീഹായുടെ സിംഹാസനം പേജ് 19
ഫാദർ ജോൺകോണിയേഴ്സ്

20 പൗലൂസിന്റെ ലേഖനങ്ങൾ 1 തീമോത്തിയോസ്
3:1-3; 4:14; 5:17; 2 തിമോ: 1:6.

21 Christianity in India through the ages പേജ് 46
കേരള ക്രൈസ്തവ സഭ പേജ്. 5

22 ബാർ എബ്രായ Christianity in India through the
ages പേജ് 54 ഇരുപതാം നൂററാണ്ടിലെ മലങ്കര
സഭ പേജ് 24.

23 Ibid

24 Ibid

25 Ibid

26 Ibid പേജ് 26

27 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ് 6

28 കേരള ക്രൈസ്തവ സഭ പേജ് 10

29 സഭാചരിത്ര പഠനങ്ങൾ പേജ് 175 ജി. ചേടിയത്ത്

www.malankaralibrary.com


30 നിഖ്യാസ്യന്നഹരോസ് സഭാചരിത്ര പഠനങ്ങൾ
പേജ് 175 കേരള ക്രൈസ്തവ സഭ പേജ് 13

31 കേരള ക്രൈസ്തവ സഭ പേജ് 13

32 Ibid പേജ് 14

33 ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 28

34 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ്. 8

35 കേരള ക്രൈസ്തവ സഭ പേജ് 15

36 മലങ്കര സുറിയാനിസഭയും അന്ത്യോഖ്യാ സിംഹാ
സനവും Fr. R. T. സഖറിയാ പേജ് 29-30.

37 ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 27

38 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ് 8

39 Ibid

40 Ibid പേജ് 9

41 Ibid

42 ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 28

43 കാതോലിക്കാ സിംഹാസന ചരിത്രം

44 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ് 16

45 The Thomas Christians പേജ് 38

46 Ibid

47 Ibid പേജ് 39

48 Ibid പേജ് 64

49 മാർത്തോമ്മാ ക്രിസ്ത്യാനികൾ പേജ്. 183-190
ഫാദർ ബർനാഡ്

www.malankaralibrary.com


50 Christianity in India through the ages
പേജ് 10

The Thomas Christians പേജ് 104–106

51 Ibid

52 Ibid പേജ് 111–113

53 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 15 കേരള ക്രൈസ്തവ സഭ പേജ് 20

54 Christianity in India through the age പേ. 59

55 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 15

56 Ibid

57 Ibid പേജ് 16

58 Rise and decline of the Indian Church of the Thomas Chrisians Placid J. Podipara
പേജ് 12

59 Ibid

60 Ibid

61 The Thomas Christians പേജ് 65

62 Ibid

63 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 17

64 ഇരുപതാം നൂറ്റാണ്ടിലെ മലങ്കര സഭ പേജ് 33

64 B ഏഷ്യയിലെ മാർത്തോമ്മാപള്ളികൾ വാല്യം 1 അദ്ധ്യായം 5

65 മാർത്തോമ്മാ ക്രിസ്ത്യാനികൾ അദ്ധ്യായം 7 പേജ് 15–16

The Thomas Christians പേജ് 83–85

66 Ibid

www.malankaralibrary.com


67 The Thomas Christians പേജ് 66 Chapter 7-10
മാർത്തോമ്മാശ്ളീഹായുടെ സിംഹാസനം പേജ് 99
68 കേരള ക്രൈസ്തവ സഭ പേജ് 62
ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 18
69 Ibid
70 Ibid
71 Ibid പേജ് 20
72 Ibid
73 കേരള ക്രൈസ്തവ സഭ പേജ് 22
74 കേരളത്തിലെ ക്രൈസ്തവ സങ്കേതം പേജ് 62
75 കേരള ക്രൈസ്തവ സഭ പേജ് 27
76 The Thomas Christians പേജ് 122
77 Ibid
ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 33
78 The Thomas Christians പേജ് 121-122
78B കേരള ക്രൈസ്തവ സഭ പേജ് 40
79 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 35
80 Ibid
81 Ibid പേജ് 36-37
82 Ibid
83 The Thomas Christians പേജ് 125
84 Ibid പേജ് 49-57
85 കേരള ക്രൈസ്തവ സഭ പേജ് 27
86 The Thomas Chrisians പേജ് 122-123
87 കേരള ക്രൈസ്തവ സഭ പേജ് 29-30
88 Ibid പേജ് 28
89 The Thomas Christians പേജ് 69
90 Ibid പേജ് 68

www.malankaralibrary.com


91 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ
പേജ് 39–40
92 Ibid പേജ് 40
93 Ibid പേജ് 41
94 കേരള ക്രൈസ്തവ സഭ പേജ് 30–31
95 The Arch deacon of all India പേജ് 83
Jacob Kollamparampil
96 Ibid
97 Ibid
98 The Thomas Christians പേജ് 130
99 The Arch deacon of the all India പേജ് 83
The Thomas Christians പേജ് 131
100 Ibid
101 Ibid
102 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ് 46
103 Ibid
104 Ibid പേജ് 47
105 Ibid
106 Ibid പേജ് 48
107 Ibid
108 Ibid
109 Ibid
110 Ibid
111 The Thomas Christians പേജ് 133
112 The Arch deacon of all India പേജ് 85
113 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ് 51
114 Ibid
115 Ibid പേജ് 52
116 Ibid

www.malankaralibrary.com



117 The Thomas Christians പേജ് 130
118 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ് 52
119 Ibid പേജ് 53
120 Ibid
121 Ibid പേജ് 54–59
122 Ibid പേജ് 62
123 മാർ തോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 127
124 സീറോ മലബാർ ആരാധനക്രമം ആറാണ്ടുകളി
ലൂടെ പേജ് 12
125 Ibid പേജ് 13
126 Ibid പേജ് 14
127 Ibid പേജ് 5
128 Ibid
129 ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകം
K. N. ദാനിയേൽ
130 മാർതോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 128
131 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ
പേജ് 68
132 Ibid പേജ് 71
133 മലങ്കരസഭ Fr. K. David
134 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ
പേജ് 69
135 Ibid
136 Ibid പേജ് 70
137 സീറോ മലബാർ ആരാധന ക്രമം ആറാണ്ടു
കളിലൂടെ പേജ് 16
138 Ibid പേജ് 17
139 Ibid പേജ് 20

www.malankaralibrary.com


140 Ibid പേജ് 21
141 Ibid പേജ് 23–24
142 Ibid പേജ് 25
143 Ibid പേജ് 27
144 Ibid പേജ് 28
145 നമ്മുടെ റീത്ത് ഫാ. പ്ലാസിഡ് പേജ് 85
146 Ibid പേജ് 25
ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ പേജ് 84
147 സീറോ മലബാർ ആരാധനക്രമം നൂറ്റാണ്ടുകളിലൂടെ പേജ് 14 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 85
148 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 69
149 സീറോ മലബാർ ആരാധനക്രമം നൂറ്റാണ്ടുകളിലൂടെ പേജ് 41
150 The Arch deacon of all India പേജ് 114
151 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 80
152 Ibid പേജ് 82
153 Ibid പേജ് 83
154 Ibid പേജ് 84
155 Ibid പേജ് 85
156 Ibid പേജ് 86
157 Ibid പേജ് 86-87
158 Ibid
159 The Thomas Christian പേജ് 150
160 The Arch deacon of all India പേജ് 134–135
161 Syro - Malankara Church പേജ് 15
162 Ibid പേജ് 9

www.malankaralibrary.com



19 മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഭരണ
ഘടന കോട്ടയം 1934.

20 ഫാദർ സഖറിയാ കെ. റ്റി. മലങ്കര സുറിയാനി
സഭയും അന്ത്യോഖ്യാ സിംഹാസനവും 1974
കോട്ടയം.

21 ഫാദർ സ്കറിയാ റ്റി. ജി. & കെ. വി. മാമ്മൻ
ഇരുപതാം നൂററാണ്ടിലെ മലങ്കരസഭ
കോട്ടയം 1977.

22 സിൽവസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി. പുനഃ
രൈക്യരേഖകൾ കോട്ടയം 1979.

23 സുപ്രീംകോടതി വിധി കോട്ടയം
മലയാള മനോരമ 1954

## English

1 Attwatter The Christian Church of the east 1961.

2 Cyril Malancharuvil The Syro Malankara Church Alway 1973

3 Fortescue The lesser eastern Churches 1931

4 George V. C. (a) Syro Caldian Church in Malabar Thiruvalla 1956
b) Christianity In India through the ages 1972

5 George Cathanar C.J The orthodoxy of St. Thomas Christians 1904

6 Jacob Kollanparambil The Arch deacon of all India Kottayam 1972.

7 Fr. Placid J. Podipara
a) The rise and decline of the Indian Church of the Thomas Christians 1979
b) The Thomas Christians.

www.malankaralibrary.com


163 Ibid പേജ് 10
164 Ibid പേജ് 20
ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 88
The Thomas Christisns പേജ് 152
165 Ibid പേജ് 22
166 Ibid
The Thomas Christians പേജ് 153
167 Ibid പേജ് 24
168 ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ പേജ് 94
169 Ibid
170 The Thomas Christians പേജ് 155_156
171 The Syro Malankara Church പേജ് 26
172 മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ പേജ് 158
173 The Syro Malankara Church പേജ് 26
174 ഹൂദായ കാനോൻ പരിഭാഷ കോനാട്ട് അബ്രഹാം കത്തനാർ
175 The Syro Malankara Church പേജ് 28
176 Ibid പേജ് 30
177 Ibid
കേരളത്തിലെ ക്രൈസ്തവ സഭകൾ പേജ് 98
178 The Syro - Malankara Church പേജ് 30
179 Ibid പേജ് 35
180 Ibid പേജ് 37
181 Ibid പേജ്40
182 കേരളത്തിലെ ക്രൈസ്തവ സഭകൾ പേജ് 99
The Syro Malankara Church പേജ് 48
മാർതോമ്മാശ്ലീഹായുടെ സിംഹാസനം പേജ് 22_28

www.malankaralibrary.com


ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ
കഥ പേജ് 165

183 The Syro Malankara Church പേജ് 41
184 Ibid
185 Ibid പേജ് 42
186 Ibid പേജ് 44
187 Ibid
188 കേരള ക്രൈസ്തവ സഭ പേജ് 71
189 The Syro-Malagkara Church പേജ് 45
190 Ibid
191 കേരള ക്രൈസ്തവ സഭ പേജ് 73
192 The Syro-Malankara Church പേജ് 49
193 മാർതോമ്മാശ്ളീഹായുടെ സിംഹാസനം പേജ് 74
194 The Syro-Malankara Church പേജ് 51
195 Ibid
196 മാർ തോമ്മാശ്ളീഹായുടെ സിംഹാസനം.
പേജ് 271
197 The Syro Malankara Church പേജ് 55
198 Ibid പേജ് 56
199 Ibid പേജ് 58
200 കേരള ക്രൈസ്തവ സഭ പേജ് 79-80
മാർ തോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 273
201 The Syro-Malankara Church പേജ് 58
202 Ibid
203 Ibid
204 Ibid പേജ് 59-62
205 Ibid പേജ് 62-64
206 Ibid
207 Ibid
208 മാർ തോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 277-278

www.malankaralibrary.com


209 Ibid
210 Ibid പേജ് 279
211 മാർ തോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 279
212 നവീകരണത്തിന്റെ 150-ാം വാർഷിക
സ്പെഷ്യൽ മലയാള മനോരമ 1986 ഫെബ്രുവരി 16
213 കേരള ക്രൈസ്തവ സഭ പേജ് 81
മാർതോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 281
214 കേരള ക്രൈസ്തവ സഭ പേജ് 85
215 മാർ തോമ്മാശ്ളീഹായുടെ പൗരസ്ത്യ
സിംഹാസനം പേജ് 26
216 ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ
പേജ് 70
217 മാർ തോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 285
The Syro Malankara Church പേജ് 69
218 മാർ തോമ്മാശ്ളീഹായുടെ സിംഹാസനം
പേജ് 307
കേരള ക്രൈസ്തവ സഭ പേജ് 85
219 കേരള ക്രൈസ്തവ സഭ പേജ് 87
220 ഇരുപതാം നൂററാണ്ടിലെ മലങ്കരസഭ പേജ് 127
220B കേരള ക്രൈസ്തവ സഭ പേജ് 87
221 Ibid
222 ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്
പാർട്ട് I പേജ് 139
223 ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ പേജ് 130
224 കേരള ക്രൈസ്തവ സഭ പേജ് 87
225 The Syro Malankara Church പേജ് 122
226 Ibid പേജ് 131
227 ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്
പാർട്ട് I പേജ് 442

www.malankaralibrary.com


228 Ibid പാർട്ട് II പേജ് 126-127
പുനഃരൈക്യരേഖകം പേജ് 110-115
229 ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്
പാർട്ട് II പേജ് 127-132
230 Ibid പേജ് 133
231 അപ്പോസ്തോലിക ഘടന പരിഭാഷ
സി. കെ. മററം
232 ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്
പാർട്ട് II പേജ് 140
233 Ibid പേജ് 140-141
234 The Syro-Malankara Church Calender 1985
പേജ് 149
235 Ibid പേജ് 34

**ഗ്രന്ഥങ്ങൾ.**

മലയാളം


1 മാർ അപ്രേം പൗരസ്ത്യ സഭാ പ്രാദേശിക ദൈവശാസ്ത്ര ഗ്രന്ഥാവലി നമ്പർ: 30 തിരുവല്ല 1976

2 ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത.
a) വിശുദ്ധ മാർതോപദേശ സത്യങ്ങൾ കോട്ടയം 1950
b) മാർതോമ്മാശ്ലീഹായുടെ പെരുന്നാൾ
മൂവാററുപുഴ 1953

3 ചേടിയത്ത് ജി. a) സഭാചരിത്രപഠനങ്ങൾ കോട്ടയം 1982 b) പൗരസ്ത്യകാതോലിക്കേറ്റ് കോട്ടയം 1985

4 ചെറിയാൻ തോമമി പാലത്ര മാർ തോമമാശ്ലീഹായും മലങ്കര ക്രിസ്ത്യാനികളും കോട്ടയം 1976

5 ഫാദർ ജോർജ്ജ് നെടുമാവ് മാർ തോമമാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം കോട്ടയം 1968

6 ഫാദർ ജോൺ കോന്നിയൂർ മാർ തോമാശ്ലീഹാ

www.malankaralibrary.com



യുടെ സിംഹാസനം ഓമല്ലൂർ 1978

7 ഫാദർ തോമസ് വടശ്ശേരി കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും തിരുവല്ല 1946

8 ഫാദർ തോമസ് ഇഞ്ചക്കലോടി a) കേരളത്തിലെ ക്രൈസ്തവസഭകൾ 1952
b) ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് 2 വാല്യങ്ങൾ 1957–1971.

9 ഫാദർ തോമസ് നങ്ങാച്ചിവീട്ടിൽ ഏഷ്യയിലെ മാർത്തോമ്മാപള്ളികൾ വാല്യം 1 1982

10 ഫാദർ തോമസ് കൊററാത്തുവിള മലങ്കരസഭയും റോമൻ വാദങ്ങളും പുളിക്കീഴ് 1956

11 ഫാദർ ഡേവിഡ് കെ. മലങ്കര സുറിയാനി സഭാ ചരിത്രം

12 ഫീലിപ്പോസ് റമ്പാൻ ചേപ്പാട്ട്, കേരള ക്രൈസ്തവ സഭ പരിഷ്ക്കരിച്ച പതിപ്പ്
തിരുവനന്തപുരം 1981

13 ഫിലിപ്പ് ഇ. എം. മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ കോട്ടയം 1951

14 ഫാദർ പ്ലാസിഡ് ററി. ഒ. സി. ഡി
a) അന്ത്യോഖ്യാപാത്രിയർക്കീസ് 1930
b) നമ്മുടെ റീത്ത് മാന്നാനം 1951

15 മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ സഭയും കൂദാശകളും കോട്ടയം 1960

16 മലങ്കരയിലെ പുനഃരൈക്യ പ്രസ്ഥാനം തിരുവല്ല രൂപത ദശവാർഷിക സ്മാരകം (1930–40) തിരുവല്ല 1940

17 കർദ്ദിനാൾ ടിസ്സറാംഗ് ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ ഇംഗ്ലീഷ് പരിഭാഷ
ഫാദർ ഹെംബി S. J. (മലയാളം) എം. ഡി. മററ്

18 ഡോക്ടർ വെള്ളിയാൻ സീറോ മലബാർ ആരാധന ക്രമം നൂററാണ്ടുകളിലൂടെ 1967

www.malankaralibrary.com


8. Philip E. M. Travancore Royal Court Judgement Kottayam 1890

9. Thomas P. Christian and Christianity in India London 1954

10 Fr. Christopher O. C. D. Church history II volume Alway 1969

---

## ശുദ്ധിപത്രം

| പേജ് | വരി | തെറ്റ് | ശരി |
|---|---|---|---|
| 49 | 10 | മൊസാംബിലേക്കം | മൊസാമ്പിലേക്കം |
| 55 | 25 | ത്രിദീയ | തൃതീയ |
| 76 | 28 | പൗരസ്ത്യ | പൗലസ്ത്യ |
| 103 | 18 | സർവ്വധികാരി | സാർവ്വാധി |
| 119 | തലക്കെട്ട് | പുനഃസമാഗമനം | പുനഃസമാഗമം |
| 143 | 5 | ഭദ്രസനത്തിന്റെ | ഭദ്രാസനത്തിന്റെ |

www.malankaralibrary.com

# MALANKARA PUBLICATIONS

## FR. P. T. THOMAS

1. മലങ്കരസഭ 1986
2. പുനഃരൈക്യവും പുനഃരൈക്യ പ്രസ്ഥാനവും —തയ്യാറാകുന്നു.
3. പുനഃരൈക്യ പ്രസ്ഥാനവും എക്യുമെനിസവും ,,
4. പൗരസ്ത്യസഭകൾ ,,
5. പുനഃരുദ്ധരിക്കപ്പെട്ട പൗരസ്ത്യ സഭകൾ ,,
6. പ്രതീകങ്ങളും അടയാളങ്ങളും മലങ്കര ആരാധനക്രമത്തിൽ ,,
7. മലങ്കര ആരാധനക്രമത്തിൽ ഭാരതീയ ഭാവങ്ങൾ ,,
8. വചനാധിഷ്ഠിത ആരാധന മലങ്കരസഭയിൽ ,,
9. കുർബ്ബാന ഒരു ധ്യാനാത്മക പഠനം ,,
10. പാപമോചനത്തിന് മാമ്മോദീസാ ഒന്നുമാത്രം ,,
11. സഭാവത്സരം ആഴ്ചകളിലൂടെ ,,
12. സുവിശേഷവൽക്കരണത്തിലെ വെല്ലുവിളികൾ ,,
13. മലങ്കരസഭയിലെ സഭാ സമൂഹങ്ങൾ ,,
14. സന്യാസപ്രസ്ഥാനം മലങ്കരസഭയിൽ ,,
15. വൈദീക വിദ്യാഭ്യാസം മലങ്കരസഭയുടെ ചൈതന്യത്തിൽ ,,
16. നിത്യത മുതൽ നിത്യത വരെ ,,
17. പുനരാവിഷ്കരണ പ്രക്രിയ മലങ്കര സഭയിൽ ,,
18. വേദവായന കുറിപ്പ് ,,
19. മതബോധനം മലങ്കരസഭയിൽ ,,